വാല്യം 106

ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

# എരുത്തേമ്പതി ഗ്രാമ പഞ്ച

## ജനകീയാസൂത്രണം

# വികസന രേഖ



അധികാരം ജനങ്ങളിലേക്ക്



# പഞ്ചായത്ത് രാജ്

## ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി

3 106-1



*"True Democracy could not be worked by twenty men sitting at the centre, it has to be worked from below by the people of every village"*

*MAHATMA GANDHI.*

123 4

# എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്

## ഭരണ സമിതി


കെ. രാജേശ്വരി
മെമ്പർ


ആർ.സി.അരുണാചലം
പ്രസിഡണ്ട്


കെ.ഗോപാലസ്വാമി
മെമ്പർ


ആർ. രതി
മെമ്പർ


ആർ.സരസ്വതി
വൈസ് പ്രസിഡണ്ട്


ടി. ധർമ്മലിംഗം
മെമ്പർ


കെ.ചന്ദ്രൻ
മെമ്പർ


കെ.രാജമാണിക്കം
സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ


ഏ. കിട്ടു
മെമ്പർ

# എഡിറേറാറിയൽ ബോർഡ്:

| | | | | |
|---|---|---|---|---|
| 1. | ശ്രീ. | S. ബെലവേന്ദ്രം | – | ചീഫ് എഡിററർ |
| 2. | ,, | R.C അരുണാചലം | – | എഡിററർ |
| 3. | ,, | K. രാജമാണിക്കം | – | ,, |
| 4. | ,, | A കിട്ടു | – | ,, |
| 5. | ,, | K ചന്ദ്രൻ | – | ,, |
| 6. | ,, | K. ഫൽഗുനൻ | – | ,, |
| 7. | ,, | R കറുപ്പസ്വാമി | – | ,, |
| 8. | ,, | A. മുരുകഭൂപതി | – | ,, |
| 9. | ,, | C A മയിൽസ്വാമി | – | ,, |
| 10. | ശ്രീമതി. | P N രാഗിണീദേവി | – | ,, |


കവർപേജ് : കസേര, രാജാവ്, കിരീടം, ചെങ്കോൽ – ജനങ്ങളിലേക്ക്

| | | |
|---|---|---|
| 1. | കൃഷിയും, ജലസേചനവും | : കന്നുപൂട്ടുന്ന കർഷകൻ |
| 2. | മൃഗസംരക്ഷണവും, മത്സ്യബന്ധനവും | : പശുവും, കിടാവും |
| 3. | വിദ്യാഭ്യാസം | : പുസ്തകം വായിക്കുന്ന കുട്ടി |
| 4. | കുടിവെള്ളവും പൊതുജനാരോഗ്യവും | : പൈപ്പിൽ നിന്നും വെള്ളം പിടിക്കുന്ന സ്ത്രീ |
| 5. | വ്യവസായം | : പുക കുഴൽ |
| 6. | ഗതാഗതവും ഊർജ്ജവും | : ഒരു റോഡ് അതിൽ രണ്ട് ഇലക്ട്രിക് പോസ്റ്റ് ബൾബ് |
| 7. | പാർപ്പിടവും സാമൂഹ്യക്ഷേമവും | : കുടിൽ |
| 8. | സംസ്ക്കാരം | : പൊങ്കപ്പാനയും, കരിമ്പും |
| 9. | വനിത | : അമ്മയും കുട്ടിയും |
| 10. | സഹകരണം | : രണ്ട് കൈ |
| 11. | പട്ടികജാതി പട്ടികവർഗ്ഗം | : പൂണൂലിട്ട ഒരാളും, ഹരിജനും, തോളോട്ട് ചേർന്ന് നില്ക്കുന്നു. |
| 12. | വിഭവസമാഹരണം | : വ്യത്യസ്ഥ 6 പേർ കൈകോർത്ത് പിടിച്ചു നില്ക്കുന്നു |

| | | |
|---|---|---|
| 1. | ആമുഖം | : 5 വെള്ളപ്രാവ് |
| 2. | പൊതുവിവരണം | : |
| 3. | സാമൂഹ്യ സംസ്ക്കാരിക ചരിത്രം | : |

8


ERUTHEMPATHY, GRAMA PANCHAYAT
8
DISTRICT : PALAKKAD
TALUK : CHITTUR
AREA :36.93 Sq km
N
S
VADAKARAPATHY PANCHAYAT
KOZHINJAMPARA PANCHAYAT
TAMIL NADU
COIMBATORE DISTRICT
WARATTAYAR RIVER
WARD 9
WARD 8
WARD 7
WARD 6
R.V.P. PUDUR
PANCHAYAT OFFICE
WARD 5
KORAYAR RIVER
WARD 4
WARD 3
VANNAMADA
GOPALAPURAM
TO CHITTUR
WARD 2
WARD 1
പാലക്കാട്-678555.
KOZHINJAMPARA PANCHAYAT

# വികസന രേഖ - 1996.
# തയാറാക്കാൻ സഹായിച്ചവർ

ശ്രീ. S. ബലവേന്ദ്രം

ശ്രീ. A. മുരുകഭൂപതി

ശ്രീ. R. കറുപ്പസ്വാമി

ശ്രീ. C.A. മയിൽസ്വാമി

ശ്രീ. A. കിട്ടു.

ശ്രീ. K. ചന്ദ്രൻ

ശ്രീ. K. ഫൽഗുനൻ

ശ്രീ. രവീന്ദ്രനാഥൻ

ശ്രീ. മണി

ശ്രീ. K. ഷൺമുഖൻ

ശ്രീ. K. കൃഷ്ണൻ

ശ്രീ. P.K. വേലായുധൻ

ശ്രീ. K.T. നാരായണൻ

ശ്രീ. C. വാസു.

ശ്രീമതി. ഹെഫ്സി റാണി

ശ്രീമതി മാലതി

ശ്രീ. അബ്ദുൾ ഖാദർ

ശ്രീ. ഹാജാഹുസൈൻ

ശ്രീ. ജാഫർഅലി

ശ്രീമതി. മഹീനാ രാജേന്ദ്രൻ

ശ്രീമതി. സഹീദാ ഭാനു

ശ്രീമതി. തെരേസാ അന്തോണിമുത്തു

ശ്രീ. T. രാമചന്ദ്രൻ

ശ്രീ. രാജേന്ദ്രൻ

ശ്രീ. M.S.ദേവദാസ്

ശ്രീ. M.P. സുരേഷ്

ശ്രീ. M.H. ഹാരീസ്

ശ്രീ. K. ഹരിദാസ് ബാബു

ശ്രീ. കെ. വിജയൻ

ശ്രീ. അബ്ദുൾ ജബ്ബാർ

ശ്രീ. കെ. ബാബു

ശ്രീമതി. ബി. കലാവതി

ശ്രീ. ധർമ്മാത്താൾ

ശ്രീ. എ. ഷൈലജ

ശ്രീ. വസുമതി

ശ്രീ. സുശീല

ശ്രീ. ദേവകി

ശ്രീ. സുമതി

ശ്രീ. ഗീത

ശ്രീ. എം. സരോജിനി

ശ്രീ. എം. എൻ. മുരളീധരൻ നായർ

ശ്രീ. ഡി. ജോസഫ് ശെൽവരാജ്

ശ്രീ. എസ്. ജ്ഞാന മാണിക്കം

ശ്രീ. എം. അന്തോണി ശെൽവരാജ്

ശ്രീ. കെ. കേശവൻ

# എരുത്തേമ്പതി ഗ്രാമ പഞ്ചായത്ത്

# പൊതു വിവരണം

| | | |
|---|---|---|
| ഗ്രാമപഞ്ചായത്തിൻെറ പേര് | : | എരുത്തേമ്പതി |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | 1. എരുത്തേമ്പതി |
| | | 2. കോഴിപ്പതി |
| ബ്ലോക്ക് പഞ്ചായത്ത് | : | ചിറ്റൂർ |
| ബ്ലോക്ക് ഡിവിഷൻ | : | എരുത്തേമ്പതി |
| ജില്ല | : | പാലക്കാട് |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | കൊഴിഞ്ഞാമ്പാറ |
| താലൂക്ക് | : | ചിറ്റൂർ |

| | | |
|---|---|---|
| ജനസംഖ്യ | : | 16686 |
| പുരുഷന്മാർ | : | 8304 |
| സ്ത്രീകൾ | : | 8380 |
| ജനസാന്ദ്രത | : | 459 |
| സാക്ഷരർ | : | 9490 |
| വാർഡുകൾ | : | 9 |
| ആൾ താമസമുള്ള വീടുകൾ | : | 4024 |
| അസംബ്ലി മണ്ഡലം | : | ചിറ്റൂർ |

| | | |
|---|---|---|
| പാർലിമെൻറ്ണ്ട് മണ്ഡലം | : | പാലക്കാട് |
| വിസ്തീർണ്ണം | : | 36.93 ച. കി. |
| പഞ്ചായത്ത് പ്രസിഡണ്ട് | : | ആർ. സി. അരുണാചലം |
| വൈസ് പ്രസിഡണ്ട് | : | ആർ. സരസ്വതി |
| സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ | : | കെ. രാജമാണിക്കം |

ഇതായിരിക്കട്ടെ നമ്മുടെ പ്രാർത്ഥന-

"Where the mind is without fear

and the head is held high

Where Knowledge is free;

Where words come out from the
depth of truth;

Where Tireless striving stretches
its arm towards perfection;

Where the mind is led forwarded by thee into

ever widening thoughts and action

In to that Heaven of freedom,

My Father, Let our Country awake".

# എരുത്തേമ്പതി ഗ്രാമ പഞ്ചായത്ത്



# എരുത്തേമ്പതി പഞ്ചായത്ത്- മൺതരങ്ങൾ




| | | | | | |
|---|---|---|---|---|---|
| ▬ | പഞ്ചായത്ത് അതിർത്തി | ▩ | കരിമണ്ണ് | ≋ | കോരയാർ പുഴ |
| — | P.W.D. റോഡ് | ☰ | ചരൽ കലർന്ന ചെമ്മണ്ണ് | ≋ | വരട്ടയാർ പുഴ |
| - - - | വാർഡ് അതിർത്തി | ⁘ | മണൽ കലർന്ന പശിമരാശിമണ്ണ് | I To IX | വാർഡുകൾ |

# എരുത്തേമ്പതി പഞ്ചായത്തിലെ അംഗൻവാടി വർക്കേഴ്സ്.

| | | പേര് | | വർക്കചെയ്യുന്ന സ്ഥലം |
|---|---|---|---|---|
| 1. | C. No. 40 | കലാവതി B. | – | നട്ടപ്പുണി |
| 2. | 41 | ധർമ്മാത്താൾ | – | കാമരാജ്നഗർ (R.V.P. പുതൂർ) |
| 3. | 42 | ശോഭന K. | – | വില്ലൂന്നി |
| 4. | 43 | മാരിയമ്മ | – | മാങ്കാപ്പള്ളം |
| 5. | 44 | ഷൈലജ A. | – | കൗണ്ടൻകളം |
| 6. | 45 | കുഞ്ഞമ്മ P V. | – | മുള്ളടിക്കാട് |
| 7. | 46 | മദലമേരി | – | എരുത്തേൻപതി North |
| 8. | 47 | വിജയലക്ഷ്മി | – | ,, South |
| 9. | 48 | ദേവകി | – | പിടാരിമേട് |
| 10. | 49 | വസുമതി V. | – | ചിന്നമൂലത്തറ |
| 11. | 50 | സുശീല K. | – | മലയാണ്ടികൗണ്ടനൂർ |
| 12. | 51 | സുമതി C. | – | കരുമാണ്ടകൗണ്ടനൂർ |
| 13. | 52 | രാധ V. | – | മൂങ്കിൽമട |
| 14. | 53 | ഗീത K. | – | കുമാരനൂർ |
| 15. | 54 | ബ്രിന്ദാദേവി | – | വണ്ണാമട |
| 16. | 115 | നാഗലക്ഷ്മി | – | R.V.P. പുതൂർ |
| 17. | 160 | രമണി K | – | ഗാന്ധികോളനി |

# എരുത്തേമ്പതി പഞ്ചായത്ത്-കൃഷി ഇനങ്ങൾ



# ഉള്ളടക്കം


1. ആമുഖം
2. പൊതുവിവരണം
3. സാമൂഹിക സാംസ്കാരിക ചരിത്രം

4.1 കൃഷിയും ജലസേചനവും

4.2 മൃഗ സംരക്ഷണം, മത്സ്യ കൃഷി

4.3 വ്യവസായം

4.4 വിദ്യാഭ്യാസം

4.5 കുടിവെള്ളം, പൊതുജനാരോഗ്യം

4.6 ഗതാഗതം, ഊർജ്ജം

4.7 പാർപ്പിടം, സാമൂഹ്യക്ഷേമം

4.8 സംസ്ക്കാരം

4.9 വനിത

4.10 സഹകരണം

4.11 പട്ടികജാതി പട്ടികവർഗ്ഗം

4.12 വിഭവസമാഹരണം

ഉപസംഹാരം

# ആമുഖം

സ്വതന്ത്ര ഭാരതത്തിന്റെ ആസൂത്രണ ചരിത്രത്തിൽ ഒരു നൂതന സംരംഭമാണ് കേരള സർക്കാരും കേരള സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകി നടപ്പിലാക്കി വരുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം. വിദേശ രാജ്യങ്ങളിലെ ഗവേഷണ വിദ്യാർത്ഥികൾ ഗവേഷണ വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഈ മഹനീയ ആസൂത്രണ പ്രസ്ഥാനം. ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കും അവിടത്തെ ജനങ്ങളുടെ ആവശ്യങ്ങൾക്കും അനുസൃതമായി ജന പങ്കാളിത്തത്തോടെ താഴെത്തട്ടിൽനിന്നും പദ്ധതികൾ ആസൂത്രണം ചെയ്യുകയെന്ന പരമമായ ലക്ഷ്യം പ്രാവർത്തികമാക്കുന്നതിനു വേണ്ടി ആവിഷ്കരിച്ചിട്ടുള്ള ഈ കർമ്മ പരിപാടിക്ക് കക്ഷി രാഷ്ട്രീയ ഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളേയും സഹകരിപ്പിച്ചുകൊണ്ട് നമ്മുടെ എരുത്തേമ്പതി പഞ്ചായത്തും മുന്നേറുന്നു.

ഡൽഹിയിലെ യോജനാ ഭവനിലും സംസ്ഥാന തല സെക്രട്ടറിയേറ്റുകളിലും മാത്രം പൂർണ്ണമായും കേന്ദ്രീകൃതമായിരുന്ന ആസൂത്രണ പ്രക്രിയയിൽ ജന പങ്കാളിത്തം പാടെ നിഷേധിക്കപ്പെട്ടിരുന്നു. പദ്ധതി വിഹിതത്തിന്റെ 15% ഇന്ത്യയുടെ ഗ്രാമങ്ങളിൽ എത്തിയിരുന്നില്ലായെന്നുള്ളത് നിരാശാജനകമായ സത്യമായി അവശേഷിക്കുന്നു. ആ ആസൂത്രണ പാരമ്പര്യത്തെ ജനങ്ങളുടെ പ്രായോഗിക പങ്കാളിത്തത്തിലൂടെ നേരെയാക്കുന്ന സാമൂഹികമായ പ്രവൃത്തിയാണ് വികേന്ദ്രീകരണത്തിലൂടെ നടപ്പിലാക്കുന്നത്.

കേരളത്തിലെ എല്ലാ പഞ്ചായത്തുകളേയും ഈ പുത്തൻ ചുമതല ഏൽപ്പിച്ചിരിക്കുകയാണ്. ഈ ചുമതലകൾ നിർവ്വഹിക്കുന്നതോടൊപ്പം അനേകം വെല്ലു വിളികളേയും നേരിടേണ്ടിയിരിക്കുന്നു. നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ കണ്ടെത്തുകയും ആ പദ്ധതികൾ എങ്ങനെ കൂടുതൽ ജനോപകാര പ്രദമാക്കുവാൻ സാധിക്കുമെന്നും അതല്ല പുതിയ വികസന പ്രശ്നങ്ങൾ കണ്ടെത്തി പരമാവധി സാമൂഹ്യ നേട്ടങ്ങൾ കൈവരിക്കുവാൻ ഉപയുക്തമായ പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കുന്നതിനും പഞ്ചായത്തിനു കഴിയണം. വിഭവങ്ങളുടെ ലഭ്യതക്കുറവും മറ്റ്സാങ്കേതിക പരിമിതികൾ മൂലവും എല്ലാ പ്രശനങ്ങളും ഒന്നിച്ച് പരിഹരിക്കുവാൻ സാധിക്കുകയില്ല. ഏത് പ്രശ്നമാണ് ആദ്യം പരിഹരിക്കേണ്ടതെന്നുള്ള സംഗതി പ്രയാസമേറിയ ഒരു കാര്യമാണ്. എന്നാൽ ഈ സംഗതി വളരെ പ്രാധാന്യ മേറിയതുമാണ്. ഇത് വളരെ ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ ജനപ്രതിനിധികൾക്ക് ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിലായിരിക്കണം വികസനരേഖ തയ്യാറാക്കേണ്ടത്. നേട്ടങ്ങളും കോട്ടങ്ങളും വിമർശനങ്ങളും നിർദ്ദേശങ്ങളും മൂലന്രിർണ്ണയവും എന്നിങ്ങനെയുള്ള എല്ലാ കാര്യങ്ങളിലും വീഴ്ച വരുത്താതെ നോക്കേണ്ടത് ഓരോ ജനപ്രതിനിധിയുടേയും കടമയാകുന്നു. ഇതെല്ലാം ഉൾകൊണ്ട് തയ്യാറാക്കിയ എരുത്തേമ്പതി പഞ്ചായത്തിന്റെ വികസന രേഖയാണിത്. ഇതു തയ്യാറാക്കുന്നതിനുള്ള പ്രാഥമിക വിശേഷാൽ ഗ്രാമ സഭയുടെ തുടക്കം 17-9-96 മുതൽ ആരംഭിച്ച് 7-10-96 ൽ അവസാനിച്ചു. 9 വാർഡുകളിലും നടന്ന വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ആപ്രദേശങ്ങളുടെ വികസനത്തിന് ആവിശ്യമായ നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും രേഖാമൂലം സമർപ്പിക്കപെട്ടു. അതിനുശേഷം പഞ്ചായത്തു ഭരണസമിതി തെരഞ്ഞെടുത്ത 5 പ്രതിനിധികൾ 3 ദിവസം നീണ്ടുനിന്ന ജില്ലാ പരിശീലന പരിപാടികളിൽ പങ്കെടുത്തു. 17-10-96ൽ ആസൂത്രണ കലാജാഥ പഞ്ചായത്തിൽ പരിപാടികൾ അവതരിപ്പിച്ചു. രണ്ടാം ഘട്ട പരിശീലനത്തിലും ജില്ലാ പഞ്ചായത്തുതല പരിശീലന പരിപാടികൾ നടത്തി.

5-11-96 ന് നടന്ന പഞ്ചായത്തുതല 2ാം ഘട്ട പരിശീലന പരിപാടിയിൽ 75 ആളുകൾ പങ്കെടുത്തു. ഈ പരിപാടികളോടൊപ്പം ഗ്രാമ പഠന പര്യടനം നാട്ടറിവ്, കേട്ടറിവ്, സന്നദ്ധ സംഘടനകൾ, സെക്കൻഡറി ഡാറ്റാ കളക്ഷൻ എന്നിവയിൽ നിന്നും ലഭിച്ച, വിലയേറിയ വസ്തുതകൾ ക്രോഡീകരിച്ച് സമൂലമായി വിശകലനം ചെയ്തു കൊണ്ടാണ്. ഈ വികസന രേഖ തയ്യാറാക്കുന്ന തിനു പിന്നിൽ ഉദ്ദേശം 25 ആളുകളുടെ ആത്മാർത്ഥമായ സഹകരണം ലഭിച്ചിട്ടുണ്ട്.

ഈ വികസനരേഖ പൂർണ്ണമാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. ചിലപ്പോൾ പോരായ്മകൾ ഉണ്ടാവാം. എന്നാലും ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരമാവധി ഈ രേഖയിൽ ഉൾപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ജനപങ്കാളിത്തം അനിവാര്യമാണ്. അതുതന്നെയാണ് ജനകീയാസൂത്രണത്തിന്റെ മുഖ്യലക്ഷ്യവും. ഗ്രാമീണ ജനപങ്കാളിത്തത്തോടെ കാർഷിക, വ്യവസായിക, തൊഴിൽ രംഗങ്ങൾ വളർത്തണം. നമ്മുടെ പഞ്ചായത്തിലെ ഭൂരിപക്ഷം ആളുകൾക്കും മെച്ചപ്പെട്ട സാമൂഹിക സാമ്പത്തിക മാററം ഉണ്ടാവണം. അതിനുള്ള ചുററുപാടുകൾ വികസിപ്പിച്ചെടുക്കണം. ഈ മഹനീയ ഉദ്യമത്തിന് ഈ ഗ്രാമത്തിലെ മുഴുവൻ ജനങ്ങളും സർവ്വാത്മനാ സഹകരിക്കുവാൻ, നേതൃത്വം നൽകുവാൻ പഞ്ചായത്ത് അംഗങ്ങളും തയ്യാറായി നിൽക്കുന്നു. അവർക്ക് എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊണ്ട് ഈ മഹനീയ രേഖ അതിന് സഹായിക്കുമെന്നു വിശ്വസിക്കുന്നു.

വരുന്ന 5 വർഷംകൊണ്ട് കേന്ദ്ര സംസ്ഥാന ഗവൺമെണ്ടുകളും, ജില്ലാ, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തുകളും നടപ്പിലാക്കേണ്ട പരിപാടികളായിട്ടായിരിക്കണം ഈ റിപ്പോർട്ടിനെ കാണേണ്ടത്. സാമൂഹ്യ സാമ്പത്തിക സാംസ്ക്കാരിക മേഖലകളിൽ വളരെ പിന്നോക്കം നിൽക്കുന്ന എരുത്തേമ്പതി ഗ്രാമ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വളർച്ചക്ക് ഈ വികസനരേഖ സാക്ഷാൽക്കരിക്കുമാറാകട്ടെ എന്നു പ്രത്യാശിക്കുന്നു.

എന്ന്,

എഡിററർ

# എരുത്തേമ്പതി ഗ്രാമപഞ്ചായത്തിൻെറ സാമൂഹ്യ സാംസ്കാരിക ചരിത്രം

പാലക്കാട് ജില്ലയിൽ ചിററൂർ താലൂക്കിൽ കൊഴിഞ്ഞാമ്പാറ ഫർക്കയിൽപ്പെട്ട മൂന്നു ഗ്രാമപഞ്ചായത്തുകളിൽ ഒന്നായ എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് പൂർണ്ണമായും തമിഴ്നാട് അതിർത്തിയോട് ചേർന്നു കിടക്കുന്നതാകുന്നു. ഒരു അമ്മയുടെ മക്കളായ എരുത്തേമ്പതി, വടകരപ്പതി, കൊഴിഞ്ഞാമ്പാറ എന്നീ മൂന്നു പഞ്ചായത്തുകളുടെയും സാമൂഹ്യ സാംസ്കാരിക സാമ്പത്തിക പൈതൃകം ഒന്നുതന്നെയാകുന്നു.

സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിലും സാമ്പത്തിക മേഖലയിലും പണ്ടുമുതൽക്കേ എരുത്തേമ്പതി പഞ്ചായത്ത് വളരെ പിൻനിലയിലാണ്.

കൊഴിഞ്ഞാമ്പാറ ഫർക്കയിൽപ്പെട്ട 11 റവന്യൂ വില്ലേജുകളുടേയും പേരുകളുടെ അവസാനത്തിൽ 'പതി' എന്നാണ് അവസാനിക്കുന്നുത്. 'പതി' എന്നു പറഞ്ഞാൽ 'വനം' അഥവാ 'കാട്' എന്നാണ് അറിയപ്പെടുന്നത്. ഈ പ്രദേശങ്ങളിൽ ജനവാസം വളരെ കുറവായിരുന്നു. 18-ാം നൂററാണ്ടിൻെറ ആരംഭകാലത്തോടുകൂടി തൊട്ടടുത്ത അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്നും കാർഷിക പ്രവർത്തിക്കായും മററു വിവിധ മത്സരരായ ജനവിഭാഗങ്ങൾ ഈ പ്രദേശത്തു കുടിയേറിപ്പാർത്തു. അങ്ങിനെ ഇവിടുത്തെ ജനങ്ങൾ ഒരു സങ്കര സംസ്കാരത്തിൻെറ ഉടമകളായി. ഇവരുടെ പ്രധാന ഉപജീവനമാർഗ്ഗം കൃഷിയും കുന്നുകാലി വളർത്തലുമായിരുന്നു. ആദ്യ കാലങ്ങളിൽ കന്നുകാലികളുടെ ചാണകം ഉണക്കി ഇന്ധനത്തിനും, കാർഷിക പ്രവർത്തികൾക്കുംവേണ്ടി സംഭരിച്ചുവെക്കുക പതിവായിരുന്നു.

ഉണക്കിവെയ്ക്കുന്ന ചാണകത്തിനു തമിഴിൽ 'എരു' എന്നാണ് പറയാറുള്ളത്. ഈ പ്രദേശത്തെ കാടുകളിൽ ഉണ്ടായിരുന്ന തേനീച്ചകൾ സംഭരിച്ചുവെച്ചിട്ടുള്ളതായ ഉണക്ക ചാണകത്തിൽ അതായത് 'എരു' വിൽ കൂടുകൾ വെക്കുകയുണ്ടായി. ഈ സംഭവം നടന്നത് ഒരു പ്രത്യേക സ്ഥലത്തായിരുന്നു.

ദീർഘകാലം ഈ ഉണക്ക ചാണകത്തിൽ തേനീച്ചകൾ കൂടുകൾ കെട്ടുകയും അതിൽ നിന്നും കർഷകർ തേൻ സംഭരിക്കുകയും ചെയ്തിരുന്നു. അങ്ങിനെ ഈ പ്രദേശത്തെ 'എരു+തേൻ+പതി' എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് എരുത്തേൻപതി എന്ന പേരിൽ അറിയപ്പെട്ടു. ഇതുപോലെത്തന്നെ ഈ പഞ്ചായത്തിൽ പ്പെട്ട മറ്റൊരു സ്ഥലത്തെ ഒടുകം പള്ള പുതൂർ എന്നു വിളിച്ചിരുന്നു. അതായത് ഒടകു എന്ന ചെടി താഴ്ന്ന സ്ഥലങ്ങളിൽ ധാരളമായും കൂട്ടാമായും വളരുകയുണ്ടായി. ആസ്ഥലത്തിനു ചുറ്റുമായി ആളുകൾ കൂട്ടത്തോടെ താമസിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ ആ സ്ഥലം ഒടകു+ പള്ളം (താഴ്ന്ന) + ഊര് എന്നിങ്ങനെ ഒടകം പള്ളം പുതൂർ ആയി. അക്കാലത്തു ഈ പ്രദേശത്തെ ജനങ്ങൾ സാമൂഹ്യമായും വിദ്യാഭ്യാസപരമായും വളരെ പിന്നിലായിരുന്നു. ഈ പ്രദേശം അന്നു കൊച്ചി രാജ്യത്തിൻെറ ഭാഗമായിരുന്നു. രാജഭരണകാലത്തു രാജാക്കന്മാർ പ്രജകളുടെ ക്ഷേമാശൈശ്വര്യങ്ങൾ അന്വേഷിക്കുന്നതിനു രാജ്യമെമ്പാടും എഴുന്നള്ളുക പതിവായിരുന്നു. തൻെറ രാജ്യത്തിൻെറ കിഴക്കേ അതിർത്തി പ്രദേശത്തെ ജനങ്ങളുടെ ശോചനീയാവസ്ഥ അറിയുകയും നിജസ്ഥിതി നേരിൽ കണ്ടു മനസ്സിലാക്കുന്നതിനു വേണ്ടി അന്നത്തെ സഹാരാജാവ് തിരുമനസ്സ് ഒടുക്കം പള്ളം പുതൂർ സന്ദർശിക്കുകയുണ്ടായി. ഈ സന്ദർശനത്തിൻെറ ഫലമായി മഹാരാജാവ് തിരുമനസ്സിൻെറ പേരിൽ ഈ പ്രദേശം അറിയട്ടെ എന്നു ആഗ്രഹിച്ചതിൻെറ അടിസ്ഥാനത്തിൽ ഒടുകം പള്ളം പുതൂർ

## എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്

# ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

പശ്ചിമ ഘട്ടത്തിലെ നിലഗിരി മലയ്ക്കും ആനമലയ്ക്കും മദ്ധ്യേ പാലക്കാട് ചുരത്തിൽ സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 180 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഒരു പ്രദേശമാണ് എരുത്തേമ്പതി പഞ്ചായത്തും, കിഴക്ക് തമിഴ്നാട്ടിലെ പൊള്ളാച്ചി താലൂക്കും തെക്കും പടിഞ്ഞാറും കൊഴിഞ്ഞാമ്പാറ പഞ്ചായത്തുമാണ്. ഈ പഞ്ചായത്തിൽ ഇപ്പോൾ റീ സർവ്വേ പ്രകാരം എരുത്തേമ്പതി, കൊഴിച്ചതി എന്നീ രണ്ടു റവന്യു വില്ലേജുകളാണ് ഉള്ളത്. ഈ പഞ്ചായത്തിൻെറ വിസ്തീർണ്ണം 36.93 ച.കി മീറ്റർ ആണ്. ആകെ ജനസംഖ്യ 16684 ആണ്. ഈ പഞ്ചായത്തിൻെറ മദ്ധ്യഭാഗങ്ങളിൽ പരുത്തി കൃഷിക്ക് അനുയോജ്യമായ കരിമണ്ണ് മണ്ണും വടക്കും തെക്കും ഭാഗങ്ങളിൽ പശിമരാശി കലർന്ന ചരലും ചെമ്മണ്ണുമാണ്. മദ്ധ്യഭാഗത്തായി കൂടുതൽ ഭൂഗർഭജലം ഉള്ളതായി കാണുന്നു. കാലവർഷവും തുലാവർഷവും വളരെ കുറച്ചുമാത്രം ലഭിക്കുന്ന വരണ്ട കാലവസ്ഥയുമാണ് ഈപ്രദേശത്ത് എപ്പോഴും അനുഭവപ്പെടുന്നത്, ഈ പ്രദേശത്തെ ഭൂമിയുടെ വിസ്തീർണ്ണം താഴെ കാണിച്ചിരിക്കുന്നു.

വിസ്തീർണ്ണം.

# കൃഷിയും ജലസേചനവും

തമിഴ്നാടിൻെറ അതിർത്തിയോടു ചേർന്നുകിടിക്കുന്നതും തമിഴ്നാടിൻെറ കാലാവസ്തയും സംസ്കാരവുമുള്ള എരുത്തേമ്പതി പഞ്ചായത്ത് പ്രദേശം തികച്ചും ഒരു കാർഷിക ഗ്രാമമാണ്. ഭൂമിയുടെ കിടപ്പ് ഏറ്റക്കുറച്ചിൽ ഉള്ള തരത്തിലാണ്. ഈ പ്രദേശത്ത് കേരളത്തിൽ ലഭിക്കുന്ന മൊത്തം മഴയുടെ മൂന്നിൽ ഒരു ഭാഗം മാത്രമേ ലഭിക്കുന്നുള്ളു. ഇതു കാരണം കാർഷിക ആവശ്യത്തിനും, കുടിവെള്ളത്തിന്നുപോലും ക്ഷാമം അനുഭവപ്പെടാറുണ്ട്. ഇവിടെ കൂടുതലായും കരിമണ്ണ്, മണൽ കലർന്ന പശിമരാശി മണ്ണ്, ചെമ്മണ്ണ്, ചരൽമണ്ണ് മുതലായവയാണ് കാണുന്നത്. ഇവിടത്തെ മുഖ്യവിളകൾ താഴ്ന്ന പ്രദേശങ്ങളിൽ നെല്ലും ഉയർന്ന പ്രദേശങ്ങളിൽ കരിമ്പ്, തെങ്ങ്, പരുത്തി, നിലക്കടല, പച്ചക്കറി, പയറുവർഗ്ഗങ്ങൾ മുതലായവയാണ്. ഇടവിളയായി വാഴ, മരച്ചീനി, മഞ്ഞൾ, മുതലായവയും, ഏറ്റവും ഉയർന്ന ജലലഭ്യത കുറവായ സ്ഥലത്ത് മാവ്, പുളി, മുതലായവയും കൃഷി ചെയ്തു വരുന്നു. ജനങ്ങളുടെ ജീവനോപാധികൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു തൊഴിൽ മേഖലകളുമാണ്.

എരുത്തേമ്പതി പഞ്ചായത്തിൻെറ വിസ്തീർണ്ണമായ 3690 ഹെക്ടറിൽ 3392 ഹേക്ടർ കൃഷി ഭൂമിയാണ്. ഇതിൽ 175 ഹെക്ടർ സ്ഥലത്തു കനാൽവെള്ളം ലഭിക്കുന്നു. 1565 ഹെക്ടർ സ്ഥലത്തുകിണർ, കുളം മുതലായവയിൽ നിന്നു വെള്ളം പമ്പുചെയ്തും ലിഫ്റ്റ് ഇറിഗേഷൻ വഴിയും നനച്ച് കൃഷി ചെയ്യുന്നു. 1652 ഹെക്ടറ് സ്ഥലത്ത് മഴയെ മാത്രം ആശ്രയിച്ചാണ് കൃഷിചെയ്യുന്നത് കേരളത്തിൽ കൂടുതലായി മോട്ടോർ ഉപയോഗിച്ചു വെള്ളം പമ്പു ചെയ്ത കൃഷി ചെയ്യുന്നു. ഭൂരിഭാഗം ഉടമസ്ഥരും ചെറുകിട കർഷകരാണ്. ഇതു സംബന്ധിച്ച് വിശദ വിവരം താഴെ കൊടുക്കുന്നു.

**പട്ടിക 1**

| ക്രമനമ്പർ ഭൂ പരിധി | കുടുംബാങ്ങളുടെ എണ്ണം. |
|---|---|
| 1. നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | 3 1 6 |
| 2. ചെറുകിട കർഷകർ (2 ഹെക്ടറിൽ താഴെ) | 4 8 2 |
| 3. വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ) | 1 7 5 |
| ആകെ | 9 7 3 |

ആദ്യകാലത്ത് ആവശ്യമായ ലഭിച്ചു കൊണ്ടിരുന്നതിനാൽ പ്രധാന വിള ഒന്നാം പുകലിന്ന് നെല്ലും ചരിവുമുള്ള പ്രദേശങ്ങളിൽ നിലക്കടലയും ആയിരുന്നു. കൂടാതെ അന്ന് ലഭിച്ചിരുന്ന മഴവെള്ളം പുഴയിൽ ചെറിയ ഡാമുകൾ സ്വകാര്യമേഖലയിൽ ഉണ്ടാക്കി തോടുകൾ വഴി കൃഷി സ്ഥലത്ത് എത്തിച്ചും വലിയ കുളങ്ങളിൽ ജലം സംഭരിച്ച് കിണറുകൾ ഉണ്ടാക്കിയും നെൽകൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു. ആ കാലത്ത് നാടൻ വിത്തിനങ്ങളായ ചമ്പാൻ ആനകൊമ്പൻ, കഴമ, ചിറ്റേനി മുതലായവയാണ് കൃഷി ചെയ്തുവന്നിരുന്നത്. ഇതു കാരണം കുറഞ്ഞ വിളവുമാത്രമേ ലഭിച്ചിരുന്നുള്ളൂ.

1970നു ശേഷം കേരളം, തമിഴ്നാട്, കാർഷിക സർവ്വകലാശാലയിൽനിന്ന് തിരഞ്ഞെടുത്ത ഉൽപ്പാദന ക്ഷമത കൂടിയ ഇനങ്ങളായ മസൂരി, 1. R.50, T.K.M. 9, ADT

36, വെള്ളപൊന്നി, നീരജ മുതലായവ ഉപയോഗിക്കുകയും, രാസവളപ്രയോഗം തുടങ്ങുകയും ചെയ്തപ്പോൾ ഉൽപ്പാദനത്തിൻ വർദ്ധനയുണ്ടായി.

ആദ്യകാലത്ത് ഒരു പുകൽ നെൽകൃഷി ചെയ്തസ്ഥലങ്ങളിൽ രണ്ടാം പുകലിന്ന് പരുത്തി, ചാമ, റാഗി, ചോളം കമ്പ്, തിന മുതലായവ കൃഷി ചെയ്തു വന്നിരുന്നു. പഞ്ഞമാസങ്ങളിൽ മുഖ്യമായും ചാമ, റാഗി, കമ്പ്, തിന, ചോളം മുതലായവ ആഹാരത്തിന്ന് ഉപയോഗിച്ചിരുന്നു.

ആദ്യകാലത്ത് ജലസേചനത്തിൻ കിണറുകൾ കുഴിച്ച് അതിൽ കാളകളെ ഉപയോഗിച്ചുള്ള 'കവല' പൂട്ടിയും കുളങ്ങളിൽനിന്ന് തേക്കുകുട്ടയിൽ തേകിയും 'ഏത്തം' പൂട്ടിയും നനച്ചുവന്നിരുന്നു. ആദ്യകാലത്ത് കൃഷി ഭൂമി അധികവും കർഷകർ പാട്ടത്തിന്നാണ് നടത്തി വന്നിരുന്നത്. അന്ന് കൃഷിഭൂമിയിൽ കർഷകൻ ഉദ്ദേശിച്ച രീതിയിൽ കൃഷി ചെയ്യുന്നതിനും കൃഷി ഭൂമിയിൽ സ്വന്തമെന്ന ഉറപ്പില്ലാത്തുതുകൊണ്ടും ദീർഘകാല വിളവുകളായ തെങ്ങ്, കവുങ്ങ് മുതലായവ കൃഷി ചെയ്തിരുന്നില്ല.

ആദ്യകാലത്ത് കാരഷിക ഉൽപന്നങ്ങളായ നെല്ല്, നിലക്കടല, പരുത്തി മുതലായവ ചെറുകിട മില്ലുടമകൾക്ക് ഇടതട്ടുകാർ മുഖേനയാണ് വിൽപന നടത്തിയിരുന്നത്. അതുമൂലം കർഷകർക്ക് ന്യായമായ വില ലഭിച്ചിരുന്നില്ല.

ഭൂ പരിഷ്കരണം നടപ്പിലായതോടുകൂടി കർഷകർക്ക് സ്വന്തമായി ഭൂമി ലഭിച്ചു. അതിൽ മേൽത്തരം വിത്തുകൾ കൃഷിചെയ്യുന്നതിനും ദീർഘകാല ഇനങ്ങളായ തെങ്ങ് മുതലായവ കൃഷി ചെയ്യുവാനും തുടങ്ങി. കൂടാതെ ജലസേചനത്തിൻ അവരവരുടെ സ്ഥലത്ത് കിണറുകൾ കുഴിച്ച് മോട്ടോർ പമ്പുസെറ്റ് സ്ഥാപിച്ച് ആവശ്യാനുസരണം ജലനിർഗ്ഗമനം ചെയ്തുകൊണ്ട് വിളവു വർദ്ധിപ്പിക്കുവാൻ തുടങ്ങി. കുറഞ്ഞ കൃഷി ചിലവുകൾ കാരണം കൃഷി ലാഭകരമായിരുന്നു. കർഷകർക്ക് ഭൂമിയിൽ താല്പര്യം വർദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ പിന്നീട് തൊഴിൽ പ്രശ്നങ്ങളും തൊഴിലാളി കളുടെ ലഭ്യത കുറവും വർദ്ധിച്ച കാരഷിക ചിലവുകളും അതിന്ന് അനുപാതിമായ ഉൽപ്പന്നങ്ങക്ക് വില ലഭിക്കാ ഞ്ഞതും കൃഷിയിൽ കർഷകർക്ക് താല്പര്യയം കുറവു ണ്ടാവാൻ കാരണമായി.

1980 ൻ ശേഷം മഴയുടെ അളവ് ഗണ്യമായി കുറഞ്ഞു വരൾച്ച അനുഭവപ്പെടാൻ തുടങ്ങി. തൽഫലമായി ഈ പ്രദേശങ്ങളിൽ നെൽകൃഷി വിസ്തീർണ്ണം കുറയുകയും ടി സ്ഥലങ്ങളിൽ ഹ്രസ്വകാല വിളകളും ദൈർഘ്യം കുറഞ്ഞതുമായ പച്ചക്കറി കൃഷികളും (തക്കാളി, വഴുതിന, വെണ്ട, പയർ, മുളക്, മുതലായവ) കൃഷി ചെയ്യുവാൻ തുടങ്ങി. കിണറുകളുള്ള കർഷകർ പമ്പ് സെറ്റുകൾ ഉപയോഗിച്ച് കരിമ്പ്, തെങ്ങ്, വാഴ, പരുത്തി മുതലായവയും ചെയ്തുതുടങ്ങി.

കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട്. കുളങ്ങൾ തോടുകൾ, എന്നിവ സംരക്ഷിച്ചു പോന്നിരുന്ന സ്ഥിതിക്ക് മാറ്റംവന്നു. ഇപ്പോൾ അവ മണ്ണിടിഞ്ഞ് തൂർന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളോ തോടുകളോ, ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല. എന്നതാണ് പരമാർൽഥം.

## ഭൂവിനിയോഗം

**1.നെൽകൃഷി:** ആദ്യകാലത്ത് പ്രധാനവിളയായ നെൽകൃഷി മഴയുടേയും, ജലത്തിൻെറയും ദൗർലഭ്യം കാരണം നാമമാത്രകൃഷിയായി ചുരുങ്ങിയിരിക്കുന്നു. എങ്കിലും പുതിയ സങ്കരയിനം നെൽവിത്തുകൾ ഉപയോഗിക്കുന്നത്കൊണ്ട് വിളവിൽ വർദ്ധനയുണ്ടായിട്ടുണ്ട്. (ഒരു ഹെക്ടറിൻ 2500 കി. ഗ്രാം മുതൽ 3000 കി. ഗ്രാം. വരെ) എങ്കിലും കൃഷി വകുപ്പിൽനിന്നും നെൽകൃഷിക്കാരെ യോജിപ്പിച്ച് കൂട്ടായ സംരംഭത്തിന്ന് വേണ്ട നടപടി സ്വീകരിക്കാത്തതുകൊണ്ട് നെൽകർഷകർക്ക് സർക്കാരിൽ നിന്നുയാതൊരു തരത്തിലുള്ള ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ആയതുകൊണ്ട് ഇതിന്നുവേണ്ടി നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് കർഷകരുടെ പൊതുവായ അഭിപ്രായം.

**2.തെങ്ങ്:** കർഷകതൊഴിലാളികളുടെ ലഭ്യത കുറവും അവർക്ക് തൊഴിലിലുള്ള ആഭിമുഖ്യകുറവുകാരണ് കൃഷി സമയത്തിന് ചെയ്യാൻ പറ്റാത്ത സാഹചര്യമുണ്ടായി അതുനിമിത്തം മറ്റു കാർഷിക വിളവുക്ളുമായി താരതമ്യമുള്ളതും ആദായം കൂടിയതുമായ തെങ്ങുകൃഷിയിലേക്ക് കർഷകർ മാറുവാൻ തുടങ്ങി. നല്ല ഇനം തെങ്ങിൻ തൈകൾ കൃഷി വകുപ്പു മുഖാന്തിരം കർഷകർക്ക് ആവശ്യാനുസരണം ലഭിക്കാത്തതുകൊണ്ട് അവരവരുടെ സ്ഥലത്ത് തൈകൾ ഉൽപ്പാദിപ്പിച്ചു കൃഷി ചെയ്തുവരികയാണ്. ഈ പ്രദേശത്ത് തെങ്ങിൽ നിന്നും ശരാശരി ഉൽപാദനം മറയൊന്നിൽ നിന്നും ഒരു വർഷത്തിൽ എഴുപതു നാളികേരമാണ്. ഈ പ്രദേശത്തിലുള്ള കർഷകർ

നാളികേരത്തിനു പുറമേ ഇളനീരായും (കരുക്ക്) വിൽക്കുന്നു. അടുത്ത കാലത്തായി ചാരായ നിരോധനം നിലവിൽ വന്നപ്പോൾ കള്ളിൻെറ ഉപയോഗം വർദ്ധിച്ചത് നിമിത്തം തെങ്ങുകൾ കള്ളുചെത്തിന് കൊടുക്കുന്നതും ആദായകരമായി; എന്നിരുന്നാലും നാളികേരം വാങ്ങുവാനോ സംഭരിക്കുവാനോ സർക്കാർ തലത്തിലോ സഹകരണാടിസ്ഥാനത്തിലോ യാതൊരു സംവിധാനങ്ങളും ഇല്ലാത്തതുകൊണ്ട് കർഷകർക്ക് ന്യായമായി കിട്ടേണ്ട വില ഇടതട്ടുകാർ തട്ടി എടുക്കുന്നു.

**3.കരിമ്പ്**: ചിറ്റൂർ താലൂക്കിലെ മേനോൻ പാറയിൽ സഹകരണാടിസ്ഥാനത്തിൽ ഒരു ഷുഗർ ഫാക്ടറി സ്ഥാപിക്കുന്നതിൽ മുൻകൈയെടുത്ത സ്ഥാപക ഡയറക്ടർമാരായ ശ്രീമാൻമാർ ആർ പി. സ്വാമിയപ്പകവുണ്ടർ, ആർ. എസ്. തേവണ്ണക്കവുണ്ടര, ആർ. എസ്. പൊന്നുസ്വാമി എന്നിവരാണ്. ഫാക്ടറി നിലവിൽ വന്നതോടുകൂടി ഈ പ്രദേശത്തും കരിമ്പു കൃഷി അധികമായി തുടങ്ങി. ആരംഭത്തിൽ തൊഴിലാളികളുടെ ലഭ്യത കൂടുതലും ഷുഗർ ഫാക്ടറിയുടെ സഹകരണത്താലും കരിമ്പ് കൃഷി ആദായമായിരുന്നു. അതുകൊണ്ട് ധാരാളം കൃഷിക്കാർ കരിമ്പു കൃഷി ചെയ്യുവാൻ തുടങ്ങി. പിന്നീട് തൊഴിലാളികളുടെ ലഭ്യത കുറവും, വർദ്ധിച്ച ഉൽപാദനചിലവും, ചിലവിൽ അനുപാതമായി വില ലഭിക്കായ്കയും, ഷുഗർ ഫാക്ടറിക്കാരുടെ നിസ്സഹകരണവും കർഷകർക്ക് കരിമ്പു കൃഷിയിൽ താല്പര്യ കുറവും വരാൻ തുടങ്ങി. കൃഷി വകുപ്പിൽനിന്നും കരിമ്പു കൃഷി വികസനത്തിന് ഒറു ഹെക്ടറിന്ന് 500 രൂപ സബ്സിഡിയായി കൊടുക്കുന്നുണ്ടെങ്കിലും വർദ്ധിച്ച ചിലവിനത്തിൽ. അത് ഒരു പരിഹാരമാകുന്നില്ല. ഈ പ്രദേശത്തെ കരിമ്പിൻെറ ശരാശരി ഉൽപ്പാദനം ഒരു ഹെക്ടറിന് 100 മെട്രിക് ടൺആകുന്നു.

**4.നിലക്കടല**: ആദ്യകാലത്ത് നിലക്കടല മഴയെ മാത്രം ആശ്രയിച്ചആ കൂടുതലായി ചെയ്തിരുന്നു. ഇപ്പോൾ മഴയെ ആശ്രയിച്ചും ജലസേചനം നടത്തിയും മൂന്നു പൂവലും നിലകടല കൃഷി ചെയ്യുന്നവരും ഉണ്ട്. തൊഴിലാളികളുടെ ലഭ്യത കുറവും വിളവെടുപ്പ് എല്ലാഭാഗത്തും ഒരേ സയമത്ത് ആകുന്നതുകൊണ്ടും സമയത്തിൽ വിളവെടുക്കാൻ പറ്റാത്ത നഷ്ടം സംഭവിക്കുന്നു. ഒരേ സമയത്തു വിളവെടുപ്പു വരുമ്പോഴും പ്രത്യേകിച്ചും മഴയുള്ളപ്പോൾ കർഷകർ അവരുടെ ഉൽപ്പന്നങ്ങൾ മിതമായ വിലയ്ക്കു വിൽക്കുവാൻ നിർബന്ധിതരാവുന്നു. സഹകരണാടിസ്ഥാനത്തിലോ, സർക്കാരടിസ്ഥാനത്തിലോ യാതൊരു സംഭരണ സംവിധാനമോ ഇല്ലാത്തതുകൊണ്ട് കച്ചവടക്കാർ മുതലെടുപ്പു നടത്തി വരുന്നു.

**5. പരുത്തി**: ഈ പ്രദേശത്തു കാണുന്ന കരിമണ്ണ് പരുത്തി കൃഷിക്ക് വളരെ അനുയോജ്യമാണ്. ആയത് കൊണ്ട് ആദ്യകാലം മുതൽപരുത്തി കൃഷി ഒരു പ്രധാനകാർഷിക വിളയാണ്. എന്നാൽ വർദ്ധിച്ച ഉൽപ്പാദന ചിലവും, തൊഴിലാളികളുടെ ലഭ്യത കുറവും, ഉൽപ്പന്നം വിറ്റഴിക്കുന്നതിനുള്ള സൗകര്യമില്ലാത്തതും കാരണം ഈ കൃഷിയിൽ താല്പര്യം കുറവായിട്ടുണ്ട്. വിത്തു മുതൽ വിപണനം വരെ മുഴുവനായും തമിഴ് നാടിനെ ആശ്രിയിക്കേണ്ടിയിരിക്കുന്നു. പരുത്തി. കൃഷിക്ക് കേരളാ കൃഷി വകുപ്പിൽ നിന്നും കാര്യമായ യാതൊരു സഹായവും ലഭിക്കുന്നില്ല. ഒരു ഹെക്ടറിൽ നിന്നും ശരാശരി 1500 കി. ഗ്രാം. പരുത്തി ലഭിക്കുന്നുണ്ട്.

**6.പച്ചക്കറി കൃഷി**: മഴകുറഞ്ഞ പ്രദേശമായതുകൊണ്ട് കുറച്ചു വെള്ളം മാത്രം ഉപയോഗിച്ച് കുറഞ്ഞ കാലയളവിന്നുള്ളിൽ വിളവെടുക്കുവാൻ പറ്റുന്ന പച്ചക്കറി കൃഷിയിലേക്ക് ധാരാളം കർഷകർ താല്പര്യം കാണിക്കുവാൻ തുടങ്ങി. ഇരുഭാഗത്തുനിന്നും പച്ചക്കറി കേരളത്തിൻെറ തന്നെ മറ്റു ജില്ലകളിലേക്ക് ഏജൻറുമാർ മുഖാന്തിരം ലോറികളിലും ടെമ്പോകളിലും കൊണ്ടു പോകുന്നത് ഒരു നീണ്ടകാഴ്ചയാണ്. പച്ചക്കറി കൃഷിക്ക് ഉൽപ്പാദനചിലർ കുറവും കർഷക കുടുംബങ്ങൾക്കു തന്നെ തൊഴിൽ ചെയ്യാൻ സാധിക്കുന്ന കൃഷി ആയതുകൊണ്ടും ഈ ഭാഗത്തെ കർഷകർക്ക് താല്പര്യം കൂടുതലുണ്ട്. എന്നിരുന്നാലും ഉൽപ്പന്നം വിറ്റഴിക്കുന്നതിന് ഇടതട്ടുകാരെ ആശ്രയിക്കേണ്ടതുകൊണ്ട് മാർക്കറ്റ്വിലയുടെ പകുതി ഭാഗം മാത്രമേ ലഭിക്കുന്നുള്ളൂ. ഈ പ്രദേശത്തു ധാരാൾ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നുണ്ടെങ്കിലും അത് വിറ്റഴിക്കുന്നതിന്ന് സഹകരണാടിസ്ഥാനത്തിലോ, സർക്കാർ മേഖലയിലോ യാതൊരു സംവിധാവും ഇല്ല. ഇവിടെ കൃഷിചെയ്യുന്ന പ്രധാന പച്ചക്കറികൾ തക്കാളി, വഴുതിന, വെണ്ട, പയർ, പച്ചമുഴക്, പടവലം, പാവൽ മുതലായവയാണ്.

**7.പയറുവർഗ്ഗങ്ങൾ**: ചുരുങ്ങിയ കാലയളവിനുള്ളിൽ വിളവ് ലഭിക്കുന്നതും, കൂടുതൽ വെള്ളം ആവശ്യമില്ലാത്തുതം, തൊഴിലാളികളുടെ ലഭ്യത കുറവുമാത്രം ആവശ്യമുള്ളതും ചിലവു കുറഞ്ഞതുമായ പയറു വർഗ്ഗങ്ങൾ (ഉഴുന്നു, ചെറുപയർ, സോയാബീൻ മുതലായവ) ഈ പ്രദേശത്തു ഇടവിളയായും നെൽകൃഷി എടുത്ത

## പട്ടിക 2 A

| ക്രമനമ്പ്ര് | പദ്ധതിയുടെ പേര് | വിഷയം | ലക്ഷ്യം | ഗുണ ഭോക്താവ് | ലഭിക്കുന്ന സഹായം | ഏജൻസി | 95-96ൽ ചിലവാക്കിയ | ഗുണനിലവാരം മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|---|---|---|
| 1. | പ്രാദേശികകൃഷിവികസന പദ്ധതി | കരിമ്പ് | അതാതുപ്രദേശത്ത്അനുയോജ്യമായ വിളകൾ കൃഷി ചെയ്യുന്നതിന് പ്രോൽസാഹിപ്പിക്കൽ | കർഷകർ | നടീൽസഹായമായിഹെക്ടറിൻ 500രൂപ | കൃഷിഭവൻ | 5000 | യതാർത്ഥ ചിലവിൻെറപകുതി തുകസബ്സിഡിയായി അനുവദിക്കണം |
| 2. | ബയോഗ്യാസ്വികസന പദ്ധതി | ബയോഗ്യാസ് ഉൽപ്പാദനം | ഗ്രാമീണമേഖലയിൽ പാചകവാതക നിർമ്മാണം ഉൾപ്പെടുത്തി ചാണകത്തിൻെറ മേൻമകൂട്ടൽ | പ്ലാൻറിൻെറ വലിപ്പത്തനുസരിച്ച സബ്സിഡി | | ,, | --- | പ്രാദേശികഭൂപ്രകൃതിയോടനുസരിച്ച്പ്ലാൻറ് പണിയണം |
| 3. | സമഗ്രനാളികേരവികസനപദ്ധതി. | തെങ്ങ് | നാളികേരത്തിൻെറ ഉൽപാദനം വർദ്ധിപ്പിക്കൽ | നാളികേര കർഷകർ | പുതിയ കിണർ കുഴിക്കൽ, പമ്പ് സെറ്റ്, സാമൂഹ്യ ജലസേചനപദ്ധതി എന്നിവയ്ക്ക്സബ്സിഡി | കൃഷിഭവൻ, കേരവികസന സമിതി | 231000 | കുഴൽകിണർനിർമ്മിക്കുന്നതിൻ 50ശതമാനംസബ്സിഡിലഭ്യമാക്കണം |
| 4. | പച്ചക്കറികൃഷി വികസനപദ്ധതി | പച്ചക്കറി വിളകൾ | പച്ചക്കറികൃഷി പ്രോൽസാഹിപ്പിക്കൽ | വിദ്യാർത്ഥികൾ | സൗജന്യവിത്തു വളം, യന്ത്രങ്ങൾ | കൃഷിഭവൻ | -- | യഥാസമയംവിത്തിനങ്ങൾ ലഭിക്കുന്നതിനുള്ളനടപടി സ്വീകരിക്കണം. |
| 5. | ട്രോപ്പിക്കൽ ആൻറ്ഏരിഡ്സോൺ വികസനപദ്ധതി | മാവ്കൃഷി | മാവ്കൃഷി പ്രോൽസാഹിപ്പിക്കൽ നിലവിലുള്ളകൃഷി പുനരുദ്ധീകരിക്കൽ | കർഷകർ നടീൽവസ്തുക്കൾ | സൗജന്യമായി പരിപാലിക്കുന്നതിനു സബ്സിഡി. | ,, | 67500 | പദ്ധതിതുടർന്നുനടത്താവുന്നതാണ്. |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6. | പിന്നോക്ക സ്ഥലത്തു ന്യൂട്രിഷൻ ഗാർഡൻസ് വച്ചുപിടിപ്പിക്കൽ | ഫലവൃക്ഷങ്ങൾ | നെല്ലി, ചെറി, മാതളം പപ്പാളി ഉല്പാദനം വർദ്ധിപ്പിക്കൽ | കർഷകർ | ഫലവൃക്ഷങ്ങൾ സൗജന്യനിരക്കിൽ | കൃഷിഭവൻ | 1200 | നല്ലഇനംതൈകൾനൽകാവുന്നതാണ് |
| 7. | കിഴങ്ങുവർഗ്ഗവികസനപദ്ധതി | കിഴങ്ങുവർഗ്ഗങ്ങൾ | കിഴങ്ങുവർഗ വിളകളുടെകൃഷി പ്രോൽസാഹിപ്പിക്കൽ | കർഷകർ | മിനിക്കിറ്റ്സൗജന്യം | കൃഷിഭവൻ | ,, | പദ്ധതിവിപുലമായിതുടരേണ്ടതാണ്. |
| 8. | എണ്ണക്കുരുവികസനപദ്ധതി. | നിലക്കടല | നിലക്കടല കൃഷി വ്യാപിക്കൽ | ,, | വിത്തു, വളം കീടനാശിനി എന്നിവയ്ക്ക്സബ്സിഡി | ,, | 600000 | ഗുണനിലവാരംഉയർന്നവിത്തുകൾ മിതമായവിലയ്ക്ക്നൽകേണ്ടതാണ്. സംഭരണസൗകര്യംവേണം. |
| 9. | പയറുകൃഷിവികസനപദ്ധതി | പയർ | പയർ വർഗ്ഗങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ | ,, | വിത്തു, കീടനാശിനി, സ്പെയർ എന്നിവയ്ക്ക് സബ്സിഡി | ,, | 8000 | കർഷകർകർക്ക്ആവശ്യമായ ഉഴുന്ന്, ചെറുപയർമുതലായവയുംവിതരണം നടത്തണം. |
| 10. | പ്രത്യേക ഘടക പദ്ധതി | വിവിധ പദ്ധതി | പട്ടികജാതി കർഷകർക്ക് സൗജന്യമായി ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തൽ, നടീൽ വസ്തുക്കൾ വിതരണം | പട്ടികജാതി കർഷകർ | കിണർ, മോട്ടോർ, പമ്പ്സെറ്റ് സ്ഥാപിക്കുവാൻ തൈവിതരണം | ,, സബ്സിഡി, | 65600 | പ്രാദേശിക കാലാവസ്ഥ, ഭൂപ്രകൃതിഅനുസരിച്ച് കുഴൽകിണർ അനുവദിക്കേണ്ടതാണ്. |
| 11. | മണ്ണ്പരിശോധന | മണ്ണ് | മണ്ണിന്റെ ഘടന, വിള എന്നിവ അനുസരിച്ച് വളപ്രയോഗം. | കർഷകർ | സൗജന്യ പരിശോധന | ,, | 300 എണ്ണം | പഞ്ചായത്ത് തലത്തിൽ വർഷത്തിൽ3പ്രാവശ്യംസഞ്ചരിക്കുന്ന മണ്ണ്പരിശോധനലാബ്ലഭ്യമാക്കണം. |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 12. | യുവാക്കളെ കൃഷിയുമായി ബന്ധിപ്പിക്കുന്ന പദ്ധതി | ,, | യുവാക്കളെ കൃഷി യിലേയ്ക്ക് ആകർഷിക്കൽ | 35 വയസ്സിൻ താഴെയുള്ള യുവജനങ്ങൾ | കാർഷിക വൃത്തി യിൽ പരിശീലനം, ഗ്രാറ്റുവിറ്റി പെൻഷൻ. | കൃഷി ഭവൻ | ,, | യുവജനങ്ങൾക്ക്അവരുടെ കൈവശ ഭൂമിയുടെ തോതനുസരിച്ച് പദ്ധതി തയ്യാറാക്കണം. | |
| 13. | തരിശു ഭൂമി വികസന പദ്ധതി | തെങ്ങ് | നഴ്സറി സ്ഥാപിക്കൽ തൈ വിതരണം. | ഡകർഷകർ | നഴ്സറി കർഷകർക്ക് സബ്സിഡി, തൈകൾ സബ്സിഡിനിരക്കിൽ | | ,, | 4305 | ഗുണനിലാവമുള്ള തൈകൾ വിതരണം നടത്തണം. |
| 14. | രാസവള കീടനാശിനികളുടെ ഗുണനിലവാരം പരിശോധിക്കൽ | രാസവളം, കീടനാശിനി, | ഗുണനിലവാരം പരിശോധിക്കൽ | -- | -- | | ,, | ,, | പരിശോധന വളരെ ചുരുങ്ങിയ അളവിൽ മാത്രമെ യുള്ളു. ജില്ലാ തലത്തിൽ ഇതിനു പരിശോധന ലാബ് സ്ഥാപിക്കണം. |
| 15. | മിനിക്കിറ്റ് പദ്ധതി | വിത്തു, തൈകൾ | വിവിധ വിളകളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ | കർഷകർ | സൗജന്യനിരക്കിൽ ഗുണനിലവാരമുള്ള വിത്തു, തൈ വിതരണം | | ,, ,, | -- | സമയത്തിനും, കാലാവസ്ഥയ്ക്കും യോജിച്ച വിത്തിനങ്ങൾ വിതരണം ചെയ്യണം. |
| 16. | വിത്തുവിതരണം | നെല്ല് | ഗുണനിലവാമുള്ള വിത്തു കർഷകർക്ക് ലഭ്യമാക്കൽ | ,, | ഗുണനിലവാമുള്ള വിത്തു | | ,, | -- | യഥാസമയത്തു ആവശ്യാനുസരണം വിത്തു ന്യായമായ വിലയ്ക്ക് ലഭ്യമാക്കണം. |
| 17. | തെങ്ങ് കൃഷി വികസന പദ്ധതി | തെങ്ങ് | തെങ്ങ് കൃഷി വ്യാപിപ്പിക്കൽ | ,, | ഹെക്ടറിൻ 6000 രൂപ | | നാളികേര വികസന ബോർഡ് | 334091 | കാലതാമസം കൂടാതെ സബ്സിഡി തുക പഞ്ചായത്ത് തലത്തിൽ വിതരണം നടത്തണം. |

## കർഷക സംരംഭങ്ങൾ

കൃഷി ഭവന്റെ ആഭിമുഖ്യത്തിൽ രൂപീകരിക്കപ്പെട്ട കേരവികസന സമിതി മാത്രമാണ് നിലവിലുള്ളത്. തെങ്ങ് കൃഷിക്കും, മറ്റു കൃഷികളായ നിലക്കടല, പരുത്തി, കരിമ്പ് മുതലായവയ്ക്കും ഗ്രൂപ്പടിസ്ഥാനത്തിൽ സമിതികൾ ഉണ്ടാക്കി ആനുകൂല്യം അനുവദിക്കണമെന്നതാണ് കർഷകരുടെ ആവശ്യം.

**പട്ടിക 3**

**വിവിധ കൃഷിയിൽ കാണുന്ന പ്രധാന കീടങ്ങളും രോഗങ്ങളും**

| ക്രമനമ്പ്ര് | വിളയുടെ പേര് | കീടങ്ങൾ | രോഗങ്ങൾ |
|---|---|---|---|
| 1. | നെല്ല് | തണ്ടുതുരപ്പൻ ചാഴി<br>ഓലചുരുട്ടിപുഴു<br>മുഞ്ഞ തൃപ്സ് | ബ്ലാസ്റ്റ്ബി.എൽ.<br>ബി.ഷീത്ത്ബ്ലൈററ് |
| 2. | തെങ്ങ് | കൊമ്പൻ ചെല്ലി<br>ചെമ്പൻ ചെല്ലി<br>കോരിഡ്ബഗ് | കൂമ്പ് ചീയർ ചെ<br>ന്നീരൊലിപ്പ്<br>തഞ്ചാവൂർവിൽറ്റ് |
| 3. | നിലക്കടല | ചുവന്ന കമ്പിളി<br>പുഴുലീഫ്മൈനർ | ടിക്കാരോഗം |
| 4. | കരിമ്പ് | തണ്ടുതുരപ്പൻ<br>പുഴു ചിതൽ | സ്മട്ട്<br>ചെംചീയൽ |
| 5. | വാഴ | തണ്ടുതുരപ്പൻ പുഴു | സിഗാട്ടോഗകുറു<br>നാമ്പുരോഗം |
| 6. | പയറുവർഗ്ഗങ്ങൾ | ഏഫിഡ്കായ്പുഴു | വേരഴുകൽ |
| 7. | മരച്ചീനി | | സാവാമൊസൈക്ക്<br>ഉലപ്പുള്ളിരോഗം<br>ബ്ലൈറ്റ് |
| 8. | പച്ചക്കറി | നിമറ്റോഡ് തൃപ്സ്<br>ഏഫിഡ്കായ്പുഴു. | വേരുചീയൽ<br>മൊസൈക്ക്<br>വൈറസ്സ് |
| 9. | പരുത്തി | ഏഫിഡ്ത്രിപ്സ്<br>കായ്പുഴു | ചെടിഅഴുകൽ<br>ലീഫ്സ്പോട്ട്<br>വേരഴുകൽ |

## കൂലി, സേവന വ്യവസ്ഥകൾ

കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ,കൃഷിയോടുള്ള ആഭിമുഖ്യക്കുറവ് തുടങ്ങിയവയും ഇതിന്റെ കാരണങ്ങളിൽപ്പെടുന്നു. നിലവിൽ ഈ പ്രദേശത്ത് ശരാശരി കൂലിനിരക്ക് പുരുഷന്ന് 50 രൂപയും സ്ത്രീകൾക്ക് 30 രൂപയുമാണ്. ഒരു ഏകീകൃതനിരക്കില്ല. ഈ പ്രദേശങ്ങളിൽ അടുത്തകാലത്തായി കരാറടിസ്ഥാനത്തിൽ മാത്രമാണ് തൊഴിലാളികൾ പണിയെടുക്കുവാൻ തയ്യാറാകുവ്. ഇതുകൊണ്ട് കർഷകർക്ക് ഇരട്ടികൂലി കൊടുക്കേണ്ടിവരുന്നു.

## കാർഷിക വിപണന സൗകര്യങ്ങൾ:

ഈ പഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥലത്ത് യാതൊരുവിധത്തിലുള്ള വിപണസൗകര്യവു നിലവിൽ ഇല്ല.

**കാർഷിക വായ്പ:**

ഒരു സഹകരണ സ്ഥാപനം ഉൾപ്പെടെ നാലുബാങ്കുകളാണ് ഉള്ളത്. കൃഷിക്കുവേണ്ടി അനുവദിക്കുന്ന വായ്പകൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നുവെന്നാണ് പൊതുവേ അഭിപ്രായം. ഒരു ഹെക്ടറിന്ന് ശരാശരി ഒരു വർഷം 7000 രൂപ വായ്പയായി നൽകുന്നുണ്ട്. വായ്പ സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

## പട്ടിക 4

### ബാങ്ക്‌വായ്പ സംബന്ധിച്ച വിവരങ്ങൾ

| നമ്പ്ര് | ബാങ്ക് | 93 94 | 94 95 | 95 96 |
|---|---|---|---|---|
| 1. | കനറാ ബാങ്ക് എരുത്തേൻപതി | 8537000 | 9034000 | 8478000 |
| 2. | കനറാ ബാങ്ക് മൂങ്കിൽ മട | 116,21000 | 15931000 | 18118000 |
| 3. | കത്തോലിക് സിറിയൻ ബാങ്ക് എരുത്തേൻ പതി | 1250000 | 1400000 | 3000000 |
| 4 | സർവ്വീസ് സഹകരണ ബാങ്ക് മൂങ്കിൽ മട | 2751085 | 2177750 | 2053580 |
| | **മൊത്തം** | **24159085** | **28542750** | **31649580** |

## പട്ടിക 5

### വിവിധ കൃഷികൾക്കുള്ള ബാങ്ക്‌വായ്പ (ജലസേചന സൗകര്യമുള്ളവയ്ക്ക്)

| ക്രമനമ്പ്ര് | വിളയുടെ പേര് | വായ്പ തുക (ഏക്കറിന്) |
|---|---|---|
| 1. | തെങ്ങ് | 5000 |
| 2. | പരുത്തി | 3000 |
| 3. | മരച്ചീനി | 4000 |
| 4. | കരിമ്പ് കന്നികരിമ്പ് | 5400 |
| | കട്ടക്കരിമ്പ് | 4800 |
| 5. | നെല്ല് | 4000 |
| 6. | നിലക്കട | 3400 |
| 7. | പച്ചക്കറി | 10000 |
| 8 | വാഴ നേന്ത്രൻ | 14000 |
| | മറ്റുള്ളവ | 7000 |
| 9. | സോയാബീൻസ് | 1900 |

## ജലസേചനം

പ്രധാനമായും മഴയെമാത്രം ആശ്രയിച്ച് കൃഷി നടത്തുന്നു. പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നൽ. ജൂണ് മുതൽ ഓഗസ്ററ് വരെ ലഭിക്കുന്ന തെങ്ങ് പടിഞ്ഞാറൻ കാലവർഷവും, സെപ്തംമ്പർ മുതൽ കിട്ടുന്ന തുലാവർഷവും കൂടി ശരാശരി വർഷത്തിൽ 1309.7 മില്ലിമീറ്റർ മഴയാണ് ഇവിടെ ലഭിക്കുന്നത്. ഈ പ്രദേശത്തു ലഭിച്ച മഴയുടെയും ചൂടിൻെറയും വിവരങ്ങൾ വിവിധ പട്ടികകളിലായി താഴെ ചേർക്കുന്നു.

പട്ടിക 6

മഴയുടെ അളവ് മി.മീ (Rain fall Data ISDF Eruthenpathi Panchayat)

| വർഷം | ജനു | ഫിബ്ര | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗ | സപ്തം | ഒക്ടോ | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | 6.6 | -- | 4.2 | 121.2 | 19.4 | 167.1 | 652.9 | 169.5 | 49.4 | 133.2 | 5.9 | -- |
| 1992 | -- | -- | -- | 31.8 | 90 | 405.5 | 278.1 | 217.7 | 181.1 | 65.9 | 225.4 | 12.9 |
| 1993 | -- | 16.8 | -- | 1 | 76.4 | 72.4 | 282.6 | 166.4 | -- | 163.2 | 76.6 | 8 |
| 1994 | -- | 10.9 | -- | 128.1 | 41.5 | 252.4 | 411.6 | 112.2 | 121.8 | 220.6 | 87.4 | -- |
| 1995 | -- | -- | -- | 35.6 | 95.9 | 126.2 | 337.7 | 95.9 | 411.6 | 83.8 | 123 | -- |

## പട്ടിക 7

### 1994 വർഷത്തിൽ മഴയുടെഅളവ് (മി.മീ)

| വർഷം | ജനു | ഫിബ്ര | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗ | സപ്തം | ഒക്ടോ | നവം | ഡിസം | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ജില്ലാശരാശരി | 11.4 | 4.6 | 9.9 | 176.7 | 53.5 | 668.6 | 824.4 | 264.3 | 186.5 | 358.6 | 95 | -- | 3133.65 |
| ISD ഫാം | -- | 10.9 | -- | 128.1 | 41.5 | 252.4 | 411.6 | 112.2 | 121.8 | 220.6 | 87.4 | -- | 1386.5 |

## പട്ടിക 8

### കഴിഞ്ഞ 10 വർഷത്തിൽ ലഭിച്ച ശരാശരി മഴയുടെ അളവ് മി.മീ

(ഐ. എസ്.ഡി ഫാം. എരുത്തേൻപതി)

| വർഷം | 1986 | 1987 | 1988 | 1989 | 1990 | 1991 | 1992 | 1993 | 1994 | 1995 |
|---|---|---|---|---|---|---|---|---|---|---|
| മഴയളവ് | 996.9 | 904.4 | 1122 | 963.5 | 1202.6 | 1319.4 | 1548.9 | 863.4 | 1386.5 | 1309.7 |

**പട്ടിക 9**

**എരുത്തേൻപതിയിൽ കഴിഞ്ഞ 3 വർഷത്തിൽ രേഖപ്പെടുത്തിയ ചൂടിന്റെ കണക്ക്**

(ഐ.എസ്. ഡി. ഫാം എരുത്തേൻപതി)

| | 1993 C⁰ | | 1994 C⁰ | | 1995 C⁰ | |
|---|---|---|---|---|---|---|
| | കൂടിയഅളവ് | കുറഞ്ഞ അളവ് | കൂടിയഅളവ് | കുറഞ്ഞ അളവ് | കൂടിയ അളവ് | കുറഞ്ഞഅളവ് |
| ജനു | 40 | 14 | 34 | 20 | 34 | 19 |
| ഫിബ്ര | 41 | 17 | 36 | 17 | 36 | 18 |
| മാർച്ച് | 36 | 20 | 39 | 20 | 39 | 17 |
| ഏപ്രിൽ | 39 | 22 | 37 | 21 | 39 | 22 |
| മെയ് | 39 | 21 | 36 | 20 | 38 | 21 |
| ജൂൺ | 36 | 21 | 30 | 22 | 37 | 20 |
| ജൂലായ് | 33 | 20 | 30 | 21 | 30 | 20 |
| ആഗസ്ത് | 32 | 22 | 32 | 20 | 32 | 21 |
| സ്പതംബർ | 33 | 22 | 31 | 22 | 32 | 21 |
| ഒക്ടോബർ | 33 | 22 | 32 | 21 | 34 | 21 |
| നവംബർ | 33 | 20 | 32 | 21 | 33 | 20 |
| ഡിസംബർ | 31 | 22 | 33 | 20 | 34 | 18 |

പഞ്ചായത്ത് പ്രദേശത്ത് രണ്ട് പുഴകൾ ഉണ്ട്. രണ്ടും തമിഴ്നാട്ടിൽ നിന്നും ആരംഭിച്ചു ഒഴുകിവരുന്നതാണ്. ഒന്നു കോരയാറും രണ്ട് വരട്ടയാറും. രണ്ടുപുഴയിലും മഴക്കാലത്തു ഒഴുകിവരുന്ന വെള്ളം കെട്ടിനിൽക്കുന്നതിനുവേണ്ടി ഏഴു ചെക്കുഡാമുകൾ പണിതിട്ടുണ്ട്. കോരയാർ പുഴയിൽ ആദ്യകാലത്ത് അണകൾകെട്ടി ജലസേചനം നടത്തിയിരുന്നു. അന്നത്തെ ചെട്ടിയാർ സിസ്ററം, രഘുനാഥ കവുണ്ടർ സിസ്റ്റം എന്നിവ. എന്നാൽ ഇപ്പോൾ കാലാകാലത്ത് അററകുററ പണികൾ ചെയ്യാത്തതുകൊണ്ടും പരിചരണം ഇല്ലാത്തതുകൊണ്ടും അണയും കൈചാലുകളും ഉപയോഗശൂന്യമായി കിടക്കുകയാണ്. കൂടാതെ വരട്ടയാറിലും ആദ്യകാലത്ത് അണകെട്ടിയിരുന്ന പൌൾശുസ സിസ്റ്റം ചോണ്ടത്ത് സിസ്റ്റം, നഞ്ചമ്മാൾ സിസ്റ്റം എന്നിവവയും കൈ ചാലുകളും കാലാകാലത്തു അററകുററപണി ചെയ്യാത്തതുകൊണ്ട് ഉപയോഗ ശൂന്യമായി കിടക്കുകയാണ്. ചിററൂർ പുഴയിൽ മൂലത്തറയിൽനിന്നും വലതുകരകനാൽ വഴി ഇപ്പോൾ വെള്ളം എരുത്തേൻപതിയുടെ ഒന്നു, രണ്ട്, മൂന്ന്

വാർഡുകളിൽ ഭാഗികമായികിട്ടുന്നുണ്ട്.

അതുപോലെ മൂലത്തറ ഡാമിൽനിന്നും ഒന്നാം വാർഡിലെ കുറെ കർഷകർക്ക് ലിഫ്റ്റ് മുഖാന്തിരം വെള്ളം ലഭിക്കുന്നുണ്ട്. ഈ പ്രദേശങ്ങളിൽ നെല്ലും, കരിമ്പും, തെങ്ങും കൃഷി ചെയ്തുവരുന്നു. കൂടാതെ ഈ പഞ്ചായത്ത് പ്രദേശത്ത് ആകേ 123 കുളങ്ങൾ ഉണ്ട്. എന്നാൽ ഈ കുളങ്ങളും, ചാലുകളും അറ്റകുറ്റ പണികൾ ചെയ്യാത്തതുകൊണ്ട് ജലസേചനം കാര്യക്ഷമമായിട്ടില്ല. ഇപ്പോൾ മൂലത്തറവലതുകര കനാൽ കുറച്ചുകൂടി നീട്ടി കോരയാറിൽ എത്തിക്കുന്നതിനുള്ള പണി നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ കൃഷിക്കാർ അവരുടെ സ്ഥലത്ത് കിണറുകൾ കുഴിച്ച് അതിൽ നിന്നും മോട്ടോർ പമ്പ് സെറ്റ് മുഖേന കൃഷിക്ക് ജലസേചനം നടത്തുന്നുണ്ട്. അങ്ങിനെ തുറന്ന കിണറുകളും കുഴൽ കിണറുകഴും ഉപയോഗിച്ച് നടത്തുന്ന ജലസേചനം മാത്രമാണ് ഇപ്പോൾ പ്രായോഗികമായിട്ടുള്ളത്. ജലസേചനത്തെ സംബന്ധിച്ച് വിശദവിവര പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 10

| | | |
|---|---|---|
| 1. | പൊതു ജലസേചന കിണർ | 816 എണ്ണം |
| 2. | കുഴൽ കിണർ | 235 ,, |
| 3. | കുളം | 123 ,, |

ഈ പ്രദേശത്ത് കൃഷി ചെയ്തുവരുന്ന പ്രധാന വിളകളുടെ ജലസേചനം സംബന്ധിച്ച വിവരങ്ങൾ പട്ടിക 11 ൽ ചേർക്കുന്നു.

## പട്ടിക 11

### പ്രധാന വിളകളുടെ ജലസേചനം സംബന്ധിച്ച വിവരങ്ങൾ

| ക്രമനമ്പ്ര് | വിളയുടെ പേർ | മൂപ്പ് (ദിവസം) | ആവശ്യമുള്ള ജലത്തിൻെറ അളവ് (സെ.മീ.) | ജലസേചനം അധികമായി ആവശ്യമുള്ള ഘട്ടം. | ജലസേചനം ലാഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| 1. | നെല്ല് | 100 -120 | 100 - 120 | നഴ്സറി, ട്രില്ലിങ്ങ്, മിൽക്കി സ്റ്റേജ് | ഭൂമി നിരപ്പാക്കൽ , ചാലു വഴിക്കുള്ള നഷ്ടം തടയൽ, പാടങ്ങളിൽ താഴോട്ടുള്ള നഷ്ടം തടയൽ, ആവശ്യമായ അളവിനു ജലസേചനം നടത്തൽ , നടീലിൻ പകരം വിതയ്ക്കുന്ന സമ്പ്രദായം |
| 2. | ചോളം | 105 | 35 -40 | ഇയർഹെഡ്, സ്റ്റേജ്, പൂ, മണി ഉണ്ടാവുന്ന സമയം. | വരമ്പിൻെറ രണ്ട് വശത്തുമായി 15 സെ. മീ ഇടവെളയിൽ ത്രികോണ രീതിയിൽ വിത്തു വിതയ്ക്കണം. |
| 3. | പരുത്തി | 165 | 70-75 | പൂ, കായ് എന്നിവ ഉണ്ടാവുന്ന സമയം. | ചൂടുകുറഞ്ഞ സമയങ്ങളായ രാവിലെയും കൈിട്ടും ജലസേചനം നടത്തണം വേനൽ കാലത്തു പുതയിടീൽ സമ്പ്രദായം ഏർപ്പെടുത്തണം. |
| 4. | നിലക്കടല | 105 | 60 - 65 | പൂ, ഊഴി, ഇറങ്ങുന്ന സമയം | പുതയിടീൽ സമ്പ്രദായം സ്പ്രിംഗ്ളർ സിസ്റ്റം. |
| 5. | കരിമ്പ് | 365 | 225 - 250 | നട്ടത് മുതൽ 2 മാസംവരെ | ഈർപ്പമുള്ള സമയത്തു ഒന്നിടവിട്ട വരികൾക്കിടയിൽ ചാലിൽക്കൂടി ജലസേചനം. പുതയിടീൽ സമ്പ്രദായം. |
| 6. | പച്ചക്കറി | 95 -160 | 55 80 | പൂവെടുക്കുന്ന സമയം. പഴം കായ് വലുതാവുന്ന സമയം. | വിവിധ പച്ചക്കറി ഇനങ്ങൾക്ക് ആവശ്യമായ അളവിനു ജലസേചനം നടത്തണം. |
| 7. | വാഴ | 365 | 200 - 225 | വേനൽക്കാലം, പഴം ഉണ്ടാവുന്ന സമയം. | മണ്ണ്, സീസണ് എന്നിവയ്ക്ക് യോജിച്ച ജലസേചനരീതി, ഡ്രിപ്പ് സംമ്പ്രദായം. |

## നഴ്സറികൾ

ഈ പഞ്ചായത്ത് പ്രദേശത്തു സർക്കാർ തലത്തിൽ ഒരു സംയോജിത വിത്തുല്പാദന കേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഇതിൽ ആദ്യകാലത്ത് നെല്ല്, കരിമ്പ്, പച്ചക്കറി, മരച്ചീനി, തെങ്ങിൻ തൈ, നിലക്കടല, പരുത്തി എന്നിവയുടെ വിത്തുകൾ ഉണ്ടാക്കി വിതരണം ചെയ്തിരുന്നു. 1982നു ശേഷം മഴയുടെ അളവ് കുറഞ്ഞതോടുകൂടി ഫാമിനകത്തുള്ള അഞ്ചു ജലസംഭരണികൾ വറ്റുകയും പിന്നീട് കൃഷികൾ ചെയ്യാൻ പറ്റാത്ത സാഹചര്യം ഉണ്ടാവുകയും ചെയ്തു. ഇപ്പോൾ ഉള്ള വെള്ളം ഉപയോഗിച്ച് പച്ചക്കറി കൃഷിയും നഴ്സറി ഇനത്തിൽ ഒട്ടുമ്, ഒട്ടു നെല്ലി മാതളം, ചെറി, പപ്പായ, പേരക്ക മുതലായ തൈകളും ഉണ്ടാക്കിവരുന്നു. ഇതുകൂടാതെ മഴയെ മാത്രം ആശ്രയിച്ചു കൃഷി ചെയ്യുന്ന തുവര, പയറ്, നിലക്കടല, ചേന, ചേമ്പ്, കപ്പ, ഇഞ്ചി, മഞ്ഞൾ, മുതലായവ കൃഷി ചെയ്തുവരുന്നു. ഈ പഞ്ചായത്തു പ്രദേശത്ത് സ്വകാര്യമേഖലയിൽ തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്ന ഒരു നഴ്സറി ഉണ്ട്.

## കാർഷിക ഉപാധികളുടെ ലഭ്യത

ഈ പഞ്ചായത്തു പ്രദേശത്ത് സഹകരണമേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ മൂന്നും രാസവള വിതരണകേന്ദ്രവും സഹകരണാടിസ്ഥാനത്തിൽ ഒരു കീടനാശിനി വില്പനകേന്ദ്രവും പ്രവർത്തിച്ചുവരുന്നു. നല്ലഇനം വിത്തുകളും തൈകളും കൃഷിഭവനിൽ നിന്നും നാമമാത്രമായി ലഭിക്കുന്നതൊഴിച്ചാൽ പ്രധാനമായും വിത്തുകളും തൈകളും കർഷകർ തമിഴ്നാട്ടിൽ നിന്നാണ് വാങ്ങിക്കുന്നത്. സ്വകാര്യമേഖലയിലുള്ള രാസവളം വില്പ്നകേന്ദ്രത്തിൽ നിന്നും ഗുണനിലവാരം കുറഞ്ഞ രാസവളങ്ങൾ വിൽപന നടത്തുന്നതായി കർഷകരിൽ പൊതുവായ പരാതി ഉണ്ട്. കൂടാതെ ഇവിടെ നിന്നും രാസവളം തമിഴ്നാട്ടിലേക്ക് കടത്തിക്കൊണ്ട് പോകുന്നതായും പരാതിയുണ്ട്. ആയതുകൊണ്ട് ചിലപ്പോൾ ഇവിടെയുള്ള കർഷകർക്ക് ആവശ്യത്തിൽ യോജിച്ച രാസവളം ലഭിക്കാതെ വരുന്നുണ്ട്. കീടരോഗ നിയന്ത്രണത്തിന് ആവശ്യമായ മരുന്നുതളിയന്ത്രങ്ങളും കാർഷിക ആവശ്യത്തിനുള്ള മേത്തത്തരം പണി ആയുധങ്ങളും ഇപ്പോൾ ലഭ്യമല്ല. ഈ പ്രദേശത്തു കഴിഞ്ഞ മൂന്നുവർഷത്തിൽ നടത്തിയ ശരാശരി രാസവള കീടനാശിനികളുടെ വിപണനം സംബന്ധിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു.

പട്ടിക. 12

| ക്രമനമ്പ് | സ്ഥാപനത്തിന്റെപേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | (ടൺ) | ദ്രവം (ലിറ്റർ) | ഖരം (ടൺ) | (ടൺ) | ദ്രവം (ലിറ്റർ) | ഖരം (ടൺ) | (ടൺ) | ദ്രവം (ലിറ്റർ) | ഖരം (ടൺ) |
| 1. | സഹകരണം | 85 | 175 | 3 | 93 | 174 | 3.1 | 90 | 140 | 2 |
| 2. | സ്വകാര്യം. | 107 | 216 | 7 | 116 | 208 | 6.8 | 105 | 156 | 4 |

**ഇന്നത്തെ അവസ്ഥ:** ഇപ്പോൾ കാർഷിക മേഖലയിൽ അനുദിനം ധാരാളം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. പുതുമകൾ കൂട്ടിയിട്ടുണ്ടെങ്കിലും പ്രശ്നങ്ങൾ വർദ്ധിച്ചിട്ടുണ്ട്.

ഉദാഹരണം:

1, ജലസേചന സൗകര്യക്കുറവ്.

2, വൈദ്യുതി ക്ഷാമം.

3, കീടങ്ങളും രോഗങ്ങളും

4, ഉല്പന്നങ്ങൾക്ക് വിപണനസൗകര്യക്കുറവുകൾ.

5, ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.

കഴിഞ്ഞ കുറേ വർഷങ്ങളായി ഈ പ്രദേശത്ത് ലഭിച്ചിരുന്ന മഴയുടെ അളവ് മുൻ വർഷങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പുഴകൾ വഴി ലഭിക്കുന്ന ജലത്തിന്റെ അ് കുറഞ്ഞു വരുകയാണ്. ഇതുകാരണം കാർഷിക വിഭവങ്ങളുടെ ഉല്പാദനവും കർഷകരുടെ വരുമാനവും വളരെയധികം കുറഞ്ഞിട്ടുണ്ട്. അപ്രതീക്ഷിതമായ വരൾച്ചകാരണം കൃഷി നശിച്ചത് കർഷകൻ കൃഷി ഭൂമി വിൽക്കേണ്ട നിർബന്ധിത സാഹചര്യം ഉണ്ടായിട്ടുണ്ട്. ജലസേചനത്തിനുവേണ്ടി പുതിയ കിണറുകൾ നിർമ്മിച്ചും പഴയ കിണറുകൾ ആഴം കൂട്ടിയതിന്റെ ഫലമായും വളരെയധികം കടം ഉണ്ടായിട്ടുണ്ട്. കൂടാതെ ജൈവവളങ്ങളുടെ ലഭ്യത കുറഞ്ഞുവരുകയും ചെയ്യുന്നു. ജനസംഖ്യവർദ്ധനവിനാനുപാതികമായി കാർഷിക ഉല്പാദനം വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഇത്തരം സാഹചര്യത്തിൽ കാർഷിക മേഖലയുടെ കർഷകർക്കാവശ്യമായ സൗകര്യങ്ങൾ തീരേ പരിമിതമാണ്. കാർഷിക മേഖലയുടെ പുരോഗതിക്ക് നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള സൗകര്യങ്ങൾ പരാമാവധി പ്രയോജനപ്പെടുത്തി കാർഷിക മേഖലയിൽ വിജയം കൈവരിക്കുവാനുള്ള സാദ്ധ്യതകൾ ചർച്ച ചെയ്യേണ്ടതാണ്.

## കാർഷിക മേഖലയിൽ വനിതകളുടെ പങ്ക്

ഇന്ത്യയുടെ ഗ്രാമപ്രദേശങ്ങളിൽ 50 ശതമാനത്തിലധികം എന്നാതണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ലോകത്തൽ ആകെയുള്ള ജോലിയുടെ മൂന്നിൽ രണ്ട് ഭാഗം വനിതകളാണ് ചെയ്തു വരുന്നത്. എന്നാൽ വരുമാനത്തിന്റെ പത്തിലൊരുഭാഗം മാത്രമെ അവർക്ക് ലഭിക്കുന്നുള്ളു. ഇത്തരം ജോലികൾ കുടുംബത്തിലെ ജോലികൾക്ക് പുറമെ എന്നതും ഓർക്കേണ്ടതാണ്.

ആദ്യകാലം തൊട്ടുതന്നെ വനിതകൾ കാർഷിക മേഖലയിൽ കാര്യമായ പ്രവർത്തനം കാഴ്ചപെച്ചിട്ടുണ്ട്. കാർഷിക മേഖലയുടെ പ്രധാന ജോലികളായ നടീൽ, കളപറി, കൊയ്ത്ത് തുടങ്ങിയവ വനിതകളെക്കൊണ്ട് മാത്രമാണ് ചെയ്തുവരുന്നത്. ഇവ കൂടാതെ മൃഗപരിപാലനം, പാൽ കറവ, തൊഴുത്ത് ശുചീകരണം, കോഴിവളർത്തൽ എന്നിവയിലും വനിതകളുടെ പങ്ക് പ്രധാനമാണ്.

## ഇന്നത്തെ അവസ്ഥ:

കാർഷിക മേഖലയിൽ വനിതകളുടെ പങ്ക് പ്രധാനമാണെങ്കിലും ശാസ്ത്രീയ കൃഷി രീതിയിൽ അവർക്ക് പരിശീലനം കുറവാണ്. മണ്ണിൻ യോജിച്ച കൃഷി തിരഞ്ഞെടുക്കൽ, ജലസേചനം വളമിടൽ, കള നിയന്ത്രണം, കീടരോഗ നിയന്ത്രണം എന്നീ മേഖലകളിൽ അവർക്ക് പരിശീലനം ആവശ്യമാണ്., ഇതിനാവശ്യമായ പരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കുന്നതുവഴി പുതിയ കൃഷി രീതികളിൽ അവരുടെ താൽപ്പര്യം വർദ്ധിപ്പിക്കുവാൻ സാധിക്കും.

## നിർദ്ദേശങ്ങൾ:

1. ശാസ്ത്രീയ കൃഷി രീതികളെക്കുറിച്ച് പരിശീലന ക്യാമ്പുകൾസംഘടിപ്പിക്കണം.

2, വനിതകൾക്കാവശ്യമായ ഫീൽഡ് ഡമോൺസ്ട്രേഷൻ പരിപാടികൾ സംഘടിപ്പിക്കണം

3, പരിശീലനം ലഭിച്ച വനിതകളെ ഫീൽഡ് എക്സ്ടൻഷൻ പരിപാടിക്കുവേണ്ടി പ്രയോജനപ്പെടുത്തണം.

4, വനിതകൾക്ക് ധാരാളം തൊഴിൽ സാദ്ധ്യതയുള്ള മേഖലകളിൽ പരിശീലനം നൽകണം. പ്രധാന മേഖലകൾ താഴെ ചേർക്കുന്നു.

1, പശു, ആട് കോഴി, വർത്തൽ

2, തീറ്റപ്പുല്ല് കൃഷി,

3, പച്ചക്കറി കൃഷി

4, ജ്യൂസ്സ്, ജാം, ജെല്ലി

5, കുറ്റിമുല്ല, കൃഷി, ഓർക്കിഡ്, ആന്തുരിയം

ഇത്തരം മേഖലകളിൽ വനിതകൾക്ക് പരിശീലനം നൽകുന്നത്‌വഴി അവർക്ക് ഗ്രാമപ്രദേശങ്ങളിൽ സ്വയം തൊഴിൽ നേടുന്നതത്തുപുറമെ സാമ്പത്തിക നേട്ടങ്ങളും കൈവരിക്കാൻ സാധിക്കും. ആയതുകൊണ്ട്‌വനിതകളുടെ പുരോഗതി വഴി കുടുംബത്തിൻെറയും ഗ്രാമത്തിൻെറയും പുരഗോതി നേടുന്നതോടൊപ്പം രാജ്യത്തിൻെറ പുരഗോതിയും നേടിയെടുക്കുവാൻ സാധിക്കും എന്നതിൽ സംശയമില്ല.

## പ്രശ്നങ്ങൾ

1. വലതുകര കനാലിൽ കൂടിയും ലിഫ്റ്റ് ജലസേചന ത്തിൽ കൂടിയും ലഭിക്കുന്ന ജലസചേനത്തിൻെറ അളർ മതിയാകുന്നില്ല.

2. ലിഫ്റ്റ് ജലസേചനം ഇപ്പോൾ എല്ലാവർക്കും ലഭിക്കുന്നില്ല

3. ഗ്രാമ പഞ്ചായത്തു പ്രദേശത്തു കാർഷിക വിപണന കേന്ദ്രം ഇല്ല.

4. കൃഷികൾക്ക് കൂട്ടുകൃഷി സമ്പ്രദായം നിലവിൽ ഇല്ല.

5. തരകൻപള്ള ലിഫ്റ്റ് പദ്ധതിയിൽ പ്പെട്ട മേനോൻ കുളത്തിൽ വെള്ളം ലഭ്യമാക്കാനുള്ള നടപടികൾ ഇല്ല.

6. മണ്ണുപരിശോധന കാലാകാലങ്ങളിൽ നടക്കുന്നില്ല.

7. കർഷകർക്ക് പുതിയ ഇനം വിത്തുകൾ ലഭ്യമല്ല.

8. കാർഷികോപകരണങ്ങൾക്കും യന്ത്രസാമ ഗ്രികൾക്കും ഉള്ള സബ്സിഡി ഈ പഞ്ചായത്തിൽ ലഭ്യമല്ല.

9. ലിഫ്റ്റ്ജലസേചനം അനുവധിച്ചിട്ടും വലി. ഏറിയിൽ മോട്ടോർ പമ്പ് സെറ്റ് സ്ഥാപിച്ചിട്ടില്ല.

10. നകമരക്കുളം ഇപ്പോൾ ഉപയോഗ പ്രദമല്ല.

11. സൗജന്യവൈദ്യുതി എല്ലാ കൃഷിക്കും ഇപ്പോൾ അനുവദിച്ചില്ല.

12. കരിമ്പിനുള്ള ഫാക്ടറിവിലകുറവാണ്.

13. നിലക്കടലക്ക് തറവില ഇപ്പോള പ്രാബല്യത്തിൽ ഇല്ല. സംഭരണ സ1കര്യങ്ങൾ ഇതുവരെ നിലവിലില്ല.

14. പച്ചക്കറി സംഭരണത്തിനും ന്യായവില ഉറപ്പുവരുത്തുന്നതിനും നടപടിയില്ല.

15. രാസവളം കീടനാശിനി എന്നിവയുടെ ഗുണനിലവാരം നിയന്ത്രിക്കാൻ മതിയായ സംവിധാനം ഇല്ല.

16. ഈ പ്രദേശത്തെ കർഷകർക്ക് സഹായിക്കുവാൻ കാർഷിക പഠനകേന്ദ്രം നിലവിൽ ഇല്ല.

17. വിള ഇൻഷുറൻസ് പദ്ധതിയിൽ പരുത്തി കൃഷിയെ ഉൾപ്പെടുത്തിയിട്ടില്ല.

18. പുടാറിമേടും, മാങ്കാപ്പള്ളം ഭാഗത്തുനിന്നും മഴക്കാലത്ത് എത്തുന്ന വെള്ളം പുരംതോടുകളുടെ കേടുപാടുകൾ കാരണം ആ ഭാഗത്തെ കൃഷിക്ക് നാശം ഉണ്ടാക്കുന്നു. അതുപോലെ മാമി. ചാലുകൾ തൂർന്നു കിടക്കുന്നതുകൊണ്ട് കൃഷി നാശം സംഭവിക്കുന്നു.

19. കണിക ജലസമ്പ്രദായം എല്ലാ തെങ്ങ് കൃഷിക്കാർക്കും ലഭ്യമല്ല.

20. പനൽസൂസാ സിസ്റ്റം, ചോടത്തു സിസ്റ്റ്, മുതലായ പഴയ അണക്കെട്ടുകളുടെ അറ്റകുറ്റ പണികൾ നടത്തുവാനുള്ള നടപടികൾ ഇല്ല.

## പൊതുവായ പ്രശ്നങ്ങൾ

1, പഞ്ചായത്തു പ്രദേശത്ത് നിലവിൽ ലഭിക്കുന്ന നീരൊഴുക്കായ കോരയാർ, വരട്ടയാർ എന്നിവയിൽ നിന്നും ജലം കൈചാലുകൾ വഴി ഈ പ്രദേശത്തുള്ള കുളങ്ങളിൽ ശേഖരിക്കുവാനുള്ള സൗകര്യക്കുറവകൾ.

2, ഇവിടത്തെ കർഷകരുടെ പ്രധാന ജലസേചനോപാധിയായ തുറന്നകിണർ, കുളങ്ങൾ കിണർ എന്നിവ കുഴിക്കുന്നതിന്നും പമ്പുസെറ്റ് സ്ഥാപിക്കുന്നതിൽനിന്നും സാമ്പത്തിക സഹായം ലഭ്യമല്ല.

3, തമിഴ്നാടിൻെറ അതിർത്തി പ്രദേശമായതുകൊണ്ട് തമിഴ്നാട്ടിൽ നിന്നും വാങ്ങിക്കുന്ന മോട്ടോർ പമ്പുസെറ്റിന്നും സബ്സിഡി ലഭിക്കുന്നില്ല.

4, ഉൽപ്പാദനചിലവിൽ വന്ന വർദ്ധനവ്, കർഷക തൊഴിലാളികളുടെ ലഭ്യത കുറവ് ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തതും രാസവളങ്ങളുടെ അമിതവില കാലവർഷവ്യതിയാനങ്ങൾ, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ താല്പര്യക്കുറവ് തുടങ്ങിയവയൊക്കെ നെല്ലും മറ്റു കൃഷിയിൽ നിന്നും ഉൽപ്പാദനം കുറയുന്നൽ കാരണമായി.

5, ജലസേചനസൗകര്യമുള്ള തെങ്ങിൻ തോട്ടങ്ങളിൽ തേങ്ങാ ഉൽപ്പാദനം കൂടുതൽ ഉണ്ടെങ്കിലും ഭൂരിഭാഗം തോട്ടങ്ങളിലും വേനൽക്കാലത്ത് ആവശ്യമുള്ള ജലസേചനം നടത്താൻ കഴിയാത്തതും, നാളികേരം, ഇളനീർ എന്നിവയുടെ വിലകുറവും, നല്ല ഇനം തെങ്ങിൻ തൈ ലഭിക്കായ്കയും തെങ്ങ് ഉൽപ്പാദനത്തെ ബാധിച്ച ഘടകങ്ങളാണം.

6, കരിമ്പുൽപ്പാദനം ഇവിടെ കൂടുതൽ ഉണ്ടെങ്കിലും ഉൽപ്പാദനചെലവിന്ന് അനുശ്രിതമായ വില ലഭിക്കാത്തതും, ഉൽപ്പന്നം സമയത്തിൻ വെട്ടി എടുക്കുവാൻ പഞ്ചസാരഫാക്ടറിയിൽനിന്നും നടപടി ഇല്ലാത്തതും കരിമ്പുൽപ്പാദനത്തെ ബാധിക്കുന്ന ഘടകങ്ങളാണ്.

7, നിലക്കടല കൃഷി മഴയെ ആശ്രയിച്ച് കൂടുതലായി ചെയ്യുന്നുണ്ട്. എന്നാൽ വിളവെടുപ്പ് ഒന്നിച്ചു നടത്താൻ കർഷകതൊഴിലാളികളെ ലഭിക്കാത്തതും, എടുത്ത് വിളവ് ഉണക്കി സൂക്ഷിക്കുവാൻ സൗകര്യമില്ലാത്തതും വിളവ് ന്യായവിലക്ക് വാങ്ങി സംഭരിക്കുവാൻ സർക്കാർ തലത്തിലോ സഹകരണാടിസ്ഥാനത്തിലോ സംവിധാനം ഇല്ലാത്തതും കാരണം ഉതപ്പന്നത്തിന്ന് വില കുറയുന്നതിന്നും ഇടതട്ടുകാർക്ക് ഇതിൻെറ ഗുണം തട്ടിയെടുക്കുന്നതിന്നും ഇടയായി. ഇതൊക്കെ നിലക്കടല കൃഷിയെ ബാധിക്കുന്ന ഘടകങ്ങളാണ്.

8, പച്ചക്കറി കൃഷി ധാരാളമായി ഈ പ്രദേശത്ത് കൃഷി ചെയ്തുവരുന്നുണ്ട്. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിൻ സഹകരാടിസ്ഥാനത്തിലോ, സർക്കാർ തലത്തിലോ ഒരുവിൽപ്പനകേന്ദ്രം ഇല്ലാത്തത് ഉൽപ്പാദനങ്ങൾക്ക് വില കുറഞ്ഞ് കർഷകർക്ക് നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് പച്ചക്കറി കൃഷിയെ ബാധിക്കുന്ന ഘടകമാണ്.

9, പരുത്തി കൃഷികാലാകാലമായി ഇവിടെ കൂടുതലായ ചെയ്യുന്നുണ്ടെങ്കിലും കൃഷി ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന്ന തമിഴ്നാട്ടിനെ ആശ്രിയിക്കേണ്ടുകൊണ്ട് ഇടതട്ടുകാർ ലാഭം തട്ടി എടുക്കുകയും കൃഷിക്കാർക്ക് നഷ്ടമുണ്ടാവുകയും ചെയ്യുന്ന ഇത് പരുത്തി കൃഷിയെ ബാധിക്കുന്ന ഘടകമാണ്.

10, രാസവളങ്ങൾ മൊത്തം വളപ്രയോഗത്തിൻെറ 85 ശതമാനത്തോളം ഉപയോഗിക്കുന്നു. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്താത്തൽ ഉൽപ്പാദനക്ഷമത കുറയുന്നതിൻെറ കാരണങ്ങളിലൊന്നാണ്. ജൈവ വളത്തിൻെറ ലഭ്യതകുറവ് മണ്ണിൻെറ ഘടനയെ തന്നെ ബാധിച്ചിട്ടുണ്ട്.

11, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വളപ്രയോഗം പലപ്പോളും അശാസ്ത്രീയമായിട്ടാണ് നടത്തുന്നത്. കൃഷിക്ക് വരുന്ന രോഗകീടങ്ങൾക്ക് അശാസ്ത്രീയമായ രീതിയിൽ മരുന്നു തളിക്കുന്നതും കൃഷിക്ക് നഷ്ടം സംഭിവിപ്പിക്കുന്നുണ്ട്.

12, പഞ്ചായത്തിലെ കൃഷി ഭവൻെറ പ്രവർത്തനവും പോരായ്മയായി നിലനിൽക്കുന്നു. എല്ലാ ഭാഗത്തും പ്രവർത്തനം എത്തുന്നില്ല. ഇവിടത്തെ കൃഷിയും കാലാവസ്ഥയും തമിഴ്നാടിനോടനുബന്ധിച്ചുള്ളതിനാൽ ഇവിടേക്ക് വേണ്ട കൃഷി രീതിയെക്കുറിച്ച് സാങ്കേതിക സഹായം ലഭിക്കുന്നില്ല. ഈ പ്രദേശത്തേക്ക് യോജിച്ച സങ്കരയിനം വിത്തുകളും, തൈകളും യഥാസമയം ലഭിക്കുന്നില്ല. ഉൽപ്പാദന ചെലവിന്നനുസരിച്ച് ബാങ്ക് പായ്പയുടെ തോത് വർദ്ധിപ്പിച്ചിട്ടില്ല. കൃഷി ഭവനിൽ നിന്നും നെൽകൃഷിക്കാരെ സംയോജിപ്പിച്ച് ഗ്രൂപ്പു ഫാമിംഗ് എടുക്കാനുള്ള കാരണം നെൽകൃഷിക്കുള്ള ഉൽപ്പാദനന പ്രോൽസാഹന തുക ഈ പഞ്ചായത്തിലെ കൃഷിക്കാർക്ക് ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. മൂലത്തറ വലതുകരകനാൽ നീട്ടുന്ന പണി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കണം, നിലവിലുള്ള ആദ്യകാല അണക്കെട്ടുകളായ അന്നച്ച ചെട്ടിയാർ സിസ്റ്റം, രഘുനാഥ സിസ്റ്റം, പൗൽസൂസാസിസ്റ്റം, ചോണ്ടത്ത സിസ്ററം, നഞ്ചമ്മാൾ സിസ്ററം മുതലായവയും അതോടനുബന്ധിച്ച ചാലുകളും കുളങ്ങളും കേടുപാടുതീർത്ത ജലസേചനയോഗ്യമാക്കണം. പഞ്ചായത്തിൻെറ ഭൂപരിധിക്കുള്ളിലുള്ള സ്വകാര്യമേഖലയിലും, പുറമ്പോക്കിലുമുള്ള കുളങ്ങൾ, ഏറികൾ മുതലായവ ആഴപ്പെടുത്തി ജലസേചനയോഗ്യമാക്കണം.

2. ആറുമാസത്തിൽ ഒരിക്കൽ പഞ്ചായത്തടിസ്ഥാനത്തിൽ മണ്ണുപരിശോധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെപ്പറ്റി കർഷകർക്ക് ധാരണ നൽകുവാൻ കഴിയണം. ആയതിന്ന് സഞ്ചാര മണ്ണ് പരിശോധനാ സമ്പ്രദായം ഉപയോഗിക്കണം.

3. **ഗ്രൂപ്പു ഫാമിംഗ്:** മുഖ്യവിളയായ നെല്ലിനും, തെങ്ങിനും നിലക്കടലക്കും, കരിമ്പിനും, പരുത്തിക്കും, പച്ചക്കറിക്കും സമിതകൾ രൂപീകരിച്ച് പ്രവർത്തനം വ്യാപകമാക്കണം. നിലവിലുള്ള കേരസമിതിയെ പുരുജ്ജീവിപ്പിച്ച് ഇതിന്ന് തയ്യാറാക്കണം.

4. **വിത്തിനങ്ങൾ:** ഉൽപ്പാദന ശേഷിയുള്ളതും ഈ പ്രദേശത്തേക്ക് യോജിച്ചതുമായ വിത്തിനങ്ങൾ കർഷകർക്ക് യഥാസമയം ലഭ്യമാക്കണം. പ്രാദേശികമായി വിത്ത് ഉൽപ്പാദിപ്പിക്കുന്നതന്ന് പാടശേഖരസമിതികളെ ഉപയോഗപ്പെടുത്താവുന്നതാണ്. നടീൽ വസ്തുക്കൾ ലഭിക്കുന്നതിന്ന് സർക്കാർ തലത്തിലുള്ള സംയോജിത വിത്തുൽപ്പാദനം കേന്ദ്രത്തെ പ്രയോജനപ്പെടുത്താവുന്നതാണ്. നല്ലയിനം തെങ്ങിൻ തൈക്ക് (ഹൈബ്രീഡ്) കൃഷിവകുപ്പിൻെറ മേൽ നോട്ടത്തി പ്രാദേശികമായി നഴ്സറി ഉണ്ടാക്കാവുന്നതാണ്.

5. **ഔഷധ സസ്യങ്ങൾ:** പഞ്ചായത്തിൽ വ്യപകമായി കണ്ടുവരുന്ന ഔഷധ സസ്യങ്ങൾ കണ്ടെത്തി അതു സംരക്ഷിക്കുന്തിനും, വ്യാപിപിക്കുന്നതിനും കഴിയണം. ഈ ഉൽപ്പന്നങ്ങൾ സഹകരണാടിസ്ഥാനത്തിൽ സംഭരിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.

6. പച്ചക്കറി ഉൽപ്പാദനം : ഈ പ്രദേശത്ത് യോജിച്ച തരത്തിലുള്ള അത്യുൽപ്പാദന ശേഷിയുള്ള വിത്ത് വിതരണം ചെയ്യണം. പച്ചക്കറി കൃഷിക്ക് സമിതികൾ ഉണ്ടാക്കണം. ഉൽപ്പന്നങ്ങൾ ന്യായവിലക്ക് കർഷകരിൽ നിന്നും ശേഖരിക്കുന്നതിൻ സഹകരണാടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കണം. കൃഷിക്ക് ആവശ്യമായ വിത്ത്, വളം, കീടനാശിനി മുതലായവയും സാങ്കേതിക സഹായവും സൗജന്യമായി കൃഷിഭവൻ മുഖേന വിതരണം ചെയ്യണം.

7. **നെൽകൃഷി:** ഈ പ്രദേശത്ത് യോജിച്ച അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്ത് സമയത്തിന്ന് വിതരണം ചെയ്യണം. നെൽകൃഷിക്ക് പാടശേഖരസമിതി ഉണ്ടാക്കണം. കൃഷി തൊഴിലാളികളുടെ ക്ഷാമം നികത്തുന്നതിന്ന് ആധുനിക യന്ത്ര സാമഗ്രികൾ സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യണം. ഉൽപ്പനങ്ങൾക്ക് ന്യായ വില ലഭിക്കുന്നതിൻ സഹകരണാടിസ്ഥാനത്തിൽ സംഭരണം നടത്തണം. വിത്ത്, വളം, കീടനാശിനിീ മുതലായ സബ്സിഡി നിരക്കിൽ നൽകണം.

8. **പരുത്തി കൃഷി:** പരുത്തി കൃഷിക്ക് യോജിച്ച മണ്ണ് ഈ പ്രദേശത്ത് കൃഷി വ്യാപിപ്പിക്കുന്നതിൻ പദ്ധതികൾ ഉണ്ടാക്കണം. ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിൻ സഹകരണാടിസ്ഥാനത്തിൽ സംവിധാനം ഉണ്ടാക്കണം.

9. **കരിമ്പു കൃഷി :** പഞ്ചായത്തു പ്രദേശത്ത് ധാരാളമായി കരിമ്പു കൃഷിചെയ്തുവരുന്നു. ഉൽപ്പന്നത്തിന്ന് ഉൽപ്പാദന ചിലവിന്നഅ അനുസൃതമായി ഒരു ടണ്ണിൻ 1000 രൂപ നിശ്ചയിക്കണം. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളും, വളവും സബ്സിഡിനിരക്കിൽ നൽകണം. ചിറ്റൂർ പഞ്ചാസാര ഫാക്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്നും കർഷകരുടെ താല്പര്യം ഉറപ്പാക്കുന്നതിനും ഫാക്ടറിയോടനുബന്ധിച്ച് കർഷകർ ഉൾപ്പെട്ട സമിതയുമായി പ്രവർത്തനം നിയന്ത്രിക്കണം.

10. **നിലക്കടല കൃഷി:** നിലക്കടല കൃഷിക്കാരെ സംഘടിപ്പിച്ച് കർഷക സമിതി ഉണ്ടാക്കണം. ഉൽപ്പന്നത്തിന്ന് ന്യായവില ലഭിക്കുന്നതിന്ന് സഹകരണാടിസ്ഥാനത്തിത സംഭരണ കേന്ദ്രം ഉണ്ടാക്കണം. ഉൽപ്പാദനചിലവിനനുസരിച്ച് വില നിശ്ചയിക്കണ്.

11. **തെങ്ങ് കൃഷി:** നിലവിലുള്ള കേരവികസന സമിത പുനരുജ്ജീവിപ്പിക്കണം. നാളികേരത്തിന്ന് തറവില പ്രഖ്യാപിച്ച് സംഭരിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം. അത്യുൽപ്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ പ്രാദേശികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് വിതരണം

നടത്തണം. തെങ്ങു കൃഷിക്ക് കണികജലസേചനം ഉണ്ടാക്കുന്നതിൻ സൗജന്യ സഹായം അനുവദിക്കണം. ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന്ന് കിണറു കുഴിക്കുന്നതിന്നും, കുഴൽ കിണർ നിർമ്മിക്കുന്നതിനും മോട്ടോർ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും ചിലവിൻെറ പകുതി സബ്സിഡിയായി അനുവദിക്കണം.

12. **കീടനാശിനി:** ശരിയായ സുരക്ഷാ സംവിധാനങ്ങളുടെയോ, ശരിയാ അളവിലോ അല്ല ഇന്ന് കീടനാശിനി ഉപയോഗിക്കുന്നൽ. അതുകാരണം. ബോധവൽക്കരണ ക്ലാസ്സുകൾ കർഷകർക്ക് നൽകിയേ പററൂ.

ജൈവകീട നിയന്ത്രണങ്ങളെപ്പറ്റി പഠിപ്പിക്കുകയും വ്യാപിക്കുകയും വേണം. കീടനാശിനിയും കുമിൾ നാശിനിയും കൃഷിവകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം കൃഷി ഭവനിൽ കൂടി വിതരണം ചെയ്യണം.

13. **വളങ്ങൾ:** രാസവള വിതരണ കേന്ദ്രങ്ങൾ ആവശ്യമായത്ര ഇപ്പോൾ പഞ്ചായത്തു പ്രദേശത്തില്ല. രാസവളത്തിൻെറ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിൻ സംവിധാനം വേണം. പച്ചില വളം കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് ഡെയിഞ്ച് വിത്ത് വിതരണം ചെയ്യണം. ജൈവവള പ്രയോഗം പ്രോൽസാഹിപ്പിക്കുകയും അതിനുവേണ്ട സഹായങ്ങൾ നൽകുകയും വേണം.

14. **പൊതുവിപണി:** പ്രധാന ഉൽപ്പന്നങ്ങളായ തേങ്ങ, നെല്ല്, പച്ചക്കറി, നിലക്കടല, പരുത്തി, എൻമനിവയ്ക് പഞ്ചായത്ത് തലത്തിൽ സഹകരണാടിസ്ഥാനത്തിൽ വിപണ കേന്ദ്രം വേണം സഹകരണാടിസ്ഥാനത്തിൽ ഉൽപ്പന്നങ്ങൾ ശേഖരിച്ചാൽ ഇടത്തട്ടുകാരുടെ ഇടപെടൽ ഒഴിവാക്കാവുന്നതാണ്.

15. **വിള ഇൻഷുറൻസ് പദ്ധതി:** ഈ പദ്ധതിയിൽ പഞ്ചായത്തിൻെറ പ്രധാന വിളയായ പരുത്തി കൃഷിയെ ഉൾപ്പെടുത്തണം. വിള നഷ്ടം സംഭവിച്ചതിൻ നഷ്ടത്തുക വിതരണം നടത്തുന്നതിലുള്ള കാലതാമസം ഒഴിവാക്കണം.

16. **ബാങ്ക് വായ്പ:** വിവധ തരം കൃഷികൾക്ക് വിവിധ തോതിൽ ഉൽപ്പാദന ചിലവിൻ അനുപാദമായി ഇപ്പോൾ നൽകുന്ന വായ്പയുടെ പരിധി ഉയർത്തണം. ഈ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു സഹകരണ ബാങ്ക് ഉണ്ടാക്കണം.

## മറ്റുനിർദ്ദേശങ്ങൾ:

17. ധാരാളം വിപണന സാദ്ധ്യതയുള്ള ഫ്ളോറി കൾച്ചർ, ഓർക്കിഡ്, ആന്തുരിയം മുതലായവയും കുറ്റിമുല്ല കൃഷിയും സാമ്പത്തിക സഹായത്തോടുകൂടി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കണം.

18. പച്ചക്കറി ഉൽപ്പന്നങ്ങൾക്ക് ഒരു സംസ്ക്കരണശാല തുടങ്ങാവുന്നതാണ്. (ഉദാ: ജാം. ജെല്ലി, സ്ക്വാഷ് മുതലായവ)

19. കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അവാർഡുകൾ പഞ്ചായത്തു തലത്തിൽ ഏർപ്പെടുത്തണ.

20. ഈ പ്രദേശത്തേക്ക് യോജിച്ച കൃഷികളെ സംബന്ധിച്ച് സമഗ്രമായ പഠനത്തിൻ ഒരു ഗവേഷണ കേന്ദ്രം കേരള കാർഷിക സർവ്വകലാശാലയുടെ കീഴിയിടനത്തണം.

21. ഇതിനെല്ലാം പുറമെ കൃഷിഭവൻെറ അടിസ്ഥാന സ1കര്യങ്ങൾ മെച്ചപ്പെടുത്തണം. അഗ്രോ ക്ലിനിക്കുകൾ, കാർഷിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കണം.

കാർഷിക മേഖലയിൽ ഏകീകൃതമായ കൂലി സമ്പ്രദായം ഏർപ്പെടുത്തണം.

## സാദ്ധ്യതകൾ

ജല ലഭ്യതയനുസരിച്ച് കൃഷി ആസൂത്രണം.

ജലക്ഷാമം ഇല്ലാത്ത സമയത്ത് നെല്ല് തുടങ്ങിയ ഏത് വിളയും നമുക്ക് കൃഷി ചെയ്യാം. എന്നാൽ ജലക്ഷാമം കൂടുതലായി അനുഭവപ്പെട്ടു വരുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇത്തരം കൃഷിക്കുള്ള സൗകര്യം കുറഞ്ഞു വരികയാണ് ഈ ക്ഷാമം നികത്താൻ നെല്ലിൻെറ ഉപയോഗത്തൊടൊപ്പം മറ്റ് ധാന്യവിളകളെ ആഹാരത്തിൽ ഉൾപ്പെടുത്താവുന്നതാണ്. നെൽകൃഷിക്കാവശ്യമായ വെള്ളം ലാഭിച്ച് പ്രയോജനപ്പെടുത്തി കുറഞ്ഞ ജലസേചനം ഉപയോഗപ്പെടുത്തി മറ്റ് നാണ്യവിളകൾ കൃഷിചെയ്യാവുന്നതാണ് ജലസചേന സൗകര്യം വളരെ കുറഞ്ഞ സ്ഥലങ്ങളിൽ തീറ്റപുൽ കൃഷി ചെയ്യുന്നതുവഴി ആട്, പശു എന്നിവ വളർത്തുവാൻ കഴിയും. ഇതുമൂലം കർഷകൻ പാൽ , മാംസം എന്നിവയുടെ വിപണ സാധ്യതകൾ വർദ്ധിപ്പി

ക്കാവുന്നതാണ്. ഇത് കർഷകൻെറ സാമ്പത്തികാവസ്ഥയ്ക്ക് മാറ്റമുണ്ടാക്കുകയും ചെയ്യും. കൂടാതെ ഇത്തരം സ്ഥലങ്ങളിൽ ചുരങ്ങിയ സമയംകൊണ്ട് ഫലം ലഭിക്കുന്ന പട്ടുനൂൽ കൃഷി, കൂൺ, തേനീച്ച വളർത്തൽ, കോഴിവളർത്തൽ എന്നിവയ്ക്ക് പ്രോൽസാഹനം കൊടുക്കാവുന്നതാണ്. കൂടാതെ സമ്പത്ത് കൊയ്യാവുനന തേക്ക്, ഈട്ടി, മഹാകണി, തുടങ്ങിയ മരങ്ങൾ നട്ട് വളർത്താവുന്നതാണ്.

## ജല നിർവ്വഹണം:

ജലസേചന സൗകര്യം തീരേ കുറവായ നമ്മുടെ മേഖലയിൽ കൃഷിക്ക് ഉപയുക്തമാകുന്ന ജലസേചന രീതികളാണ് തുള്ളി ജലസേചനവും കണികജലസേചനവും. ഇവയ്ക്ക് മുടക്ക് മുതൽ കൂടുതലാണെങ്കിലും ഇവയ്ക്ക് അമൂല്യമായ ജലസമ്പത്ത് പാഴാക്കാതെ സംരക്ഷിക്കപ്പെട്ട് വേണ്ടുവോളം കൃഷിക്ക് ഉപയോഗപ്പെടുത്താം. ഇത്തരം ജലസേചന പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ പണം കർഷകർക്ക് വായ്പയായി നൽകാൻ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂഗർഭ ജലം:

നമ്മുടെ മേഖലയിൽ എവിടെയും കുഴൽക്കിണറുകളുടെ ധാരാളിത്തമാണ്. ഇത്നമ്മുടെ പരിസ്ഥിതിക്കുതന്നെ ഭീഷണിയാണ്. അമിതമായ വരൾച്ചമൂലമാണ് നാം ഭൂഗർഭജലം ഉപയോഗിക്കുവാൻ നിർബന്ധിതരാകുന്നത്. മഴമൂലം ലഭിക്കുന്ന ജലം സംരക്ഷിക്കാന നടപടികൾ സ്വീകരിക്കുക. തരിശ് നിലങ്ങളിൽ ജല, മണ്ണു, സംർക്ഷണ മാർഗ്ഗങ്ങൾ ഭൂഗർഭ ജലം സംലക്ഷിക്കാവാൻ സഹായകമായിരിക്കും.

കാർഷിക വിളകളെ അടിസ്ഥാനമാക്കിയുള്ള ആസൂത്രണം (Planning based on Agricultrual Resoureces)

ജലസേചനം കൂടാതെ കൈവശമുള്ള കൃഷി സ്ഥലം, കർഷക തൊഴിലാളി, കുടുംബാംഗങ്ങൾ, കാള ,ആട്, യന്ത്രങ്ങൾ എന്നീ ഘടകങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്ന രീതിയിലുള്ള ആസൂത്രണം ആവശ്യമാണ്. അതായതു കർഷകത്തൊഴിലാളികുടുംബങ്ങൾക്ക് നിരന്തരം ജോലി ലഭിക്കുന്നതും , മൃഗങ്ങൾക്ക് തീറ്റ ലഭിക്കുന്നതും കർഷകർക്ക് വർഷത്തിൻെറ വിവിധ സമയങ്ങളിൽ വരുമാനം തരുന്നതുമായ കാർഷി പദ്ധതി ആവശ്യമാണ്.

## കൃഷിക്കാരുടെ വരവു ചിലവു കണക്കുകൾ

കർഷകരൻെറ വരവു ചിലവുകണക്കുകൾ സൂക്ഷിക്കുന്നത്വഴി ഒരോ വിളയിൽ നിന്നും ലഭിച്ച യഥാർത്ഥ വരുമാനത്തിൻെറ കണക്ക് അറിയുവാൻ സാദ്ധ്യമാണ്. ഒരോ വിളയുടെയും ചിലവ് വരവ്എന്നിവവെവ്വേറെയായി കണക്കാക്കണം. ചെലർ കണക്കൽ കുടുംബാഗംങ്ങൾ ഉൾപ്പെടെയുള്ള തൊഴിലാളികളുടെ എണ്ണം, ജോലി ദിവസം, സ്വന്തം കാളകളെ കൊടുള്ള ഉഴൽ സ്വന്തമായ വിത്തു കൈവശമുള്ള ജൈവവളങ്ങർ എന്നിവ പരിഗണിക്കേണ്ടതാണ്. ഇതുവഴി ലാഭിച്ച തുക എത്രയെന്ന് കർഷകൻ അറിയാൻ കഴിയും. ഇങ്ങിനെ ഒരോ വിളയിൽ നിന്നുള്ള അറ്റാദായം (Net profi ) കണക്കാക്കുന്നത് വഴി ഏറ്റവും ചെലർ കുറഞ്ഞതും കൂടുതൽ വരുമാനം ലഭിക്കുന്നതുമായ വിള തിരഞ്ഞെടുക്കാൻ സാധ്യമാണ്.

## കാർഷിക ആസൂത്രണം

കുറഞ്ഞ ചെലവിൽ കൂടുതൽ ലാഭം തരുന്നതുമായ വിള തെരഞ്ഞെടുക്കുന്നതോടൊപ്പം, കൃഷി സ്ഥലം, കൃഷിക്കത്ത ആവശ്യമായ ജലസേചന സൗകര്യം എന്നിവ പരിഗണിച്ച് വേണം കൃഷിയും അതിനോടനുബന്ധിച്ച ആസൂത്രണവും നടത്തേണ്ടത്. ഇവ കൂടാതെ ന്യായമായ കൂലിക്കുള്ള കർഷകത്തൊഴിവാളികളുടെ ലഭ്യത, വൈദ്യുതിയുടെ ലഭ്യത എന്നിവകൂടി പരിഗണിക്കേണ്ടതുണ്ട്. കൂലി പണിക്കാരെ കിട്ടാത്ത സാഹചര്യത്തിൽ കുടുംബാംഗങ്ങളെ പ്രയോജനപ്പെടുത്തിയുള്ള കൃഷിയ്ക്ക് പ്രാധാന്യം കൊടുക്കേണ്ടതാണം.

കാർഷിക ഉൽപന്നങ്ങളുടെ വിലയെക്കുറിച്ച് അറിയുന്നതോടൊപ്പം ഒരു വർഷത്തിൽ വിവിധ സമയങ്ങളിൽ ഇവയിൽ നിന്നും ലഭിച്ച വരുമാനത്തിൻെറ അളർ മനസിലാക്കിയിരിക്കണം. ഇതുവഴി വിപണന സൗധ്യത കൂടി. സമയം തിറഞ്ഞെടുക്കാം. ഇവ കൂടാതെ കാർഷിക വിളകളുടെ കയറ്റുമതി, ഇറക്കുമതി, ഗവൺമെൻറ്, വില, കമ്പോള നിലവാരം എന്നിവ കൂടി പരിഗണിക്കേ ണ്ടതാണ്.

## സഹകരണാടിസ്ഥാനത്തിലുള്ള കൃഷിരീതി

നെൽ കൃഷിയിലുള്ള ഗ്രൂപ്പ് ഫാമിംഗ്പോലെ മറ്റ് എല്ലാ വിളയും ഉദാരണമായി കരിമ്പ്, കടല, പരുത്തി തുടങ്ങിയ,

സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ സാങ്കേതിക പരിജ്ഞാനം നൽകി കർഷകരെ സഹായിക്കേണ്ടതാണ്. ഒരോ സമയത്തും വിത്തു ഇറക്കൽ, കാർഷിക യന്ത്രത്തിൻെറ ഉപയോഗം, സാങ്കേതിത പരിജ്ഞാനം ലഭിച്ച കർഷകരുടെ ലഭ്യത, സംയോജിത കീടനിയന്ത്രണം, രാസവളങ്ങളുടെ ലഭ്യത എന്നീകാര്യങ്ങൾ സഹകരണാടിസ്ഥാനത്തിലുള്ള കൃഷിയിയൽ ലഭ്യമാണ്.

## സാമൂഹിക വനവൽക്കരണം

കൃഷിക്ക് അനുയോജ്യമല്ലാത്ത തരിശുഭൂമി, മറ്റ് പുറംപോക്ക് ഭൂമി എന്നിവിടങ്ങളിൽ മരങ്ങൾ വെച്ചുപിടിപ്പിക്കുക വഴി ഉപയോഗ ശൂന്യമായ സ്ഥലം ഉപയോഗപ്പെടുത്താൻ സാധിക്കും. വനങ്ങൾ നാടിൻെറ സമ്പത്താണ്. പ്രകൃതിയുടെസന്തുലിതാവസ്ഥയെ വളരെയധികം സഹായിക്കുന്നുണ്ട്. ഗവൺമെൻറ് ആവിഷ്കരിച്ചു സാമൂഹിക വനവൽക്കരണ പരിപാടി കാര്യക്ഷമമായി നടപ്പിലാക്കാൻ സന്നദ്ധസംഘടനകളെയും മറ്റു സംഘടനകളെയും രംഗത്ത് കൊണ്ടുവരണ്ടേതാണ്.

എരുത്തേൻപതി പഞ്ചായത്തിൻെറപുരോഗതിക്ക് ഗണ്യസ്വാധീനം ചെലുത്താൻ കഴിയുന്ന ഒട്ടേറെ നിർദ്ദേശങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. പുത്തൻ വികസന സംസ്ക്കാരം ഉൾക്കൊള്ളാൻ നാം തയ്യാറാകണം.

# മൃഗസംരക്ഷണം

നമ്മുടെ സംസ്ഥാനത്തിന്റെ സമ്പത്ത് വ്യവസ്ഥയിൽ 10 ശതമാനം മൃഗസംരക്ഷണമേഖല സംഭാവനയാണ്. 9-ാം പഞ്ചവത്സരപദ്ധതിയുടെ അവസാനത്തോടെ അത് 20 ശതമാനമാക്കി ഉയർത്താനാണ് ലക്ഷ്യം. ആസൂത്രണവും തികച്ചും ശാസ്ത്രീയമായ ഒരു വികസന പ്രക്രിയയിൽ കൂടി മാത്രമേ ഈ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ സാധിക്കുകയുള്ളൂ.

മൃഗസംരക്ഷണ മേഖലയുടെ സേവനം ആട്, പശു വളർത്തലിലും ക്ഷീരോപാദന വികസനത്തിലും മാത്രം ഒതുങ്ങി നിൽക്കുന്നു എന്നതാണ് പൊതുധാരണ. ക്ഷീരോൽപ്പാദന രംഗത്തിനുപുറമേ മാംസ ഉല്പാദനം, മാംസവിപണനം, തുകൽ, എല്ല്, കൊഴുപ്പ് എന്നിവയുടെ സംസ്ക്കരണം, കന്നുകാലികളുടെ വംശാഭിവൃദ്ധി, പ്രജനനം ക്ഷീരസഹകരണസംഘം രൂപീകരണം, കോഴിമുട്ട ഉല്പാദനം, തീറ്റപുല്ല് കൃഷി വികസനം, ക്ഷീരോൽപ്പാദന നിർമ്മാണ വിപണനയൂണിറ്റുകൾ, ചെറുകിടകാലിത്തീറ്റ നിർമ്മാണയൂണിറ്റുകൾ, മോഡൽ ഡയറി യൂണിറ്റുകൾ, മൃഗരക്ഷാക്യാമ്പുകൾ, കർഷകസമ്പർക്ക പരിപാടികൾ, ശാസ്ത്രീയ മൃഗപരിപാലനം എന്നീ രംഗങ്ങളിൽ മൃഗസംരക്ഷണ മേഖല വിലപ്പെട്ട സേവനം പ്രദാനം ചെയ്യുന്നുണ്ട്.

## പഞ്ചായത്തിന്റെ സ്ഥിതി

കന്നുകാലി സമ്പത്ത് ഈ പഞ്ചായത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. തമിഴ്നാട് അതിർത്തി പ്രദേശമായ ഈ പഞ്ചായത്ത് കന്നുകാലി മത്സരങ്ങളിൽ മുൻപന്തിയിലാണ് നിൽക്കുന്നത്. അതിനുള്ള പ്രോത്സാഹനം കൊടുക്കുവാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. കന്നുകാലി വളർത്തു പ്രോത്സാഹിപ്പിക്കാൻ സാമ്പത്തികമായും, സാങ്കേതികമായും സഹായിക്കുകയാണെങ്കിൽ അതു കന്നുകാലി ഉടമകളുടെ ഉപജീവത മാർഗ്ഗത്തിനും അതിലുപരി കൃഷി പരിപാലനത്തിനും വളരെ പ്രയോജനം ലഭിക്കുവാൻ സബായിക്കും. രാസവള പ്രയോഗം മൂലം നശിച്ച് കൊണ്ടിരിക്കുന്ന ഫലപുഷ്ടമായ നമ്മുടെ മണ്ണിനെ കാലിവളം മൂലം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ് എന്നതിൽ തർക്കമില്ല.

പശു, ആട്, എരുമ, കാള, കോഴി എന്നിവയെ വീട്ടാവശ്യത്തിനു മാത്രമായി ആദ്യകാലത്തു വളർത്തി വന്നിരുന്നു. കാളകളെ നിലം ഉഴുവാൻ ഉപയോഗിച്ചിരുന്നു. ആടുകളെ ഇറച്ചിക്കും, ചെറിയതോതിൽ പാലിനും ഉപയോഗിച്ചിരുന്നു. മറ്റ് തൊഴിൽ സാദ്ധ്യതകൾ കുറവായതിനാൽ കന്നുകാലികളെ സംരക്ഷിക്കുവാൻ ധാരാളം ആളുകളെ കിട്ടിയിരുന്നു. അതു കന്നുകാലി വളർത്തുന്നതിന് പ്രോത്സാഹനമായിരുന്നു. കന്നുകാലികളുടെ എണ്ണം വളരെ കൂടുതലാണെങ്കിലും ഉല്പാദനക്ഷമത വളരെ കുറവായിരുന്നു. കന്നുകാലികൾക്ക് മേച്ചിൽ സൗകര്യം ധാരാളം ഉണ്ടായിരുന്നു. കൃഷി പ്രധാനതൊഴിൽ ആയിരുന്നതിനാൽ അതിൽ നിന്നും കിട്ടിയിരുന്ന വൈക്കോൽ, മറ്റ് തീറ്റസാധനങ്ങൾ എന്നിവക്ക് ക്ഷാമം ഉണ്ടായിരുന്നില്ല. കന്നുകാലികളിൽ നിന്നും ലഭിച്ചിരുന്ന ചാണകം മൂത്രം എന്നിവക്ക് കൃഷിക്ക് ഉപയോഗിച്ചിരുന്നു. രോഗപ്രതിരോധ നടപടികൾ ഒന്നും ഉണ്ടായിരുന്നില്ല. ചികിത്സക്ക് അത്യാവശ്യമായി നാടൻ ചികിത്സാ സമ്പ്രദായമാണ് ഉണ്ടായിരുന്നത്. പാലിനെ വീട്ടാവശ്യം കഴിഞ്ഞു ബാക്കി ചെറിയതോതിൽ വിൽപ്പന നടത്തിവരുന്നു. കൂടുതൽ ഉണ്ടാ പാൽ നാടൻ സംസ്ക്കരണം വഴിക്ക് വെണ്ണ, തൈര്, മോര് എന്നിവയാക്കി വിൽപ്പന നടത്തുകയും ചെയ്തിരുന്നു.

1972 ലെ ധവളവിപ്ലവത്തിന്റെ ആരംഭത്തോടു കൂടി കന്നുകാലിപരിപാലനത്തിൽ വളരെയേറെ മാറ്റങ്ങൾ സംഭവിച്ചതിന്റെ ഭാഗമായി ഈ പഞ്ചായത്തിലും മാറ്റങ്ങൾ കണ്ടു തുടങ്ങി. ഇന്ത്യയിൽ ആളോഹരി പാലിന്റെ ലഭ്യത കുറഞ്ഞതിനാൽ പാലിന്റെ ലഭ്യത കൂടുന്നതിനുള്ള നടപടികൾ തുടങ്ങി. ഇതിന്റെ ഭാഗമായി കന്നുകാലി വളർത്തുന്നതിന് പ്രോത്സാഹനം നൽകുകയും വിദേശവിത്തുകാളകളെ നാടൻ പശുക്കളിൽ ബീജസങ്കലനം നടത്തി പാൽ ഉല്പാദനശേഷി വളരെ കൂടുതലുള്ള ഒരു പുതിയ ജനസ്സിനു രൂപം നൽകി. അതു പശു ഉടമകൾക്ക് വളരെയേറെ ഗുണം ചെയ്യുന്ന പരിപാടിയായിരുന്നു. അതിനാൽ കൂടുതൽ കർഷകർ പാൽ ഉല്പാദന രംഗത്തേക്ക് കടന്നുവന്നു. അതുകൊണ്ട് പാൽ പല്പാദനം ഗണ്യമായി വർദ്ധിപ്പിക്കുകയും പാൽ

സംഭരണസൗകര്യം കൂടുകയും വിപണനത്തിന് ന്യായമായ വില ഉറപ്പ് വരുത്തുന്നതിനും സഹകരണ സംഘം നിലവിൽ വരുന്നതിനും സഹായിച്ചു. അതിനാൽ പാൽ ഉല്പാദകർക്ക് വളരെ ഗുണം കിട്ടുകയും ചെയ്തു.

യന്ത്രവൽക്കരണം വന്നതോടുകൂടി കാളകളുടെ ഉപയോഗം വളരെ കുറഞ്ഞു. ഇതു കാരണം കാളകളെ സംരക്ഷിക്കാനുള്ള താല്പര്യം ഇല്ലാതായി.

ആടുകളെ ഇറച്ചി ആവശ്യത്തിനായി മാത്രം ഉപയോഗിക്കുന്നു. പാലിന്റെ ഉപയോഗം കുറവാണ്. ഈ പ്രദേശത്തു നല്ല ജനസ്സ് ഇല്ലാത്തതാണ് പ്രധാനകാരണം. ഇതു കൂടാതെ കന്നുകാലികളെയും പ്രധാനമായി ഇറച്ചി ആവശ്യത്തിന് ഉപയോഗിക്കുന്നു. നാടൻ രീതിയിൽ മാത്രമായി പന്നി വളർത്തി ഇറച്ചിക്കായി ഉപയോഗിക്കുന്നു.

## ഇന്നത്തെ അവസ്ഥ

ഇന്നു പശു വളർത്തി പാൽ ഉല്പാദിപ്പിച്ച് ഉപജീവനത്തിനായി വളരെയേറെ ആളുകൾ രംഗത്തു വന്നിട്ടുണ്ട്. ആധുനികരീതിയിലുള്ള കണ്ടുപിടിത്തവും ചികിത്സാ രീതികളും പരിപാലനത്തിനു സഹായകമായി. പശു വളർത്തുന്നതിന് ഏറ്റവും കൂടുതൽ ചിലവു വരുന്നതു തീറ്റക്കാണ്. അതിനായി ധാരാളം പച്ചപുല്ല് നട്ടുവളർത്താൻ തുടങ്ങി. സാധാരണക്കാരായ പശു ഉടമസ്ഥർ റോഡുവക്കിലും മറ്റ് പുറമ്പോക്ക് സ്ഥലങ്ങളിലും കാലികളെ വളർത്തുന്നുണ്ട്. ഇവർക്ക് വൻ വിലയുള്ള കാലിതീറ്റകൾ വാങ്ങി കൊടുക്കാൻ സാധിക്കുന്നില്ല. ഇതുകാരണം പാൽ ഉല്പാദനം മറ്റു പശുക്കളെ അപേക്ഷിച്ച് കുറവാണ്.

കൂടുതൽ കന്നുകാലികളെ വളർത്തിയിരുന്ന പലരും ഇന്നു നാമമാത്രമായ കന്നുകാലികളെ മാത്രമേ വളർത്തുന്നുള്ളൂ. കാരണം പശു പരിപാലനത്തിനും മറ്റും ആവശ്യമായ ആളുകളെ കിട്ടുന്നില്ല. പാൽ ഉല്പാദനക്ഷമത കൂടുതലുള്ള പശുക്കളെ വളർത്തിയാൽ പാൽ ഉല്പാദനം കൂട്ടാവുന്നതാണ്. കൃത്രിമ ബീജസങ്കലനം നടപ്പിലാക്കിയതിനാൽ നല്ല ജനസ്സുകർ ഉല്പാദിപ്പിക്കാൻ തുടങ്ങി. ഇന്നു എരുമ, ആട് എന്നിവ വളർത്തുന്നതു കുറവാണ്. പന്നി, കോഴി, മുയൽ എന്നിവ വളർത്തുന്നതിൽ മുൻകാലത്തിനെ അപേക്ഷിച്ചു കാര്യമായ മാറ്റങ്ങൾ ഒന്നും തന്നെ ഇല്ല. ഉല്പാദിപ്പിക്കുന്ന പാലിന് വിപണന സൗകര്യമുള്ളതു കൊണ്ട് കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവന്നിട്ടുണ്ട്. രോഗപ്രതിരോധ നടപടികൾ, ശുചിത്വത്തെക്കുറിച്ചും കന്നുകാലി കർഷകർക്ക് നിലനിൽക്കുന്ന അറിവില്ലായ്മയും രോഗങ്ങൾ തുടക്കത്തിൽ തന്നെ ചികിത്സിച്ച് മാറ്റുന്നതിന് തടസ്സമാകുന്നു. കാലികളിൽ സാധാരണമായി അകടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, മുട്ടടപ്പൻ, കാലി വസന്ത എന്നീരോഗങ്ങൾ കണ്ടുവരുന്നു.

എന്നാൽ അടുത്തകാലത്തുണ്ടായ കാലിത്തീറ്റ മിശ്രിതത്തിന്റെ അമിതമായ വില, തീറ്റപുല്ലിന്റെ ദൗർലഭ്യം എന്നീകാരണങ്ങളാൽ മിക്ക കർഷകരും സങ്കരയിനം പശുക്കളെ വളർത്തുന്നതിൽ നിന്നും പിന്തിരിയുന്നു. ഈ സ്ഥിതി മാറ്റിയെടുക്കുവാനും ക്ഷീരോല്പാദനം ലാഭകരമായ തൊഴിലായി മാറ്റുവാനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## കോഴി വളർത്തൽ

സ്വയം തൊഴിൽ സാദ്ധ്യതയുള്ള ഒരു ആദായകരമായ വ്യവസായസ്ഥാപനമാണ് കോഴി വളർത്തൽ. കോഴി വളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കലിന് വേണ്ട സാങ്കേതിക പരിജ്ഞാനവും, ധനസഹായവും നല്കി ഈ മേഖലയെ വികസിപ്പിക്കേണ്ടതാണ്.

ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കാത്തതിന്റെ മുഖ്യകാരണം വർദ്ധിച്ച പരിപാലന ചെലവും നല്ലയിനം കോഴികുഞ്ഞുങ്ങളെ ലഭിക്കുവാനുള്ള വിഷമവുമാണ്. മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്. കോഴിമുട്ട, ഇറച്ചി എന്നിവക്ക് പ്രധാനമായി തമിഴ്നാടിനെ ആശ്രയിക്കേണ്ടിവരുന്നു. വീട്ടുവളപ്പിൽ നാടൻ സമ്പ്രദായത്തിൽ ചെറിയ തോതിൽ നാടൻ കോഴികളെ വളർത്തി വീട്ടാവശ്യത്തിനായി ഉപയോഗിക്കുന്നു. പുതിയ ഇനം മിട്ട് കോഴികളോ ഇറച്ചി കോഴികളോ വളർത്തി വിപണനം നടത്തുന്നില്ല.

1. വീട്ടുവളപ്പിൽ (BACK YARD) പൗൾട്രി സ്കീം നടപ്പിലാക്കുക
2. EGGER നഴ്സറി സ്ഥാപിക്കുക.
3. ഉല്പാദകരിൽ നിന്നും മുട്ട ശേഖരിച്ച് വിപണനം ചെയ്യുവാൻ സഹകരണാടിസ്ഥാനത്തിൽ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
4. സഹായ വിലയിൽ കോഴിക്കുഞ്ഞുങ്ങളേയും കോഴിത്തീറ്റയും നൽകി വീട്ടമ്മമാരെ കോഴി വളർത്തലിൽ പ്രോത്സാഹിപ്പിക്കുക

## സാദ്ധ്യതകൾ

നമ്മുടെ പഞ്ചായത്തിൽ പശുക്കളെ വളർത്താൻ വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയാണെങ്കിൽ പാലക്കാടു ജില്ലയിൽ തന്നെ കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന പഞ്ചായത്തുകളിൽ മുൻപന്തിയിലാണെന്ന് തെളിയിക്കാൻ കഴിയും.

അതിനുപറ്റിയ സാഹചര്യങ്ങളാണ് നമ്മുടെ പഞ്ചായത്തിന്റെ അനുഗ്രഹം. കന്നുകാലികളെ വളർത്താൻ വളരെ താൽപര്യമുള്ള കർഷകരും തീറ്റസാധനങ്ങൾ മറ്റുസ്ഥലങ്ങളെ അപേക്ഷിച്ച് എളുപ്പത്തിൽ കിട്ടാനും സൗകര്യമുണ്ട്. പാൽ ഉല്പാദനത്തിൽ ഏറ്റവും കൂടുതൽ ചെലവ് കണക്കാക്കുന്നത് തീറ്റക്കാണ്. അതിനാൽ തീറ്റക്കുള്ള അസംസ്കൃത സാധനങ്ങൾ വിലകുറഞ്ഞുകിട്ടുന്നതുകൊണ്ട് (തവിട്, പിണ്ണാക്ക്, ചോളം, മറ്റു സാധനങ്ങൾ) പഞ്ചായത്തിൽ ഒരു കാലിത്തീറ്റ മിശ്രിതയൂണിറ്റ് ഉണ്ടാക്കി പ്രവർത്തിക്കുകയും അതുവഴി കുറെപേർക്ക് ജോലികൊടുക്കുന്നതിനും കാലിത്തീറ്റ കുറഞ്ഞവിലക്ക് വിതരണം ചെയ്യുവാനും കഴിയുന്നു.

ഈ പ്രദേശത്തെ ജനങ്ങൾ സസ്യ സസ്യേതര ഭോജികളാകയാൽ സസ്യേതരവസ്തുക്കളുടെ അപര്യാപ്തത കാരണം അയൽസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. ഇത് പരിഹരിക്കാൻ ഇറച്ചിക്കോഴി, മുട്ടക്കോഴി, ആട് , മുയൽ, പന്നി എന്നിവ വളർത്തുന്നതിന് ചെറിയ യൂണിറ്റുകൾ തുടങ്ങുകയും അതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ചെയ്തുകൊടുത്താൽ കർഷകർക്ക് വളരെ ആദായകരവും ഒരു ഉപതൊഴിലിനും സാദ്ധ്യമാകുന്നു. പാൽ ഉല്പാദനത്തിന് മുൻപന്തിയിൽ നിൽക്കുന്ന ഈ പ്രദേശത്തു ഒരു ശീതികരണപ്ലാന്റ് നിർമ്മിക്കുകയാണെങ്കിൽ കൂടുതൽ ഉല്പാദിപ്പിക്കുന്ന പാൽ സംസ്ക്കരിച്ച് വിതരണം നടത്തുവാൻ സാധിക്കും. ചിലകാലങ്ങളിൽ പാൽ ഉല്പാദകരെ വളരെയേറെ സാമ്പത്തിക ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുവാൻ ഇത് ഉപകരിക്കും. ആദ്യകാലത്തു ഇവിടെ ഉണ്ടായിരുന്ന ശീതികരണപ്ലാന്റിനെ പുനരുജ്ജീവിപ്പിച്ചു പാലക്കാട് മിൽമയുമായി സഹകരിച്ച് പ്രവർത്തിപ്പിക്കാവുന്നതാണ്.

## പഞ്ചായത്തിലെ മൃഗസംരക്ഷണസ്ഥാപനങ്ങൾ

പഞ്ചായത്തിൽ ഒരു ഐ.സി.ഡി.പി. ഉപകേന്ദ്രം പ്രവർത്തിച്ചുവരുന്നു. ഈയിടെ ഒരു വെറ്റിനറി ഡിസ്പെൻസറി അനുവദിച്ചുകിട്ടിയിട്ടുണ്ട്. മുഴുവൻ സമയവെറ്റിനറി സർജനെ ഇതുവരെ നിയമിച്ചിട്ടില്ല. ഐ.സി.ഡി.പി. ഉപകേന്ദ്രത്തിൽ ബീജധാര കുത്തിവെപ്പുകൾ, പ്രതിരോധ കുത്തിവെപ്പ്, അത്യാവശ്യപ്രാഥമിക ചികിത്സ എന്നിവ നടത്തുന്നുണ്ട്. ജീവനക്കാരായി ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പക്ടറും ഒരു പാർട്ട് ടൈം സ്വീപ്പറും സേവനം അനുഷ്ഠിക്കുന്നുണ്ട്. ഡിസ്പെൻസറി അനുവദിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നതിനു താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതുണ്ട്.

എ. ആശുപത്രിക്ക് ആവശ്യമായ കെട്ടിട സൗകര്യങ്ങൾ, ഫർണീച്ചറുകൾ

ബി. ക്യാമ്പ് ഡിസ്പെൻസറി നടത്തുവാനും എമർജൻസി വൈദ്യസഹായം വീടുകളിൽ എത്തിക്കുന്നതിന് വാഹനം ലഭ്യമാക്കണം.

സി. ആവശ്യമായ മരുന്നുകളും പ്രതിരോധ മരുന്നുകളും ലഭ്യമാക്കണം.

ഡി. ക്ലിനിക്കൽ പരിശോധനാ നടത്തുന്നതിനാവശ്യമായ മൈക്രോസ്കോപ്പ്, ലബോറട്ടറി, മറ്റു ഉപകരണങ്ങൾ എന്നിവ ആശുപത്രിയിൽ സജ്ജമാക്കണം.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

### പ്രശ്നം

കന്നുകാലി തീറ്റയുടെ വിലക്കൂടുതൽ

### നിർദ്ദേശങ്ങൾ

കന്നുകാലി തീറ്റയുടെ അസംസ്കൃത സാധനങ്ങൾ ഈ പ്രദേശത്തുതന്നെ സുലഭമായി കിട്ടുവാൻ സാദ്ധ്യതയുണ്ട് അതുപോലെ പിണ്ണാക്ക്, തവിട്, ചോളം, മരച്ചീനി എന്നിവ കിട്ടുവാൻ സാദ്ധ്യതയുണ്ട്. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ യൂണിററ് സ്ഥാപിക്കുന്നതുവഴി കുറഞ്ഞവിലക്ക് കന്നുകാലിത്തീറ്റ വിതരണം നടത്തുവാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കും. ആയതുകൊണ്ട് ചെറുകിട കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾക്ക് സാങ്കേതിക സഹായവും സാമ്പത്തിക സഹായവും നൽകണം.

### പ്രശ്നം

പച്ചപുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യത കുറഞ്ഞുവരുന്നു.

### നിർദ്ദേശങ്ങൾ

പാൽ ഉല്പാദനത്തിനു അത്യാവശ്യഘടകമായ പച്ചപുല്ല് വൻതോതിൽ കൃഷി ചെയ്യുന്നതിനുവേണ്ടി ഇവയുടെ പുതിയ വിത്തിനങ്ങൾ ലഭ്യമാക്കണം. ഇതു കൂടാതെ സഹകരണാടിസ്ഥാനത്തിൽ തീറ്റപുല്ലുവളർത്തൽ, സംഭരണം, വിപണനം എന്നിവക്കുള്ള സൗകര്യം ഉണ്ടാക്കണം. ഫോഡർബാങ്ക് നിർമ്മാണത്തിന് സഹായധനം ലഭ്യമാക്കുന്നതോടൊപ്പം വൈക്കോൽ സംപുഷ്ടീകരണത്തിന് പ്രോത്സാഹനവും നൽകണം.

### പ്രശ്നം

പ്രതിരോധകുത്തിവെപ്പിനും ചികിത്സക്കും സൗകര്യകുറവ്

### നിർദ്ദേശങ്ങൾ

ഈ പഞ്ചായത്തിൽ രാമവർമ്മപുരം പുതൂരിൽ മാത്രമാണ് ഇപ്പോൾ മൃഗാശുപത്രി പ്രവർത്തിക്കുന്നത്. ഉൾനാടൻ പ്രദേശമായ വില്ലുന്നി, വണ്ണാമട, എരുത്തേമ്പതി എന്നീ സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതുവഴി ഇപ്പോൾ പ്രവർത്തിക്കുന്ന ഉപകേന്ദ്രത്തിലുള്ള തിരക്ക് ഒഴിവാക്കാനും, ജനങ്ങൾ കന്നുകാലിയെ കൊണ്ടു പോകുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാനും സഹായിക്കുന്നു. ഇതിനുപുറമേ നിലവിലുള്ള ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. യഥാസമയങ്ങളിൽ പ്രതിരോധ മരുന്നുകൾ വിതരണം നടത്തണം.

### പ്രശ്നം

പാൽ ഉല്പാദനം കൂടുതലാണ്. വിപണനം കുറവാണ്

### നിർദ്ധേശങ്ങൾ

ഏറ്റവും കൂടുതൽ പാൽ ഉല്പാദിപ്പിക്കുന്ന ഈ പ്രദേശത്തെ കർഷകരെ സഹായിക്കുന്നതിന് ഒരു ശിതീകരണ യൂണിറ്റ് തുടങ്ങണം. പാലിന്റെ ഇതര ഉല്പന്നങ്ങളാക്കി മാറ്റുന്നതിന് സൗകര്യം വേണം.

### പ്രശ്നം

പേപ്പട്ടി ശല്യം ഉണ്ടാകുന്നു.

### നിർദ്ദേശങ്ങൾ

പട്ടികൾക്കുള്ള ലൈസൻസ്സ് കർശനമാക്കണം. അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ പിടിച്ചു നശിപ്പിക്കുന്നതിനുള്ള സംവിധാനം ശക്തമാക്കണം. പ്രതിരോധകുത്തിവെയ്പ്പ് നിർബന്ധമായും നടത്തുന്നതിന് ഉടമസ്ഥരെ നിർബന്ധിപ്പിക്കുക. പഞ്ചായത്തിനെ സമ്പൂർണ്ണ പേ വിഷബാധ മേഖലയാക്കുക.

### പ്രശ്നം

മുട്ട, ഇറച്ചി എന്നിവയുടെ ലഭ്യത കുറവാണ്.

### നിർദ്ധേശങ്ങൾ

സഹകരണാടിസ്ഥാനത്തിൽ പൗൾട്രി യൂണിറ്റുകൾ സ്ഥാപിക്കുക. താൽപര്യമുള്ള കർഷകരെ ഉൾപ്പെടുത്തി മുട്ട, ഇറച്ചി എന്നിവയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുക. നല്ല ഇനം ആടുകളെയും, മുയൽ. പന്നി എന്നിവ വളർത്തുന്നതിന് സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കുക.

### പ്രശ്നം

പാലിന്റെ വിലക്കുറവ്

### നിർദ്ധേശങ്ങൾ

കൂടുതൽ സഹകരണ സംഘങ്ങൾ രൂപികരിക്കുകയും ഇതുവഴിക്ക് ഇടത്തട്ടുകാരിൽ നിന്നും പാൽ ഉല്പാദകരെ സംരക്ഷിക്കുകയും വേണം. ഇതുകൂടാതെ മോഡൽ ഡയറി ഫാം യൂണിറ്റ് രൂപികരിക്കണം. കർഷക സമ്പർഗ്ഗ പരിപാടിയും ചർച്ച ക്ലാസുകളും നടത്തുന്നതോടൊപ്പം മാതൃകാ കാലിത്തൊഴുത്തുണ്ടാക്കാൻ സഹായധനം നൽകുകയും ആവശ്യമാണ്.

### പൊതുവായ നിർദ്ധേശങ്ങൾ

a) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി തുടർന്നു നടപ്പിലാക്കണം.

b) പശുകൾക്കുള്ള ബിജദാനം സൗജന്യമാക്കണം.

c) വീടുകളിൽ ചെന്ന് ബീജദാനം നടത്തുന്നതിനുള്ള സൗകര്യണ വേണം.

d) ഗർഭം ധരിക്കാത്ത പശുക്കളുടെ വിദഗ്ദ പരിശോധനയ്കായി വദ്ധ്യത ക്യാമ്പുകൾ നടത്തണം.

e) കന്നുകാലി പ്രദർശനങ്ങൾ നടത്തി കർഷകരെ പ്രോത്സാഹിപ്പിക്കികയും ബോധവാന്മാരാക്കുകയും ചെയ്യണം.

f) കന്നുകുട്ടികളുടെ പോഷകാഹാരക്കുറവ് നികത്തുന്നതിന് വിറ്റാമിൻ, മിനറൽസ് എന്നിവ വിതരണം നടത്തണം.

g) അരവ് ശാലകളിൽ മാംസ ഗുണനിലവാരം നിയന്ത്രിക്കുവാൻ നടപടികൾ സ്വീകരിക്കണം.

### മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ മത്സ്യബന്ധന സാദ്ധ്യതകൾ കുറവാണെങ്കിലും വർഷകാലങ്ങളിൽ നീരൊഴുക്ക് നിന്നശേഷം ഹൃസ്വകാലങ്ങളിൽ വളർത്തിയെടുക്കാൻ സാദ്ധ്യതയുണ്ട്. ഇതിന് പറ്റിയ ഇനം മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ നിലവിലുള്ള ചെക്ക് ഡാമുകളിലും പഞ്ചായത്ത് സൗകര്യ ഏരികളിലും വളർത്തിയെടുക്കാവുന്നതും അംഗീകൃത മത്സ്യബന്ധന തൊഴിലാളികൾക്ക് കരാർ വ്യവസ്ഥയിൽ മത്സ്യം പിടിച്ചുവിൽക്കുന്നതിനുള്ള അവകാശം നൽകാവുന്നതുമാണ്.

എരുത്തേൻപതി രാമവർമ്മാപുരം പുതുർ, വണ്ണാമട എന്നീ സ്ഥലങ്ങളിൽ മത്സ്യ ബങ്കുകൾ സ്ഥാപിച്ചു അവ നടത്തുന്നതിന് കരാർ വ്യവസ്ഥയിൽ ഏൽപ്പിക്കാവുന്നതാണ്.

## വളർത്തുമൃഗസംഖ്യ

പട്ടിക 1

| ക്രമ നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവ ർദ്ധനവ് | മറ്റു ഉളവ | വംശവർ ദ്ധനവ് | മറ്റു ഉളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | |
| 1 | - | 1333 | 33 | 119 | 41 | 41 | 2293 | 1350 | 106 | 102 | - | 2481 | 893 |

## കൃത്രിമ ബീജസങ്കലന വിവരങ്ങൾ

പട്ടിക 2

| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2- ലധികം തവണ ബീജസങ്കലനം വേണ്ടി വന്നവ |
|---|---|---|---|
| പശു | 2537 | 1814 | 723 |
| കിടാരി | 860 | 613 | 247 |
| എരുമ | 206 | 160 | 46 |

# വ്യവസായം

കൃഷിയിടങ്ങൾ നിറഞ്ഞ പാലക്കാടൻ ഗ്രാമമായ ഈ പഞ്ചായത്ത് വ്യവസായികമായി വളരെ പിന്നോക്കം നിൽക്കുന്നതാണ്. അടുത്തകാലത്ത് ചിലവ്യവസായങ്ങൾക്ക് തുടക്കമിടാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും കാര്യമായ നേട്ടമൊന്നും കൈവരിക്കാനായിട്ടില്ല. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കുവേണ്ടി ഇനിയും ധാരാളം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ സാധിക്കും. നിരവധി തരത്തിലുള്ള അസംസ്കൃതവസ്തുക്കൾ ധാരാളമുണ്ട്. സഹകരണാടിസ്ഥാനത്തിലോ, ഗവൺമെന്റ് തലത്തിലോ ഉള്ള വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാധ്യതകൾ വളരെയധികമാണ്.

ഈ പഞ്ചായത്തിൽ ഇപ്പോൾ പൊതുമേഖലയിൽ ഒരു ഖാദി ഉല്പാദകയൂണിറ്റും സഹകരണ മേഖലയിൽ രണ്ടു ക്ഷീരസഹകരണസംഘങ്ങളും സ്വകാര്യമേഖലയിൽ ഒരു ക്ഷീര വിപണന കേന്ദ്രം ഉൾപ്പെടെ ആകെ 53 ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ പുരുഷന്മാർ 150 ഉം സ്ത്രീകൾ 75 ഉം കൂടി ആകെ 225 ആളുകൾ ജോലിചെയ്തുവരുന്നു. പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ സഹകരണമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ യാതൊന്നും തന്നെയില്ല.

സഹകരണാടിസ്ഥാനത്തിൽ കാർഷികോല്പന്നങ്ങൾ കൊണ്ടുള്ളവ്യവസായങ്ങൾ കൃഷിയെ അടിസ്ഥാനപ്പെടുത്തിയ ഭക്ഷ്യവ്യവസായം [ Agro Based and Food Industry] പ്രാവർത്തികമാക്കിയാൽ പഞ്ചായത്തിന് വ്യവസായികമായ ഉന്നമനത്തിനുള്ള സാധ്യതയുണ്ട്.

## പ്രശ്നങ്ങൾ

വ്യവസായ വികസനത്തിനാവശ്യമായ വൈദ്യുതി ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ കുറച്ചുകാലങ്ങൾക്ക് മുമ്പ് മാത്രമാണ് ഈ പഞ്ചായത്തിൽ വികസിച്ചു വരുവാൻ തുടങ്ങിയത്. വളരെയധികം അസംസ്കൃതവസ്തുക്കൾ ഉല്പാദിപ്പിക്കുന്ന പ്രദേശമായിട്ടും നല്ലൊരു വ്യവസായയൂണിറ്റ് വളർന്ന് വരാത്തത് ഗൗരവമായി പരിശോധിക്കേണ്ടതാണ്.

വ്യവസായ വളർച്ചക്കാവശ്യമായ അനുകൂല ഘടകങ്ങൾ ഇവിടെ കുറവാണ്. വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. വ്യവസായിക സംബന്ധമായ സാങ്കേതിക പരിജ്ഞാനകുറവ്
2. മുഖ്യകാർഷിക ഉല്പന്നങ്ങളായ നിലക്കടല, പരുത്തി, പച്ചക്കറികൾ എന്നിവ സംസ്ക്കരിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളില്ല. അതുകൊണ്ട് വേണ്ടവിധത്തിൽ അവയെ പ്രയോജനപ്പെടുത്തുന്നില്ല.
3. കയർ, ഖാദി തുടങ്ങിയ മേഖലകളിലെ വളരെ കുറഞ്ഞ കൂലി നിരക്ക്
4. സ്വകാര്യമേഖലയിലെ കയർവ്യവസായ നഷ്ടം.
5. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ, സാമ്പത്തിക സഹായം യഥാർത്ഥമായും അനുവദിച്ചുകിട്ടുന്നതിനുള്ള കാലതാമസം.
6. വിപണന സാധ്യത കുറവ്
7. വനിതകൾക്ക് യോജിച്ച വ്യവസായ തൊഴിലവസരങ്ങളുടെ കുറവ്.
8. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനുള്ള സാധ്യതകുറവ്.

## സാധ്യതകൾ

പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കാർഷിക മേഖലയിൽ പണി എടുക്കുന്നവരാണ്. പരമ്പരാഗതമായ വ്യവസായങ്ങൾ പൊതുവെ കുറവാണ്. സഹകരണമേഖലയിൽ പാൽ

സൊസൈററികൾ, വനിതാ തൊഴിൽ സംഘങ്ങൾ, കൈത്തറി വസ്ത്രനിർമ്മാണം, കളിമൺ പാത്രനിർമ്മാണ വ്യവസായം എന്നിവ ആരംഭിക്കുന്നതിനുള്ള സാധ്യതയുണ്ട്. ഇപ്പോൾ നിലവിലുള്ള ചെറുകിട വ്യവസായശാലകളിൽ കൂലിനിരക്ക് പൊതുവെ കുറഞ്ഞതാണ്. അതിനാൽ ഈ രംഗത്തേക്ക് ജനങ്ങളിലധികവും ആകർഷിക്കപ്പെടുന്നില്ല. ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കളെ ആസ്പദമാക്കി ധാരാളം സംരംഭങ്ങൾ ആരംഭിക്കുവാൻ സാധ്യതയുണ്ട്. ഇത്തരം വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുവാൻ കഴിയും.

പഞ്ചായത്തിലെ ഒന്നാം വാർഡിൽ ഒരു ഖാദി വ്യവസായ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനം വേണ്ടവിധത്തിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള അവസരം ലഭ്യമാക്കണം. ഈ യൂണിറ്റിന് വികസനസാധ്യതയുണ്ട്. ഇതിന്റെ വികസനപ്രവർത്തനം ധ്രുതഗതിയിൽ പൂർത്തികരിക്കാനുള്ള സത്വര നടപടികൾ സ്വീകരിച്ചാൽ നന്നായിരിക്കും. ഇതേ വാർഡിൽ പ്രവർത്തിക്കുന്ന സ്വകാര്യ നൂൽഡബ്ലിങ്ങ് പ്രവർത്തനവും ഊർജ്ജിതപ്പെടുത്തേണ്ട താവശ്യമാണ്. കളിമൺ പാത്രനിർമ്മാണം, ക്ഷീരവിക സനസംഘം എന്നിവ ആരംഭിക്കുവാനുള്ള സാധ്യത യുണ്ട്

ധാരാളം പാൽ ഉല്പാദിപ്പിക്കുന്ന ഈ പഞ്ചായത്തിൽ പാലുകൊണ്ടുള്ള വിവിധതരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ സാധിക്കും. അതുപോലെ തന്നെ വനിതാ തൊഴിൽ സംഘങ്ങൾ വഴി വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. ഉദാഹരണത്തിന് ടെയ്‌ലറിംഗ്, അഗർബത്തി നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, കൗതുക വസ്തുക്കളുടെ നിർമ്മാണം തുടങ്ങിയവ.

കൈത്തറി വസ്ത്രനിർമ്മാണത്തിനുവേണ്ടിയുള്ള സൊസൈറ്റികർ ആരംഭിച്ച് ആ രംഗത്ത് വികസിപ്പിക്കുവാൻ കഴിയും. പട്ടിക ജാതി പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽപ്പെട്ടവരുടെ ജീവിതനിലവാരം വളരെ മോശമാണ്. ഇവരുടെ ഉന്നമനത്തിനായി ആവശ്യമായ കൈതൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കാം. അതിലൂടെ അവരുടെ ജീവിത നിലവാരം ഉയർത്തുവാൻ സാധിക്കും. കയറുല്പന്നങ്ങൾ ശേഖരിച്ചുവെക്കുന്നതിനുള്ള സഹകരണസംഘങ്ങൾ, കോഴി വളർത്തൽ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിനുള്ള സാധ്യതയുണ്ട്. കരുമാണ്ടകൗണ്ടന്നൂരിൽ ക്ഷീര ഉല്പാദനസംഘം ആരംഭിച്ചാൽ ആ പ്രദേശത്തെ പാലുല്പാദകർക്ക് ഉപകാരപ്രദമായിരിക്കും. കുമാരന്നൂരിൽ ക്ഷീര ഉല്പാദന സഹകരണസംഘത്തിൽ കോൾഡ് സ്റ്റോറേജ് സംവിധാനം ഉണ്ടാക്കണം.

നിലക്കടല എണ്ണയാട്ടുകേന്ദ്രം, പരുത്തി സംഭരണകേന്ദ്രം അന്നിവ സഹകരണമേഖലയിൽ ആരംഭിക്കുവാൻ സാധിക്കും. നിലക്കടല മറ്റുസ്ഥലങ്ങളിൽ നിന്ന് ശേഖരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ആരംഭിച്ചാൽ നന്നായിരിക്കും. കുമാരന്നൂർ ക്ഷീര സഹകരണസംഘത്തിൽ പാൻ ഉല്പന്നങ്ങൾ തയ്യാറാക്കികൊണ്ടുള്ള തൊഴിൽ സാധ്യതയുണ്ട്.

വനിതകൾ പൊതുവെ കാർഷിക പ്രവർത്തനങ്ങളിലുള്ള തൊഴിലുകളിലാണ് ഏർപ്പെട്ടിരിക്കുന്നത്. സ്ത്രീകൾക്ക് കറവപശുക്കൾ, ആട് വളർത്തൽ, കോഴി വളർത്തൽ, എന്നിവക്ക് വ്കതിപരമായോ സഹകരണാടിസ്ഥാനത്തിലോ തൊഴിൽ ആരംഭിച്ചാൽ നന്നായിരിക്കും. അതുപോലെ തന്നെ സ്ത്രീകളുടെ കൈതൊഴിൽ പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കണം.

കുട്ടനെയ്ത്ത്, കയർ, ചവുട്ടി, പായ, ബ്രഷ് അന്നിങ്ങനെയുള്ള ചെറുകിട വ്യവസായങ്ങൾ ചുരുങ്ങിയ തോതിൽ പഞ്ചായത്തിൽ ഉണ്ട്. ഇവയുടെ പുരോഗതിക്കാവശ്യമായ നടപടികൾ എടുത്താൽ നന്നായിരിക്കും. മെഴുകുതിരി, തീപ്പെട്ടി ചന്ദനതിരി, തലയണ, കിടക്കകൾ, കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ നിർമ്മാണം പഞ്ചായത്തുതലത്തിൽ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏർപ്പെടുത്തണം. ഇവയുടെ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ വിപണി കണ്ടെത്തുന്നതിനുമുള്ള സൗകര്യങ്ങൾ നൽകേണ്ടതാവശ്യമാണ്.

ഈ പ്രദേശത്ത് ധാരാളമായി മാമ്പഴം, തക്കാളി എന്നിവ ഉല്പാദിപ്പിക്കപ്പെടുന്നു. ഇവ വേണ്ടവിധത്തിൽ പാകപ്പെടുത്തി കയറ്റി അയക്കുന്നതിനുള്ള സംസ്ക്കരണ കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള സാധ്യതയുണ്ട്. കൂടാതെ ഇവ തുടങ്ങുന്നതിനുള്ള സംസ്ക്കാരികവിപണി കണ്ടെത്തുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുക.

ഇഷ്ടിക നിർമ്മാണത്തിന് സാധ്യതയുള്ള മണ്ണ് ഈ പ്രദേശത്ത് ധാരാളമുണ്ട്. അത് വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തില്ല. അതിനാൽ സഹകരണാടിസ്ഥാനത്തിൽ ഇഷ്ടിക നിർമ്മാണയൂണിറ്റ് തുടങ്ങുന്നതിന് സാധ്യതയുണ്ട്. ഈ സാധ്യത മുൻനിർത്തി അതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കണം.

പരമ്പരാഗതമായ തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് അവരുടെ തൊഴിൽ സാധ്യത വികസിപ്പിക്കുനതിനുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ നന്നായിരിക്കും. അതിനായി കാർപെന്ററി യൂണിറ്റ്

ആരംഭിക്കണം. 7-ാം വാർഡിൽ പൂട്ടികിടക്കുന്ന ഖാദി നെയ്ത്തുകേന്ദ്രം തുറന്നുപ്രവർത്തിക്കേണ്ടതാണ്. എരുത്തേമ്പതി പഞ്ചായത്ത് ഹരിജൻ വില്ലേജ് ഇൻഡസ്ട്രീസ് കോ ഓപ്പറേറ്റീവ് സൊസൈറ്റി പുനരുദ്ധരിക്കുകയും കൂടുതൽ വ്യവസായങ്ങൾ ഉൾപ്പെടുത്തി ഡെവലപ്പ്മെന്റ് ചെയ്താൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.

കരിമ്പനകൾ വളരെ അധികമുള്ള ഈ പഞ്ചായത്തിൽ കരിമ്പനയിൽ നിന്നും ഫൈബർ എടുക്കുന്നതിനുള്ള ഒരു ഫാക്ടറി സ്ഥാപിക്കണം.

ഈ പഞ്ചായത്തിലെ അസംസ്കൃതവസ്തുക്കൾ മാത്രം ലഭിച്ചാൽ പോലും വളരുവാൻ സാധ്യതയുള്ള ധാരാളം സംരംഭങ്ങൾ ഇവിടെ ആരംഭിക്കുവാൻ കഴിയും. ഇത്തരം വ്യവസായങ്ങൾ ആരംഭിക്കുവാൻ മുന്നോട്ട് വരാത്ത നമ്മുടെ യുവജനങ്ങളുടെ ഇടയിൽ പുതിയ ഒരു വ്യവസായ വികസനബോധം വളർത്തിയെടുക്കുവാൻ ആവശ്യമായ സാഹചര്യം ഉണ്ടാക്കി എടുക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. വ്യവസായം തുടങ്ങുന്നതിന് താത്പര്യമുള്ളവരുടെ ഒരു

   പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നൽകുകയും അതിൽ വ്യവസായസംരംഭകരെ വാർത്ത് എടുക്കുന്നതിന് വിദഗ്ദ്ധപരിശീലനം നൻകുകയും വേണം.

2. കരകൗശലരംഗത്ത് വിദഗ്ദ്ധമായ പരിശീലനം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

3. റെഡിമെയ്ഡ്, വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരംഭകർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതികളെപ്പറ്റിയുംഅതിന്റെ വിപണന സാധ്യതകളെപ്പറ്റിയും വിദഗ്ദ്ധപരിശീലനം നൽകണം.

4. വ്യവസായം തുടങ്ങുവാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരംഭങ്ങളെപ്പറ്റിയുള്ള ആശങ്ക അകറ്റുന്നതിനും വിഇയകരമായ രൂപത്തിൽ വ്യവസായം നടത്തികൊണ്ടുപോകുന്നതിന് വ്യവസായികളുമായി ആശയവിനിമയം നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽ കണ്ട് മനസിലാക്കാൻ പഠനയാത്ര സംഘടിപ്പിക്കണം.

5. ജില്ലാ വ്യവസായകേന്ദ്രം ചെറുകിട വ്യവസായ അസോസിയേഷൻ ഖാദി ഗ്രാമ വ്യവസായ ബോർഡ് മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ഒരു വ്യവസായ കാർഷിക പ്രദർശനം സംഘടിപ്പിക്കുക.

6. വ്യവസായരംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ഉറപ്പ് വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

7. എരുത്തേമ്പതി, വടകരപ്പന്നി, കൊഴിഞ്ഞാമ്പാറ എന്നീ പഞ്ചായത്തുകളിലെ കാർഷിക മേഖലയുടെ ആശാ കേന്ദ്രമായ ചിറ്റൂർ സഹകരണ പഞ്ചസാര ഫാക്ടറിയിൽ ഇന്ന് ദിനംപ്രതി 1500 ടൺ കരിമ്പ് അയക്കുവാൻ ശേഷിയുള്ള യന്ത്രസാമഗ്രഹികളാണുള്ളത്. തൻനിമിത്തം പലപ്പോഴും ഈ പ്രദേശത്തെ കരിമ്പു കൃഷിക്കാർ തമിഴ്നാടിലുള്ള പഞ്ചസാര ഫാക്ടറിയെയാണ് ആശ്രയിക്കേണ്ടിയിരിക്കുന്നത്. ഈ സ്ഥിതിക്കു മാറ്റം വരുത്തുന്നതിനുവേണ്ടി നിലവിലുള്ള യന്ത്രോപകരണത്തിന്റെ ശേഷി 1500 ടണ്ണിൽ നിന്നും 2500 ടൺ കരിമ്പ് അരക്കുവാൻ ശേഷിയുള്ള യന്ത്രസാമഗ്രികൾ സ്ഥാപിക്കുക. അതുപോലെ കരിമ്പിൻചണ്ടിയിൽനിന്നും ഇലക്ട്രിസിറ്റി ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

   സമീപപ്രദേശമായ കഞ്ചിക്കോട് വ്യാവസായിക മേഖലയായതിനാൽ ഈ വിധത്തിൽ ഉല്പാദിപ്പിക്കുന്ന കറന്റിന് നല്ല വിപണന സാദ്ധ്യതയുണ്ട്.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്ത് ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിടവ്യവസായരംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും. നമുക്ക് ആവശ്യമായ നിത്യോപയോഗസാധനങ്ങൾ ഇവിടെ തന്നെ ലഭ്യാമാക്കാനും എല്ലാ സാധനങ്ങൾക്കും മറ്റു സ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കുവാനും കഴിയും.

ഈ പഞ്ചായത്തിലെ കാർഷികവിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിൽ ഇല്ലാത്തവർക്കും തൊഴിൽ നൽകുവാനും കഴിയും. പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുകയും നമ്മുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യും. ഇത് ജനങ്ങളുടെ സാമൂഹ്യ - സാമ്പത്തിക സാംസ്ക്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും ചെയ്യും. ■

# നിലവിലുള്ള അസംസ്കൃത സാധനങ്ങൾ കുറഞ്ഞ ചിലവിൽ ആരംഭിക്കുവാൻ സാധ്യതുള്ള യൂണിറ്റുകൾ

| വിഭാഗം | ഇനം |
| --- | --- |
| ജനറൽ S.S.I | 1 യന്ത്രമുപയോഗിച്ച് പച്ചചകിരിനാര് നിർമ്മാണം |
| | 2. യന്ത്രവൽകൃത കയർ നിർമ്മാണം<br>കയർബോർഡിന്റെ കീഴിൽ കയർ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കുക |
| | 3. ചവിട്ടി, ചൂടിപ്പടം, ചകിരി നാരിന്റെ കിടക്ക, തലയിണ തുടങ്ങിയവ |
| | 4. തേങ്ങാ പൗഡറും ക്രീമും |
| | 5. വെളിച്ചെണ്ണ |
| | 6. കന്നുകാലിത്തീറ്റ, കോഴിത്തീറ്റ |
| | 7. തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയങ്ങൾ |
| | 8. പഴവർഗ്ഗങ്ങളുടെ സംസ്ക്കരണം, പഴജാമുകൾ, തക്കാളി ജാം, കൊയ്യാക്ക ജാം |
| | 9. കടലയെണ്ണ വ്യവസായം |
| | 10. ക്ഷീര ഉല്പന്നങ്ങൾ |
| | 11. ശർക്കര നിർമ്മാണയൂണിറ്റുകർ |
| | 12. കൈത്തറി വസ്ത്രനിർമ്മാണ യൂണിറ്റുകൾ |
| | 13. സഹകരണാടിസ്ഥാനത്തിൽ ഇഷ്ടിക ഓട് മുതലായവ നിർമ്മിക്കാനുള്ള സൊസൈറ്റി രൂപീകരിക്കുക. |

# വ്യവസായ സ്ഥാപനങ്ങൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനത്തിന്റെ പേര് | ജോലി ചെയ്യുന്നവർ പു | സ്ത്രീ | ശമ്പളം | | കൂലി പു | സ്ത്രീ |
|---|---|---|---|---|---|---|---|---|
| 1. | 1 | ക്ഷീരവികസനസംഘം, കുമാരന്നൂർ | 3 | - | 1500.00 | 2500.00 | - | - |
| 2. | | സർവ്വീസ് സഹകരണസംഘം, മൂങ്കിൽമട | 3 | - | 1800.00 | 2500.00 | - | - |
| 3. | | ശ്രീ മുരുകൻ റബ്ബർ ഇൻഡസ്ട്രി, ഗോപാലപുരം | 2 | - | 1500.00 | 1700.00 | - | - |
| 4. | | ഗോൽഡി ഗാഡ് ഏജൻസീസ്, മൂങ്കിൽമട | 4 | - | 1150.00 | 2500.00 | | |
| 5. | | ഖാദി ബോർഡ് വിവിങ്ങ് യൂണിറ്റ്, " | | 10 | | | | 15-20 |
| 6. | | സൗത്ത് ഇന്ത്യ പെർമ്യൂഫറി " | 6 | | 500.00 | 1000.00 | | |
| 7. | 4 | ബ്രനാൽസ് പ്രൈവറ്റ് ലിമിറ്റഡ് " | 4 | | 1000.00 | 1800.00 | | |
| 8. | | ഇരുൾ ബ്രോക്കർ റൈസ് മിൽ കരുമാണ്ടകൗണ്ടന്നൂർ | 7 | 2 | | | 60.00 | 30.00 |
| 9. | | ചൈതന്യ മഹാഗണപതി റൈസ് മിൽ കരുമാണ്ടകൗണ്ടന്നൂർ | 3 | | | | 60.00 | |
| 10. | | പ്യാരലാൽ ഫോംസ് പ്രൈവറ്റ് ലിമിറ്റഡ് ഗോപാലപുരം | 3 | | 1500.00 | 3000.00 | | |
| 11. | 5 | പെരിയനായഗിയമ്മാൾ പ്ലാസ്റ്റിക് R.V.P. പുതൂർ | 2 | 5 | | | 60.00 | 25.00 |
| 12. | | വീനസ് ഇൻഡസ്ട്രീസ്,നടുപ്പുണി | 6 | | 1200.00 | 1400.00 | | |
| 13. | | ജോതിസ് സൈസ് ആശിർ പിഗ്മെന്റ്സ് നടുപ്പുണി | 36 | 5 | 1000.00 | 6000.00 | | |
| 14. | 7 | എം. സുലോചന ഫൈബർ ബ്രഷ് എരുത്തേമ്പതി | 1 | 5 | | | 60.00 | 25.00 |
| 15. | | സിമന്റ് വർക്സ് | 1 | 1 | | | 60.00 | 25.00 |
| 16. | | ബാലസുബ്രഹ്മണ്യഫൗണ്ടറി,നടുപ്പുണി | 35 | | 1000.00 | | 40.00 | |
| 17. | 8. | കോപ്പറേറ്റീവ് മിൽക്ക് സപ്ലൈ സൊസൈറ്റി, എരുത്തേമ്പതി | 2 | | 900.00 | 2250.00 | | |
| 18. | | ഓംഗോ ഡയറി, എരുത്തേമ്പതി | 4 | | | | 60.00 | 50.00 |
| 19. | | S.K. ബ്ലൂമെറ്റൽ വർക്സ്, മാങ്കാപ്പള്ളം | 2 | | | | 60.00 | |
| 20. | | യൂനിഗ് ഹാച്ചറീസ് എരുത്തേമ്പതി | 3 | | 1000.00 | 1500.00 | | |

# വിദ്യാഭ്യാസം

പാലക്കാട് ജില്ലയുടെ കിഴക്കെ അതിർത്തിയിൽ വരൾച്ചയുടെ പിടിയലമർന്ന് തമിഴും മലയാളവും സംമിശ്രമായി കൈകാര്യം ചെയ്യുന്ന അദ്ധ്വാനശീലരായ മണ്ണിന്റെ മക്കൾ നിത്യ ജീവിതത്തിന്റെ വിജയം കണ്ടെത്തുന്നതിന് എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 9 വാർഡുകളിലായി വിവിധ ഭാഗങ്ങളിൽ കഴിയുന്നു.

വിദ്യാഭ്യാസ പരമായി അടുത്തകാലത്ത് ചില മാററങ്ങൾ വന്നുചേർന്നുവെങ്കിലും ദാരിദ്ര്യം അന്ധവിശ്വാസം എന്നിവ കൈമുതലുള്ള അധികം പേരും സ്ത്രി വിദ്യാഭ്യാസത്തിനും പ്രാധാന്യം കൽപ്പിച്ചിരുന്നില്ല. കുടുംബങ്ങളിലെ മുതിർന്നവർ ചെയ്തു വരുന്ന തൊഴിലിനെ സഹായിക്കുന്നതിനും കുട്ടികളെ സംരക്ഷിക്കുന്നതിനും പ്രായ പൂർത്തിയായവരെ താത്പര്യരാക്കുക ആയിരുന്നു.

പഞ്ചായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗതാഗത സൗകര്യങ്ങളും ഉണ്ടായിരുന്നില്ല. ദൂര സ്ഥലങ്ങളിൽ ചെന്ന് പഠിക്കുവാനുള്ള സാമ്പത്തിക പരാധീനത, യാത്രാ ക്ലേശം സർവ്വോപരി താത്പര്യക്കുറവ് ഇവയാണ് വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്കു കാരണങ്ങൾ.

എന്നാൽ ഈ പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളും രണ്ട് അപ്പർ പ്രൈമറി സ്കൂളും ഒരു ലോവർ പ്രൈമറി സ്കൂളും വന്നതോടെ പഴയനിലയിൽ നിന്നും അൽപം മാററം സംഭവിച്ചു. വളരെ നിർദ്ധനരും പിന്നോക്കക്കാരുമായ ആളുകൾ താമസിക്കുന്ന ഈ പഞ്ചായത്തിലെ സ്കൂളുകളിൽ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചും യഥാസമയം അദ്ധ്യാപകരെ നിയമിച്ചും പഠനോപകരണങ്ങൾ ലാബോറട്ടറി, ലൈബ്രറി, കളിസ്ഥലം, മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, വൈദ്യുതി, യാത്രാസൗകര്യം എന്നിവ വർദ്ധിപ്പിച്ചും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താവുന്നതാണ്.

ഈ പഞ്ചായത്തിൽ തെക്കുഭാഗത്ത് രണ്ടാം വാർഡിൽ വണ്ണാമട ഭഗവതി ഗവൺമെൻറ് ഹൈസ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ആരംഭകാലത്ത് കൊച്ചി സർക്കാറിന്റെ വക കെട്ടിടത്തിൽ 1 മുതൽ 6 വരെ തമിഴ് മാധ്യമവും 1 മുതൽ 4 വരെ മലയാളം മാധ്യമവും മാത്രമാണ് പഠിപ്പിച്ചിരുന്നത്. പിന്നീട് ഹൈസ്കൂളാക്കി ഉയർത്തിയപ്പോൾ നിലവിലുള്ള സ്കൂളിൽ സ്ഥലസൗകര്യമില്ലാതിരുന്നതിനാൽ മറെറാരുടിത്ത് പൊള്ളാച്ചിയിലെ വ്യവസായ പ്രമുഖനായ ഡോ. എൻ. മഹാലിംഗം നിർമ്മിച്ചു നൽകിയ കെട്ടിടത്തിൽ ഭഗവതി ഗവൺമെൻറ് ഹൈസ്കൂൾ എന്ന നാമധേയത്തിൽ തമിഴ് മാധ്യമം ക്ലാസ്സുകൾ നടത്തിവരുന്നു.

മദ്ധ്യഭാഗമായ 6-ാം വാർഡിലെ രാമവർമ്മപുരം പുതൂരിൽ കൊച്ചി മഹാരാജാവിന്റെ ഭരണകാലത്ത് നിർമ്മിച്ച കെട്ടിടത്തിൽ ലോവർ പ്രൈമറി ക്ലാസുകൾ നടന്നു വന്നിരുന്നു. അന്ന് പ്രൈമറി തലത്തിൽ

മലയാളവും തമിഴും പഠിപ്പിച്ചിരുന്നു. അപ്പർ പ്രൈമറി സ്കൂളാക്കി ഉയർത്തിയപ്പോൾ കെട്ടിടം സൗകര്യകുറവായിരുന്നു. ശ്രീമാൻമാർ ആർ. വി. സ്വാമിയപ്പകവുണ്ടർ, Ex-MLA, RS തേവണ്ണകവുണ്ടർ Ex MLC, RS പൊന്നുസ്വാമി കവുണ്ടർ എന്നിവരുടെയും നാട്ടുകാരുടെയും ശ്രമ ഫലമായി ശ്രി. ആർ.എസ് പൊന്നുസ്വാമി കവുണ്ടരുടെ അദ്ധ്യക്ഷതയിലുള്ള കമ്മിററി പടിഞ്ഞാറുഭാഗത്തുള്ള കെട്ടിടം നിർമ്മിച്ചു കൊടുത്തു. 1 മുതൽ 7 വരെ തമിഴ് മാധ്യമവും 1 മുതൽ 4 വരെ മലയാളം മാധ്യമവും ക്ലാസുകൾ നടത്തിവരുന്നു, വീണ്ടും കെട്ടിട സൗകര്യം വർദ്ധിപ്പിക്കുന്നതിന് പരേതരായ ശ്രി. ആർ.എസ് പൊന്നുസ്വാമി കൗണ്ടർ, അത്തമി അമ്മാൾ എന്നിവരുടെ സ്മരണക്കായി മകൻ ഡോ. ആർ.പി. തങ്കക്കവേലു 6 ലക്ഷം രൂപ ചെലവിൽ ഒരു കെട്ടിടം നിർമ്മിച്ചു കൊടുക്കുകയും ചെയ്തു.

എരുത്തേമ്പതിയിൽ 7 ാം വാർഡിൽ പ്രവർത്തിക്കുന്ന സ്കൂൾ 1914ൽ കോയമ്പത്തൂർ കൃസ്ത്യൻ മിഷ്നറി ഒരു ലോവർ പ്രൈമറി സ്കൂൾ ആരംഭിച്ചു. 1942ൽ റവ:ഫാദർ അബ്രഹാം വലിയ പറമ്പിൻെറ ശ്രമ ഫലമായി നാട്ടുകാരുടെ സഹായ സഹകരണത്തോടെ സെൻറ് പീറേറഴ്സ് എയിഡഡ് അപ്പർ പ്രൈമറി സ്കൂൾ സ്ഥാപിച്ചു. ഈ സ്കൂളിൻെറ നടത്തിപ്പ് കോയമ്പത്തൂർ പ്രുസൻേറഷൻ കൊർവെൻറിനാണ്. 1 മുതൽ 7 വരെ തമിഴ് മലയാളം ക്ലാസ്സുകൾ നടത്തുന്നുണ്ട്. ആയതിന്നു രണ്ടു കെട്ടിടം നിർമ്മാണത്തിലാണ്.

ഈ പഞ്ചായത്തിൻെറ ഹൈസ്കൂൾ ഇല്ലാതിരുന്ന കാലത്ത് ഈ വിദ്യലയത്തിലെ കുട്ടികൾക്ക് തുടർന്ന് പഠിക്കാനുള്ള സൗകര്യം ഇല്ലായിരുന്നു. 1947 ൽ എരുത്തേമ്പതി റവ. ഫാദർ അബ്രഹാം വലിയ പറമ്പിലിൻെറ ശ്രമഫലമായി കൊഴിഞ്ഞാമ്പാറയിൽ ഒരു ഹൈസ്കൂൾ സ്ഥാപിച്ചു. ഈ സ്കൂൾ നിർമ്മാണത്തിന് സ്ഥലവും, 10,000 രൂപ ധനസഹായവും രാമവർമ്മപുരം പുത്തൂരിലെ ശ്രീ. ആർ. പി. സ്വാമിയപ്പ കവുണ്ടർ സംഭാവനയായി നൽകിയിതിൻെറ സ്മരണക്കായി "ആർ. പി. സ്വാമിയപ്പകവുണ്ടർ ഹാൾ" പണിതീർത്തു. ഈ ഫർക്കയിലെ ആദ്യത്തെ 2000ത്തിൽ അധികം കുട്ടികൾ പഠിച്ചുവരുന്നു.

എരുത്തേമ്പതിയിൽ 1982_ൽ ശ്രീവിദ്യാ ഹൈസ്കൂൾ എന്ന പേരിൽ ഒരു ഹൈസ്കൂളും നിലവിൽ വന്നു. ഇവിടെ 8,9,10 എന്നീ ക്ലാസ്സുകൾ തമിഴ്, മലയാളം, മാധ്യമങ്ങളിൽ കുട്ടികൾ പഠിച്ച് വരുന്നു.

തമിഴ് നാട് അതിർത്തിയോട് ചേർന്ന് കിടക്കുന്ന വില്ലൂത്തി പ്രൈമറി സ്കൂളിൽ വിദ്യാർത്ഥികൾക്ക് പോഷകഹാരം യൂണിഫോം ചെരുപ്പ് എന്നിവ സൗജന്യമായി നൽകുന്നു. പ്രൈമറി വിദ്യാഭ്യാസത്തിന് ശേഷം തുടർ വിദ്യാഭ്യാസം ലഭിക്കണമെങ്കിലും 3 കി.മി. കൾ?ക്കപുറം നടന്നുപോകേണ്ട ഗതികേടും വിദ്യാർത്ഥികളുടെ പഠനം നിൽക്കുന്നതിന് കാരണം മാകുന്നു. സമയത്തിനും ആവശ്യത്തിനും ബസ്സില്ല. പഠിത്തത്തിലേറെ സമയം യാത്രാക്ഷീണവും അർദ്ധപട്ടിണിയും വിദ്യാഭ്യാസ നിലവാരം താഴുവാൻ കാരണങ്ങളാകുന്നു.

സ്കൂളുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 1 മുതൽ 6 വരെ7ായി ചേർത്തിയിരിക്കുന്നു.

വണ്ണാമട ഹൈസ്കൂളിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. 1 മുതൽ 7 വരെ ക്ലാസ്സുകളെ പഴയ കെട്ടിടത്തിലും 8 മുതൽ 10 വരെ ക്ലാസ്സുകളെ പുതിയ കെട്ടിടത്തിലുമായി രണ്ടു സ്ഥാപനങ്ങളാക്കുക.

പ്രൈമറിയിൽ 7_ാംതരം വരെ മലയാളം ക്ലാസ്സുതുടങ്ങുക

പ്രൈമറി സ്കൂളിലെതിരക്ക് ഒഴിവാക്കുന്നതിന് കുമരനൂർ, മൂങ്കിൽമട മലയാണ്ടികവുണ്ടനൂർ സർവ്വേ നടത്തി അനുയൊജ്യമായ സ്ഥലത്ത് ലോവർ പ്രൈമറി സ്കൂൾ തുടങ്ങുക.

വണ്ണാമട ഹൈസ്കൂളിാ സമകൂൾ കോംപ്ലക്സ് തുടങ്ങുകയും കുന്നകാട്ടുപതി പ്രൈമറിസ്കൂളിനെ കോംപ്ലക്സിൽ ഉൾപ്പെടുത്തുകയും ചെയ്യുക.

രണ്ടു സ്ഥലങ്ങളിലായി പിരിച്ചതിനു ശേഷം രണ്ട് സ്ഥാപനങ്ങൾക്കും പ്രത്യേകം പ്രത്യേകം കളിസ്ഥലങ്ങളും ഭൗതിക സൗകര്യങ്ങളും മെച്ചപ്പെടുത്തുക.

പ്രത്യേകിച്ച് ഭഗവതി ഹൈസ്കൂളിലെ

പട്ടിക 1

## വിദ്യാർത്ഥികൾ, അദ്ധ്യാപകർ

| നമ്പ്ര് | സ്കൂൾ | മാനേജ്മെൻറ് | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അദ്ധ്യാപകർ പു. | സ്ത്രീ. | ആകെ |
|---|---|---|---|---|---|---|---|---|
| 1 | ശ്രീ ഭഗവതി ഗവ.സ്കൂൾ, വണ്ണാമട | ഗവർമെൻറ് | 548 | 487 | 1035 | 15 | 22 | 37 |
| 2. | ഗവ. യു.പി. സ്കൂൾ, RVPപുതൂർ | " | 186 | 175 | 361 | 2 | 10 | 12 |
| 3. | ശ്രിവിദ്യാ ഹൈസ്കൂൾ എരുത്തേമ്പതി | എയിഡഡ് | 232 | 213 | 445 | 11 | 10 | 21 |
| 4. | സെൻറ് പിൻേറർസ് യു.പി എയിഡഡ്, എരുത്തേമ്പതി | " | 435 | 415 | 850 | 2 | 16 | 18 |
| 5. | സെൻറ് ഫിലോമിനാസ് എൽ.പി സ്കൂൾ വില്ലൂണി. | " | 50 | 57 | 107 | 1 | 3 | 4 |
| | ആകെ | | 1451 | 1347 | 2798 | 31 | 61 | 92 |

പട്ടിക 1 B

## LP UP HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | LP | | | UP | | | HS | | | ആകെ |
|---|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % | % |
| 3182 | 823 | 785 | 488% | 451 | 448 | 498% | 357 | 318 | 47.1% | 48.6% |

പട്ടിക 1C

## പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| LP | | | UP | | | HS | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 1608 | 229 | 14.2% | 999 | 112 | 11.2% | 675 | 52 | 7.7% |

പട്ടിക 1D

## പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | മററുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 11 | 9 | 20 | 51 | 47 | 98 |

പട്ടിക 2

## സ്കൂളിലെ അദ്ധ്യാപകരുടെയും കുട്ടികളുടെയും കണക്ക്

| ആകെ അദ്ധ്യാപകർ (പഞ്ചയാത്തിൽ) | ഗവ: വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം | ഗവ: അദ്ധ്യാപകരുടെ ശതമാനം | പഞ്ചയാത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ: സ്കൂളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 90 | 49 | 53.3 | 2798 | 1396 | 49.9 |

പട്ടിക 3

## ഉന്നത വിദ്യാഭ്യാസത്തിനായി മററു സ്ഥലങ്ങളിൽ പോകുന്നവരുടെ കണക്ക്

| | |
|---|---|
| പ്രീഡിഗ്രി | 60 |
| ഡിഗ്രി | 20 |
| ഐ.ടി.ഐ | 10 |
| എൻജിനിയറിങ്ങ് | 3 |
| കംബ്യൂട്ടർ | 5 |
| ടൈപ്പറൈറ്റിങ്ങ് | 25 |
| ടൈലറിങ്ങ് | 15 |
| മററുള്ളവർ | 7 |
| ആകെ | 145 |

പട്ടിക 4

## അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

| ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കുന്നത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റെക്കാർഡർ | ടെലിവിഷൻ | സിനിമ പ്രോജക്ടർ | സ്ലൈഡ് പ്രോജക്ടർ | ബ്ലോക്ക്ബോർഡ് ആവശ്യമുള്ളവർ | മാതൃ സംഘംസജീവം | ക്ലാസ് പി.ടി.എ. പ്രവർത്തിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് 4 | ...... | 4 | 1 | 5 | 3 | 1 | ..... | ... | 1 | 58 | 2 | 5 |
| ഇല്ലാത്തത്1 | ...... | 1 | 4 | ..... | 2 | 4 | 5 | 5 | 4 | 24 | 3 | ....... |

പട്ടിക 5

## ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| 1. ശ്രീഭഗവതി ഗവ. HS. വണ്ണാമട | 1035 | 37 | 2 | 1 | ഉണ്ട് | ഉണ്ട് |
| 2. ഗവ. U.P.S. RVP പുതൂർ | 361 | 12 | 2 | 1 | ഉണ്ട് | ഉണ്ട് |
| 3. ശ്രീവിദ്യാ H.S. എരുത്തേമ്പതി | 445 | 21 | 2 | ഇല്ല | ഉണ്ട് | ഉണ്ട് |
| 4. സെഡിൻറ് പിറേറർസ് UPS എരുത്തേമ്പതി | 850 | 18 | 2 | ഇല്ല | ഉണ്ട് | ഉണ്ട് |
| 5. സെഡിൻറ് പിലോമിനാസ് LPS വില്ലുണ്ണി | 107 | 4 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| ആകെ | 2798 | 92 | 8 | 2 | ... .. | ..... |

പട്ടിക 6

| ക്രമ നമ്പർ സ്കൂൾ | വർഷവും വിജയ ശതമാനവും | | | | |
|---|---|---|---|---|---|
| | 1991-92 | 92-93 | 93-94 | 94-95 | 95-96 |
| 1. ശ്രി ഭഗവതി ഗവ; ഹൈസ്കൂൾ വണ്ണാമട | 43.6 | 41.8 | 42.8 | 28 | 54 |
| 2. ശ്രിവിദ്യാ ഹൈസ്കൂൾ എരുത്തേമ്പതി | ...... | 51 | 38 | 40 | 38 |

കുടിവെള്ളം, മൂത്രപുര, കക്കൂസ്, ചുററുമതിൽ എന്നിവ നിർമ്മിക്കേണ്ടതാണ്.

2. പഞ്ചായത്ത് പ്രദേശത്ത് തമിഴരും മലയാളികളും താമസിക്കുന്നതിനാൽ ഒന്നു മുതൽ നാലു വരെ എല്ലാ ക്ലാസ്സുകളിലും തമിഴും മലയാളവും നിർബന്ധ ഭാഷയായി പഠിപ്പിക്കണം. കാരണം പ്രാദേശികമായി മേൽപ്പടി രണ്ട് ഭാവികളും കൈകാര്യം ചെയ്യുവാനുള്ള പരിജ്ഞാനം ലഭിക്കണം.

3. തമിഴ് മാതൃ ഭാഷ സംസാരിക്കുന്നവർക്ക് ഹിന്ദി നിർബന്ധമാക്കാതെ ഓപ്പഷൺ കൊടുത്ത് മലയാളവും പഠിപ്പിക്കേണ്ടതാണ്. ഹിന്ദി അക്ഷരങ്ങൾക്ക് ശരിയായി തമിഴ് ലിപികൾ ഇല്ലാത്തതാണ് കാരണം.

4. തമിഴ്നാട് ൌതിർത്തി പ്രദേശങ്ങൾക്ക് തൊട്ട് കിടക്കുന്ന സ്കൂളുകളിലെ കുട്ടികൾക്ക് നൽകുന്ന പോലെ പോഷകാഹാരം യൂണിഫോറം യാത്രാ അനുകൂല്യങ്ങൾ എന്നിവ ഇവിടെയും നൽകുന്നതിൽ സൗകര്യം ഏർപ്പെടുത്തുക.

5. തമിഴ് നാട് അതിർത്തിയോട് ചേർന്നുകിടക്കുന്ന സ്കൂളുകളിലെ ക്ലാസ്സുകളിൽ മിനിമം 25 കുട്ടികൾ വേണമെന്നുള്ള നിബന്ധന എടുത്തുകളയുക.

6. അതുപോലെ ദ്വിഭാഷാ പ്രദേശത്ത് പ്രത്യേകിച്ചും മലയാളം ക്ലാസ്സിൽ മിനിമം 40 കുട്ടികൾ വേണമെന്നുള്ള നിബന്ധന എടുത്തുകളയുക.

7. അതിർത്തി പ്രദേശത്ത് സ്കൂളുകളിൽ സാധാരണ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ പി.എസ.സി മുഖാന്തരം അപ്പപ്പോൾ നിയമനം നടത്തുക.

8. വണ്ണാമട സ്കൂളിൽ ഷിഫ്ററ് സമ്പ്രദായം ഒഴുവാക്കുന്നതിന് ആവശ്യമുള്ള കെട്ടിടം നിർമ്മിക്കുക.

9. വില്ലുന്നി പോലുള്ള പ്രദേശങ്ങളിലെ ഗതാഗത സൗകര്യം മെച്ചപ്പെടുത്തി ആവശ്യത്തിന് ആവശ്യമായ സമയത്ത്

ബസ്സുകൾ ഓടിക്കാനുള്ള സംവിധാനവും കുട്ടികൾക്ക് സൗജന്യ യാത്രയും അനുവധിക്കുക.

10. വണ്ണാമട ഭഗവതി ഗവ: ഹൈസ്കൂൾ എരുത്തേമ്പതി ശ്രീവിദ്യാ ഹൈസ്കൂൾ എന്നിവയെ ഹെയ്യർ സെക്കൻട്രിയായോ വൊക്കേഷണൽ ഹെയ്യർ സെക്കൻട്രിയായോ ഉയർത്തുക.

11. വിദ്യാർത്ഥികളുടെ ഇടയിൽ സഹിഷ്ണത, അച്ചടക്കം, ആരോഗ്യം എന്നീ ഗുണങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് എൻ.സി.സി. സെകൗട്ട്, ഗൈഡ്, എന്നിവ ആരംഭിക്കേണ്ടതാണ്.

12. പഞ്ചായത്ത് അതിർത്തിയിൽ വരുന്ന എല്ലാ പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ യൂണിഫോറം അകലേ താമസിച്ചു പഠിക്കേണ്ടവർക്ക് താമസം ഭക്ഷണം ഇവയ്ക്കുള്ള ചിലവുകൾ സൗജന്യമായി അനുവധിക്കണം.

13. ആർ.വി. പുതൂർഗവ. യു.പി. സ്കൂളിൽ 5 മുതൽ 7 വരെ ക ാസ്സുകളിൽ മലയാളം മാധ്യമ ഭാഷ ഏർപ്പെടുത്തണം ആർ.വി. പുതൂർ ഗവ. യു. പി. സ്കൂളിൽ കളി സ്ഥലം നിർമ്മിണം. ഇതിൽ പൊതുജനം പഞ്ചായത്ത് സഹകരണം നേടാവുന്നതാണ്.

14. ഉച്ച ഭക്ഷണം പാക ചെയ്യുന്ന വിദ്യാലയങ്ങൾക്ക് പാചകം ചെയ്യൽ, വിളമ്പൽ. കുട്ടികൾക്ക് ആഹാരം കഴിക്കാൻ എന്നീ ആവശ്യങ്ങൾക്ക് പാത്രം അടുക്കള നിർമ്മാണ ചിലവ് വിറകു പാകം ചെയ്യുവാനുള്ള കൂലി ചെലവ് എന്നിവ നൽകേണ്ടതാണ്.

15 ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് കോളേജ് പഠനം സൗകര്യപ്പെടുത്തുതിന് കൊഴിഞ്ഞാമ്പാറയിൽ ഒരു ആർട്ടസ് / സയൻസ്സ് കോളേജ് വേണം.

വണ്ണാമട ഗവ. ഭഗവതി ഹൈസ്കൂളിലും എരുത്തേമ്പതി ഞശീവിദ്യാ ഹൈസ്കൂളിലും സ്കൂൾ കോംപ്ലക്സ്സുകൾ നടത്തേണ്ടതാണ്.

17. 1997 _ 98 വിദ്യാഭ്യാസ വർഷമുതൽ പാലക്കാട് ജില്ലയിലെ ഗവ. എയിഡഡ് എന്നീ പ്രൈമറി വിദ്യാലയങ്ങളിലെ വിദ്യാഭ്യാസ നിലവാരം പരിശോധിക്കുന്നതിന് D.P.E.P. പ്രോഗ്രാമിൽ തമിഴ് ഓഫീസർമാരെ നവിയമിക്കേണ്ടതാണ്.

18. ഡി.പി.ഇ.പി പ്രോഗ്രാമിൽ പഠിക്കുന്ന കുട്ടികൾക്ക് ക്ലാസ്സ് തലത്തിൽ പ്രോത്സാഹിത സമ്മാനങ്ങൾ നൽകേണ്ടതാണ്. നിർദ്ധനരായഎല്ലാ കുട്ടികൾക്കും യൂണിഫോറം നൽകേണ്ടതാണ്.

19. എല്ലാ പ്രൈമറി വിദ്യാലയങ്ങളോട് അനുബന്ധിച്ച മാതൃ ഭാഷയിൽ പ്രി. പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കണം.

20. സ്കൂളുകളിൽ ഇപ്പോൾ ലൈബ്രററിയൻ മാരുടെ തസ്തിക ഇല്ല. ലൈബ്രറികളുടെ സുഗമമായ നടത്തിപ്പിന് ഹൈസ്കൂളുകളിൽ പുസ്തക വിതരണത്തിനായി ലൈബ്രേററിയൻമാരെ നിയമിക്കണം.

21. വണ്ണാമട ഭഗവതി ഗവ. ഹൈസ്കൂളിനോട് ചേർന്ന് ആരോഗ്യവകുപ്പിൻെറ കീഴിൽ ഈ വകുപ്പിനു ആവശ്യമില്ലാതെ കിടക്കുന്ന 25 സെൻറ് സ്ഥലം ഗവ ഹൈസ്കൂൾ കൈമാറുകയാണെങ്കിൽ വളരെ ഉപകാരപ്രദമാകുമായിരുന്നു.

22. സ്കൂൾ കുട്ടികൾക്കു വേണ്ട മലയാളം തമിഴ് പാഠപുസ്തകങ്ങൾ വിദ്യാഭ്യാസ വർഷാരംഭത്തിൽതന്നെ വിതരണം ചെയ്യേണ്ടതാണ്.

# കുടിവെള്ളം പൊതുജനാരോഗ്യവും

## കുടിവെള്ളം

വരൾച്ച ബാധിതപ്രദേശമായ ഈ പഞ്ചായത്തിലെ ഏകദേശം 85% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളേയും, കുഴൽകിണറുകളേയുമാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ 65% പ്രദേശത്തും കുടിവെള്ളം രൂക്ഷമാണ്. പഞ്ചായത്തിൽ 89 പൊതുടാപ്പുകൾ മാത്രമാണ്. 72 ഹൗസ് കണക്ഷനുകളും നിലവിലുണ്ട്. പഞ്ചായത്ത് പൊതുകിണറുകൾ മിക്കവാറും ഉപയോഗശൂന്യമാണ്. കുഴൽകിണറുകളും വേനനിൽ വരണ്ടു പോകുന്നതാണ്. 1995-1996 വർഷത്തിൽ ശുദ്ധജലത്തിന്റെ കുറവുകൊണ്ടുമാത്രം ഉണ്ടായ രോഗങ്ങളെകുറിച്ചു റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. വിവിധ വാർഡുകളിലായി പഞ്ചായത്ത് തലത്തിൽ കുഴൽകിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് വേണ്ടവിധം പ്രയോജനപ്പെടുന്നല്ല.

പഞ്ചായത്തിലെ 70% നിവാസികളും ശുദ്ധജലക്ഷാമം അനുഭവിക്കുന്നവരാണ്. വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്ന് വന്നതായ പ്രശ്നപരിഹാരങ്ങളും, പഞ്ചായത്ത് തലത്തിൽ മൊത്തത്തിൽ ബാധിക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടുവന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും വിശകലത്തിനായി ഇതിൽ ചേർത്തിരിക്കുന്നു.

### കുടിവെള്ളക്ഷാമ ബാധിതപ്രദേശങ്ങളും, പരിഹാര മാർഗ്ഗങ്ങളും

#### 1-ാം വാർഡ്

കുമാരന്നൂർ ഹരിജൻകോളനി, പാറക്കളം മൂങ്കിൽമട, വണ്ണാമട എന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഇവിടേയ്ക്ക് ആവശ്യമായ ജലം ലഭിക്കുന്നതിന് കുഴൽകിണറുകൾ നിർമ്മിച്ച് Hand Pump സ്ഥാപിച്ചാൽ ഈ പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്.

#### 2-ാം വാർഡ്

രാജീവ്കോളനി, മേനോൻകളം, നടരാജ് കോളനി, ഇന്ദിരാനഗർ കോളനി എന്നീ പ്രദേശങ്ങളിൽ ആവശ്യമായ കുടിവെള്ളം ലഭ്യമല്ല. ഈ പ്രശ്നം പരിഹരിക്കുന്നതിന് കൊഴിഞ്ഞാമ്പാറ കോമ്പ്രഹെൻസീവ് വാട്ടർ സപ്ലൈ സ്കീം ധ്രുതഗതിയിൽ നടപ്പിലാക്കി പൊതുടാപ്പുകൾ സ്ഥാപിച്ചാൽ നന്നായിരിക്കും

#### 3-ാം വാർഡ്

ഈ വാർഡിലെ ചിന്നമൂലത്തറ, വഴുക്കപ്പാറ മലയാണ്ടികവുണ്ടന്നൂർ എന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽ ശുദ്ധജലവിതരണ പദ്ധതിയിൽ കോരയാർ പുഴയുടെ തീരത്തുള്ള കരിമണ്ണ ശുദ്ധജലപദ്ധതിയിൽ നിന്നും പൈപ്പ് ലൈൻ നീട്ടിയാൽ ചിന്നമൂലത്തറയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സാധിക്കും. അതുപോലെ തന്നെ Kozhinjampara comprehensive water supply scheme യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ചാൽ ഈ വാർഡിലെ കുടിവെള്ളത്തിന് ശാശ്വത പരിഹാരം ലഭിക്കും. ഇതിനുള്ള സത്വര നടപടികൾ സ്വീകരിക്കണം

4-ാം വാർഡ്

ഈ വാർഡിൽ പൈപ്പ്ലൈൻ സൗകര്യം ഇല്ല . അതിനാൽ ശുദ്ധജലം ലഭിക്കുന്നതിന് ജനങ്ങൾ വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഈ പ്രശ്നപരിഹാരത്തിനായി ഒരു മിനി വാട്ടർ സപ്ലൈ സ്കീം കരുമാണ്ടകൗണ്ടന്നൂരിൽ സ്ഥാപിച്ചാൽ നന്നായിരിക്കും.

ചിന്നമൂലത്തറ, മലയാണ്ടികവുണ്ടന്നൂർ പത്താം നമ്പർകളം, കോയപ്പാറ എന്നിവടങ്ങളിൽ പൊതുവായി **Hand Pump** സ്ഥാപിച്ചാൽ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കും. വഴുക്കപ്പാറയിൽ ഒരു ബോർവെൽ ഇട്ട് ഹാന്റ പമ്പ് സ്ഥാപിക്കണം. മേൽപ്പറഞ്ഞ സ്ഥലങ്ങളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാം.

5-ാം വാർഡ്

എല്ലായിടത്തും ശുദ്ധജലം ലഭ്യമാകുന്നില്ല. പൈപ്പ് ലൈൻ ഉള്ള പ്രദേശങ്ങളിൽ എല്ലായിടത്തും വേണ്ടത്ര ജലം എത്തിച്ചേരുന്നില്ല. **R.V.P.** പു തൂരിൽ നിലവിലുള്ള വാട്ടർ ടാങ്ക് വളരെ ചെറുതാണ്. ആയതിനാൽ നടുപ്പുന്നി ഭാഗങ്ങളിലേക്ക് ആവശ്യമായ ജലം എത്തിക്കുവാൻ സാധിക്കുന്നില്ല. ഈ ടാങ്ക് വലുതാക്കിപ്പണിയാൻ സത്വര നടപടികൾ സ്വീകരിക്കണം. ശിവശക്തി നഗറിലേക്ക് പുതുതായി മൂന്ന് ടാപ്പുകൾ ഇടുക. കുളപ്പുര, പുതിയകോളനി, പഴയകോളനി, മുത്തുകവുണ്ടൻ കോളനി, എന്നീ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന്ന് പരിഹാരം കണ്ടെത്തണം. കുളപുരയിൽ പുതിയ കുഴൽ കിണർ നിർമ്മിച്ച് ഹാൻഡ് പമ്പ് സ്ഥാപിച്ചാൽ അവിടത്തെ പ്രശ്നം പരിഹരിക്കാവുന്നതാണ്. മുത്തുകവുണ്ടൻ കോളനി **R.V.P.** പു ത്തൂർ, മെയിൻ റോഡ് എന്നീ സ്ഥലങ്ങളിൽ കുഴൽകിണർ വഴി ഹാൻഡ് പമ്പ് സ്ഥാപിക്കണം. കുടിവെള്ളക്ഷാമം മൂലം ഈ പ്രദേശത്ത് പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്നു. **R.V.P.** പുത്തൂർ പനങ്കൂട്ടത്തിലുള്ള ബോർവെല്ലിൽ മോട്ടോർ ഘടിപ്പിച്ച് വെള്ളം പമ്പ് ചെയ്യിപ്പുക്കണം. പഞ്ചായത്ത് ഓഫീസിന്റെ സമീപത്ത് **P.W.D.** റോഡിന്റെ തെക്കുവശത്തുള്ള ബോറിലും മോട്ടോർ ഘടിപ്പിച്ച് പമ്പ് ചെയ്യിക്കണം.

6-ാം വാർഡ്

ഈ വാർഡിലെ കുടിവെള്ളം പ്രശ്നം ഗുരുതരമാണ്. എല്ലായിടത്തും ആവശ്യമായ ശുദ്ധജലം ലഭ്യമാകുന്നില്ല. ചില മേഖലകളിൽ ജലം പൈപ്പുകൾ വഴി എത്തുന്നതേയില്ല. വടക്കേതെരുവ് മുതലായ പ്രദേശങ്ങളിൽ പുതുതായി പൈപ്പ് ലൈനുകൾ സ്ഥാപിച്ചാൽ ഒരു പരിധിവരെ ഈ വാർഡിലെ കുടിവെ ള്ളത്തിന്ന് പരിഹാരം കണ്ടെത്താവുന്നതാണ്.

7-ാം വാർഡ്

കുടിവെള്ളക്ഷാമം രൂക്ഷമാണ്. ഉയർന്ന ഭാഗങ്ങളിൽ കുടിവെള്ളം എത്തിച്ചേരുന്നില്ല. ഇതിന്റെ പരിഹാരത്തിനായി പിടാരിയേടിൽ നിലവിലുള്ള ഹാൻഡ് പമ്പിൽ ഒരു കമ്പ്രഷൻ മോട്ടോർ സ്ഥാപിച്ച് ഒരു സിന്തട്ടിക്ക് ടാങ്ക് വെച്ച് ആവശ്യമായ പൊതുടാപ്പുകൾ ഏർപ്പെടുത്തിയാൽ നന്നായിരിക്കും. എരുത്തേൻപ തി, ചെറിയമാങ്കാപ്പള്ളം, പിടാരിമേട് എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ നീട്ടിയാൽ നന്നായിരിക്കും. കാലത്ത് 8 മണിക്ക് കൂലിപ്പിണിക്ക് പോകുന്നവരുടെ സൗകര്യം കണക്കിലെടുത്തു പമ്പിങ്ങ് സമയം രാവിലെ 6 മണിക്ക് തന്നെ ആരംഭിക്കേണ്ടതാണ്. സ്വകാര്യ ഗാർഹിക കണക്ഷൻ അനുവദിച്ച് നൽകിയാൽ നന്നായിരിക്കും.

7 -ാം വാർഡിലെ ആശാരിഞ്ഞെരുവ്, പിടാരിമേട്, മാങ്കപ്പള്ളം കോളനി, ക്രിസ്ത്യൻ പുനരധിവാസ കേന്ദ്രം, എല്ലാപ്പാട്ടയ്യൻ കോവിൽ എന്നീ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടി ജനവാസമുള്ള സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കുക. നിലവിലുള്ള പമ്പു ഹൗസിന് സമീപമുള്ള ബോറിൽ നിന്ന് ഒരു **Compression Motor** സ്ഥാപിച്ച് വെള്ളം കിണറ്റിൽ ചാടിച്ചാൽ കൂടുതൽ വെള്ളംപമ്പ് ചെയ്യാൻ സാധിക്കും.

8-ാം വാർഡ്

പൊതിക്കല്ല് മാങ്കാപ്പള്ളം കോളനി ചാമിയാർകളം, പട്ടികജാതി കോളനി, ശ്രീവിദ്യാ ഹൈസ്ക്കൂളിനടുത്ത്) എന്നീ സ്ഥലങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിച്ചാൽ ഈ വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

നിലവിലുള്ള പമ്പ് ഹൗസ് ചുറ്റു മതിൽക്കെട്ടി വൃത്തിയാക്കി പമ്പിംഗ് ആരംഭിച്ചാൽ ഗുണകരമായിരിക്കും. അതിനുള്ള സത്വര നടപടികൾ സ്വീകരിക്കുക. പുതിയതായി കുഴൽ കിണറുകൾ സ്ഥാപിക്കുക. ഹൗസ് കണക്ഷൻ അനുവദിക്കുക. കുടിവെള്ളകിണറിന് സമീപത്തുള്ള കുഴൽ കിണറിൽ മോട്ടോർ സ്ഥാപിച്ച് പമ്പുചെയ്യുകയാണെങ്കിൽ കൂടുതൽ കുടുംബങ്ങൾക്ക് പ്രയോജനപ്രതമായിരിക്കും.

9-ാം വാർഡ്

ശുദ്ധജലവിതരണ പദ്ധതികൾ വളരെ കുറവാണ്. പുതിയതായി ജല വിതരണ പദ്ധതികൾ ആരംഭിച്ചാൽ നന്നായിരിക്കും. അതിനായി കൊഴിഞ്ഞാംമ്പാറ കോമ്പ്രഹെൻസീവ് വാട്ടർ സപ്ലൈ സ്കീം വളരെ വേഗത്തിൽ പൂർത്തീകരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചാൽ നന്നായിരിക്കും. രാജീവ് നഗർ കോളനി, തരകൻകളം കോളനി, നേതാജി നഗർ കോളനി, അയമ്പാർകാലായി എന്നിവിടങ്ങിൽ കുഴൽ കിണറുകൾ സ്ഥാപിക്കണം. കൗണ്ടൻ കളം പുതിയ കോളനിയിൽ പുതിയ കുഴൽ കിണർ സ്ഥാപിക്കണം.

കവുണ്ടൻകളം റോഡ് ജംഗ്ഷൻ മുതൽ പുതിയ പൈപ്പ് ലൈൻ ഇട്ട് രാജീവ് നഗർ ദ്രശലക്ഷം കോളനി വരെയുള്ള സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കുവാനുളല സംവിധാനം ഉണ്ടാക്കാണം. നിലവിലുള്ള I.S.D. ഫാം സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുക. കവുണ്ടൻകളം വിനായകർകോവിൽ ജംഗഷനിൽ നിന്നും തെക്കോട്ട് പോകുന്ന തെരുവിൻെറ അവസാനഭാഗത്ത് ഒരു പൊതുടാപ്പ് സ്ഥാപിക്കുക.

പൊതുവിൽ എരുത്തേമ്പതി പഞ്ചായത്തിലെ കിണറുകളിൽ കൊല്ലത്തിൽ 6 മാസത്തേക്ക് മാത്രമേ വെള്ളം കിട്ടുന്നുള്ളു. കിട്ടുന്ന വെള്ളമാവട്ടെ ചളി, ഉപ്പ് മുതലായവ കലർന്നതാണ്.

പഞ്ചായത്തിലെ എല്ലാവർക്കും വെള്ളം കിട്ടണമെങ്കിൽ നിലവിലുള്ള കൈ പമ്പുകളുടെ എണ്ണം കൂട്ടുകയും ടാപ്പ് ഇല്ലാത്ത സ്ഥലങ്ങളിൽ ടാപ്പ് സ്ഥാപിച്ചും പ്രശ്നഹ്ങൾ പരിഹരിക്കേണ്ടതാണ്.

എരുത്തേമ്പതി പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും പൈപ്പുലൈനുകൾ നീട്ടി ആവശ്യമായത്ര ടാപ്പുകൾ സ്ഥാപിച്ച് ശുദ്ധജലവിതരണം നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാവുന്നു.

## K.W.A. പദ്ധതികൾ

എരുത്തേമ്പതി പഞ്ചായത്തിൽ K.W.A. യുടെ മൂന്നു പദ്ധതികൾ നിലവിലുണ്ട്.

1. എരുത്തേമ്പതി വാട്ടർ സപ്ലൈ സ്കീം

1964 എരുത്തേമ്പതി ഊറിൽ നിന്നും ഒരു കിണറും പമ്പ് ഹൗസും കെട്ടി അവിടെതന്നെയുള്ള 45,000 Litre capacity യുള്ള O.H.tank ൽ കയറ്റി അവിടെ നിന്നും കൗണ്ടൻ കളം പിടാരിമേട്, കൈകാട്ടി എന്നിവിടങ്ങളിൽ ഭാഗികമായി വെള്ളം എത്തിച്ചും ഇതിന് 7209 മീറ്റർ pipe line നും 41 പൊതു ടാപ്പുകളുമായി തുടങ്ങിയെങ്കിലും കിണറിൽ വെള്ളം തീരെ കുറവായത്തിനാൽ 1983 ൽ പഞ്ചായത്താഫീസ് കോമ്പൗണ്ടിൽ ഉള്ള കുഴൽ കിണറിൽ Motor ഇരക്കി 1100 മീറ്റർ pipe line ഇട്ട് നിലവിലുള്ള O.H. Tank ൽ കയറ്റി ശുദ്ധജലവിതരണം നടത്തിവരിന്നു. ഇതിൽ നിന്നും 38 ഹൗസ് കണക്ഷനും നൽകിയിട്ടുണ്ട്. ഇതുകൊണ്ട് 5000 പേർക്ക് ഭാഗികമായി ശുദ്ധജലം എത്തിക്കാൻ സാധിച്ചു.

2. വണ്ണാമട വാട്ടർ സപ്ലൈ സ്കീം

1964 വണ്ണാമട ജംഗ്ഷന്റെ അടുത്ത ഒരു കിണറും പമ്പ് ഹൗസും കെട്ടി വണ്ണാമട ഊറിൽ നിർമ്മിച്ചു. 22,500 ലിറ്റർ സംഭരണ ശേഷിയുള്ള O.H. Tankൽ കയറ്റി അവിടെ നിന്നും 2468 മീറ്റർ Pipe line നും 26 പൊതുടാപ്പുകളും ആയി തുടങ്ങിയെങ്കിലും കിണറ്റിലെ വെള്ളത്തിന്റെ അപരാപ്തതമൂലം 1984 ൽ O.H. Tank ന് അടുത്ത് ഒരു കിണർ കുഴിച്ചു.
അതിൽ Motor ഇരക്കി ഏകദേശം 2500 പേർക്ക്ഭാഗികമായി ശുദ്ധജലമെത്തിക്കാൻ സാധിച്ചു.

3. R.V. പുത്തൂർ വാട്ടർ സപ്ലൈ സ്കീം

1944 ൽ പനംകൂട്ടത്തിനു അടുത്തു ഒരു കിണറും പമ്പ്ഹൗസും നിർമ്മിച്ചു. അവിടെ നിന്നും പുത്തൂർ ജംഗഷനിലുള്ള 22500 litre capacity യുള്ള O.H. Tank ൽ കയറ്റി പുത്തൂർ, നടുപ്പൂണി, വടക്കുവീതി സമീപ പ്രദേശങ്ങൾ എന്നിവിടങ്ങളിലേക്ക് ശുദ്ധജലമെത്തിക്കുകയും അതിന് 4082 മീറ്റർ pipe line ഇടുകയും ചെയ്തു. 31 പൊതുടാപ്പുകളും 35 കണക്ഷനുകളും ഉണ്ടെങ്കിലും നിലവിലുള്ള കിണറിലെ വെള്ളത്തിന്റെ അപരാപ്തതമൂലം 1984 ൽ പുത്തൂർപുഴയുടെ തീരത്ത് ഒരു കുഴൽ കിണർ കുഴിച്ചു. അതിൽ Motor തുരക്കി നിലവിലുള്ള പദ്ധതിയിൽ 3000 പേർക്ക് ഭാഗികമായി ശുദ്ധജലമെത്തിക്കുന്നു.

ജനസംഖ്യ അനുവാതപ്രകാരം നിലവിലുള്ള മൂന്നു പദ്ധതികളിലുമായി പ്രതിദിനം (4 മണിക്കൂർ) 2 ലക്ഷം ലിറ്റർ വെള്ളമെ വിതരണം ചെയ്യുന്നുള്ളു. പഞ്ചായത്തിലെ 18525 ജനങ്ങൾക്ക് ശരാശരി ആളൊന്നിന് 11 ലിറ്റർ വെള്ളമെ ലഭിക്കുന്നുള്ളു. ഇത് ലോക ആരോഗ്യസംഘടനയുടെ കണക്ക് അനുസരിച്ച് തീരെ കുറവാണ്. പഞ്ചായത്തിലെ ശുദ്ധജലദൗർലഭ്യമാണ് ഇതിന് കാരണം.

പഞ്ചായത്തിലെ ശുദ്ധജലദൗർലഭ്യത്തെപ്പറ്റി മുൻ സർക്കാർകൾക്ക് ബോധ്യമായിട്ടുള്ളതും അതിനു പരികാരമായി കൊഴിഞ്ഞാമ്പാറ എരുത്തേമ്പതി, വടകരപ്പതി എന്നീ മൂന്നു പഞ്ചായത്തുകൾക്കും കൂടി 1993 ൽ തുടങ്ങിവെച്ച CAR WSS to Kozhinjampara & adjoining Village ന്റെ ആദ്യഘട്ടപണികൾ KWA നടത്തിക്കൊണ്ടിരിക്കുന്നു. ഇതിന്റെ രണ്ടു, മൂന്നു ഘട്ടങ്ങൾ സർക്കാറിന്റെ അനുമതിക്കായി കാത്തിരിക്കുന്നു.

K.W.A മൂന്നു പഞ്ചായത്തിലും കൂടി മൂന്നു ഘട്ടമായി നടപ്പിലാക്കികൊണ്ടിരിക്കുന്ന സമഗ്രശുദ്ധജല വിതരണ പദ്ധതിയുടെ വിശദവിവരം .

കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലെ കുണങ്കാട്ടുപതിയിൽ ചിറ്റൂർ പുഴയിൽ നിർമ്മിച്ചിട്ടുള്ള തടയണ യിൽ നിർമ്മിച്ചിട്ടുള്ള കിണറിൽ നിന്ന് ശേഖരിക്കുന്ന വെള്ളം അവിടെ നിന്നും പമ്പ് ചെയ്ത് എരുത്തേമ്പതി പഞ്ചായത്തിലെ മൂങ്കിൽ മടയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന SMLD കപ്പാസിറ്റിയു ള്ള ജലശുദ്ധീകരണശാലയിൽ ശുദ്ധീകരിക്കുന്ന വെള്ളം അവിടെതന്നെ നിർമ്മിഉച്ചുകൊണ്ടിരിക്കുന്ന 7 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഓവർഹൗസ് ടാങ്കിൽ കയറ്റി എരുത്തേമ്പതി പഞ്ചായത്തിലും കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൻെറ താഴ്ന്ന പ്രദേശങ്ങൾക്ക് നേരിട്ടും കൊഴിഞ്ഞാമ്പാറ പഞ്ചായ ത്തിലെ ഉയർന്ന പ്രദേശങ്ങൾക്ക് നിലവിലുള്ള ഓവർ ഹൗസ് ടാങ്കിൽ വെള്ളം എത്തിച്ചു അവിടെ നിന്നും വടകരപ്പതി പഞ്ചായത്തിലെ പൊളിപ്പാറ, ഒഴലപ്പാതി എന്നിവിടങ്ങളിൽ പുതിയ ഓവർ ഹൗസ് ടാങ്ക് നിർമ്മിച്ചു. അവിടെ കുടിവെള്ളം എത്തിക്കുവാൻ ഉള്ളതാണ് ഈ പദ്ധതി. ഇതിൻെറ ഒന്നാം ഘട്ടത്തിനുള്ള അനുമതി മാത്രമേ ഇപ്പോൾ സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളു.

പരിഹാര നിർദ്ദേശം

ഈ പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടത്തിൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ശുദ്ധജ ലവിതരണം നടത്താം.

ജലസേചനം

R.V.P. പുത്തൂർ, കോരയാർപുഴയുടെ തെക്കുവശത്ത് കുഴിച്ചിട്ടുള്ള കുഴൽ കിണറിൽ ധാരാളം വെള്ളം ലഭിക്കുമെന്നതിനാൽ അതിൽ മോട്ടോർ ഘടിപ്പിച്ച് ജലവിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ശുദ്ധജല ശ്രോതസ്സുകൾ

പട്ടിക 1

| പൊതുകിണർ | | കിണറുകൾ<br>സ്വകാര്യ കിണർ | | കുഴൽ കിണർ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| .വെള്ളം ഉള്ളത് | ഇല്ലാത്തത് | വെള്ളം ഉള്ളത് | ഇല്ലാത്തത് | | |
| | 26 | | 576 | 59 | 661 |

# പൊതുജനാരോഗ്യം

വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ പിന്നിട്ടു നിൽക്കുന്ന പ്രദേശമായ ഈ പഞ്ചായത്തിൽ ഇന്നും അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും നിലനിൽക്കുന്നു. ആരോഗ്യ നിലവാരത്തിൻെറ കാര്യത്തിൽ ഈ പ്രദേശം വളരെ പിന്നോക്കവസ്ഥയിലാണ് 80% ജനങ്ങളും തുറസ്സായ സ്ഥലങ്ങളിലാണ്. അവരുടെ പ്രാഥമികാവശ്യങ്ങൾ നിറവേററുന്നത്. പൊതുകക്കൂസുകളോ, കുപ്പത്തൊട്ടികളോ, ഇവിടെ നിലവിലില്ല. അഴുക്കുചാൽ പദ്ധതി ചില സ്ഥലങ്ങളിൽ ഉണ്ടെങ്കിലും വേണ്ടവിധത്തിൽ പ്രയോജനപ്പെടുന്നില്ല.

ആധുനിക ചികിത്സാ സൗകര്യങ്ങളൊന്നും ഈ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം അന്ധ വിശ്വാസ ഇടിലമായ ചികിത്സ സമ്പ്രദായമാണ് ഭൂരിപക്ഷം ജനങ്ങളും പിൻതുടർന്ന് വരുന്നത്. ആധുനിക ശാസ്ത്രവും ചികിത്സാ സമ്പ്രദായവും പുരോഗമിച്ച ഈ കാലഘട്ടത്തിൽ ഇതിന് കുറെയൊക്കെ വ്യത്യാസം കണ്ടുതുടങ്ങിയിട്ടുണ്ട്. എങ്കിലും ചുരുക്കം ചിലരെങ്കിലും ഇത്തരം പ്രാകൃതരീതികൾ അനുവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ ആകെ 4 മാതൃ സംരക്ഷണ കേന്ദ്രവും ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രവും ഒരു ഹോമിയോ ആശുപത്രിയുമുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങൾക്കാവശ്യമായ ഉപകരണങ്ങളോ മററ് സാഹചര്യങ്ങളോ ഇല്ലാത്തതിനാൽ ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിൽ കിടത്തി ചികിത്സിക്കുന്നതിനുള്ള ചികിത്സാ സൗകര്യമുള്ള ആശുപത്രികൾ ഇല്ല. ഇതിനായി ഏകദേശം 10 കി.മി. അധികം സഞ്ചരിക്കേണ്ടതുണ്ട്. വിദഗ്ധ ചികിത്സക്കായി 90 കിലോമീററിലധികം സഞ്ചരിക്കണം.

1995_96 വർഷത്തിൽ പഞ്ചായത്തിൽ വയറിളക്കം, കോളറ, എന്നീ പകർച്ച വ്യാധികൾ റിപ്പോർട്ട് ചെയ്യപ്പടുകയുണ്ടായി. ഇതിനുള്ള പ്രധാന കാരണം ജനങ്ങളുടെ അജ്ഞതയാണ്. ശരിയായ ബോധവൽക്കരണ പ്രവർത്തനത്തിലൂടെ ഈ പ്രശ്നം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്. ഈ പഞ്ചായത്തിലെ ജനനനിരക്ക്, 10ഉം മരണ നിരക്കം 5ഉം ആണ്.

പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്ത് നിവാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാനുള്ള പുകവലി, മുറുക്, മദ്യപാനം എന്നിവ പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ വഴി നിയന്ത്രണ വിധേയമാക്കേണ്ടതുണ്ട്. രക്തദാനം, നേത്രദാനം എന്നിവയെ ക്കുറിച്ചുള്ള ഭയാശങ്കകൾ അകററി ജനങ്ങളെ ബോധവൽക്കരിക്കേണ്ടതാണ്. നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തിയാൽ "ശുചിത്വ ഗ്രാമം ആരോഗ്യ ഗ്രാമം" എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുമാറാവാൻ കഴിയും.

2. പഞ്ചായത്ത് പ്രദേശത്തുള്ള 4 സബ് സെൻററുകളിൽ ആഴ്ചയിൽ മൂന്ന് ദിവസമെങ്കിലും ഡോക്ടർ നേരിൽ വന്ന് രോഗികളെ പരിശോധിക്കുവാനുള്ള സംവിധാനവും ചെയ്യേണ്ടതാണ്.

3. ജലജന്യരോഗങ്ങൾ വർദ്ധിച്ച് വരുന്നതുകൊണ്ട് ഓരോ വീടുകളിലും

കക്കൂസുകൾ നിർമ്മിക്കുവാനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം.

4. ആരോഗ്യവിദ്യാഭ്യാസം വർദ്ധിപ്പിക്കുന്നതിനായി ലളിതമായ ഭാഷയിലുള്ള പ്രസിദ്ധീകരണങ്ങളും ലഘുരേഖകളും വിതരണം ചെയ്യേണ്ടതാണ്. സിനിമാ പ്രദർശനങ്ങളിലൂടെ ജനങ്ങൾക്ക് അറിവ് പകർന്ന് കൊടുക്കേണ്ടതാണ്.

5. ഹെൽത്ത് സെമിനാർ സിമ്പോസിയം എന്നിവ സംഘടിപ്പിക്കണം.

പൊതുജനാരോഗ്യം

1_ാം വാർഡ്

ഈ വാർഡിൽ പൊതുജനങ്ങളുടെ ആരോഗ്യം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശുഷ്കമാണ്. ജനങ്ങൾക്കാവശ്യമായ ആരോഗ്യ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. 90% ആളുകളും ജീവിക്കുന്നത് മോശമായ പരിതസ്ഥിതിയിലാണ്. പൊതുജനങ്ങൾക്കാവശ്യമായ കക്കൂസുകൾ നിർമ്മിക്കുന്നതിന് സഹായധനം നൽകണം. പൊതുനിരത്തുകൾ വൃത്തിയാക്കുന്നതിന് ആവശ്യമായ ജോലിക്കാരെ നിയമിക്കണം. നിലവിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കണം. കുമാരനൂരിൽ ഒരു പൊതു ശ്മശാനം വേണം.

2_ാം വാർഡ്

നിലവിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രം പ്രവർത്തനക്ഷമമല്ല. ജനങ്ങളുടെ ആരോഗ്യ സ്ഥിതി വളരെ മോശമാണ്. പൊതുജന ആരോഗ്യ സ്ഥിതി വർദ്ധിപ ിക്കുന്നതിനായി കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. തെരുവുകൾ വൃത്തിയാക്കുന്നതിനായി സ്വീപ്പർ മാരെ നിയമിക്കണം. പൊതുസ്ഥലങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപിക്കണം.

3_ാം വാർഡ്

ഈ വാർഡിൽ ആരോഗ്യ കേന്ദ്രത്തിൻെറ സബ്ബ് സെൻററർ പ്രവർത്തിക്കുന്നു. അവിടത്തെ പ്രവർത്തനം കാര്യക്ഷമമമായി നടക്കുന്നില്ല. പൂർണ്ണമായ തോതിൽ നടപ്പിൽ വരുത്തണം. ഇതിൻെറ പ്രവർത്തനത്തിന് ആവശ്യമായ ജലസേചന സൗകര്യം മരുന്ന് എന്നിവ ലഭ്യമാക്കുന്നതിന് സത്വര നടിപടികൾ സ്വീകരിക്കുക. ജനങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനായി സഹായങ്ങൾ നൽകേണ്ടതാണ്. വഴുക്കുപാറ ചിന്നമൂലത്തറ എന്നീ സ്ഥലങ്ങൾക്ക് ഒരു പൊതു ശ്മശാനം ഉണ്ടാക്കണം.

4_ാം വാർഡ്

ജനങ്ങളുടെ ആരോഗ്യ സ്ഥിതി വളരെ മോശമാണ്. ചിലയിനം പകർച്ച വ്യാധികൾ (വയറിളക്കം) ഈ മേഖലയിൽ ഉണ്ട്.

ഈ വാർഡിൽ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ വക സബ്ബ് സെൻറർ സ്ഥാപിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണം. കക്കൂസ് നിർമ്മിക്കുന്നതിനുള്ള സഹായങ്ങൾ ലഭ്യമാക്കണം.

5_ാം വാർഡ്

ഈ വാർഡിൽ നിന്ന് ആശുപത്രിയിലേക്ക് എത്തി ചേരുന്നതിന് 5 കി.മി. അധികം യാത്രചെയ്യണം. പനി, വയറിളക്കം എന്നിവ ഇവിടെ സാധാരണ ഉണ്ടാകാറുള്ള രോഗങ്ങളാണ്. 80% വീടുകളിലും കക്കൂസ് സൗകര്യങ്ങൾ ഇല്ല. ഇവിടെയുള്ള I.P.P.

ആരോഗ്യകേന്ദ്രത്തിൽ ശുചിത്വം ഇല്ല. ആവശ്യമായ വസ്തു വകകൾ ലഭ്യമല്ല. ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കണം. കക്കൂസുകൾ പണിയുന്നതിന് വേണ്ട ധനസഹായങ്ങൾ നൽകണം. പരിസര ശുചീകരണത്തിന് വേണ്ട പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടപ്പിൽ വരുത്തണം. 5_ാം വാർഡിലും 6_ാം വാർഡിലും കൂടി അനുയോജ്യമായ സ്ഥലത്ത് ഒരു പൊതു ശ്മശാനം വേണം.

6_ാം വാർഡ്

ഈ വാർഡിലെ ജനങ്ങളുടെ ആരോഗ്യ സ്ഥിതി പൊതുവെ മോശമാണ്. കക്കൂസ് അസൗകര്യങ്ങൾ പരിമിധമാണ്. പകർച്ച വ്യാധികൾ സാധാരണമാണ്. കുടിവെള്ള സൗകര്യകുറവാണ് ഇതിനു കാരണം. പ്രാഥമിക ആരോഗ്യകേന്ദ്രം ഇല്ല. പൊതുനിരത്തുകൾ വൃത്തിയുള്ളതല്ല. പഞ്ചായത്ത് തലത്തിലുള്ള ശുചീകരണ പ്രവർത്തനങ്ങൾ വളരെ കുറവാണ്. ശുചീകരണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിക്കുകയും കക്കൂസുകൾ നിർമ്മിക്കുന്നതിനു വേണ്ട സഹായങ്ങൾ ചെയ്യുക.

7_ാം വാർഡ്

ജനങ്ങൾ അവരുടെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് വേണ്ട സൗകര്യങ്ങൾ ഇല്ല. പൊതുവെ മോശമായ പരിതഃസ്ഥിതി യിലാണ്. ഇവിടത്തെ ഭൂരിഭാഗം ജനങ്ങളും ജീവിക്കുന്നത്. കക്കൂസുകൾ ഇല്ല. സാംക്രമിക രോഗങ്ങൾ എപ്പോഴും ഇവിടെ കണ്ടുവരുന്നു. ജനങ്ങൾക്ക് ആരോഗ്യ ബോധവൽക്കരണം ആവശ്യമാണ്. കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കണം.

8_ാം വാർഡ്

നിലവിലുള്ള ഹെ.ഡബ്ലി.ഡബ്ലി. സബ്ബ് സെൻററിൽ ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ മൂന്നു ദിവസമെങ്കിലും ലഭ്യമാക്കണം. ഇവിടെ ഒരു ആശുപത്രി സ്ഥാപിക്കണം അതിന് വേണ്ടി സബ്ബ് സെൻറർ ൻെറ അടുത്ത് ആരോഗ്യ വകുപ്പിൻെറ ബാക്കിയുള്ള സുമാർ 6 സെൻറ് സ്ഥലത്ത് കെട്ടിടം വെയ്ക്കുക. ഈ വാർഡിൽ മലിന ജലം ഒഴിഞ്ഞുപോകുന്നതിനാണ് അഴുക്ക് ചാലുകൾ നിർമ്മിക്കുക.

പൊതുജനങ്ങൾക്ക് കക്കൂസ്സ് നിർമ്മിക്കുന്നതിനുള്ള ധനസഹായം നൽകുക. മുഖ്യമായ പ്രദേശങ്ങളിൽ കുപ്പതൊട്ടികൾ സ്ഥാപിക്കേണ്ടതാണ്. ഈ വാർഡിൽ ഒരു ശ്മശാനം ആവശ്യമാണ്. മെത്തക്കടയ്ക്ക് സമീപമുള്ള പൊതുകിണർ (ഉപയോഗശൂന്യമായത്) മൂടുന്നതിനുള്ള നടപടികൾ സ്വീകരിക്കുണം. തെരുവുകൾ വൃത്തി യാക്കുന്നതിന് വേണ്ട ജോലിക്കാരെ ഏർപ്പെടുത്തുക.

വാർഡ് _9

ഈ വാർഡിൽ ഒരു ഹോമിയോ ഡിസ്പെൻസറിയുണ്ട്. ഇതിന് സ്വന്തമായി ഒരു കെട്ടിടം ഇല്ല. ആവശ്യത്തിന് മരുന്നും ലഭ്യമല്ല. 8_ാം വാർഡിൽ സ്ഥിതി ചെയ്യുന്ന സബ്ബ് സെൻററിനോട് അനുബന്ധിച്ചുള്ള സുമാർ 6 സെൻറ് സ്ഥലത്തിൽ ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം പണിയുക. 90% വീടുകളിലും കക്കൂസുകൾ ഇല്ല.

അങ്കണവാടികളിലെ പോഷകാഹാര വിതരണ സംവിധാനം മെച്ചപ്പെടുത്തുക. ഈ വാർഡിൽ പൊതു ശ്മശാനം ആവശ്യമാണ്. പഞ്ചായത്തിൻ നിന്നും ശവവണ്ടികൾ ഏൾപ്പാടാക്കുക. കവുണ്ടൾ കളത്തിലുള്ള പഞ്ചായത്ത് കളി സ്ഥലത്തിന് ചുററു മതിൽ കെട്ടി സംരക്ഷിക്കുക. ഈ പഞ്ചായത്തിന് അകത്തുള്ള ഡ്രൈനേജുകൾ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും വൃത്തിയാക്കുകയും കൊതുകുശല്യത്തിന് എതിരെ മരുന്ന് അടിക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്ത് പരിധിക്കകത്തുള്ള എലഞ്ചാ ശ്മശാനങ്ങളും വൃത്തിയാക്കി ചുററുമതിൽ കെട്ടി (കൾവർട്ടുകൾ നിർമ്മിച്ചും) അകത്ത് ഷെൽട്ടർ ഷെഡും ഉണ്ടാക്കേണ്ടതാണ്. ഈ വാർഡിൽ ഒരു വൈദ്യുത ശ്മശാനം നിർമ്മിക്കണം.

പൊതുജനാരോഗ്യം

1. വീടുകൾ തോറും രണ്ട് വീതം പ്ളാസ്ററിക് വേയ്സ്ററ് ബോക്ക്സ് വിതരണം ചെയ്യുക.

2. പഞ്ചായത്തിലെ വാർഡുകളിലെ വേസ്ററുകൾ നീക്കം ചെയ്യാൻ വാർഡ് അടിസ്ഥാനത്തിൽ ആളെ നിയമിക്കുക.

3. അവ ഒരു സ്ഥലത്ത് എത്തിക്കുവാൻ വാഹന സൗകര്യം ഏർപ്പെടുത്തുക.

4. അവയെ നശിപ്പിക്കാനുള്ള സ്ഥലം കണ്ടെത്തുക.

5. ആശുപത്രി വേസ്ററുകൾ നശിപ്പിക്കാൻ ഇൻസിറേറ്ററുകൾ സ്ഥാപിക്കുക (ചൂളകൾ)

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളെയും കൂട്ടിയിണക്കിയാൽ "ശുചിത്വ ഗ്രാമം ആരോഗ്യ ഗ്രാമം" എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി മാററുവാൻ നമുക്ക് കഴിയും അതിനാകട്ടെ ഇനിയുള്ള നമ്മുടെ മുഴുവൻ ശ്രമവും

1. സ്കൂൾ ഹെൽത്ത് പ്രോഗ്രാം : സ്കൂൾ ഹെൽത്ത് പ്രോഗ്രാമിൽ 5 എൽ.പി.യു.പി സ്കൂളിൽ കുട്ടികളുടെ ആരോഗ്യ പരിശോധനയും കുത്തിവെയ്പ്പുകളും നടത്തുകയുണ്ടായി. അടുത്ത പദ്ധതിയിൽ ആദ്ധ്യാപകർക്കും കുട്ടികൾക്കും ആരോഗ്യവിദ്യാഭ്യാസവും മാസം തോറും ഉള്ള കുട്ടികളുടെ പരിശോധനയ്ക്ക് ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും ചെയ്യുക. സ്കൂൾ കുട്ടികളുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള കക്കൂസ്, മൂത്രപ്പുര എന്നിവ നിർമ്മിക്കുക.

2. മഹിളാ സ്വസ്തസംഘ് (M.S.S.):

ഇത് സ്ത്രീകളുടെ ആരോഗ്യത്തിൻെറ ഉന്നമനത്തിനുവേണ്ടി ആരംഭിച്ച പദ്ധതിയാണ്. R.V.P. പുതൂർ സബ്ബ് സെൻററിൻെറയും കീഴിലും മല7ാണ്ടി കൗണ്ടഡർ സബ്ബ് സെൻററിൻെറ കീഴിലുമായി 2 ശ.എ.എ. യൂണിററുകൾ പ്രവർത്തിക്കുന്നു. ഇതിൽ മാസം തോറും വിവിധ ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ക്വിസ്സ് പ്രോഗ്രാം, ബേബി ഷോ, സെമിനാർ എന്നിവ

നടത്തുകയും ചെയ്യുന്നു.

9_ാം പദ്ധതിക്കാലത്ത് ഇത് വിപുലമാക്കുകയും ഇത് വിപുലമാക്കുകയും ആയത് എല്ലാ വാർഡിലും ശ്എഎ അനുവധിക്കുകയും വിധൂരരെകൊണ്ട് പരിശീലനം നൽകുകയും ചെയ്യുക. MSS മെമ്പർമാരിലൂടെ പൊതു ജനങ്ങൾക്കു കിട്ടത്തക്കവിധം കാര്യക്ഷമമാക്കുക.

3. മെഡിക്കൽ ക്യാമ്പ്:

കഴിഞ്ഞ 95_96 വർഷത്തിൽ മുകിൽമട RVP പുതൂർ മലയാണ്ടി കവുണ്ടർ എരുത്തേമ്പതി എന്നീ സ്ഥലങ്ങളിൽ മെഡിൽ ക്യാമ്പ് സംഘടിപ്പിച്ചു. ഇതു സാംഭുമിക രൊഗങ്ങൾ പൊട്ടിപുറപ്പേടുമ്പോഴാണ് സാധാരണ നടത്താറു.

അടുത്ത പദ്ധതിയിൽ ജനസാന്ദ്രത കൂടുതലുള്ള സ്ഥലങ്ങളിൽ മുൻ കരുതലെന്ന നിലയിൽ കൂടുതൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും വിദഗ്ധ ഡോസക്ടർമാരുടെ സേവനവും ആവശ്യത്തിനുള്ള മരുന്നുകളും ഫൈറൽ സിസ്ററവും ഏർപ്പാടു ചെയ്യുക.

4. ഓറിയൻേറഷൻ ക്യാമ്പ്:

ഓറിയൻേറഷൻ ക്യാമ്പുകൾ ഇപ്പോൾ കൃത്യമായി നടത്താറില്ല. കാലാനുസൃതമായി ആരോഗ്യ രംഗത്തുണ്ടാകുന്ന മാററങ്ങൾ ജീവനക്കാർ അറിയുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുക. പങ്കെടുക്കുന്ന ജീവന?ക്കാർക്ക് TA,DA എന്നിവ ഉടനടി നൽകുക.

5. ന്യൂട്രേഷൻ ക്യാമ്പ്:

ഫണ്ടിൻെറ അഭാവം മൂലം വളരെ അപൂർവ്വമായ നടത്താറുള്ളൂ. SC/ST കോളനികൾ ലക്ഷം വീട് കോളനികൾ എന്നിവടങ്ങളിലെ ജനങ്ങൾക്ക് മുൻഗണന കൊടുത്ത് കൂടുതൽ ക്യാമ്പുകൾ സംഘടിപ്പിക്കുക. വീടുകളുടെ വളപ്പിൽ പച്ചക്കറി തോട്ടങ്ങൾ നിർമ്മിക്കുന്നതിനുള്ള വിത്തുകളും ലഘു ലേഖകളും സൗജന്യമായി ക്യാമ്പിലൂടെ വിതരണം ചെയ്യുക.

6. മലമ്പനി നിർമ്മാർജ്ജന പരിപാടി:

ഈ വർഷം പഞ്ചായത്തിലെ ജനങ്ങളിൽ നിന്ന് 693 രക്ത സാമ്പിളുകൾ മലേറിയ പരിശോധനയ്ക്കായി ശേഖരിച്ചു. പരിശോധനയിൽ ഇവരാർക്കും മലേറിയ ഇല്ലെന്നു തെളിഞ്ഞു.

കേരളത്തിൽ അങ്ങോളമിങ്ങോളം മലമ്പനി കേസുകൾ കണ്ടു തുടങ്ങുന്നതിനാൽ കൂടുതൽ പേരേ പരിശോധനാ വിധേയരാക്കാൻ വേണ്ട സാമഗ്രഹികളായ സ്പൈഡ്, സ്പിരിറ്റ്, പഞ്ഞി, ഹെഡ് സോൺ സൂചി എന്നിവ വേണ്ടത്ര ലഭ്യമാക്കുക. വണ്ണാമട പി.എച്ച്.സി. യിൽ ഒഴിഞ്ഞു കിടക്കുന്ന ലാബ്രോട്ടറി ടെക്നീഷ്യൻെറ തസ്തിക നികത്തുക. എൻ.എം.ഇ.പിയിൽ ജോലിചെയ്യുന്നവർക്ക് P.C.A., P.T.A. എന്നിവ നൽകുക.

7. Palse Polio Inumeristion: പഴസ് പോളിയോവിലൂടെ മുൻ വർഷങ്ങളിൽ

പഞ്ചായത്തിലെ 3 വയസ്സിനു താഴെയുള്ള എല്ലാകുട്ടികൾക്കും തുള്ളി മരുന്ന് കൊടുക്കണം.

7.12.96, 18.1.97 എന്നീ തിയ്യതികളിൽ 5 വയസ്സിനു താഴെയുള്ള എല്ലാകുട്ടികൾക്കും തുള്ളിമരുന്ന് കൊടുക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതികാലത്ത് പരിപാടിയേ കുറിച്ചുള്ള പബ്ളിസിററി ആവശ്യത്തിനു വേണ്ട മരുന്ന് മരുന്ന് പോസ്ററലിൽ എത്തിക്കാനുള്ള വാഹന സൗകര്യം പങ്കെടുക്കുന്ന അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ലഘുഭക്ഷണത്തിനുള്ള സൗകര്യം ആവശ്യമാണ്.

8. ലാപ്രോ സ്കോപിക്ക് ക്യാമ്പുകൾ:

ഇഅ ക്യാമ്പുകൾ ഇപ്പോൾ ചിററൂർ ആശുപത്രിയിലാണ് നടത്താറുള്ളത്. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനായി കൊഴഇഞ്ഞാമ്പാറ ഗവ: ആശുപത്രയിലോ വണ്ണാമട P.H.C.യിലോ സംഘടിപ്പിച്ചാൽ നന്നായിരുന്നു. വന്ധ്യകരണ ശാസ്ത്ര ക്രിയക്ക് വിധേയരാകുന്നവർക്ക് ഇപ്പോൾ നൽകിവരുന്ന പ്രോത്സാഹന തുക 145 രൂപയിൽ നിന്ന് 500 രൂപയായി ഉയർത്തുക. പ്രേരിപ്പിക്കുന്ന ആരോഗ്യ പ്രവർത്തകർക്ക് നൽകി വരുന്ന പ്രേരണ തുക 5 രൂപയിൽ നിന്ന് 50 രൂപയാക്കി ഉയർത്തുക. ശാസ്ത്ര ക്രിയക്കം വിധേയരായവരെ വീട്ടിൽ കൊണ്ടുപോകുവാനുള്ള വാഹന സൗകര്യം ലോട്ടറി ടിക്കററുകൾ എന്നിവ പുന: സ്ഥാപിക്കുക.

9. താത്കാലിക ഗർഭ നിരോധന മാർഗ്ഗങ്ങൾ:

താത്കാലിക ഗർഭ നിരോധ നാപാധികളുടെ ലഭ്യത യഥാസമയം ഉറപ്പുവരുത്തുക. ജനപ്പെരുപ്പത്തിൻെറ ഭവിഷ്യത്തുകളെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനായി വാർത്താ വിനിമയ മാദ്ധ്യമങ്ങൾ (ബോർഡ്, പെയ്ൻറിങ്ങ്, സിനിമ സ്ലൈഡുകൾ) എന്നിവ സംഘടിപ്പിക്കുക. എയിഡ്സിനെതിരായി നിരോധിൻെറ കൗണ്ടറുകൾ ഇറക്കുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക.

10. സാർവ്വത്രിക രോഗ പ്രതിരോധ കുത്തിവെപ്പ്:

ഇപ്പോൾ വണ്ണാമട പി.എച്ച്.സി യിൽ എല്ലാ ബുധനാഴ്ചയും നടത്തി വരുന്ന അംഗൻവാടികൾ സബ്ബ് സെൻററുകൾ എന്നിവിടങ്ങളിൽ പ്രതിമാസം പ്രോഗ്രാം നടത്താനുള്ള സൗകര്യങ്ങൾ (വാഹനം, ഇന്ധനം, വാക്സിനുകൾ) സിറിഞ്ചുകൾ, സൂചികൾ) എർപ്പെടുത്തുക. ഓരോ സബ്ബ് സെൻറുകളിലും വാക്സിജനുകൾ സൂക്ഷിക്കുന്നതിന് നിനു റഫ്രിജറേറ്ററുകൾ നൽകുക. പ്രോഗ്രാമിൻെറ വിജയത്തിനായി ഒഴിഞ്ഞുകിടക്കുന്ന ആരോഗ്യ പ്രവർത്തകരുടെ ത്സതികകൾ നികത്തുക. 5000 ജനസംഖ്യക്കം ഒരു JPHN ഒരു JHI എന്ന രണ്ട് JHJ മാരേ നിലവിലുള്ളൂ. രണ്ടു JHJ ത്തികകൂടി പുതുതായി അനുവധിക്കുക.

11. സാംക്രമിക രോഗങ്ങൾ: ഇവിടെ സാധാരണയായി കണ്ടുവരുന്ന സാംക്രമിക രോഗങ്ങൾ വയറിളക്കം, പനി, മഞ്ഞപ്പിത്തം ക്ഷയം, എന്നിവയാണ് ശുദ്ധമായ കുടിവെള്ളത്തിൻെറ അപര്യാപ്തത കക്കൂസിൻെറ അഭാവവുമാണ് മിക്ക രോഗങ്ങളുടെ നിദാനം. രോഗങ്ങൾ നിയന്ത്ര വിധേയമാക്കാനുള്ള മരുന്നുകൾ ആവശ്യമായ

# എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്
## സ്ഥാപന വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | ഇനം | കെട്ടിടം സ്വന്തം വാടക | ഉദ്യോഗ സ്ഥരുടെഎണ്ണം | സ്ഥാപിച്ചവർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | പ്രാഥമിക ആരോഗ്യകേന്ദ്രം വണ്ണാമട | അലോപ്പതി | ഗവൺമെൻറ് | 21 | 29/1/1976 | ആവശ്യത്തിനുള്ള വെള്ളം വേണം IPP വാർഡിൽ വൈദ്യുതി ഇല്ല ജീവനക്കാർ കോർട്ടേഴസ് നൈററ് വാച്ചർ ഫോൺ മരുന്നുകൾ എന്നിവ നികത്തുക (ഒഴിഞ്ഞതസ്തിക നികത്തുക) |
| 2 | ഗവ.ഹോമിയോ ഡിസ്പെൻസറി കൗണ്ടൻകുളം | ഹോമിയോ | വാടക കെട്ടിടം Free Rent for Canarak Banl | 4 | മാർച്ച്92 | സംന്തം കെട്ടിടം വേണം മരുന്ന് വാട്ടർസപ്ലൈ എന്നിവ ആവശ്യമാണ് വാഹനം ഏർപ്പെടുത്തുക |
| 3 | IPP സബ് സെൻററർ എരുത്തേമ്പത് | അലോപ്പതി | ഗവൺമെൻറ് | 2 | 1991 | വാട്ടർസപ്ലൈ, മരുന്നുകൾ ഡോക്ടർ എന്നിവ ആവശ്യമാണ് |
| 4 | IPP സബ് സെൻററർ R.V.P. Puthur | " | " | 1 | 1988 | സേവനം എന്നിവ ആവശ്യമാണ് സെൻറർ അററകുററ പണികൾ നടത്തണം മരുന്ന് ആവശ്യത്തിനു വേണം ഡോക്ടറുടെ സേവനം ആവശ്യമാണ്. |
| 5 | FWC മൂങ്കിൽമട സബ്സെൻറർ | " | " | 1 | 1991 | വെള്ളം ആവശ്യമാണ് മരുന്നുകൾ ലഭ്യമാക്കുക ഡോഗ്ടറുടെ സേവനം വേണം |
| 6 | FNC സബ്സെൻറർ മയോണ്ടികവുണ്ടനൂർ | " | " | 1 | 1991 | വെള്ളം വേണം മരുന്നുകൾ ആവശ്യത്തിന് വേണം ഡോക്ടരുടെ സേവനം വേണം |

രീതിയിൽ വിതരണം ചെയ്യുക. ബ്ലീച്ചിംങ്ങ് പൗഡറിൻെറ യഥാസമയത്തുള്ള ലഭ്യത ഉറപ്പുവരുത്തുക. അഴുക്കുചാലുകൾ യഥാസമയം വൃത്തിയാക്കുക. പുതിയ ചാലുകൾ ആവശ്യമുള്ള ഇടത്ത് നിർമ്മിക്കുക. മരുന്ന് തെളി?ക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക. (സ്പെയ് മരുന്ന്, ലേബർ) അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികളെ ആറുമാസത്തിലൊരിക്കലെങ്കിലും പിടിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. അടപ്പോടുകൂടിയ കുപ്പത്തൊട്ടികൾ ആവശ്യമുള്ള സ്ഥലത്ത് സ്ഥാപിക്കുക. ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്യുന്നതിനുവേണ്ട സ്ററാഫിനെ നിയമിക്കുക. ശേഖരിച്ച മാലിന്യങ്ങൾ ഉചിതമായ സ്ഥലത്ത് നിക്ഷേപിക്കുക. സ്വീപ്പർമാരെ അതാതു TrH.J യുടെ നിയന്ത്രണത്തിൽ ആക്കുക. തുടങ്ങിയ സാംക്രമിക രോഗങ്ങളുടെ നിയന്ത്രണത്തിനുള്ള ഉപാധികളാണ്.

കോളനികളിലും ലക്ഷം വീടുകളിലും പൊതുകക്കൂസുകൾ ചിലവു കുറഞ്ഞരീതിയിൽ നിർമ്മിച്ചു കൊടുക്കുക. ഗോപാലപുരം വണ്ണാമട, പുതൂർ, എരുത്തേമ്പതി, എന്നീ സ്ഥലങ്ങളിൽ കംഫർട്ട് സ്റേറഷനുകൾ സ്ഥാപിക്കുക. പഞ്ചായത്തിലെ കക്കൂസില്ലാത്ത എല്ലാവീടുകൾക്കും ചിലവു കുറഞ്ഞ രീതിയിൽ കക്കൂസുകൾ നിർമ്മിചറു കൊടുക്കുക. കക്കൂസുകളുടെ വാതക കുഴലിൻെറ അടുത്ത് കൊതുകുവല കെട്ടാനായി സൗജന്യമായി വിതരണം ചെയ്യുക. സബ്ബ് സെൻററുകളിൽ ആവശ്യമായ മരുുകൾ ലഭ്യമാക്കുക. സബ്ബ് സെൻററിന് പബ്ലിക് വാട്ടർ ടാപ്പിൽ നിന്ന് കണക്ഷൻ നൽകുക.

12. ആരോഗ്യ വിദ്യാഭ്യാസം:

വാർഡു തലത്തിലും പഞ്ചായത്തു തലത്തിലും മാതൃസ്ഗമങ്ങൾ കുട്ടികളുടെ കുത്തിവെപ്പ് പോഷണം സമീകൃതാഹാരം പരിസര ശുചീകരണം കക്കൂസുകളുടെ ഉപയോഗം, പലതരത്തിലുള്ള സാംക്രമിക രോഗങ്ങൾ, എയിഡസ്, കുടുംബാസൂത്രണം, ദേശീയ മലമ്പനി നിർമ്മാർജ്ജന പരിപാടി, തുടങ്ങിയ വിഷയങ്ങളെ കുറിച്ച് വിപുലമായ രീതിയിൽ ജനങ്ങൾക്ക് ആരോഗ്യ വിദ്യാഭ്യാസം നൽകുവാനുള്ള ഏർപ്പാടുകൾ ചെയ്യുക. വ്യഭചാര വൃത്തി, മയക്കുമരുന്നിന് അടിമ, മാരേജ് കൗൺസിലിംഗ്, ജനസംഖ്യ, ബാല്യ ദശയിലുള്ള കുററ കൃത്യങ്ങൾ, ഗർഭം അലസിപ്പിക്കൽ, അന്ധവിശ്വാസം എന്നി വിഷയങ്ങളെ കുറിച്ച് വിപുലമായ രീതിിൽ ഇടയ്ക്കിടെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക. ആരോഗ്യ വിദ്യാഭ്യാസം നൽകുന്നവർക്ക് T.A., D.A. എന്നിവ നൽകുക.

ആശുപത്രി:

എരുത്തേമ്പതിയിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള ഒരാശുപത്രി അത്യാവശ്യമാണ്. ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തം സ്ഥലം ഏർപ്പാടാക്കി കൊടുക്കുക.

പഞ്ചായത്തിലെ ഹോട്ടലുകൾ മാർക്കററുകൾ, ഫാക്ടറികൾ, സിനിമാശാലകൾ, മില്ലുകൾ അറുവുശാലകൾ, തുടങ്ങിയ തൊഴിൽ സ്ഥാപനങ്ങൾ പുതുതായി തുടങ്ങുമ്പോൾ ബന്ധപ്പെട്ട ആരോഗ്യ പ്രവർത്തകരുടെ പരിശേഷം ലൈസൻസ് നൽകുന്നതായിരിക്കും ഉചിതം. പഞ്ചായത്തിൽ ജോലിചെയ്യുന്ന J.H.I. മാർക്ക് ഓഫീസ് അനുവധിക്കുക. ഏകീകൃത

പബ്ലിക് ഏക്ട് നിലവിൽ വരുത്തുക. പൊതുനിരത്തുകളിൽ ഭക്ഷണ പദാർത്ഥങ്ങൾ വിൽക്കുന്നവരെ കർശനമായി നിരോധിക്കുക. നിയമ വിരുദ്ധമായി പ്രവർത്തിക്കുന്നവരെ സ്ഥലത്തെ ആരോഗ്യ പ്രവർത്തകരുടെ ശിഷണ നടപടികൾക്കു വിധേയരാവാൻ വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുക.

നിലവിലുള്ള വണ്ണാമട പ്രാഥമിക ആരോഗ്യകേന്ദ്രം ഒരു ആശുപത്രിയായി ഉയർത്തി ഒരു ഡോക്ടരെ കൂടി നിയമിച്ച് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

പ്രാഥനികാരോദ്യ കേന്ദ്രം വണ്ണാമട(പി.ഒ.) പാലക്കാട് ജില്ല.

എരുത്തേമ്പതി ഗ്രാമ പഞ്ചായത്തിലെ ഒന്നാം വാർഡിൽ പ്രാഥമിക ആരോഗ്യ കേന്ദ്രം വണ്ണാമടയിൽ സ്ഥിതി ചെയ്യുന്നു. ഈ ആരോഗ്യ കേന്ദ്രത്തിൻെറ കീഴിൽ 8 സബ്ബ് സെൻററുകളാണ് ഉള്ളത്. ഇതിൽ വണ്ണാമട മെയിൽ സെൻററായും മൂങ്കിൽമട, മലയാണ്ടി കവുണ്ടനൂർ, ആർ.വി.പി. പുതൂർ, എന്നീ 4 സെൻററുകൾ എരുത്തേമ്പതി പഞ്ചായത്തിൻെറ കീഴിലും F.W.C. കൊഴിഞ്ഞാമ്പാറ (വാര്യാർചെള്ള) MPC മലക്കാട്ട് ചെള്ള (ഐയ്യാവുചെള്ള) IPP സബ്ബ് സെൻറൺ, പഴനിയാർ പാളയം FWC വലിയവള്ളംപതി (പെരുമ്പാറ ചെള്ള) എന്നീ 4 സെൻററുകൾ കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലും സ്ഥിതി ചെയ്യുന്നു. ഈ കേന്ദ്രത്തിൽ ഒരു ഡോക്ടർ, ഹെൽത്ത് ഇൻസ്പെക്ടർ (1), ലേഡീ ഹെൽത്ത് ഇൻസ്പെക്ടർ (1) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 (1) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 (3) ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് (8) ലെപ്രസി ഇൻസ്പെക്ടർ (1) എന്നിവർ ഫീൽഡ് ജീവനക്കാരെയും മററ് ആശുപത്രി ജീവനക്കാരായി ഫാർമസ്സ്ററ് (1) സ്ററാഫ് നേഴസ് (1) ക്ലർക്ക് (1) പ്യൂൺ (1) ഡ്രൈവർ(1) ലാമ്പ് ടെക്നീഷ്യൻ (1) നേഴ്സിങ്ങ് അസിസ്ററൻറ് ഗ്രേഡ്1 (1) നേഴ്സിങ്ങ് അസിസ്ററൻറ് ഗ്രേഡ്2 (1) പാർട്ടൈം സ്വീപ്പർ (1) എന്നിവർ ജോലിക്കാരാണ്.

ഇതിൽ പെൽത്ത് ഇൻസ്പെക്ടർ ലേഡീ ഹെൽത്ത് ഇൻസ്പെക്ടർ ജൂനിയ ഹെൽത്ത് ഇൻസ്പെക്ടൽ ഗ്രേഡ് ! ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്(1) ലാബ് ടെക്നീഷ്യൻ പാർടൈം സ്വീപ്പർ എന്നീ തസ്തികകളിൽ ഇപ്പോൾ ഒഴിഞ്ഞുകിടക്കുകയാണ്. മെയിൻ സെൻറർ വണ്ണാമടയിൽ ഡോക്ടർക്കും സ്ററാഫ്നേഴ്സ് മെയിൽ സെൻറർ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴസ് എന്നിവർക്കും ക്വാർട്ടേഴ്സ് അനുവദനീയമാണ്. ആശുപത്രി പ്രവർത്തനങ്ങൾക്കായി ഒരു ജിപ്പും പ്രവർത്തിക്കുന്നുണ്ട്.

നിർദ്ദേശങ്ങൾ:

1. നിലവിൽ വേക്കൻറ് ആയിട്ടുള്ള പോസ്ററുകൾ നികത്തുക.

2. നിലവിലുള്ള ഫീൽഡ് ജീവനക്കാരുടെ വർഷങ്ങളായി കിട്ടാതെ കിടക്കുന്ന PCA, PTA എന്നിവ അനുവദിച്ചു കൊടുക്കുക.

3. കേരള പബ്ലിക് ഹെൽത്ത് ആക്ട് നിലവിൽ വരുത്തുക.

4. ദൂരെ നിന്നു വരുന്ന ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവധിക്കുക.

5. നിലവിലുള്ള സബ്സെൻററുകളുടെ അററകുററ പണികളും ചില സെൻററുകളിലും പെപ്പുവെള്ളവും വൈദ്യുതി കണക്ഷനും ചെയ്തുകൊടുക്കുക. വർഷാവർഷം മെയിൻറനൻസിന് തുക അനുവദിക്കണം. വേണ്ട ഫർണിച്ചറുകൾ അനുവദിക്കുക.

6. ഈ പി.എച്ച്.സി. യിൽ 2 ഡോക്ടർമാരുടെ പോസ്ററ് വേണം.

7. എരുത്തേമ്പതി പഞ്ചായത്ത് ആസ്ഥാനമാക്കി ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 തസ്തിക അനുവദിക്കുക.

8. പ്രാഥമിക ആരോഗ്യകേന്ദ്രം വണ്ണാമടയിൽ നൈററ് വാച്ച്മാൻ പോസ്ററ് അനുവദിക്കുക.

9. ഇൻസർവ്വീസ് കോഴ്സുകൾ യഥാസമയം നടത്തുക. മെഡിസിൻ കിററ്കൾ എന്നിവ അനുവദിക്കുക.

10. ഈ പി.എച്ച്.സി യിൽ ഒരു കേഷ്വാലിററി വാർഡ് അനുവദിക്കുക.

# ഗതാഗതം

എരുത്തേമ്പതി പഞ്ചായത്ത് പഴയ കൊച്ചി രാജ്യത്തിലെ കോഴിപ്പതി, എരുത്തേമ്പതി എന്നീ റവന്യൂ വില്ലേജുകൾ ഉൾപ്പെട്ടതാണ്. തിരുവിതാംകൂർ കൊച്ചി സംയോജനത്തിനുശേഷം 1950 മുതൽ ഒരു മൂന്നാം ഗ്രേഡ് പഞ്ചായത്തായി. തുടർന്ന് 1960 ലെ കേരള പഞ്ചായത്ത് നിയമം അനുസരിച്ച് രണ്ടാംഗ്രേഡായും ഇപ്പോൾ ഒന്നാംഗ്രേഡ് പഞ്ചായത്തായും ഉയർത്തപ്പെട്ടു. ആദ്യകാലത്ത് 25 കി.മീ. ദൂരമില്ല 4 മൺറോഡുകൾ മാത്രമായിരുന്നു. അത് ഗതാഗതത്തിന് വളരെ അപര്യാപ്തമായിരുന്നു.

എന്നാൽ ഇന്നത്തെ നില താഴെ പറയുന്ന പ്രകാരമാണ്.

| | | |
|---|---|---|
| 1. | ഡിൾഅ ടാർ ചെയ്തറോഡ് | 22 കി.മീ. |
| 2. | പഞ്ചായത്ത് ടാർ റോഡ് | 9 ,, |
| 3. | പഞ്ചായത്ത് മെറ്റൽ റോഡ് | 17 ,, |
| 4. | പഞ്ചായത്ത് മറ്റുറോഡുകൾ | 37 ,, |

എരുത്തേമ്പതി, കൊഴിഞ്ഞാമ്പാറ എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോരയാർ പുഴക്ക് മീതെയുള്ള പാലം ( ഹെർബെർട്ട് ബ്രിഡ്ജ് ) 1933 ൽ ( കൊല്ലവർഷം 1109 ) നിർമ്മിച്ച് ഗതാഗതത്തിന് തുറന്നുകൊടുത്തു. ആദ്യകാലത്ത് കൊഴിഞ്ഞാമ്പാറ, നടുപ്പുണി ഡിൾഅ റോഡിൽ രണ്ടുബസ്സുകൾ മാത്രമാണ് ഓടിയിരുന്നത്. എന്നാൽ കൊഴിഞ്ഞാമ്പാറ ഗോപാലപുരം റോഡിൽ ധാരാളം ബസുകൾ ഓടിയിരുന്നു.

എന്നാൽ ഇന്നു രണ്ട് റോഡുകളിലും ധാരാളം ബസ്സുകൾ ഓടുന്നുണ്ടെങ്കിലും യാത്രാക്ലേശം തീർന്നിട്ടില്ല. ആയത് പരിഹരിക്കരിക്കുന്നതിന് ഉടനടി റോഡുകൾ നന്നാക്കുകയും കൂടുതൽ ബസ്സുകൾ ഓടിക്കുന്നതിനുവേണ്ട നടപടിയും സ്വീകരിക്കേണ്ടതാണ്. ഈ പഞ്ചായത്തിൽ തീവണ്ടി ഗതാഗതം ഇല്ല. ഏറ്റവും അടുത്ത തീവണ്ടി ആപ്പീസ് 35 കിലോമീറ്റർ അകലെയുള്ള പാലക്കാടാണ്.

ഈ പഞ്ചായത്ത് ഒരു ഒന്നാം ഗ്രേഡ് പഞ്ചായത്താണെങ്കിലും വേണ്ടത്ര വരുമാനമാർഗ്ഗങ്ങൾ ഇല്ല. അതിനാൽ മരാമത്തുപണികൾ നടത്തുന്നതിന് സർക്കാരിനെ ആശ്രിയിക്കേണ്ടിയിരിക്കുന്നു. റോഡുകളുടെ നിലവിലുള്ള അവസ്ഥ തീരെ തൃപ്തികരമല്ലാതിരിക്കുകയാണ്. ഉടനടി എല്ലാ റോഡുകളുടെയും അറ്റകുറ്റപണികൾ നടത്തി ഗതാഗതയോഗ്യമാക്കിത്തീർക്കേണ്ടതാണ്. ഈ പഞ്ചായത്തിലെ എല്ലാവാർഡിലുമുള്ള പൊതു ഇടവഴികൾ ഇപ്പോൾ വളരെ ഇടുങ്ങിയും ഗതാഗതത്തിന് അനുയോജ്യമല്ലാതെയുമാണ് കാണുന്നത്. ടി വഴികൾ മുഴുവനും വീതികൂട്ടി ആവശ്യമായ സ്ഥലങ്ങളിൽ റാമ്പുകൾ, സൈഡ് ഡ്രൈനേജുകൾ മുതലായവ നിർമ്മിച്ച് മെറ്റൽ ചെയ്തു ഗതാഗതയോഗ്യമാക്കേണ്ടതാണ്. പഞ്ചായത്തിലെ റോഡുകളുടെ വിശദവിവരങ്ങൾ ചുവടെ

പട്ടികകളിൽ ചേർത്തിരിക്കുന്നു. കൊഴിഞ്ഞാമ്പാറ പഞ്ചായത്തിനെയും ഈ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന കോരയാർ പുഴപ്പാലം വളരെയധികം കേടുവന്ന അപകടനിലയിലാണ്. ആയത് ഉടനടി പുതുക്കിപ്പണിയുന്നതിന് വേണ്ട സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. എരുത്തേമ്പതി കൗണ്ടൻകളം പിരിവിൽനിന്നും തുടങ്ങി കൗണ്ടൻകളം വഴി വടക്കോട്ട് വരട്ടയാർ പുഴകടന്ന് വടകരപ്പതി പഞ്ചായത്തിലേക്ക്പോകുന്ന പഞ്ചായത്ത് റോഡ് മെറ്റൽ ചെയ്ത് ടാർചെയ്യേണ്ടതും വരട്ടയാർ പുഴക്കുമീതെ ഒരു കോസ്‌വെ നിർമ്മിക്കേണ്ടതുമാണ്. പൊതിക്കല്ലിൽ നിന്നും അയ്യന്മാർ കാലായിവഴി അനുപ്പൂർ പാതയിൽചെന്നുചേരുന്ന റോഡിൽ വരട്ടയാർ പുഴക്കുമീതെ ഒരു ക്രോസ്‌വെ നിർമ്മിക്കേണ്ടതാണ്. എല്ലപ്പട്ടാൽ കോവിലിൽ നിന്നും വില്ലുന്നി വഴി വടകരപ്പതി പഞ്ചായത്തിലേക്ക് പോകുന്ന റോഡിൽ നിലവിലുള്ള ക്രോസ്‌വെ അറ്റകുറ്റപണികൾ നടത്തി പാലത്തിന്റെ മുകൾഭാഗത്ത് കോൺക്രീറ്റ് ചെയ്യേണ്ടതാണ്.

റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമുതലായിട്ടുള്ളത് ജനശക്തിയാണ്. ശ്രമദാനം മൂലം പുതിയ റോഡുകളുടെ നിർമ്മാണം നടത്താം. പഞ്ചായത്തിന്റെ പരിമിതമായ ജനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും സുലഭമായ ആൾബലവും പരിഗണിക്കുമ്പോൾ റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചിലവിന്റെ 1/5 ഭാഗമെങ്കിലും ശ്രമദാനദിനങ്ങളുടെ വിലയും പൊതു സംഭാവനയും ചേർന്നതായാൽ നമ്മുടെ റോഡ് സംബന്ധമായ ആവശ്യങ്ങൾ വരുന്ന 5 വർഷം കൊണ്ട് നിറവേറ്റുവാൻ കഴിയും.

## പട്ടിക 1
## റീ - ടാറിംഗ് ചെയ്യേണ്ട റോഡുകൾ

| ക്രമനമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ. |
|---|---|---|---|
| 1. | 3 | വണ്ണാമട - മലയാണ്ടി കവുണ്ടനൂർ റോഡ് | 2.5 |
| 2. | 4 | ആർ.വി.പി. പുതൂർ - ഗോപാലപുരം റോഡ് | 5.5 |
| 3. | 9 | എല്ലപ്പാടൻ കോവിൽ - വില്ലുന്നിറോഡ് | 1.6 |

## പട്ടിക 2
## പുതുതായി ടാർചെയ്യേണ്ട റോഡുകൾ

| | | | |
|---|---|---|---|
| 1 | 1 | മുങ്കിൽമട - നഞ്ചന്താവളംറോഡ് | 3.0 |
| 2 | 2 | വണ്ണാമട - കുമാരനൂർ റോഡ് | 2.0 |
| 3 | 3 | മൂലത്തറ - മലയാണ്ടികൗണ്ടനൂർ റോഡ് ( കരുമണ്ണ മുതൽ ) | 4.0 |

| | | | |
|---|---|---|---|
| 4 | 4 | വണ്ണാമട – കരുമാണ്ട കൗണ്ടനൂർ റോഡ് | 2.0 |
| 5 | 5 | നടുപ്പുണി – താവളം റോഡ് | 1.6 |
| 6 | 7 | എരുത്തേമ്പതി – പുടാരിമേട് – പൊതിക്കൻറോഡ് | 2.0 |
| 7 | 8 | പുങ്കൻതറ_വേലന്താവളംറോഡ് | 1.6 |
| 8 | 9 | കൗണ്ടൻകളം – മഞ്ചുക്കുന്ന് റോഡ് | 1.6 |
| 9 | 9 | പൊതിക്കൽ – അയ്യമ്പാർ കാലായിറോഡ് | 1.6 |
| 10 | 9 | മെത്തക്കളം – ( മൂലക്കട – വില്ലുന്നി ) | 1.6 |
| 11 | 9 | എല്ലപ്പാട്ടൻകോവിൽ – കോവിൽ – കുഘാണ്ടകൗണ്ടനൂർ റോഡ് | 3.5 |

പട്ടിക 3

## മെറ്റൽ ചെയ്യേണ്ട റോഡുകൾ

| ക്രമനമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ. |
|---|---|---|---|
| 1 | 1 | പാറക്കുളം – കുമാരനൂർ റോഡ് മൂങ്കിൽമട – | 1.0 |
| 2 | 1 | വണ്ണാൻ തുറപ്പള്ളം – കുരിയാർകുറ്റി കനാൽ | 1.0 |
| 3 | 1 | പൊന്നുകൗണ്ടർ റോഡ് | 1.5 |
| 4 | 2 | വെങ്കാരൻകല്ല് – മേനോൻകുളം റോഡ് | 1.0 |
| 5 | 4 | കോയപ്പാറ – താവളംറോഡ് | 3.0 |
| 6 | 5 | ആർ.വി.പി പുതൂർ – കുളപ്പുര റോഡ് | 0.6 |
| 7 | 7 | മാങ്കാപ്പള്ളം റോഡ് | 1.0 |
| 8 | 7 | പുതൂർ – മാങ്കാപ്പള്ളം റോഡ് | 1.0 |
| 9 | 7 | എരുത്തേമ്പതി – അയ്യർകുളംറോഡ് | 1.0 |
| 10 | 8 | കള്ളിപ്പാറ – പുടാരിമേട് റോഡ് | 1.0 |
| 11 | 8 | മാങ്കാപ്പള്ളം കോളനി റോഡ് | 0.6 |
| 12 | 8 | ചമ്പൻതോട് റോഡ് | 0.6 |
| 13 | 9 | നേതാജി നഗർ ലക്ഷംവീട് കോളനി | 0.5 |
| 14 | 9 | മുതലിയാർകളം റോഡ് ( മെത്തക്കളംറോഡ് ) | 1.0 |
| 15 | 9 | തരകൻകളംറോഡ് | 0.5 |
| 16 | 9 | മറിയമുത്താൻകളം – പുതിയകോളനി | 0.6 |
| 17 | 9 | മുള്ളടിക്കാട് – അനുപ്പൂർപാത റോഡ് | 4.0 |

| | | | |
|---|---|---|---|
| 18 | 9 | കൗണ്ടൻകളം – അനുപ്പൂർപാത റോഡ് | 0.2 |
| 19 | – | മലയാണ്ടികൗണ്ടനൂർ – വലിയഏറി | 1. 0 |

## പട്ടിക 4
## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| ക്രമനമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ. |
|---|---|---|---|
| 1 | 1 | കുമാരനൂർ – നഞ്ചന്താവളംറോഡ് | 1.0 |
| 2 | 3 | മലയാണ്ടി കൗണ്ടനൂർ – നീലംകാപ്പി റോഡ് | 1 .0 |
| 3 | 3 | മലയാണ്ടി കൗണ്ടനൂർ – വഴുക്കപ്പാറ നകമരക്കളം വഴി | 1.6 |
| 4 | 4 | ചിന്നമൂലത്തറ – താവളം ( 10 ാം നമ്പർ കളം വഴി ) | 3.5 |
| 5 | 4 | കോയപ്പാറ – താവളം റോഡ് | 1.0 |
| 6 | 7 | എരുത്തേമ്പതി – പൂടാരിമേട് കുളവരമ്പ് റോഡ് | 0.3 |

## പട്ടിക 5
## പുതുതായി നിർമ്മിക്കേണ്ട പാലങ്ങൾ

| | | |
|---|---|---|
| 1 | 445 | ചിന്നമൂലത്തറ – കുളപ്പുര ( കോരയാർ പുഴ ) |
| 2 | 445 | കോയപ്പാറ – നടുപ്പുണി ( കോരയാർ പുഴ ) |
| 3 | 9 | കൗണ്ടൻകളം – മഞ്ചിക്കുന്നം ( വരട്ടയാർപുഴ ) അയ്യന്മാർകാലായ് – അനുപ്പുപാത |
| 4 | 9 | മെത്തക്കളം ചെക്ക്ഡാമിനു താഴെ ( വരട്ടയാർപുഴ ) ( ഫുട്ട്പാത്ത് ) |

## പട്ടിക 6
## ബസ് വെയിറ്റിംഗ്ഷെഡുകൾ നിർമ്മിക്കേണ്ടത്

| ക്രമനമ്പർ | വാർഡ് നമ്പർ | റോഡിന്റെ പേര് |
|---|---|---|
| 1 | 1 | ഗോപാലപുരം ചെക്ക്പോസ്റ്റിനു സമീപം |
| 2 | 1 | മൂങ്കിൽമട ജംങ്ക്ഷൻ |
| 3 | 2 | വണ്ണാമട ജംങ്ക്ഷൻ |
| 4 | 7 | പഞ്ചായത്ത് ഓഫീസന്സമീപം ( കൈകാട്ടി ) |
| 5 | 5 | ആർ.വി.പി. പുതൂർ ജംങ്ക്ഷൻ |
| 6 | 5 | നടുപ്പുണി ചെക്ക്പോസ്റ്റിനു സമീപം |
| 7 | 8 | കുലുക്കപ്പാറ പിരിവ് ( എരുത്തേമ്പതി ) ( ഐ.എസ്.ഡി ഫാം ) |
| 8 | 7 | എരുത്തേമ്പതി എ.യു.പി.എസനു സമീപം |
| 9 | 9 | എല്ലപ്പാടൻ കോവിൽ |
| 10 | 3 | നീലങ്കാച്ചി |

## പട്ടിക 7
## പുതിയ ബസ് റൂട്ടുകൾ ആവശ്യമായവ

1 ഗോപാലപുരം – നടുപ്പുണി ( മലയാണ്ടികൗണ്ടനൂർ വഴി )
2 ഗോപാലപുരം – നടുപ്പുണി ( കരുമാണ്ടകൗണ്ടനൂർ വഴി )
3 ഗോപാലപുരം – മൂലക്കട ( മൂച്ചിൻമട വഴി )(
4 പാലക്കാട് – വില്ലുന്നി ( വഴി : കഞ്ചിക്കോട്, മേനോൻപാറ, കുലുക്കപ്പാറ,എരുത്തേമ്പതി ) ( മുമ്പ സർവീസ് നടത്തിയിരുന്ന റൂട്ടാണ്.
5 ഗോപാലപുരം – വേലന്താവളം ( വഴി : കരുമാണ്ടകൗണ്ടനൂർ, ആർ.വി.പി. പുതൂർ, എരുത്തേമ്പതി, കൗണ്ടൻകളം, മഞ്ചക്കുന്ന് – കിണർപള്ളം )
6 പാലക്കാട് – കുപ്പാണ്ടകൗണ്ടനൂർ ( വഴി : ചിറ്റൂർ, കൊഴിഞ്ഞാമ്പാറ, എരുത്തേമ്പതി, വില്ലുന്നി അനുപ്പൂർ )

## ഊർജ്ജം

എരുത്തേമ്പതി ഗ്രാമ പഞ്ചായത്ത് തമിഴ്നാട് അതിർത്തിയോട് ചേർന്ന് കിടക്കുന്ന 1950മുതലാണം ഈ ഗ്രാമ പഞ്ചായത്തിൽ വ്യാപകമായി വൈദ്യുതി എത്തിചേർന്നത്.

പാലക്കാട് ജില്ലയിലെ 110 കെ.വി. വെണ്ണക്കര സബ്സ്റേഷനിൽ നിന്ന് 66 കെ.വി ലൈൻ കൊഴിഞ്ഞാമ്പാറ സബ്സ്റേഷനിൽ വന്ന് ഇവിടെ നിന്നും 111കെ.വി വഴിയാണ് ഈ ഗ്രാമ പഞ്ചായത്തിൽലക്ക് വൈദ്യുതി വിതരണം ചെയ്തിരിക്കുന്നത്. കൊഴിൻഞ്ഞാമ്പാറ വേലന്താവളം ന്നെി രണ്ട് സെക്ഷൻ ഓഫീസിൽ നിന്നാണഒം ഇവിടെ വൈദ്യുതികരണം നടക്കുന്നത് ഈ ഗ്രാമ പഞ്ചായത്തിൽല കറൻറം ചാർജ്ജ് അടയ്ക്കുന്നതിന് ആർ.വി. പൂതൂരിലുമാണ് മൂങ്കിൽമടയിലും ഒരു സബ് എഞ്ചിനീയരുടെ കാര്യാലയം ഉണ്ട് മാസത്തിൽ രണ്ട് പ്രവശ്യം ഈ കാര്യാലയങ്ങളിൽ വൈദദുതി ചർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ഉണ്ട്. ഈ രണ്ട് കാര്യാലയങ്ങളിലും കൂടി 5000 ത്തിൽ പരം ഉപഭോക്തക്കൾ ഉണ്ട്. ഇതിൽ താഴെ വിവരിക്കുന്ന പ്രകാരമുള്ള ഉപഭോക്താക്കളാണ്.

1. കാർഷികാവശ്യം 70%
2. ഗാർഹികം 20%
3. വ്യവസായം 8%
4. വ്യാപാരം 2% ആകുന്നു.

അധികൃതരുടെ കണക്കുകൾ അനുസരിച്ച് ഈ ഗ്രാമപഞ്ചായത്തിൽ കൊഴിഞ്ഞാമ്പാറ ഇലക്ട്രിക്കൽ സെക്ഷനിൽനിന്നും 23, വേലാന്താവളം സെക്ഷനിൽ 25 ട്രാൻസ്ഫോമറുകളും 50%ത്തിൽ അധികവും അമിത ലോഡ് വഹിക്കുന്നവയാണ്. ത്മൂലം ഈ മേഖലകളിൽ വോൾട്ടേജ് ക്ഷാമം വളരെ കൂടുതലാണ്.

ഈ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ വണ്ണാമട പ്രദേശത്ത് പുതിയതായി 66 കെ.വി. സബ്സ്റേഷൻ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

ഈ ഗ്രാമ പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പുതിയ ട്രാൻസ്ഫോമറുകളുടെ പുതിയ ട്രാൻസ്ഫോമറുകൾ വേണമെന്ന് ആവശ്യത്തിന് വളരെകാലത്ത് പഴക്കം ഉണ്ട്. ഇതിന് ശാശ്വതമായ പരിഹാരം കാണണ്ടത;ായിരിക്കണം. നിലവിലുള്ള മിറററുകളിൽ അധികവും കേടാണ്. ആയതുകെണ്ട് പുതിയത് വെയ്ക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്ത് പ്രദേശത്ത് കൊഴിഞ്ഞാംമ്പാറ സെക്ഷ്ണനിലെ മൂങ്കിൽമട സെൻറും വേലന്താവളം സെക്ഷനിലെ പുതൂർ സെൻററും ചേർന്ന് പുതുതായി ഒരു ഇലക്ട്രിക്കൽ സെക്ഷൻ തുടങ്ങണം.

ഈഗ്രാമപഞ്ചായത്ത് പ്രദേശത്തിൽ ആകെ 25 കി,മി. 11 കെ.വി ലൈനുകളും 15കി.മി. കൊഴിഞ്ഞടാറ സെകഷൻെറ കീഴിലും 10.കി.മി. വേലന്താവളത്തിലുമാണ് ഉള്ളത്. ഈ ഗ്രാമപഞ്ചായത്തിൽ 24 സോഡിയം വേപ്പർ വിളക്കും 19ട്യൂബും 282 സാധാരണ വിളക്കും ഉണ്ട്. വൈദ്യുതിഇല്ലാത്ത സ്ഥലത്ത് പുതിയതായി വൈദ്യുതി കണക്ഷൻ നൽകുക

വാർഡ് പുതിയ ലൈനുകൾ പാലിക്കേണ്ട സ്ഥലങ്ങൾ ദൂരം ലൈനിന്റെ സ്വഭാവം
ലൈനുകൾ ട്രാൻസ് ഫോർമറുകൾ പ്രതീക്ഷിക്കാവുന്ന ചെലവു ജനവിഹിതം

| | ദൂരം | ലൈനിന്റെ സ്വഭാവം | ലൈനുകൾ ട്രാൻസ് ഫോമറുകൾ | പ്രതീക്ഷിക്കുന്ന ചിലവ് | ജനവിഹിതം | |
|---|---|---|---|---|---|---|
| | | | | | രൂപം | സംഖ്യ |
| മൂങ്കിൽമട, ലക്ഷം വീട് കോളനി ചെക്ക് പോസ്ററ് കോളനി, മൂങ്കിൽ മട ലക്ഷം വീട് കോളനിലുള്ള രാമർകോവിൽ തെരുവ് | 1/2 K.M. | 1Phase 3 Level | ---------- | ------ | 50 മനുഷ്യ പ്രയത്നം | 5,000 |
| വണ്ണാമടയിൽ നിന്നും തെക്കുഭാഗത്ത് പടിഞ്ഞാറ് ഭാഗത്തും വീഥികളിൽ സ്ഥാപിക്കണം | 1/2 K.M. | 1 Phase | ----------- | 36,800 | 50 മനുഷ്യ പ്രയത്നം | 5,000 |
| വഴക്കപാറ,ചിന്നമൂലത്തറ പാറക്കുഴിമലയാണ്ടി കവുണ്ടനൂർ ഹരിജൻ കോളനി തെരുവുവിളക്ക് വണ്ണാമടയിൽ നിന്നും മലയാണ്ടി കവുണ്ടനൂരിൽ പോകുന്ന ഭാവിയിൽ തെരുവു വിളക്ക് ആവശ്യമാണ് | 1 K.M. | 12 | ----------- | 73,600 | 60 മനുഷ്യ പ്രയത്നം | 6,000 |
| കോയപ്പാറ കരുമാണ്ടകവുണ്ടനൂർ ഹരിജൻ കോളനി കരുമാൻണ്ടകവുണ്ടനൂർ തെരുവ് വിളക്ക് മിൽ കോളനി 10_ാം നമ്പർ കോളനി | 1 K.M. | 12 | ----------- | 73,600 | 60 മനുഷ്യ പ്രയത്നം | 6,000 |
| ആർ.വി.പി.പുതൂർ ശിവശക്തി നഗർ മുത്തുകവുണ്ടനൂർ കോളനി കുളപ്പുര തെരുവുവിളക്ക് | 1 K.M. | 12 | ----------- | 73,600 | 60 മനുഷ്യ പ്രയത്നം | 6,000 |
| ആർ.വി.പി.പുതൂർ വടക്ക് വീഥി മുസ്ലിം പള്ളികുടം മുൻവശം | 1 K.M.<br>1/2 K.M. | 32<br>12 | -----------<br>----------- | 56,800<br>36,800 | 50 മനുഷ്യ പ്രയത്നം<br>40 മനുഷ്യ പ്രയത്നം | 5,000<br>4,000 |
| എല്ലാഷാട്ടാൻ കോവിൽ മാങ്കാപ്പള്ളം നിഹാബിലേററർ സെൻറർ എല്ലാ ഷാട്ടാൻ കോവിൽ പിടാരിമേട് | 1 1/2K.M.<br>2 K.M. | 32<br>11kv | -----------<br>2 | 1,09,400 | 70 മനുഷ്യ പ്രയത്നം<br>80 മനുഷ്യ പ്രയത്നം | 7,000<br>8,000 |
| ശ്രീവിദ്യാഹൈസ്കൂൾ മുതൽ കലക്കപ്പാറ റോഡിൽ I.S.D. Farm വരെ ഏരുത്തേമ്പതി കാളിപ്പാറ | 1 K.M. | 12, 11kv | 1 | 73600<br>90,500 | 50 മനുഷ്യ പ്രയത്നം<br>40 മനുഷ്യ പ്രയത്നം | 7,000 |
| മാങ്കാപ്പള്ളം കോളനിയിൽ സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന തെരുവ് വിളക്കുകൾ വീടുകൾക്ക് അടുപ്പ് | | | | 50,000 | 30 മനുഷ്യ പ്രയത്നം | 3,000 |
| വില്ലുണ്ണി തരകൻകളം അയ്യമാർകാലായി കൗണ്ടർകുളം പുതിയകോളനി ഹരിജൻ കോളനി പൊതിക്കൽ രാജീവ് ദശലക്ഷം മെത്തകളം ദണ്ഡപാണി കളം സ്ട്രീററം ലൈററ് | 2 K.M. | 1 ഫോസ് | 14,7200 | | 70 മനുഷ്യ പ്രയത്നം | 7,000 |

# പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻഫോർമറുകളും കപ്പാസിററിയും പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## കൊഴിഞ്ഞാംപാറ സെക്ഷൻ

| നമ്പ്ര് | കപ്പാസിററി | പേര് |
|---|---|---|
| 1. | 250 കവഎ | വണ്ണാമട നമ്പർ 1 |
| 2. | 100+50 " | " " 2 |
| 3. | 250 " | കുമരനൂർ |
| 4. | 250 " | എട്ടിമട |
| 5. | 100 " | പാറകുഴി |
| 6. | 100 " | നിലാകാച്ച മിൽ |
| 7. | 100 " | " |
| 8. | 63 " | മൂങ്കിൽമട നമ്പർ 3 |
| 9. | 100 " | " നമ്പർ 2 |
| 10. | 100 " | " നമ്പർ 1 |
| 11. | 100 " | മേനൂർ വെൽഫീഡ്സ് |
| 12 | 100 " | മാർവെൽ |
| 13. | 250 " | ഗോപാലപുരം |
| 14. | 250 " | മലയാണ്ടി കവുണ്ടനൂർ നമ്പർ 1 |
| 15 | 100 " | " നമ്പർ2 |
| 16 | 100 " | " " |
| 17 | 160 " | ചിന്നമൂലത്തറ നമ്പർ 1 |
| 18 | 100 " | " നമ്പർ 2 |
| 19 | 100 " | ഭീമരാജൻ |
| 20 | 250 " | കരുമാൻന്ത കവുഡനൂർ |
| 21 | 100 " | " നമ്പർ 2 |
| 22 | 160 " | " " 3 |
| 23 | 100 " | കോയപ്പാറ |

| നമ്പ്ര് | കപ്പാസിററി | | പേര് |
|---|---|---|---|

## വേലന്താവളം സെക്ഷൻ

| | | | |
|---|---|---|---|
| 1. | 250 | " | എരുത്തേമ്പതി നമ്പർ 1 |
| 2. | 160 | " | " " 2 |
| 3. | 160 | " | " " 3 |
| 4. | 160 | " | R.V.P. പുതൂർ " 1 |
| 5 | 160 | " | " " 2 |
| 6 | 250 | " | നടുപ്പുണി " 1 |
| 7 | 250 | " | " " 2 |
| 8 | 160 | " | മുരുകൻ മിൽ |
| 9 | 100 | " | പെരിയനായികയമ്മൻ പ്ലാസ്ററിക് |
| 10 | 100 | " | ജോതിഷ് ബ്രിക്സ്, ടൈൻസ് |
| 11 | 160 | " | മഞ്ഞികുന്നം പതി നമ്പർ 1 |
| 12 | 160 | " | " " " 2 |
| 13 | 100 | " | വില്ലുക്കാട |
| 14 | 100 | " | എസ്.കെ ബ്ലുമെററ് |
| 15 | 100 | " | മാങ്കാപ്പള്ളം 1 |
| 16 | 60 | " | " 2 |
| 17 | 160 | " | " 3 |
| 18. | 160 | " | എ.എം.ആർ കാലായി |
| 19 | 160 | " | മെത്തകളം |
| 20 | 160 | " | വില്ലുണി |
| 21 | 160 | " | തെനക്കളം നമ്പർ 1 |
| 22 | 100 | " | " " 2 |
| 23 | 160 | " | മുള്ളടിക്കടൻ 1 |
| 24 | 160 | " | കവുണ്ടൻ കളം |
| 25 | 100 | " | മുള്ളടിക്കാട് നമ്പർ 2 |

പ്രശ്നങ്ങൾ:.

പഞ്ചായത്തിലെ മിക്കവാർഡുകളിലും മുഴുവൽ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി ബോർഡിൻെറ പല ഓഫീസുകളുടെ പരിധിയിൽ സ്ഥിതിചെയ്യുന്ന ഗ്രാമ പഞ്ചായത്താകുന്ന കൂടുതലായി തമിഴ് സംസാരിക്കുന്ന ഉപഭോക്താക്കളായതിനാൽ ഉണ്ടാകുന്ന വിഷമങ്ങൾക്കു പുറമെ ജന പ്രതിനിധികൾക്കും സാമൂഹ്യ പ്രവർത്തകർക്കും പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ വളരെ ബുന്ധിമുട്ടുകൾ അനുഭവപ്പെടുന്നു. പ്രേക്ഷക വിതരണ രംഗങ്ങളിലെ അനാവശ്യമായി ഊർജ്ജം നഷ്ടപ്പെടുന്നുണ്ട്. എന്തെന്നാൽ തെരുവുവിളക്കുകൾ ഇല്ലാത്തസ്ഥലങ്ങളിലും കൊളനികളിലും തെരുവുവിളക്കുകൾ സ്ഥാപിച്ചും വൈദ്യുതികരിച്ചും പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

സാധ്യതകൾ

പ്രേക്ഷണ വിതരണ രംഗങ്ങളിൽ വരുന്ന തകലാറുകൾ മരചില്ലകളും മററും ലൈനുകളിൽ തട്ടി ഉണ്ടാകുന്ന തടസ്സം ഇവിടെ സ്ഥിരം സംഭവങ്ങളാണ് ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുവാൻ മാത്രമായി പ്രത്യേകം സംവിധാനം പ്രാദേശീകതങ്ങളിൽ ഉണ്ടാക്കേണ്ടതാണ്.

മിക്ക ഗ്രാമ സഭകളിൽ സ്ട്രീററ് ലൈററുകൾക്കു വേണ്ടി നീണ്ട പട്ടികകൾ തന്നെ സമർപ്പിച്ചിരിക്കുന്നു, ആവശ്യങ്ങളുടെ തിവ്രതയും ഫണ്ടിൻെറ പരിമിതിയും കണക്കിലെടുത്ത് ഗ്രാമ സഭകൾ തന്നെ അവയുടെഎണ്ണം നിജപ്പെടുത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൻെറ മുഴുവൻ പ്രദേശങ്ങളും ഉൾപ്പെടുത്തി ഒരു സെക്ഷൻ ഓഫീസ് സ്ഥാപിക്കുക.

R.V.P. പുതൂർ വണ്ണാമട മൂങ്കിൽമട എന്നീ ഓഫീസുകളിൽ 5000 ത്തിൽ പരം ഉപഭോക്താക്കൾ ഉൾപ്പെട്ടതാണ് മേൽ പറഞ്ഞ സ്ഥലങ്ങൾ ഇവയെ ഉൾപെമടുത്തി കൊണ്ട് പുതിയ സെക്ഷൻ അനുവധിക്കുക.

ഗ്രാമപഞ്ചായത്തിലെ മിക്കവീടുകളിലും പാചകത്തിന് ഉപയോഗിക്കുന്ന വിറകാണ്. പുകയില്ലാത്ത അടുപ്പുകളുടെ എണ്ണം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ ബയോ ഗ്യാസ് വൈദ്യുതി ഉപയോഗിച്ച് പാചകം നടത്തുന്നവർ 5% വരുന്നുള്ളു. പാചകവാതകം ഈ പപ്രദേശത്തെ ജനങ്ങൾക്ക് ലഭിക്കുന്നില്ല. ആയത് ലഭിക്കുന്നതിന് കൊഴിഞ്ഞാംപാറ ഫർക്കക്ക് ഗ്യാസ് ഏജൻസി അനുവധിക്കു. സോലാർ വിളക്കുകളെ പററിയും അറിയാത്ത അടക്കമുള്ള സ്ഥമായതുകൊണ്ട് ഇവ രണ്ടിൻെറയും പ്രചരണത്തിനുവേണ്ടി പഞ്ചായത്ത് മുൻകൈയെടുത്ത് വിപുലമായ ബേധവൽക്കരണ പരിപാടികൾ സംഘടിക്കണമെന്ന് ആവശ്യം ഉയർന്നിട്ടുണ്ട്. കൂടാതെ വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കാനും വീടുകളുടെ ദുരുപയോഗങ്ങൾ തടയുവാനും അപകടങ്ങൾ ഇല്ലാതാക്കാനും സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് നിർദ്ദേശമുണ്ട്.

വൈദ്യുതി രംഗത്ത് പ്രവർത്തിക്കുന്ന ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനും

ഓഫീസ് ഫീൽഡുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും സുധാര്യമാക്കുന്നതിനും നടപടി ക്രമം ഉണ്ടാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും നല്ലപോലെ സൂര്യ പ്രകാശം ലഭിക്കുന്നതിനാൽ ഗൃഹങ്ങളിലെ ഉപയൊഗത്തിനും കവലവിളക്കുകളായി സോലാർ ലാമ്പുകളെ ആധാരം ആക്കിയുള്ള ഒരു പഞ്ചായത്ത് തല സംവിധാനം നടപ്പാക്കേണ്ടതാണ്.

എരുത്തേമ്പതി ഗ്രാമ പഞ്ചായത്തിൽ വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ.

1. നിലവിലുള്ള ഉപഭോക്താക്കൾ

1. ഗാർഹികം 1295,

2. വ്യാപാരം 211

3. വ്യാവസായികം 53

4. കാർഷികം 1810

2 കണക്ഷൻ ലഭിക്കുവാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണ്

1. ഓർഡിനറി 51

2. ഒ.ടി.പി. 4

3. ഒ.വൈ.ഇ. 4

3. സ്ട്രീററ്റ് ലൈററുകളുടെ എണ്ണം

1. ബൾബ് 282

2. ട്യൂബ് 19

3. മെർക്കുറി —

4. സോഡിയം 24

4. ആകെ വൈദ്യുതികരിച്ച ഹരിജൻ കോളനികൾ 13

5. തൽവർഷത്തെ കണക്ഷൻ

ഓർഡിനറി 14

ഒ.ടി.പി. 1

ഒ.വൈ.ഇ.സി 37

6. സ്ട്രീററ് ലൈററിനുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക 6262 അൺഡർ സെക്ഷൻ നമ്പർ 432 വി.എൽ.ഒ.

# മാർക്കററ്

എരുത്തേമ്പതി പഞ്ചായത്തിൽ 40 വർഷത്തിനു മുമ്പ് സുലഭമായി വിപണനം നടക്കുകയും മററ് സ്ഥലങ്ങളിലേക്ക് അയച്ചിരുന്നതിമായ പച്ചക്കറി സ്റേറഷനറി സാധനങ്ങൾ:

1. അഗ്നിബത്തൻ നമ്പൂതിരി മെമ്മോറിയൽ ചന്തപ്പേട്ട, എരുത്തേമ്പതി
2. മൂങ്കിൽ മട ആഴ്ച ചന്ത
3. R.V.P. പുതൂർ ആഴ്ച ചന്ത

എന്നീ ചന്തകൾ വഴിക്കം വിപണനം നടത്തുകയുണ്ടായിരുന്നു. ഇവയെല്ലാം തിരിച്ചു കൊണ്ടുവരുവാൻ നിലവിലുള്ള പ്രകൃതി വിഭവങ്ങളും കാർഷിക വിഭവങ്ങളും ജനജീവിതവുമായി കോർത്തിണക്കി ഒരു ഗ്രാമീണ ചന്ത സംസ്കാരം വളർത്തി സ്വാശ്രയത്തിൻെറ ചുവട് ഉറപ്പിക്കുവാനും സമ്പന്നതയുടെ തിരുമുററത്തേക്കം നടന്നുകേറുവാനും നമ്മുക്കം കഴിയും

നാളികേരം പൂവൻ വാഴ നെല്ല്, കിഴങ്ങം വർഗ്ഗങ്ങൾ നിലക്കടല പരുത്തി ചോളം തുടങ്ങിയവയാണ പ്രധാന കാർഷിക വിളവ്. ഇവയിൽ പ്രധാന ഉൽപ്പന്നങ്ങളായ നിലക്കടല പരുത്തി ഒരു പൊതു വിപണിയോ സഹകരണ വിപണിയോ ഒരു സ്വകാര്യ വിപണിയോ പഞ്ചായത്തിലില്ലെന്നതാണ് പരിതാപപരമായ വസ്തുത. ഈ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലെ കാർഷികോൽപന്നങ്ങൾ പ്രശ്നങ്ങൾ പരിഹാര നിർദ്ദേശങ്ങൾ എന്നിവ താഴെ കൊടുക്കുന്നു.

1. നാളികേരം പൊതുമാർക്കററോ ആഴ്ച ചന്തയോ ഇല്ല. മാർക്കററ് വേണം.

2. മത്സ്യമാർക്കററ് ഇല്ല. ആഴ്ച ചന്തയോ മാർക്കററോ മൂങ്കിൽമട പുതൂർ എരുത്തേമ്പതി എന്നിവടങ്ങളിൽ വേണം. സഹകരണ പൊതുവിതരണ മേഖല മെച്ചപ്പെടുത്തണം. ആഴ്ച ചന്ത വേണം ഉത്സവ സമയങ്ങളിൽ പഞ്ചായത്ത് തലത്തിൽ മാർക്കററം സംവിധാനം വേണം.

3. പരുത്തി, നിലക്കടല, ചോളം എന്നിവയുടെ വിളവെടുപ്പ് സമയത്ത് ഇവ ശേഖരിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ സഹകരണാടിസ്ഥാനത്തിൽ ഏജൻസി വേണം.

4. പച്ചക്കറിയുടെ വിപണനത്തിന് ആഴ്ച ചന്തയോ മാർക്കററോ ഈ പഞ്ചായത്തിൽ ഇല്ല. വിപണന സൗകരം ഉണ്ടാക്കണം.

5. മാർക്കററിംങ്ങ് വിലനിലവാരം പരിശോധിക്കാൻ സംവിധാനം ഇല്ല. സംവിധാനം വേണം.

പഞ്ചായയിൽ ധാരാളമായി ഉൽപാദിപ്പിക്കുന്ന പച്ചമുളകിനെ കൊണ്ടാട്ടം ആക്കി വിപണനം നടത്താൻ സഹകരണ മേഖലയിൽ വേണം

ആഴ്ച ചന്തകൾ ആരംഭിക്കുന്നകോടെ

പഞ്ചായത്തിലെ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് കുറേകൂടി മെച്ചപ്പെട്ട വില ലഭ്യമാക്കാനും ഉൽപന്ന ശൃംഖല വഴിയോരുക്കുന്നതാണ്. ഇതേ സംവിധാനം ഉപയോഗിച്ച് വ്യവസായ സഹകരണ രംഗങ്ങളിലെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയും. ഇപ്രകാരം നമ്മുടെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി കരുത്തുററ വ്യവസ്ഥയോടുകൂടിയ ഒരു പഞ്ചായത്ത് വിപണ സംവിധാനം കരിപിടിപ്പിക്കുന്നതിന് സ്വാശ്രയ ഗ്രാമത്തിലേയ്ക്കുള്ള നമ്മുടെ ആദ്യത്തെ കാൽവെപ്പായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം :

വിദ്യാഭ്യാസപരമായും സാംസ്കാരികമായും ഏറെ പിൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്ത് എരുത്തേമ്പതി കോഴിപ്പതി എന്നീ രണ്ടു റവന്യൂ വില്ലേജുകൾ ചേർന്നതാണ്.

ഈ പഞ്ചായത്ത് പൂർണ്ണമായും ഒരു കാർഷിക സംസ്കാരമുള്ള പ്രദേശമാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ ഭൂരിഭാഗമാളുകളും ദുരഹിതരായകർഷക തൊഴിലാളികളാണ് ന്യൂനപക്ഷ ആളുകൾ കർഷകരും കർഷകേതര തൊഴിൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവരും ആകുന്നു, ഭൂപരിഷ്കരണ നിയമമൂലം ന്യൂനപക്ഷമാളുകൾ ചെറുകിട കൃഷിക്കാരാകുന്നു. പഴയ കൊച്ചി സംസ്ഥാനത്തിലെ ചിററൂർ താലൂക്കിൻെറ കിഴക്കേ അതിർത്തിയിൽ തമിഴ്നാടിനോട് ചേർന്നു കിടക്കുന്നതാണ് ഈ പഞ്ചായത്ത് കാർഷിക പ്രവർത്തിയെടുത്ത് കഴിയുന്ന ബഹുഭൂരിപക്ഷമാളുകൾക്കും ഒരു മെച്ചപ്പെട്ട ജീവിത വ്യതിയാനം വന്നത് 1970നു ശേഷമാവുന്നു, രാജ വാഴ്ചകാലം മുതൽ ഭവന രഹിതരായ പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കം പ്രത്യേമായി കോളനികൾ ഉണ്ടായിരുന്നു,. പിന്നീട് അത്തരത്തിലുള്ള കോളനികൾ അവർക്കായി വർദ്ധിച്ചുവെങ്കിലും അവിടങ്ങളിലുള്ള പാർപ്പിടങ്ങളിൽ അടിസ്ഥാന സൗകരം തീരെ ഇല്ലായിരുന്നു. കാല ക്രമേണ അവയ്ക്ക് ചെറിയതോതിൽ മാററം വന്നിട്ടുണ്ടെങ്കിലും അവയ്ക്കും പൂർണ്ണമായ പരിഹാരമാർഗ്ഗം കാണേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ 4039 വീടുകളിൽ 135 വീടുകൾ കോൺക്രീററും 2425 വീടുകൾ ഓടും 14790 വീടുകൾ ഓലയുമാകുന്നു. ഇതിൽ ഓടുമേഞ്ഞ ഇത്തരം വീടുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വളപെ കുറവാണ്. ഓല വീടുകളുടെ സ്ഥിതി വളരെ ശോചനീയമാകുന്നു. ഇതുകൂടാകെ ഭവനരഹിതരായ കുടുംബങ്ങൾ വേറെയുണ്ട്.

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ദി. ചിററൂർ പ്രൈമറി അഗ്രികൾചറൽ കോപ്പറേറീവ് റൂറൽ ഡവലപ്പ്മെൻറ് ബാങ്ക് എന്നിവ പഞ്ചായത്തിലെ ജനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. എന്നാൽ ഇതിലെല്ലാം അമിതമായ പലിശയും സങ്കീർണ്ണമായ വായ്പ ലഭിക്കാത്ത സ്ഥിതിയിലാണുള്ളത്. കൂടാതെ ഇവിടെ പ്രവർത്തിക്കുന്ന കനറാബാങ്ക് ശാഖയിൽ നിന്ന് ഭവന നിർമ്മാണ വായ്പ അനുവദിക്കു

പഞ്ചായത്തിലെ വീടുകളുടെ തരം തിരിച്ച് പട്ടിക വാർഡ് തലത്തിൽ

| വാർഡ് | ഓല | ഓട് | ടെറസ് | | ആകെ |
|---|---|---|---|---|---|
| | | | | ഇരുനില | |
| 1 | 320 | 335 | 30 | .... | 685 |
| 2 | 93 | 278 | 16 | ..... | 387 |
| 3 | 175 | 250 | 10 | .... | 435 |
| 4 | 179 | 293 | 21 | .... | 193 |
| 5 | 116 | 301 | 8 | .... | 425 |
| 6 | 53 | 199 | 5 | 1 | 258 |
| 7 | 174 | 256 | 8 | .... | 438 |
| 8 | 32 | 246 | 10 | 1 | 289 |
| 9 | 337 | 267 | 25 | .... | 629 |
| | 1479 | 2425 | 133 | 2 | 4039 |

ന്നുണ്ടെങ്കിലും അതിൻെറയും ജാമ്യ വ്യവസ്ഥ ലളിതമാക്കേണ്ടതാണ്.

സർക്കാർ ഭവന നിർമ്മാണ ബോർഡു വഴി ദുർബല ഇടത്തര വിഭാഗകാർക്ക് നടപ്പാക്കികൊണ്ടിരിക്കുന്ന ഭവന വായ്പ വളരെ ചുരുക്കമാളുകൾക്ക് മാത്രമാണ് ലഭിക്കുന്നത്. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്ന ഒന്നാണ് പാർപ്പിട പ്രശ്നം അതിന് ശാശ്വതമായ പരിഹാരം കാണേണ്ടതു അടിയന്തിര പ്രാധാന്യമുള്ള കാര്യമാകുന്നു. ഈ പ്രശ്നത്തിൽ യുദ്ധകാലടിസ്ഥാനത്തിലുള്ള ഒരു സമീപനം സ്വീകരിച്ചാൽ മാത്രമെ നമ്മുടെ പുരോഗതിയിലേക്കുള്ള പ്രയാണത്തിന് വേഗത കൂടുകയുള്ളൂ.

പഞ്ചായത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവര പട്ടിക താഴേ കൊടുക്കുന്നു.

വിവിധ സ്കീമുകളനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 89 _90വർഷം മുതൽ 95_96 വരെ 2 വില്ലേജുകളിൽ കൂടി ഒമ്പതു വാർഡുകളിലായി 128 വീടുകളാണ് എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. സർക്കാറിൻെറ വിവിധ ഏജൻസികൾ മുഖേന ദുർബല ജനവിഭാഗക്കാർക്ക് നൽകുന്ന ഭവന നിർമ്മാണ വായ്പകളും സഹായങ്ങളുടെയും

## ഭവന ലഭ്യതാ പട്ടിക ഏരുത്തേമ്പതി പഞ്ചായത്ത്.

| YEAR | RLEGP | NREP | IAY | MWS | JRY BLOCK | JRY PANCHAYAT | TOTAL |
|---|---|---|---|---|---|---|---|
| 89-90 | ----- | ----- | 4 | ----- | ------ | 12 | 16 |
| 90-91 | ---- | ----- | 2 | 11 | 1 | 15 | 29 |
| 91-92 | ----- | ----- | 4 | 5 | 1 | 9 | 19 |
| 92-93 | ----- | ------ | 3 | 10 | 2 | 9 | 24 |
| 93-94 | ----- | ----- | 2 | 10 | 4 | 6 | 23 |
| 94-95 | ----- | ----- | 8 | 24 | 3 | 2 | 37 |
| 95-96 | ----- | ----- | 31 | --- | 2 | 9 | 42 |
| TOTAL | ------ | ----- | 54 | 61 | 13 | 62 | 190 |

തുക വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കാരണം ഭവന നിർമ്മാണ സാമാഗ്രികളുടെ അമിതമായ വിലക്കയററം ക്രമാധീതമായ കീലി വർദ്ധനവും നിമിത്തം വീടുകൾ പണിപൂർത്തീകരിക്കാൻ കഴിയാതെ വരുകയും അതു മൂലം ഗുണഭോക്താവ് കടങ്കാരനായി മാറുകയും ചെയ്യുന്നു. അതോടെ വീട് എന്ന ആഗ്രഹം ഒരു സ്വപ്നമായി മാറുകയും ചെയ്യുന്നു.

പരിഹാരം

1. ഇപ്പോൾ നടപ്പാക്കികൊണ്ടിരിക്കുന്ന ദുരഹിത ഭവന രഹിത കർഷക തൊഴിലാളികൾക്ക് എല്ലാ വാർഡുകളിലും കൂടുതൽ വാസയോഗ്യമായ പുരയിടങ്ങൾ പഞ്ചായത്ത് കണ്ടെത്തി. നിലവിലുള്ള നടപ്പടി ക്രമങ്ങൾ പ്രകാരം ജില്ലാ കലക്ടറെ കൊണ്ട് വാങ്ങിപ്പിച്ച് പഞ്ചായത്ത് വിതരണം ചെയ്യുക.

2. ഇപ്രകാരം അനുവധിക്കുന്ന സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ചിലവു കുറഞ്ഞതും മേൻമയേറിയതുമായ വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ധ ഉപദേശം കൊടുക്കത്തക്കവിധത്തിലുള്ള ഹൌസിംങ്ങ് സൊസൈററികൾ സ്ഥാപിക്കുക.

3. സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഗവൺമെൻറ് ഏജൻസികൾ മുഖേനയുള്ള ഭവന നിർമ്മാണ സ്ഥാപനങ്ങൾ ബാങ്ക് മുതലായ മററം ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും അനുവദിക്കുന്ന വായ്പകളുടെ നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

4. ഗവൺമെൻറ് വക പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്ന അർഹരായ ആളുകൾക്ക് സർക്കാറിന് ആസ്ഥലം ഭാവിയിൽ ആവശ്യമില്ലെന്ന് കാണുന്ന പക്ഷം പതിച്ചു കൊടുക്കുക.

5. ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് പഞ്ചായത്ത് ഓഫീസ് കേന്ദ്രീകരിച്ച് ഒരു നിർമ്മിതി കേന്ദ്ര ഓഫീസ് പ്രവർത്തിപ്പിക്കുക.

6. പഞ്ചായത്തിലെവ കാലാവസ്ഥക്ക് അനുയോജ്യമായ വീടുകൾ നിർമ്മിക്കുന്നതിന് പ്രേരണ നൽകുകയും വീടുകളുടെ നിർദ്ദിഷ്ട ടൈപ്പുകൾ വിതരണം ചെയ്യുക. എല്ലാ വീടുകളിലും സൗജന്യ നിരക്കിൽ കക്കൂസ് നിർമ്മിച്ച് കൊടുക്കുകത.

7. ആധുനിക രീതിയിലുള്ള ഇഷ്ടികയ്ക്കു പകരം നമ്മുടെ പഞ്ചായത്തിലുള്ള ഭവന നിർമ്മാണത്തിന് അനുയോജ്യമായ മണ്ണ് കുഴച്ച് ചുവർ നിർമ്മിക്കുക.

8. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാമാഗ്രികൾ സാമ്പത്തിക സഹായം നൽകുന്ന സിവിൽ സപ്ലൈസിൻെറ ആഭിമുഖ്യത്തിൽ അതാത് പഞ്ചായത്തുകളിൽ പർമിററ് മുഖാന്തരം ചുരുങ്ങിയ ചിലവിൽ തന്നെ ലഭ്യമാക്കുന്നതിന് വേണ്ട സൗകര്യം ചെയ്യുക.

9. നിലവിലുള്ള പട്ടികജാതി പട്ടിക വർഗ്ഗ കോളനികളും മററ് കോളനികളും ആവശ്യമായ അററകുററ പണികൾക്കുവേണ്ടിയുള്ള സർവ്വീസ് സംഘങ്ങൾആ രൂപീകരിക്കുക.

10. പഞ്ചായത്തിൽ കൂടുതൽ ഭവന നിർമ്മാണ തൊഴിലാളികളുണ്ട് അവർക്ക് ഭവന നിർമ്മാണിന് ആവശ്യമായ ആധുനിക പരിശീലനം നൽകുക.

11. രാജീവ് ദശലക്ഷം ഭവന നിർമ്മാണ പദ്ധതി 50,000 രൂപയായി ഉയർത്തുക.

12. ഇപ്പോൾ താലൂക്ക് ഓഫീസ്, മുഖേന വിതരണം ചെയ്യുന്ന എല്ലാ പാർപ്പിട പദ്ധതികളുടെയും സാമ്പത്തിക സഹായ വിതരണം പഞ്ചായത്ത് ഓഫീസ് മുഖേന കൊടുക്കുക.

13. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന പാർപ്പിട നിർമ്മാണത്തിൻെറ സ്റേറജ് സർട്ടിഫിക്കേററ് ബന്ധപ്പെട്ട വാർഡ് മെമ്പർക്ക് കൊടുക്കാനുള്ള അധികാരം നൽകുക.

14. സർക്കാറിൽ നിന്നും ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ കാലോചിതമായി വർദ്ധിപ്പിക്കുകയും തിരിച്ചടക്കേണ്ട കാലാവധി നീട്ടിനൽകുകയും ചെയ്യുക.

15. പ്രകൃതി ക്ഷോഭ പുനരധിവാസ പദ്ധതി 2500 രൂപയായി വർദ്ധിപ്പിക്കുക.

ഭവന രഹിതരുടെ പ്രശ്നം ശാശ്വതമായി പരിഗണിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ലഭിക്കേണ്ടതുണ്ട് ഈ കാര്യത്തിൽ ഗ്രാമ പഞ്ചായത്തും ഗവൺമെൻറും സത്വര ശ്രദ്ധപതിപ്പിക്കണം. ഇന്ന് നിലവിലുള്ള കോളനികളിലെ കൊച്ചു കൊച്ചു ഓലപുരകളിൽ ജനബാഹുല്യം കൂടുതലാണ് ഇത് പരിഹരിക്കുന്നതിന് ഫ്ളാററ് സിസ്ററം നടപ്പാക്കുന്നതും പരിശോധിക്കാവുന്നതാണ്.

ജനസാന്ദ്രത വർദ്ധിക്കും തോറും പാർപ്പിട പ്രശ്നം സങ്കീർണ്ണമാകുമെങ്കിലും ആ വെല്ലുവിളിയേയും ഏറ്റെടുത്ത് വരുന്ന 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരമാവധി പരിഹരിക്കുവാൻ നമുക്കം ഒരുമിച്ച് പരിശ്രമിക്കാം.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദരിദ്രരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ദരിക്കുക എന്ന ഉദ്ദേശത്തോടെ ദാരിദ്ര നിർമ്മാർജ്ജന പദ്ധതികളും തൊഴിലാളിക്ഷേമ പദ്ധതികളും പൊതുവിതരണ പദ്ധതികളും അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കു വേണ്ടി വിവിധ തരം പെൻഷൻ പദ്ധതികളും കേന്ദ്ര സംസ്ഥാന ഗവൺമെൻറുകൾ നടപ്പിലാക്കിയിട്ടുണ്ട്. എരുത്തേമ്പതി പഞ്ചായത്തിൽ ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നൽ ഈ പരിപാടികളെ കുറിച്ച ഭൂരിഭാഗം ജനങ്ങളും അജ്ഞരാണ്. ദാരിദ്രരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങളുടെ ദരിദ്ര നിർമ്മാർജ്ജന പദ്ധതികൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള വിശകലനവും പോരായ്മകൾക്കുള്ള പരിഹാര മാർഗ്ഗവുമാണ്. തമിഴ് ന്യൂനപക്ഷമുള്ള ജനങ്ങളെ ബോധവൽക്കരിക്കുന്നതിനു വേണ്ടി ജനകീയ അടിസ്ഥാനത്തിൽ യാതൊരു ബോധവൽക്കരണവും നടത്തുന്നില്ല. സാംസ്കാരിക പരമായും വിദ്യാഭ്യാസ പരമായും നല്ല നിലവാരമില്ലാത്തതാണ് പോരായ്മകൾക്കുള്ള പ്രധാനകാരണം.

പഞ്ചായത്തിൻെറ വിസ്തീർണ്ണം 36.93 ച.കി.മി. ആണ്. തമിഴ് നാട് അതിർത്തിയോട് ചേർന്ന് കിടക്കുന്ന ഈ പഞ്ചായത്ത് ഒമ്പത് വാർഡുകൾ ഉൾകൊണ്ടതാണ്. ഭൂരിപക്ഷം ജനങ്ങളുടെയും ഉപജീവന മാർഗ്ഗം കാർഷിക പ്രവൃത്തിയാകുന്നു. മററ് ഇതര കൂലിപ്പണിക്കാരും ധാരാളമുണ്ട്. ഈ മേഖലയിൽ സംഘടിത അസംഘടിത തൊഴിലാളികളാണ് ഭൂരിഭാഗവും ജനസംഖ്യയിൽ 15% ഓളം പട്ടികജാതൗ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരാകുന്നു. പട്ടികജാതി പട്ടൗക വർഗ്ഗ വിഭാഗത്തിൻെഖ വികസനത്തിനും അവരുടെ ഉന്നമനത്തിനും വേണ്ടി പട്ടിക ജാതി ക്ഷേമ ബോർഡ് ഉണ്ട്. എന്നാൽ ഇവരുടെ വിദ്യാഭ്യാസ പുരോഗതിക്കായി പഞ്ചായത്തിൽ ഒരു ഹോസ്ററൽ ഇല്ലെന്നുള്ളതാണ് സത്യം. വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷൻ ഉണ്ട് ഇത്തരത്തിലുള്ള പദ്ധതികളിൽ നിന്നും നാമമാത്രമായ ചില സഹായങ്ങളാണ് നമ്മുടെ പഞ്ചായത്തിൽ നാളിതുവരെ ലഭ്യമായിട്ടുള്ളത്. മററ് പല പദ്ധതികളും നമ്മുടെ പഞ്ചായത്തിൽ വിരലിലെണ്ണാവുന്ന വിധത്തിലാണ് ജനങ്ങൾ ഉപയോഗപ്പെടുത്തിയിട്ടുള്ളത്.

ഇത്തരത്തിലുള്ള പദ്ധതികളെ കുറിച്ച് അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് ലഭിക്കാതിരിക്കുക, ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണ കുറവ് ഗുണഭോക്താവിന് ആവശ്യത്തിനും സമയത്തിനും സഹായം ലഭിക്കാതിരിക്കുക എന്നിങ്ങനെയുള്ള വൈതരണികൾ എടുത്തു പറയേണ്ടവ തന്നെയാണ്. പഞ്ചായത്തൽ കർഷക

പഞ്ചായത്തിലുള്ള ഒരു വി.ഇ.ഒ. ഓഫീസ് വഴി 93_94 വർഷം മുതൽ 95_96 വരെ 20 പേർക്ക് 28390/ _ രൂപയ്ക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തതായി കണക്കുകളിൽ കാണുന്നു. ഈ പദ്ധതിയെ സംബന്ധിച്ച് ഇതിന്റെ ഗുണഭോക്താക്കളാകുവാൻ അർഹതയുള്ളവർക്കുപോലും അറിയില്ലെന്നുള്ളതാണ് സത്യം. ആയതിനാൽ ഇതിനെ സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതാകുന്നു. സാധനങ്ങൾ യഥാസമയം വിതരണം ചെയ്യേണ്ടതുമാകുന്നു.

ദാരിദ്ര രേഖയ്ക്ക് താഴേയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് സി.ആർ.എസ്.പി ഈ പഞ്ചായത്തിൽ കൂടുതൽ കോളനികളുണ്ട്. ഓരോ കോളനികളിലും ചുരുങ്ങിയത് അൻപതു വീടുകളെങ്കിലും ഉണ്ട്. ഊരു സംമ്പ്രദായത്തിൽ ജനങ്ങൾ തിങ്ങിപാർക്കുന്ന മററം സ്ഥലങ്ങൾ ധാരാളമായി വേറേയുണ്ട്. ഈ സ്ഥങ്ങളിലെ 80% വീടുകളിലും കക്കൂസുകൾ ഇല്ല. പൊതു നിരത്തുകളിലാണ് മലമൂത്ര വിസർജ്ജനം ചെയ്യുന്നത്. തൻനിമിത്തം മഴക്കാലങ്ങളിൽ മററ് സ്ഥലങ്ങളെ അപേക്ഷിച്ച് കൂടുതൽ സാംക്രമിക രോഗങ്ങൾ പടർന്ന് പിടിക്കാററുണ്ട്. അതുകൊണ്ട് ഈ പദ്ധതിയെ സംബന്ധിച്ച്

ട്യൂൾകിററ് കൊടുത്തത്

| വർഷം | എണ്ണം | തുക |
|---|---|---|
| 93_94 | 4 | 28390 |
| 94_95 | 9 | |
| 95_96 | 7 | |

ഊർജ്ജിതമായ് ബോധവൽക്കരണം നടത്തേണ്ടതാകുന്നു. ഈ പഞ്ചാ7ത്തിൽ ദാരിദ്രരേഖയ്ക്കം താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള കക്കൂസുകൾ ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് നമ്മുടെ പഞ്ചായത്തിൽ സി.ആർ.എസ്.പി സ്കീം അനുസരിച്ച് കക്കൂസുകളെ അനുവധിച്ചതിനുള്ള കണക്കുകൾ.

പട്ടിക ജാതി പട്ടിക വർഗ്ഗത്തിലുള്ള സ്കൂളിൽ പോകുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി വികസന ബ്ലോക്കുവഴി വിതരണം ചെയ്യുന്ന ഒരു പദ്ധതിയുണ്ട്. 1994_95 വർഷം മുതൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട എൽ.പി സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി സ്കൂൾ യൂണിഫോം നൽകുന്ന ഒരു പദ്ധതി ഉണ്ട്. ഈ പദ്ധതി എൽ.പി. സ്കൂളിൽ

പഠിക്കുന്ന പട്ടികജാതി വിദ്യർത്ഥികൾക്കു കൂടി ബാധകമാക്കേണ്ടതാണ്. കൂടാതെ പട്ടികജാതി പ*ിക വർഗ്ഗ മുഴുവൻ എൽ.പി. സ്കൂൾ വിദ്യാർത്ഥികൾക്കും സൗജന്യമായി പാഠപുസ്തകം വിതരണം ചെയ്യേണ്ടതാണ്.

| വർഷം | ആകെ അനുവദിച്ചത് | പൂർത്തീകരിച്ചത് |
|---|---|---|
| 92_93 | ------ | ------ |
| 93_94 | 13 | 10 |
| 94_95 | 9 | 7 |
| 95_96 | 13 | 5 |
| 96_97 | 12 | ആരംഭിച്ചിട്ടില്ല. |
| CD Scheme | | |
| 94_95 Sc/St Only | 16 | 1 |

വിദ്യാഭ്യാസപരമായി വളരെ പിൻപന്തിയിൽ നിൽക്കുന്ന വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് ഇത് ഒരു പ്രോത്സാഹനമായിരിക്കും.

പട്ടികജാതി പട്ടിക വർഗ്ഗത്തിൽ വിഭാഗത്തിൽപ്പെട്ട 30 സെൻറിനു മുകളിൽ കൃഷിയുള്ള ആൾക്ക് ദശലക്ഷം കിണറുകൾ കുഴിക്കുന്ന പദ്ധതി പ്രകാരം 1994_95 വർഷത്തിൽ 4 പേർക്കം ഈ പഞ്ചായത്തിൽ 25,000 രൂപവീതം ലോൺ കൊടുക്കുകയുണ്ടായി. എന്നാൽ ഈ പ്രദേശത്തെ ഭൂപ്രകൃതി യനുസരിച്ച് ഈ സംഖ്യ അപര്യാപ്തമാണ്. ഇപ്രകാരം കൊടുക്കുന്ന ലോൺ 50,000/_ രൂപയായി വർദ്ധിപ്പിക്കുകയും ഇതിൻെറ പരിധിയിൽ ദാരിദ്രരേഖയ്ക്ക് താഴേയുള്ള മററു വിഭാഗമാളുകളെകൂടി ഉൾപ്പെടുത്തേണ്ടതുമാകുന്നു.

പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് 300 രൂപ സൗജന്യമായി കൊടുത്തത് പുകയില്ലാത്ത അടുപ്പ് നിർമിച്ചു കൊടുക്കുന്ന പദ്ധതിയുണ്ട്. ഈ സ്കീം അനുസരിച്ച് 57 പേർക്ക് മാത്രമാണ് ഈ സൗജന്യം ലഭിച്ചത്. ബ്ലോക്കു പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന ഈ സ്കീം ദാരിദ്ര രേഖയ്ക്ക് താഴേയുള്ള മുഴുവൻ കുടുംബങ്ങൾക്കും ബാധകമാക്കേണ്ടതാകുന്നു.

വർഷത്തിൽ ഒരിക്കൽ മഹിളാ സമാജം

അംഗങ്ങൾക്കുവേണ്ടി പഞ്ചായത്ത് തലത്തിൽ നടത്തുന്ന 2 ദിവസത്തെ പരിശീലന പരിപാടി വാർഡുതലത്തിൽ നടത്തണം ഇതിൻെറ ചെലവിലേക്കായി അനുവദിച്ചു കൊടുക്കുന്ന 600 രൂപ 1200 രൂപയാക്കി ഉയർത്തേണ്ടതാകുന്നു.

## വില്ലേജ് ആഫീസുകൾ വഴി_ യുള്ള ക്ഷേമപദ്ധതികൾ

ഉപജിവനത്തിനു ബുദ്ധിമുട്ടുന്ന അശരണരായ ജന വിഭാഗത്തിന് റവന്യൂ വകുപ്പ് മുഖേന കാര്യമായ വിധത്തിൽ പെൻഷൻ വിതരണം നിർദ്ധരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായവുമാണ് പഞ്ചായത്തിൽ ലഭ്യമാകുന്നത്. ഇതിൽ അർഹരായ മുഴുവൻ ആളുകൾക്കും ആനുകൂല്യം വാങ്ങുന്നുണ്ടെന്നും പരക്കേയുള്ള ഒരു ആക്ഷേപമാണ്. പെൻഷനും ധനസഹായവും അനുവദിച്ചവർക്കു പലപ്പോഴും വളരെ വൈകി മാത്രമാണ് ലഭിക്കാറുള്ളത്. ഇതിനുകാരണം സർക്കാരിൽ നിന്നും തക്ക സമയത്ത് ഫണ്ട് അനുവദിക്കേണ്ടതാണ്. ഫണ്ട് കൃത്യമായി അനുവദിക്കേണ്ടത് അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ട സംഗതിയാകുന്നു.

## വാർദ്ധക്യകാല പെൻഷൻ

65 വയസ്സ് പൂർത്തിയായ 18 വയസ്സിനു മുകളിൽ പ്രായമുള്ള ആൺമക്കളില്ലാത്ത പ്രതിമാസം 400 രൂപയ്ക്ക് താഴെ വരുമാനമുള്ള നിരാലംബരായ ആളുകൾക്ക് അനുവദിക്കുന്ന പെൻഷനാണിത്. നമ്മുടെ പഞ്ചായത്തിൽ 55 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്. ഈ പെൻഷൻ സ്കീമിൽ പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ പെൻഷൻ അനുവദിക്കില്ലെന്നുള്ള വ്യവസ്ഥമാററി വരുമാനത്തിൻെറ പരിധി നിശ്ചയിച്ച് അർഹരായ മുഴുവൻ പേർക്കും ഈ പെൻഷൻ അനുവദിക്കേണ്ടതാണ്.

വിധവാ പെൻഷൻ:

പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കാറില്ല. ഈ നിബന്ധതയിൽ മാററം വരുത്തി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിൽ 96 പേർക്കാണ് പെൻഷൻ ലഭിച്ചിട്ടുള്ളത്.

വികലാംഗപെൻഷൻ:

ഇപ്പോൾ വികലാംഗപെൻഷൻ അനുവദിച്ചുകിട്ടണമെങ്കിൽ നിശ്ചിത വരുമാനപരിധിക്കുള്ളിലുള്ളവർ അവരുടെ വികലത തെളിയിക്കുന്നതിനുള്ള ജില്ലാശുപത്രിയിൽ നിന്നും മെഡിക്കൽ ബോർഡിൻെറ മുമ്പാകെ ഹാജരായി ലഭിച്ച സർട്ടിഫിക്കേററ് ഹാജരാക്കേണ്ടതാണ്. ഗ്രാമ പ്രദേശത്തുള്ള വികലാംഗരുടെ ഇത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഒന്നാമതായി അവർ വികലാംഗരാണ് മറെറാന്ന് 25ഉം 30 ഉം കി.മി. സഞ്ചരിക്കാനുള്ള ബുദ്ധിമുട്ട്. അതുകൊണ്ട് തൊട്ടടുത്തുള്ള സർക്കാർ ആശുപത്രിയിൽ നിന്നും ലഭിക്കുന്ന വികലത തെളിയിക്കുന്ന സർട്ടിഫിക്കേററ് ഹാജരാക്കിയാൽ അർഹരായവർക്ക് പെൻഷൻ അനുവദിക്കേണ്ടതാണ്.

കർഷകതൊഴിലാളി പെൻഷൻ:

മുഴുവൻ കർഷകതൊഴിലാളികൾക്കും

പെൻഷൻ ലഭിക്കുന്നില്ല, അതിനുള്ള പ്രധാന കാരണം കുടുംബവാർഷിക വരുമാന പരിതി തന്നെയാകുന്നു. അതുകൊണ്ട് കർഷക തൊഴിലാളി പെൻഷൻ അനുവദിക്കുന്നതിനുള്ള വരുമാന പരിധി എടുത്തുകളയണം. അർഹരായവരെ തെരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകണം. തെരഞ്ഞെടുക്കുന്നവരെ ലിസ്ററം പ്രസിദ്ധപ്പെടുത്തണം.

തൊഴലില്ലായ്മ വേതനം

18 വയസ്സ് പൂർത്തിയായ 35 വയസ്സുവരെയുള്ള പത്താം ക്ലാസ്സ് പാസ്സായിട്ടുള്ള ഉദ്യോഗർത്ഥികളായ ആളുകൾക്കാണ് എതാഴിലില്ലായ്മ വേതനം അനുവദിക്കുന്നത്. വേതനം അനുവദിക്കണമെങ്കിൽ ഇവരുടെ പ്രതിമാസവരുമാനം 50 രൂപയിൽ കവിയരുത്. പ്രതിമാസം 50 രൂപയ്ക്കു താഴെയുള്ളവരായി വിരലെണ്ണാവുന്നവർ മാത്രമെയുള്ളു. എന്നാൽ അനർഹരായ ധാരാളം ആളുകൾ തൊഴിലില്ലായ്മ വേതനം പററുന്നുണ്ട്. ഇതിന് ഒരു മാററം വരണമെങ്കിൽ വിഭാഗത്തിലുള്ള വരെ തൊഴിൽപരമായി പുന:രധിവസിപ്പിച്ച് പ്രത്യുല്പാദനപരമായ രംഗത്ത് ഈ പണം ചെലവു ചെയ്യേണ്ടതാണ്. ഇതിനായി ഓരോ പഞ്ചായത്തിലും തൊഴിലില്ലാത്ത അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുന്ന പ്രാദേശിക തലത്തിലുള്ള തൊഴിൽ സംർഭങ്ങൾ സൃഷ്ടിക്കുക.

അംഗനവാടികൾ:

സാമൂഹ്യക്ഷേമരംഗത്ത് അടിസംഥാനമായി പ്രവർത്തിച്ചു വരുന്ന ഒരു പദ്ധതിയാണ്. സംയോജിത ശിശുവികസന സേവന പദ്ധതിയുടെ കീഴിലുള്ള അങ്കണവിടികൾ ശരാശരി ആയിരം ജനസംഖ്യക്ക് ഒന്ന് എന്ന അടിസ്ഥാനത്തിൽ പതിനേഴ് അങ്കണവാടികൾ വഴഇ ഗർഭിണികൾക്കും അമ്മമാർക്കും കുഞ്ഞുങ്ങൾക്കും വേണ്ട സേവനങ്ങൾ ചെയ്യുന്നു. അങ്കണവാടികൾ ഏരിയായിലെ ജനങ്ങളുമായി മററു സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാരും ഇട പഴകുന്നതുകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സലാക്കി അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കഴിയാറുണ്ട്. അങ്കണവാടി വഴി പ്രാഥമിക വിദ്യാഭ്യാസം കുഞ്ഞുങ്ങളുടെ ആരോഗ്യ പരിശോധന പോഷകാഹാര വിതരണം പ്രതിരോധ കുത്തിവെപ്പ്, കുഞ്ഞുങ്ങളുടെ ആരോഗ്യ നിലവാരം നിർണ്ണയിക്കൽ എന്നിവ നടക്കുന്നതോടൊപ്പം ഗർഭിണികൾ അമ്മമാർ മൂന്നുവയസ്സിനു താഴെയുള്ള കുഞ്ഞുങ്ങൾ ഇവരുടെ ആരോഗ്യപരമായും വിദ്യാഭ്യാസ പരമായും ഉള്ള കാര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നുണ്ട്. ഇങ്ങനെയൊക്കെയാണെങ്കിലും പല നീറുന്ന പ്രശ്നങ്ങളും ഈ സേവന രംഗത്ത് എടുത്ത് പറയേണ്ടതായിട്ടുണ്ട്. തുച്ഛമായ വേതനവും സ്ഥിരമായി സ്ഥലസൗകര്യം ഇല്ലായ്മ കൊണ്ടും കെട്ടിടം ഉണ്ടെങ്കിൽ തന്നെ വേണ്ടത്ര സൗകര്യം ഇല്ലാത്തതുകൊണ്ടും അങ്കണവാടികളുടെ പ്രവർത്തനത്തിൽ വളരെ അധികം ബുന്ധിമുട്ട് അനുഭവിക്കുന്നു. വീടുകളിലെ വരാന്തയിലും നാലുകാൽ ഓലപുരയിലും കന്നുകാലി തൊഴിത്തിലും അങ്കൺവാടികൾ നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു. ഈ പ്രവൃത്തി അങ്കണവാടി പ്രവർത്തകർക്കും രക്ഷിതാക്കൾക്കും ഒരു പോലെ മാനസീക വിഷമത അനുഭവിച്ച് വരുകയാണ്. അമ്മമാർക്ക് വ്യക്തി ശുചിത്വം

പൊതുജനാരോഗ്യം പകർച്ച വ്യാധികൾ ഇവയെ കുറിച്ച് മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ആരോഗ്യ വിദ്യാഭ്യസത്തേ കുറിച്ചും പ്രാഥമിക വിദ്യാഭ്യാസത്തെ കുറിച്ചും അറിവ് നൽകുന്നു. അങ്കൺവാടി ജീവനക്കാർക്ക് ഉണ്ടാകുന്ന വിഷമത എടുത്തുപറയേണ്ടതില്ലല്ലോ ഈ പ്രശ്നത്തിന് അടിയന്തിരമായി ഒരു പരിഹാരം കാണാൻ പഞ്ചായത്ത് അധികൃതർക്കും ഇതിലെ ഭരണാധികാരികൾക്കും കഴിവ് ഉണ്ടാകട്ടെ എന്ന് ആത്മാർത്ഥമായി നമ്മുക്ക് ആഗ്രഹിക്കാം.

ജോലിഭാരം കൂടുതലും വരുമാന കുറവ് ഉള്ളവരാണെങ്കിലും അങ്കണവാടിയുടെ കാര്യത്തിലും ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും കലാപരമായും കായികപരമായും എരുത്തേമ്പതി പഞ്ചായത്ത് മുൻപന്തിയിലുമാണ്.

പുത്തൻ വിദ്യാഭ്യാസ സംസ്ക്കാരത്തിൻെറ കടന്ന് വരവ് കാരണം നിലവിലുള്ള അങ്കൺവാടികൾക്ക് ഭീഷണി നേരിടുകയാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൻെറ അമിതമായ ആഗ്രഹമാണ് ഇതിൻെറ പ്രധാന കാരണം മാതൃഭാഷയെ മറന്നുള്ള ഒരു പ്രവർത്തനത്തെ കുറിച്ച് ഗൃഹനാഥനേക്കാൾ ഗൃഹനായികമാർക്കാണ് ബോധവത്ക്കരണം നടത്തേണ്ടത്.

എല്ലാ സൗകര്യങ്ങളോടും കൂ്ടി ഒരു മോഡോൺ അങ്കൺവാടി പഞ്ചായത്തിന് അത്യന്താപേക്ഷിതമാണ്. ഈ അങ്കൺവാടികൾക്ക് പഠനഹാൾ അടുക്കള സ്റേറാർറൂം ടോയ്ലററ് ചുററുമതിൽ, ഗെയ്ററം പൂന്തോട്ടം, കുട്ടികൾക്ക് കളിക്കാനുള്ള മതിലിനോട് ചേർന്ന് കൊച്ചു കൊച്ചു പുരകൾ കൂടാതെ അങ്കണവാടികൾ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും റിപ്പോർട്ടുകൾ ശേഖരിക്കുന്നതിനും അമ്മമാരുടെ യോഗങ്ങൾ നടത്തുന്നതിനും കോൺഫറൻസ്ഹാൾ പഞ്ചായത്തിലെ മററം അങ്കണവാടികളുടെ രേഖകളും സൂക്ഷിക്കുന്നതിന് ആവശ്യമായ ഒരു റിസോഴ്സ് സെൻററും ഈ മോഡൽ അങ്കണവാടിക്ക് ഉൾപൊള്ളിക്കേണ്ടതാണ്.

ഇതുവരെ നിർമ്മിച്ചുള്ള അങ്കണവാടികൾക്ക് പത്തായിരം ഇരുപതിനായിരം വരെ സംഖ്യ മാത്രമെ അനുവദിച്ചിട്ടുള്ളു. എന്നാൽ ഇപ്പോഴത്തെ ചിലവും സാധനങ്ങളുടെ വിലയും പണികൂലിയും കണക്കാക്കുമ്പോൾ ഓരോ കെട്ടിടത്തിനും 60,000 മുതൽ 80,000 വരെ ചിലവ് വരും അതുകൊണ്ട് ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ചിലവ് കണക്കിലെടുത്ത് തുക അനുവധിക്കേണ്ടതാണ്. അതുപോലെ തന്നെ അററ കുററ പണികൾ ചെയ്യേണ്ട അങ്കണവാടികൾക്ക് ഇന്നത്തെ ചിലവ് കണക്കാക്കി തുക ആനുവദിക്കേണ്ടതാണ്.

ഐ.സി.ഡി. എസ്സിൻെറ കണക്കനുസരിച്ച് എരുത്തേമ്പതി പഞ്ചായത്തിൽ 3800 വീടുകളിലായി 17000 ത്തിൽപരം ജനസംഖ്യയുണ്ട്. അവർക്കായി പഞ്ചായത്തിൽ 17 അങ്കണവാടികൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നു.

ഈ പതിനേഴ് അങ്കംവാടികളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ പത്ത്. ബാക്കിയുള്ള ഏഴ് എണ്ണം വാടക കെട്ടിടങ്ങളിലും ഓല ഷെഡ്ഡുകളിലുമായി

# എരുത്തേമ്പതി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ പട്ടിക

| ക്രമ നമ്പർ | വാർഡ് നമ്പർ | C.No | സ്ഥലം സംബന്ധിച്ച് | | | | | കെട്ടിടം സംബന്ധിച്ച് | | | | | | എവിടെ സ്ഥിതി ചെയ്യുന്നു. | | | വെള്ളം | | കക്കൂസ് | | കറന്റ് | കളിക്കോപ്പുകൾ | | | | പോഷകാഹാരത്തിനാവശ്യമായ പാത്രങ്ങൾ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഉണ്ട് | ഇല്ല | ഫ്രീസാന്റർ | പഞ്ചായത്ത് സ്ഥലം | മറ്റുള്ളവ | ഉണ്ട് | ഇല്ല | CPWP | ജനറൽ ഡോക്ടർ | IHDP | SE.P | IHDP കോളനിയിൽ | SC/ST കോളനിയിൽ | മറ്റുള്ളവ | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല/ഉണ്ട് | ഇല്ല/ഉണ്ട് | പഠനോപകരണങ്ങൾ | ഫർണിച്ചർ | ചുറ്റുമതിൽ | പ്ലേറ്റ് | ഗ്ലാസ് | മറ്റുള്ളവ |
| 1 | V | 40 | | | | | വാടക | | | | | | | | | ✓ | | | | | | | | | | | | |
| 2 | V | 41 | | | | | വാടക | | | | | | | | | | | | | | | | | | | | | |
| 3 | IX | 42 | ✓ | | ✓ | | | ✓ | | | ✓ | | | | | ✓ | | | | | | | | | | ✓ | | |
| 4 | IX | 43 | ✓ | | ✓ | | | ✓ | | ✓ | | | | | | ✓ | | | ✓ | | | | | | | | | |
| 5 | IX | 44 | ✓ | | ✓ | | | ✓ | | | ✓ | | | | | ✓ | | | | | | | | | | ✓ | | |
| 6 | VIII | 45 | ✓ | | ✓ | | | ✓ | | | ✓ | | | | | ✓ | | | | | | | | | | | | |
| 7 | VIII | 46 | ✓ | | ✓ | | | ✓ | | ✓ | | | | | | ✓ | | | ✓ | | | | | | | | | |
| 8 | VIII | 47 | | | | | വാടക | | | | | | | | | ✓ | | | | | | | | | | | | |
| 9 | VIII | 48 | | | | | വാടക | | | | | | | | | ✓ | | | | | | | | | | | | |
| 10 | III | 49 | ✓ | | ✓ | | | ✓ | | | ✓ | | | | | ✓ | | | | | | | | | | ✓ | | |
| 11 | III | 50 | ✓ | | ✓ | | | ✓ | | | | | ✓ | | | ✓ | | | | | | | | | | | | |
| 12 | IV | 51 | ✓ | | | ✓ | | ✓ | | | | ✓ | | ✓ | | | ✓ | | ✓ | | | | | | | | | |
| 13 | I | 52 | ✓ | | ✓ | | | ✓ | | ✓ | | | | | | ✓ | | | | | | | | | | | | |
| 14 | I | 53 | ✓ | | ✓ | | | ✓ | | ✓ | | | | | | ✓ | | | ✓ | | | | | | | | | |
| 15 | II | 54 | | | | | വാടക | | | | | | | | | ✓ | | | | | | | | | | ✓ | | |
| 16 | VI | 115 | | | | | വാടക | | | | | | | | | ✓ | | | | | | | | | | | | |
| 17 | III | 160 | | | | | വാടക | | | | | | | | ✓ | | | | | | | | | | | | | |
| | | | | | | | | | | | | | | | | | | | | | | | | | | | | |

# അംഗണവാടി കെട്ടിടത്തിൻെറ വിശദ വിവരങ്ങൾ

സ്വന്തംകെട്ടിടം

| Sl.No | C.No. | Ward No. | സ്ഥിതിചെയ്യുന്ന സ്ഥലം | സ്ഥലം കൊടുത്ത ആളുടെ പേര് |
|---|---|---|---|---|
| 1 | 42 | 9 | വില്ലുണി | കന്തസ്വാമി. പി. |
| 2 | 43 | 9 | മാങ്കാപ്പള്ളം | ആറുചാമി (നാലു സെൻറ്) |
| 3. | 44 | 9 | കൗണ്ടർകുളം | രഘുപതികൗണ്ടർ 8സെൻറ്എരുത്തേമ്പതി |
| 4. | 45 | 8 | മുള്ളടികാട് | ചന്ദ്രൻ (കോൺട്രാക്ടർ) 5 സെൻറ് |
| 5. | 46 | 8 | എരുത്തേമ്പതി നോർത്ത് | ക്രിസ്ത്യൻ ചർച്ച് വക |
| 6 | 49 | 3 | ചിന്തമൂലത്തറ | മരുതാചലം മുതലിയാർ (5 സെൻറ്) |
| 7 | 50 | 3 | മലയാണ്ടി കവുണ്ടർ | കെ. ശക്തിവേൽ കൗണ്ടർ |
| 8 | 51 | 4 | കരുമാണ്ടക വുണ്ടനൂർ | പഞ്ചായത്ത് സ്ഥലം |
| 9. | 52 | 1 | മൂങ്കിൽ മട | കറുപ്പയ്യ കവുണ്ടനൂർ 10 സെൻറ് |
| 10 | 53 | 1 | കുമരനൂർ | എസ്. ശിവലിംഗ കൗണ്ടർ 12 സെൻറ് |

## വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ

| | | | | |
|---|---|---|---|---|
| 1 | 40 | 5 | നടുപ്പുണി | വാടകകെട്ടിടത്തിൽ |
| 2. | 41 | 5 | കാമരാജ് കോളനി R.V.P. Puthur | " |
| 3. | 47 | 7 | എരുത്തേമ്പതി സൗത്ത് | " |
| 4. | 48 | 7 | പിടാരിമേട് | " |
| 5 | 54 | 2 | വണ്ണാമട | " |
| 6 | 115 | 6 | R.V.P. Puthur | " |
| 7. | 160 | 3 | ഗാന്ധിനഗർ വണ്ണാമട | " |

ഐ.സി.ഡി. എസ്സിന്റെ കണക്കനുസരിച്ച് എരുത്തേമ്പതി പഞ്ചായത്തിൽ 3800 വീടുകളിലായി 17000 ത്തിൽപരം ജനസംഖ്യ യുണ്ട്. അവർക്കായി പഞ്ചായത്തിൽ 17 അങ്കണവാടികൾ ഇപ്പോൾ പ്രവർത്തിച്ചു വരുന്നു.

ഈ പതിനേഴ് അങ്കൻവാടികളിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ പത്ത്. ബാക്കിയുള്ള ഏഴ് എണ്ണം വാടക കെട്ടിടങ്ങളിലും ഓല ഷെഡ്ഡുകളിലുമായി പ്രവർത്തിച്ചു വരുന്നു. സ്വന്തം കെട്ടിടങ്ങളുള്ള 10 എണ്ണത്തിൽ നാലെണ്ണം 10 ഉം 20 ഉം വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച ജി.പി.ഡബ്ലിയു.പി സെൻററുകളിലാണ് പ്രവർത്തിക്കുന്നത്. ബാക്കിയുള്ള 6എണ്ണം സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ലഭിച്ച ഇ.എസ്.പി സെക്ടറിൻെറയും ജനറൽ സെക്ടറിൻെറയും ഫണ്ട് ഉപയോഗിച്ച് കെട്ടിയവയാണ്. ഈ പത്ത് കെട്ടിടത്തിൽ 2 എണ്ണം ഒഴികെ ബാക്കിയുള്ളവ ആറണ്ണം ഏഴുവർഷം മുമ്പ് നിർമ്മിച്ചവയാണ്. ആയതിനാൽ അവയ്ക്കല്ലാം അററകുററ പണികൾ ചെയ്യേണ്ടതുണ്ട്.കെട്ടിടനുള്ള അംഗനവാടികളിൽതന്നെ ആവശ്യമായ സൗകര്യം ഒന്നും തന്നെയില്ല. ചുററുമതിൽ കുടിവെള്ളം കക്കൂസ് ഫർണിച്ചറുകൾ പോലുള്ള പല സൗകര്യങ്ങളും ഇല്ല. ഈ കേന്ദ്രങ്ങളിലൂടെ 1500 പരം വീടുകൾക്കും അമ്മമമാർക്കും ആനുകൂല്യം ലഭിക്കുന്നുണ്ടെ ങ്കിലും പോരായ്മകൾ ധാരാളം ഉണ്ട്. അതായത് പ്രീ സ്കൂൾ ക്ലാസ്സിലേക്ക് എത്തുന്ന കുട്ടികൾക്ക് പഠിപ്പിക്കുന്നതിന് ആവശ്യമായ പാഠനോപകരണങ്ങൾ ഒന്നും തന്നെയില്ല. അതുപോലെ കുട്ടികൾക്ക് കളിക്കുന്നതിന് ആവശ്യമായ കളികോപ്പുകൾ ആഹാരം കഴിക്കുന്നതിന് ആവശ്യമായ പ്ലേററ് ഷിററുകൾ യൂണിഫോറം ചെരുപ്പുകൾ ഇങ്ങിനെ പലതും ആവശ്യമായിട്ടുണ്ട്. എന്നാൽ ഇവയൊന്നും തന്നെ ഇപ്പോൾ അങ്കൺവാടികളിൽ ആവശ്യത്തിന് ഇല്ല.

അങ്കൺവാടികളിൽ ആഹാരം പാകം ചെയ്യുന്നതിന് വേണ്ടത്ര പാത്രങ്ങൾ ഇല്ല. ഉണ്ടെങ്കിൽ തന്നെ പരിമിതമാണ്. അതുപോലെ തന്നെ അങ്കൺവാടികളിലെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ഇൻഡോർ ആൻറ് ഔട്ട് ഡോർ പ്ലേ എന്നാൽ അതിന് സൗകര്യങ്ങളും അങ്കൺവാടികളിൽ ഇല്ല. അതായത് അങ്കൺവാടികളിൽ Out Playയ്ക്ക് ആവശ്യമായ കളിസ്ഥലം കാണേണ്ടതാണ് അതുപോലെ അങ്കൺവാടികൾ നിർമ്മിക്കുമ്പോൾ Indoor play വേണ്ടി ഒരു പ്രത്യേക മുറിയും കാണേണ്ടതാണ്. ഇപ്പോൾ നിർമ്മിച്ചിട്ടുള്ള കാരണം അങ്കൺവാടികളിൽ മേൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ അതായത് indoor play D Pre School Educatiobn ഭക്ഷണം കഴിക്കൽ വിശ്രമം അമ്മമാരുടെ യോഗം എല്ലാം ഒരോമുറിയിൽ തന്നെയാണ് നടത്തുന്നത്. ഇത് വളരെ ബുന്ധിമുട്ടുള്ള കാര്യമാണ്.

നിർദ്ദേശങ്ങൾ:

സാമൂഹ്യക്ഷേമ പരിപാടികൾ നടപ്പാക്കുന്നതിനുവേണ്ടി താഴെപറയുന്ന

കാര്യങ്ങൾ ചുവടെചേർക്കുന്നു.

1. അങ്കൺവാടി ജീവനക്കാരുടെ സേവന വ്യവസ്ഥകൾ കാലോചിതമായി പരിഷ്ക്കരിക്കുക.

2. കെട്ടിടവും സ്ഥലവും ഇല്ലാത്ത അങ്കൺവാടികൾക്ക് അവ നൽകി പ്രാഥമിക കാര്യങ്ങൾ പഠനസൗകര്യങ്ങൾ എന്നിവയ്ക്കുള്ള സൗകര്യം ഉണ്ടാക്കികൊടുക്കുക.

3. പഞ്ചായത്തിൽ ഒരു മോഡേൻ അങ്കൺവാടി നിർമ്മിക്കുക.

4. കുട്ടികളുടെ വ്യക്തിത്വവും ആരോഗ്യ സംരക്ഷണവും കണക്കിലെടുത്ത് അൾൺവാടിയിൽ വരുന്ന കുട്ടികളുടെ സാമ്പത്തിക നില നോക്കാതെ തന്നെ ഭക്ഷണം കഴിക്കുന്നതിനുള്ള പ്ലൈററ് ഗ്ലാസ്സ് എന്നിവ സൗജന്യമായ വിതരണം ചെയ്യുക

5. അങ്കൺവാടികൾക്ക് പോഷകാഹാര വിതരണത്തിന് അനുവധിച്ചിരിക്കുന്ന 50 പൈസ 1 രൂപയാക്കി ഉയർത്തുക

6. അങ്കൺവാടിക്ക് ആവശ്യമായ സ്ഥലവും ആവശ്യമായ കെട്ടിടവും ബന്ധപ്പെട്ട അധികൃതർതന്നെ ഉണ്ടാക്കികൊടുക്കുക. ഇന്നത്തെ ചിലവ് കണക്കിലെടുത്ത് അങ്കൺവാടി കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ തുക അനുവധിക്കേണ്ടതാണ്.

## പൊതുവിതരണം.

ഒരു പെൻഷൻ പദ്ധതിയെ പോലെ തന്നെ ഒട്ടും ഒഴിവാക്കാൻ പററാത്ത ഒരു ക്ഷേമ പരിപാടിയാണ് പൊതുവിതരണം. പഞ്ചായത്തിൽ 7 റേഷൻ ഷോപ്പുകൾ നിലവിലുണ്ട്. ഈ ഷോപ്പുകളിലൂടെ 3700 കുടുംബങ്ങൾ ഉള്ളതിൽ ഏകദേശം മുക്കാൽ ഭഗത്തോളം ആളുകൾക്കുമാത്രമെ കാർഡുകൾ ലഭിച്ചിട്ടുള്ളു. റേഷൻ ഷാപ്പുകളുടെ എണ്ണം കൂട്ടി എല്ലാവർക്കും കാർഡ് ലഭിക്കുന്നതിനുള്ള സൗകര്യം എല്ലാ കാർഡുടമകൾക്കും റേഷൻ സാധനങ്ങൾ യഥാസമയം എത്തിക്കുകയും ചെയ്യേണ്ടതാണ്. വാർഡ് തലത്തിൽ യോഗങ്ങൾ ചേർന്ന് ബോധവൽക്കരണം നൽകുകയും അർഹതപ്പെട്ട എല്ലാവർക്കും കാർഡ് ലഭിക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻമാരും നേരിട്ട് ഇടപ്പെട്ട് തത്സമയം റേഷൻ കാർഡ് വിതരണത്തിന് നടപടി സ്വീകരിക്കണം, ഇത്രയും ജനങ്ങൾ തിങ്ങിപാർക്കുന്ന ഈ പഞ്ചായത്തിൽ നാളിതുവരെ ഒരു മാവേലി സ്ററോർ ഇല്ല. ഈ പഞ്ചായത്തിൽ എരുത്തേമ്പതി, വണ്ണാമട എന്നീ സ്ഥലങ്ങളിൽ രണ്ട് മാവേലി സ്ററോറുകൾ അനുവദിക്കേണ്ടതാണ്.

## ക്ഷേമനിധി

വിവിധതരം ക്ഷേമനിധികൾ നിലവിലുണ്ട്. കർഷക തൊഴിലാളി ക്ഷേമനിധി കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി അങ്കൺവാടി ജീവനക്കാർക്കുള്ള ക്ഷേമനിധി പത്രപ്രവർത്തകർക്കുള്ള ക്ഷേമനിധി ഈ ക്ഷേമനിധിയുടെ കൂട്ടത്തിൽ ബാർബർ, ആശാരി, കൊല്ലൻ കരിങ്കൾ തൊഴിലാളികൾ പോലുള്ള എല്ലാ വിഭാഗകാരുടെയും ഈ ക്ഷേമനിധിയുടെ കീഴിൽ കൊണ്ടു വരേണ്ടതാണ്. ഈ ക്ഷേമനിധിയെ കുറിച്ച് സമൂഹത്തിൽ വളരെ കുറച്ചു മാത്രമെ

അറിവുള്ളു. എന്താണ് ക്ഷേമനിധി, ഇതിൽ ആരെയല്ലാം ഉൾകൊള്ളിക്കാം, തവണ വ്യവസ്ഥ കാലാവധി തിരിച്ച് ലഭിക്കുന്ന വിവരം ഇതിനെ കുറിച്ച് എല്ലാം ബോധവൽക്കരണം നടത്തി വേണം പരിപാടികൾ ആസുത്രണം ചെയ്യാൻ. ഇതിന് പഞ്ചായത്ത് ഭരണ സമിതിയും സംഘടനകളും മുമ്പോട്ട് വരേണ്ടതാണ്.

വിവിധ ഏജൻസികൾ മുഖേന കൊടുത്തു വരുന്ന പെൻഷൻ പദ്ധതികൾ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ:

1. പെൻഷൻ പദ്ധതികളുടെ വരുമാനം പരിധി ഉയർത്തുക.

2. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് വധുവിന് കൊടുക്കുന്ന ആഭരണത്തിന് വരുന്ന വിലയും കുടുംബ വാർഷിക വരുമാനത്തിലും കൂടി 6000 രൂപയിൽ കവിയരുത്. എന്നുള്ള പരിധി 10,000 രൂപയായക്ക ഉയർത്തുകയും നിലവിലുള്ള ധനസഹായതുക 1250 യിൽ നിന്ന് 5000 രൂപയാക്ക ഉയർത്തുക.

3. ആൺമക്കൾക്ക് 18 വയസ്സ് പൂർത്തിയായാൽ വിധവാ പെൻഷൻ നിർത്തലാക്കുന്ന നിയമത്തിന് മാററം വരുത്തുക.

4. വാർദ്ധക്യ കാല പെൻഷൻ ആൺമക്കൾ ഉള്ളവർക്ക് അനുവദിക്കുക.

5. വികലാംഗ പെൻഷൻ അനുവദിക്കുന്നതിനുള്ള വികലത തെളിയിക്കുന്ന സർട്ടിഫിക്കേററ് തൊട്ടടുത്തുള്ള സർക്കാർ ആശുപത്രി ഡോക്ടറിൽ നിന്നും ലഭിച്ചാൽ മതിയെന്നുള്ള നിയമം കൊണ്ടുവരുക.

6. ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ഈ പഞ്ചായത്തിലെ പാവപ്പെട്ടവർക്ക് ഓണം പൊങ്കൾ എന്നീ ദേശീയ വിശേഷ അവസരത്തിൽ സൗജന്യമായി ഒരാഴ്ചത്തേക്ക് റേഷൻ അനുവദിക്കുക.

7. ഭൂപരിഷ്കരണ നിയമത്തിൻെറ പരിധിയിൽ വരുന്ന കുടിയിരുപ്പുകാർക്കം പട്ടയം കൊടത്ത് അവർക്ക് ബാങ്കുകൾ മുഖേനയുള്ള വായ്പ പദ്ധതികളും ഭവന നിർമ്മാണ വായ്പകളും ലഭ്യമാക്കുക.

8. വിവിധ തുറകളിലുള്ള തൊഴിലാളികളുടെ ക്ഷേമ നിധിയിലുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുക.

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ് അവൻെറ ജീവിത നിലവാരം മെച്ചപ്പെട്ടാൽ കുടുംബം മുതൽ നമ്മുടെ രാജ്യം വരെ ക്ഷേമവും സന്തുഷ്ടിയും സ്മാധാനവും ഐശ്വര്യവും ഉണ്ടാകും നമ്മുടെ പഞ്ചായത്തിലെ സാധാരകാരുടെ സാമൂഹ്യ സാമ്പത്തിക രംഗങ്ങൾ ശോഭനമായ ഒരു ഭാവിക്കുവേണ്ടി നമുക്ക് ഒരു മനസ്സാലെ യത്നിക്കാം.

# സംസ്ക്കാരം

പഴയകൊച്ചി രാജ്യത്തിൻെറ ഭാഗമാണ് ചിററൂർ താലൂക്കിൻെറ കിഴക്കൻ മേഖല.

ചിററൂർ താലൂക്കിലെ നാലുഫർക്കകളിൽ ഒന്നാണു കൊഴിഞ്ഞാംപാറ. കൊഴിഞ്ഞാംപാറ ഫർക്കയിൽപ്പെട്ട എരുത്തേമ്പതി, കോഴിപ്പതി എന്നീ റവന്യൂ വില്ലേജുകൾ ഉൾപ്പെട്ടതാണ് എരുത്തേമ്പതി പഞ്ചായത്ത്. ഈ രണ്ട് വില്ലേജുകളും തമിഴ്നാട് അതിർത്തിയോട് ചേർന്ന് കിടക്കുന്നു. അതുകൊണ്ട് തന്നെ ഈ പഞ്ചായത്തിലെ ജനങ്ങൾ ഒരു സങ്കര സംസ്ക്കാരത്തിൻെറ ഉടമകളാണ്. ഇവിടത്തെ ആചാരാരനുഷ്ഠാനങ്ങളെല്ലാം തമിഴ് സംസ്ക്കാരവുമായി ബന്ധപ്പെട്ട കിടക്കുന്നു. പഞ്ചായത്തിലെ ജനങ്ങളിൽ കുറഞ്ഞത് 50% ആളുകൾ തമിഴ് മാതൃഭാഷയായിട്ടുള്ളവരാണ്. ആളുകളുടെ മാതൃഭാഷ മലയാളമാണെങ്കിലും ശേഷിക്കുന്ന ഭാഷയിൽ തമിഴിൻെറ സ്വാധീനം വളരെ കൂടുതലാണ്. ഇവിടെ ബഹുഭൂരിപക്ഷം ആളുകളും ഹിന്ദുക്കളാണ്. ക്രിസ്ത്യാനികളും. മുസ്ലീമുകളും വളരെ ചെറിയ ഒരു ന്യൂന പക്ഷമാണ്. കേരളത്തിൽ വളരെ അപൂർവ്വമായി മാത്രമുള്ള ഹിന്ദുക്കളിൽ ഒരു വിഭാഗമായ ഗൗണ്ടർ സമുദായത്തിൽപ്പെട്ട അവഗണനാതീതമായ സംഖ്യയുള്ള ഒരു വിഭാഗമാളുകൾ ഇവിടെയുണ്ട്. ഇവരുടെ പൂർവ്വികം തമിഴ്നാടാണ്. നൂററാണ്ടുകൾക്ക് മുമ്പ് കൃഷിഭൂമി അന്വേഷിച്ച് വന്നവരാണിവർ ഇപ്രകാരം ഈ പഞ്ചായത്തിലെ മുഖ്യ ജന വിഭാഗങ്ങൾ ഈഴവ, ഗൗണ്ടർ, മുതലിയാർ, ചെട്ടിയാർ, തേവർ, പട്ടികജാതിക്കാർ ക്രിസ്ത്യാനികൾ മുസ്ലീമുകൾ എന്നിവരാണ്.

സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന് എടുത്ത് പറയത്തക്ക സംഭാവനകൾ നൽകിയവരി ഈ പഞ്ചായത്തിൽ ആരും ഇല്ല. സ്വാതന്ത്ര്യ സമരസേനാനി പരേതനായ ടി. കെ.എ. ശിവരാമഭാരതിയുടെ സ്വാധീനം ഈ പഞ്ചായത്തിലുമുണ്ടായിരുന്നു. ഇവിടത്തെ ജനങ്ങളുടെ മുഖ്യ ഉപജീവന മാർഗ്ഗം കാർഷിക പ്രവൃത്തിയാണ്. അതിന് അനുയോജ്യമായ് ഇവിടത്തെ ഫലഭൂയിഷ്ടമാണ് ഇവിടത്തെ മണ്ണ്. രാജഭരണ കാലത്ത് തന്നെ ഇവിടെ സ്വകാര്യ ജല സേചന പദ്ധതികളുണ്ടായിരുന്നു. എന്നാൽ പിൽക്കാലത്ത് ഈ ജലസേചന പദ്ധതികൾ എല്ലാം തന്നെ അനുകൂല കാലാവസ്ഥയല്ലാത്തതിനാൽ പ്രവർത്തന രഹിതമായി. ഇന്ന് ഇവിടത്തെ ജീവൽ പ്രധാനമായ പ്രശ്നം ജലസേചനമാണ്. കേരളത്തിലെ ഇതര ഭാഗങ്ങളിൽ കാണാത്ത കരിമ്പ്, നിലക്കടല, പരുത്തി എന്നീ കൃഷികളാണ്. ഇവിടെ പ്രധാനം. തമിഴ്നാടിൻെറ കാർഷിക സംസ്ക്കാരമാണ് ഈ പ്രദേശത്തുള്ളത്. കാർഷിക പരിഷ്കരണം മൂലം ഇവിടെ സമൂലമായ മാററം വന്നു തുടങ്ങി. ഇവിടത്തെ വ്യത്യസ്ഥ മതവിഭാഗക്കാർ അവരുടെതായ മതപരമായ ഉൽസവങ്ങൾ ഒരുമിച്ചാണ് ആഘോഷിക്കുന്നത്. കേരളത്തിലെ മററു ഭാഗങ്ങളിൽ അറിയപ്പെടാത്തതും ആഘോഷിക്കാത്തതുമായ ശൂരംപോര്, ഉറിയടി, പൊങ്കൽ എന്നീ വിശേഷങ്ങൾ ഇവിടെ മുഴുവൻ ആളുകളും ഉത്സാഹപൂർവ്വം ആഘോഷിക്കുന്നു. ഇത് തമിഴ് സംസ്ക്കാരത്തിൻെറ ഒരു ഭാഗമാണ്.

പഞ്ചായത്തിലെ ഒരു ഭാഗമാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ ബഹുഭൂരിപക്ഷമാളുകളും മററു പിന്നോക്ക വിഭാഗക്കാരും പട്ടിക ജാതിക്കാരുമാകുന്നു. ഇവരുടെ മുഖ്യ ഉപജീവന മാർഗ്ഗം കാർഷിക പ്രവൃത്തിയാണ്. ഇവരുടെയിടയിൽ വിദ്യാഭ്യാസം വളരെ കുറവാണ്. പ്രാഥമിക വിദ്യാഭ്യാസം ഇല്ലാത്തവരാണ് കൂടുതൽ.

ആദ്യകാലത്ത് ഈ പഞ്ചായത്തിൽ ഉൾപ്പെടുന്ന എരുത്തേമ്പതി വില്ലേജിൽ ഒരു എൽ.പി സ്കൂളാണ് ഉണ്ടായിരുന്നത്. 1891 എരുത്തേമ്പതിയൂരിൽ കോയമ്പത്തൂർ രൂപതയുടെ കീഴിൽ സെൻററ് മേരീസ് സ്കൂൾ സ്ഥാപിതമായി. 1942ൽ റഫ: ഫാദർ അബ്രഹാം വലിയ പറമ്പിൻെറ ശ്രമഫലമായി ഇന്നു മാണുന്ന സെൻറ് പീറേറഴ്സ് യു.പി. സ്കൂളായി ഉയർത്തി. ഈ പഞ്ചായത്ത് ഉൾപ്പെടുന്ന കൊഴിഞ്ഞാംപാറ ഫർക്കിൽ ആദ്യമായി സെൻറം പോൾസ് ഹൈസ്കൂൾ 1947ൽ സ്ഥാപിതമായതും ശ്രീ. റഫ: ഫാദർ അബ്രഹാം വലിയ പറമ്പിൻെറ ശ്രമ ഫലമായാകുന്നു.

1927ൽ എരുത്തേമ്പതി വില്ലേജിൽ അന്ന് നാട് വാണിരുന്ന കൊച്ചി രാജാവിൻെറ പേരിൽ അറിയപ്പെടുന്ന രാമവർമ്മപുരം പുതൂർ എന്ന സ്ഥലത്ത് ഒരു എൽ.പി സ്കൂൾ സ്ഥാപിതമായി. 1962ൽ ഇത് യു.പി സ്കൂളായി ഉയർത്തി. ഈ സ്കൂളിൽ ഡോ: ശ്രീ. ആർ.പി. തങ്കവേലുസ്വാമി 6 ലക്ഷം രൂപയോളം ചിലവ് ചെയ്ത് ഒരു പുതിയ കെട്ടിടം നിർമ്മിച്ച് സംഭാവനയായി കൊടുത്തു. കോഴിപ്പതി വില്ലേജിൽ വണ്ണാമട എന്ന സ്ഥലത്ത് ആദ്യകാലത്ത് സ്ഥാപിതമായ എൽ.പി സ്കൂളാണ്. ഇന്നുകാണുന്ന ശ്രീ.ഭഗവതി ഹൈസ്കൂളായി വളർന്ന് വന്നത്. ഈ ഹൈസ്കൂളിൻെറ ഇന്ന് കാണുന്ന പുരോഗതിക്ക് ഏററവും വലിയ സംഭാവന നൽകിയിട്ടുള്ളത് സ്കൂളിനോട് തൊട്ടുകിടക്കുന്ന തമിഴ്നാട് പൊള്ളച്ചിയിൽ ഇൽഡ്യയിൽ അറിയപ്പെടുന്ന വ്യവസായ പ്രമുഖനായ ഡോ: എൻ. മഹാലിംഗം ആകുന്നു. എരുത്തേമ്പതി വില്ലേജിൽ പിൽക്കാലത്ത് സ്വകാര്യമേഖലയിൽ ശ്രീ. വിദ്യാ ഹൈസ്കൂൾ ഉണ്ടായി. ഇത് കൂടാതെ മെത്തക്കളം എന്ന സ്ഥലത്ത് കോയമ്പത്തൂർ രൂപതയുടെ കീഴിൽ ഒരു എൽ.പി സ്കൂളുമുണ്ട്. ഇപ്രകാരം ഈ പഞ്ചായത്തിൽ ഒരു എൽ. പി സ്കൂൾ 2 യു.പി സ്കൂൾ 2 ഹൈസ്കൂൾ എന്നിവയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

സ്കൂളുകളിലെ പഠനമാധ്യമം തമിഴ് മലയാളം എന്നിവയാകുന്നു, തമിഴ് മാധ്യമത്തിൽ പഠിച്ച സമ്പന്ന വിഭാഗത്തിൽ പെടുന്നവർ തൊട്ടടുത്ത തമിഴ് നാട്ടിലെ പൊള്ളാച്ചി കോയമ്പത്തൂർ എന്നിവടങ്ങളിൽ വിദ്യാഭ്യാസം നടത്തുന്നു.

ഈ പ്രദേശത്തിൻെറ പുരോഗതിക്കും ഉന്നമനത്തിനും വേണ്ടി പ്രവർത്തിച്ച വ്യക്തികളായ അപ്പു എന്ന ആർ. എസ്സ്. തേവണ്ണഗൗണ്ടർ, ആർ.പി.സ്വാമിയപ്പ ഗൗണ്ടർ, ആർ.എസ്സ്.പൊന്നുസ്വാമി ഗൗണ്ടർ, റഫ: ഫാദർ അബ്രഹാം വലിയ പറമ്പിൽ എന്നിവരെ ജനങ്ങൾ ഇന്നും സ്മരിക്കുന്നു. ഇവരുടെ സംഭാവനകൾ എന്നും സ്മരിക്കപ്പെടുന്നു. ശ്രീ. ആർ.എസ്സ്. തേവണ്ണ ഗൗണ്ടർ ആദ്യകാലത്ത് 30 വർഷം പ്രസിഡൻറായിരുന്നു.

ചിററൂർ താലൂക്കിലെ കരിമ്പു കൃഷിക്കാരുടെ ചിരകാല സ്പനമായതും

പാലക്കാടിൻെറ വ്യവസായിക രംഗത്ത് തിലകം ചാർത്തി നിൽക്കുന്നതുമായ ചിററൂർ കോപ്പറേററീവ് ഷുഗർ ഫാക്ടറി ശ്രീ. അപ്പു എന്ന ആർ.എസ്സ്. തേവണ്ണ ഗൗണ്ടർ, ശ്രീ. ആർ. പി. സ്വാമിയപ്പ ഗൗണ്ടർ ശ്രീ. ആർ.എസ്സ്. പൊന്നുസ്വാമി ഗൗണ്ടർ എന്നിവരുടെ അഹോരാത്രമുള്ള ശ്രമഫലമായി നമ്മുക്ക് ലഭിച്ച സമ്പത്താണ്.

കലാസാംസ്കാരിക രംഗത്ത് നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ്. ഈ പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയമില്ല. പത്രപാരയണത്തിൽ ഗ്രാമത്തിലെ ജനങ്ങൾക്കമെ വലിയ താത്പര്യമില്ല. അതിനുള്ള കാരണം ഉൾനാടൻ പ്രദേശങ്ങളിൽ പത്രങ്ങൾ വിതരണമില്ല. ഈ പഞ്ചായത്തിൽ ഏതെങ്കിലും പത്രത്തിൻെറ ഏജൻസിപോലും ഇല്ല. ദുർഭലമായി പഞ്ചായത്തിൽ പ്രചരണമുള്ള പത്രങ്ങൾ മലയാള മനോരമ, മാതൃഭൂമി എന്നിവയും തമിഴ്നാട്ടിൽ നിന്നും പ്രസ്ദ്ധീകരിക്കുന്ന ദിനതന്തി എന്ന തമിഴ് പത്രവുമാണ്. ഈ പഞ്ചായത്തിൽ രണ്ടു ഗ്രന്ഥശാലകളാണ് ഉള്ളത്. എരുത്തേമ്പതി വില്ലേജിൽ രാമവർമ്മപുരം പുതൂരും കോഴിപ്പതി വില്ലേജിൽ വണ്ണാമടയും ഈ രണ്ട് ഗ്രന്ഥശാലകളും ഇന്ന് വളരെ ശോചനീയാവ സ്ഥയിലാകുന്നു. ഫലത്തിൽ ഇവ രണ്ടും പ്രവർത്തനോൻമുഖമല്ല. പഞ്ചായത്തിലെ ജനങ്ങളുടെ തനതായ നാടൻ കലകൾ ചിക്കാട്ടവും ഒയിലാട്ടവും മയിലാട്ടം പൊറാട്ടുകളി, മുതലായവയാകുന്നു. സിനിമ, ടി.വി. എന്നിവയുടെ ആധിപത്യം മൂലം ഇന്ന് ഈ കലകളുടെ വേരററുതുടങ്ങിയിരിക്കുന്നു. പഞ്ചായത്തിലെ മൊത്തം വീടുക_ിൽ 15% വീടുകളിലും ടി.വി ഉണ്ട്. കേബിൾ ടി.വി. മുതലായവ വളരെ വിരളമാണ്. ഇവിടെ 3 സിനിമാശാലകളുണ്ട്. രണ്ടെണ്ണം കോഴിപ്പതി വില്ലേജിലുമാകുന്നു. മുഴുവൻ ജനങ്ങളും സിനിമാ സംസ്ക്കാരത്തിലുള്ള വരാകുന്നു. ജനങ്ങളുടെ പ്രധാന വിനോദോപാധി സിനിമയാണ്. സിനിമ കാണുന്നതിന് തൊട്ടു കിടക്കുന്ന തമിഴ് നാട്ടിൽ പൊള്ളാച്ചി, കോയമ്പത്തൂർ ഉൾപ്പെടെ എത്ര ദൂരം വേണമെങ്കിലും പോയി സിനിമ കാണും. ജനങ്ങളുടെ ജീവിതത്തേയും തച്ഛാറാ സംസ്ക്കാരത്തെയും വളലെര സ്വാധീനിച്ചിട്ടുള്ള ഒന്നാണ് സിനിമാ സംസ്ക്കാരം.

ഈ പഞ്ചായത്തിൽ ഈ അടുത്ത കാലത്തായി ചില ക്ലബ്ബുകൾ അരംഭിച്ചിട്ടു ണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല. പഞ്ചായത്തിൻെറ വകയായി 9_ാം വാർഡിൽ ഒരു പൊതുകളി സ്ഥലമാണു ള്ളത്. സ്കൂളുകളോടു ബന്ധപ്പെട്ടുകൊണ്ട് പൊതു സ്ഥലങ്ങളില്ല. പതിവായി നടത്താറുള്ള സ്പോർട്ട്സ് മത്സരങ്ങളൊന്നും ഇല്ല. കായിക രംഗത്ത് പ്രശസ്തരായ ആരും തന്നെ ഇല്ല.

ഈ പഞ്ചായത്തിൻെറ താഴേ പറയുന്ന വാർഡുകളിൽ പൊതുകളിസ്ഥലം 3 എണ്ണം അത്യാവശ്യമാണ്.

1. വാർഡ് 1 മുതൽ 4 വരെ

   വാർഡ് 5 മുതൽ 6 വരെ

   വാർഡ് 7 മുതൽ 8 വരെ

2. താഴേപ്പറയുന്ന വില്ലേജുകളിൽ സാംസ്കാരിക കേന്ദ്രം 2 എണ്ണമെങ്കിലും ആവശ്യമാണ്.

കോഴിപ്പതി വില്ലേജ് 1

എരുത്തേമ്പതി വില്ലേജ് 1

3. നിലവിലുള്ള ഗ്രന്ഥശാലകൾ പുനരുജ്ജീവിപ്പിക്കുകയും അവയിൽ നിലവാരമുള്ള വിവിധ ഭാഷകളിലെ പുസ്തകങ്ങൾ സംഭരിച്ച് കൂടുതൽ ആളുകളുടെ വരിക്കാരാക്കി മാററുക.

4. പഞ്ചായത്താഫീസ് പരിസരത്ത് ഒരു കമ്മ്യൂണിററി ഹാൾ നിർമ്മിക്കുക.

5. പ്രധാനപ്പെട്ട കവലകളിൽ ബസ്സ് വെയിററിംഗ് ഷെഡുകളും അതിനോട് അനുബന്ധിച്ച് റീഡിംങ്ങ് റൂമുകളും സ്ഥാപിക്കുക.

6. ആർ.വി.പി. പുതൂർ നിലവിലുള്ള ഗ്രന്ഥശാല വക സ്ഥലത്തിന് ചുററ് മതിൽ കെട്ടി മുൻഭാഗത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് സ്ഥാപിച്ച് പഞ്ചായത്തിന് വരുമാന മാർഗ്ഗവുമുണ്ടാക്കാവുന്നതാണ്.

7. ഈ പഞ്ചായത്തിൻെറ അതിർത്തിയായ നടുപ്പുണിയിൽ ഒരു ബസ്സ് സ്ററാൻറും ഷോപ്പിങ്ങ് കോംപ്ലക്സും പണിയുക.

8. രണ്ടോ മൂന്നോ വാർഡുകളെ ഉൾകൊള്ളിച്ചു കൊണ്ട് കലാ കായിക രംഗത്തെ പ്രതിഭകളെ കണ്ടെത്തി ആവശ്യമായ പ്രോത്സാഹനം കൊടുക്കുന്നതിന് കലാ കായിക ക്ലബ്ബുകൾ സ്ഥാപിക്കുക.

9. ഈ പഞ്ചായത്തിൽ നിർജീവമായ 2 ലൈബ്രറികൾ പുനർജീവിപ്പിക്കുകയോ എരുത്തേമ്പതി ആർ.വി.പി.പുതൂർ വണ്ണാമട എന്നീ സ്ഥലങ്ങളിൽ പുതിയ ലൈബ്രറികൾ ആരംഭിക്കുകയോ ചെയ്യണം.

10. ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബുകൾക്ക് പഞ്ചായത്തിൽ ജനവിദ്യാ കേന്ദ്രത്തിൽ അർഹമായ ധനസഹായം നൽകുവാൻ നടപടികൾ ഉണ്ടാകണം.

11. തുടർ സാക്ഷരതാ പദ്ധതി വിജയിപ്പിക്കുന്നതിനായി പഞ്ചായത്തിൽ ജന വിദ്യാകേന്ദ്രങ്ങൾ ആരംഭിക്കണം.

12. യു.പി തലം മുതൽ വിദ്യായലങ്ങളിൽ ആഴ്ചയിൽ ഒരു പിരിയീഡ് എങ്കിലും സാഹിത്യ പരിപാടികൾക്കായി നീക്കി വെക്കണം.

ഇലക്ട്രോണിക് മാദ്ധ്യമങ്ങളുടെ രംഗപ്രവേശം നമ്മുടെ നാടൻ കലാ രൂപങ്ങളുടെ അധ:പതനത്തിന് പടിഞ്ഞാറൻ സംസ്ക്കരണത്തിൻെറ അതിപ്രസരം ഒഴിവാക്കുന്നതിനായി ആ പരിപാടികൾക്ക് കർക്കശമായ സെൻസറിങ്ങ് ആവശ്യമാണ്. ജീവിതത്തിൻെറ നാനാവേഖലകളിലും വരുന്ന അഞ്ചുവർഷങ്ങൾകൊണ്ട് ജനകീയ പങ്കാഞ്ഞിത്തതോടെ പരിപാടികൾ ആസൂത്രണം ചെയ്താൽ സാംസ്കാരിക രംഗത്തെ മൂല്യ തകർച്ച ഒഴിവാക്കാം. പ്രതിരോധനിരപട ത്തുയർത്തി പുരോഗമനോൻമുക പരിപാടികളിലൂടെ ജനങ്ങളെ സാംസ്കാരികമായി ഉയർത്തി കൊണ്ട് വരിക എന്നതാണ് നമ്മുടെ ചരിത്രപരമായ കാർത്തവ്യം.

# നിലവിലുള്ള കലാ സാംസ്കാരിക സ്ഥാപനങ്ങൾ

| ക്രമ നമ്പർ | പേരും മേൽ വിലാസവും | സ്ഥാപിച്ച വർഷം | മെമ്പർ മാരുടെ എണ്ണം | കെട്ടിട ത്തിൻെറ വിവരം | ധന സഹായ ത്തിൻെറ വിവരം | ഏത് സ്ഥാപനത്തോട് അഫിലിയേററ് ചെയ്തിരിക്കുന്നു. | പ്രവർത്തനത്തിൻെറ ലഘു വിവരം |
|---|---|---|---|---|---|---|---|
| 1 | മഹാത്മാഗാന്ധി വെൽഫയർ സൊസൈററി, എരുത്തേമ്പതി | 1992 | 30 | വാടക | ഇല്ല | ----- | സാമൂഹ്യ സാംസ്കാരിക രംഗം |
| 2 | വിവേകാനന്ദ സൊഷ്യൽ വെൽഫയർ സൊസൈററി R.V.P.Puthur | 1992 | 30 | വാടക | ഇല്ല | നെഹ്റുയുവ കേന്ദ്ര | കലാ സാമൂഹ്യ സാസ്കാരിക രംഗം |
| 3 | വിവേകാനന്ദ ആർട്ട്സ് സ്പോർട്ട്സ് ക്ലബ് കുമാരനൂർ | 1996 | 15 | വാടക | ഇല്ല | ----- | കലാ കായിക രംഗം |
| 4 | യൂണിവേഴ്സൽ യുപ സമിതി പിടാരിമേട്1 | 1995 | 30 | വാടക | ഇല്ല | ----- | സാമൂഹ്യ സാംസ്കാരിക രംഗം |
| 5 | മഹാത്മാ ഗാന്ധി സേവാ സംഘം വണ്ണാമട | 1995 | 15 | വാടക | ഇല്ല | ----- | സാമൂഹ്യ സാംസ്കാരിക രംഗം |

## ആമുഖം - വനിത

വനിതാ വിമോചന പ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി നിൽക്കുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നും അറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങി കിടക്കുകയാണ്. അതുപോലെ അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, അടിമത്തവും ഇന്നും നിലനിൽക്കുന്ന കുഗ്രാമങ്ങളും കോളനികളും നിറഞ്ഞ ഒരു ഗ്രാമമാണ് എരുത്തേമ്പതി പഞ്ചായത്ത്. ഈ പഞ്ചായത്തിൽ പുരുഷന്മാരെക്കാളധികം സ്ത്രീകളാണ്.

എല്ലാ മേഖലകളിലും സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. ഇപ്പോഴും സ്ഥിതി പഴയതിൽ നിന്ന് വളരെയൊന്നും ഭിന്നമല്ല. കാർഷിക മേഖലയിൽ മാത്രമാണ് സ്ത്രീപങ്കാളിത്തം താരതമ്യേന കൂടുതലുള്ളത്.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ വളരെ പിന്നോക്കാവസ്ഥയിലാണ് ഇവിടുത്തെ വനിതകളിപ്പോഴും. വനിതകൾ അടുക്കളകാരികളായി ഒതുങ്ങണമെന്ന അബോധപൂർവ്വമായ ഒരു ധാരണയാണ് ഇതിനു പിന്നിൽ. എന്നാൽ, കൊഴിഞ്ഞാമ്പാറ ഫർക്കയിലെ തന്നെ ആദ്യത്തെ ബിരുദധാരിണി, ഈ പഞ്ചായത്തു പ്രദേശത്തുകാരിയായ ശ്രീമതി ജ്ഞാനസൗന്ദരിയാണ്. ഏകദേശം 85 വർഷത്തിനു മുമ്പ് B.A., B.T. ബിരുദം കരസ്ഥമാക്കിയ അവരാണ് ഈ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസം സിദ്ധിച്ച ആദ്യത്തെ വനിത. സമ്പന്ന കുടുംബങ്ങളിലെ അപൂർവ്വം ചിലർ ഇതേപോലെ ഉന്നത വിദ്യാഭ്യാസം സിദ്ധിച്ചവരാരുണ്ട്. എന്നാലിന്ന് സ്ഥിതി കുറെയൊക്കെ മാറിയിരിക്കുന്നു. പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകാനുള്ള സന്നദ്ധത രക്ഷിതാക്കൾക്കുണ്ടായില്ല. അതിനുള്ള സാദ്ധ്യത ഇല്ല എന്നൊരു സ്ഥിതി വിശേഷമുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട്, യാത്രാക്ലേശം തുടങ്ങിയവയാണ് തടസ്സങ്ങൾ.

ഇവിടത്തെ സ്ത്രീകൾ ഭൂരിഭാഗവും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത് കൊണ്ട് അവർക്ക് തൊഴിൽ ചെയ്യുന്നതിന് വേണ്ട പരിശീലനം നൽകി അവരെ സ്വയം തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കേണ്ടതാണ്. ഇവിടത്തെ വനിതകൾ കൂലിപണികൾ ചെയ്ത് ജീവിക്കുന്നതുകൊണ്ട് ഇവർക്ക് പൊതുരംഗത്ത് പ്രവർത്തിക്കുവാൻ വേണ്ട സൗകര്യമോ വിദ്യാഭ്യാസമോ ലഭിക്കുന്നില്ല. വീടുകളിൽ ഉള്ള പിന്നോക്കാവസ്ഥയാണ് ഇതിന് കാരണം. കുട്ടികളെ സ്കൂളിൽ അയക്കുവാൻ ഇവിടത്തെ ഭൂരിഭാഗം രക്ഷിതാക്കൾക്കും കഴിയുന്നില്ല.

ഈ പഞ്ചായത്തിൽ വനിതകൾക്ക് മാത്രമായി ഒരു തൊഴിൽ സ്ഥാപനവും ഇല്ല. ഇവിടെ കൂടുതലായും പരുത്തി, കരിമ്പ്, കടല, പച്ചക്കറികൾ മുതലായവയാണ് കൃഷി ചെയ്യുന്നത്. അതുകൊണ്ട് നിക്കദിവസങ്ങളിലും തൊഴിൽ ലഭിക്കുന്നില്ല. സാമൂഹ്യ രംഗത്ത് വളരെക്കാലമായി പിന്നോക്കാവസ്ഥയിലുള്ള വനിതകളെ ബോധവൽക്കരണത്തോടെ മുന്നോട്ടുകൊണ്ടു വന്നാലെ പൊതുജീവിതത്തിലും, തൊഴിൽ മേഖലയിലും അർഹമായ പങ്ക് വഹിക്കുവാൻ കഴിയുകയുള്ളൂ. ഏറ്റെടുത്ത ജോലികൾ ഭംഗിയായും, ഉത്തരവാദിത്വത്തോടും നിറവേറ്റുവാൻ വനിതകൾക്ക് കഴിയും എന്നിരുന്നാലും പൊതുവെ ജോലികൾ ഏറ്റെടുക്കുവാനുള്ള വിമുഖത വനിതകളുടെ ഭാഗത്ത് കാണാൻ കഴിയുന്നത്. പുരുഷന്മാരോടൊപ്പം നിൽക്കുവാനുള്ള തന്റേടവും, കഴിവും സ്ത്രീകൾ ആർജ്ജിച്ചിട്ടുണ്ടെങ്കിലും അത് പ്രകടിപ്പിക്കുവാനുള്ള തന്റേടം സ്ത്രീകൾ കാണിക്കേണ്ടതാണ്. വനിതകൾ അവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് വേണ്ടി കൂട്ടായ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

സാമൂഹ്യരംഗത്തും, പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. പൊതുപ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന വനിതകൾ അവരുടെ അനുഭവങ്ങൾ മറ്റുള്ളവർക്ക് പകർന്ന് കൊടുക്കണം. വനിതകളുടെ മാത്രമായി സംഘടനകൾക്ക് നേതൃത്വം കൊടുക്കുകയും അവരെ സ്വയം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് പ്രാപ്തരാക്കുകയും വേണ്ട സഹായങ്ങൾ ചെയ്യുകയും വേണം.

സ്ത്രീ മുന്നേറ്റം, വനിതാ വിമോചനം എന്നീ ആശയങ്ങൾ എല്ലാം തന്നെ കുടുംബങ്ങളുടെ സാമ്പത്തിക അടിത്തറയെ ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ട് സ്ത്രീകളെ സാമ്പത്തികമായി ഭദ്രമായ നിലയിൽ എത്തിക്കുവാൻ കഴിയുമെങ്കിൽ മുകളിൽ പറഞ്ഞ ആശയം നമുക്ക് എളുപ്പം പ്രാവർത്തികമാക്കാൻ കഴിയും, I.R.D.P., DWCRA, Industrial Co-operative Society എന്നീ വിവിധ പദ്ധതികളുടെ ഗുണങ്ങൾ സ്ത്രീകൾക്ക് എത്തിച്ചേരാൻ വേണ്ടത് ചെയ്യണം. അതിന് വേണ്ടി TRYSEM മുഖേന ട്രെയിനിംഗ് നൽകുകയും വേണം. തൊഴിൽ തുടങ്ങാൻ ബാങ്ക് വായ്പാ സൗകര്യം ഉറപ്പാക്കുകയും വേണം.

സെക്കണ്ടറി വിദ്യാഭ്യാസവും, കോളേജ് വിദ്യാഭ്യാസവും കഴിഞ്ഞാൽ തൊഴിൽ ഇല്ലാതെ വെറുതെ ഇരിക്കുന്ന സ്ത്രീകൾക്കായി സ്വയംതൊഴിൽ പദ്ധതി മുഖേനയും, P.M.R.Y. Scheme വഴിയും കോഴിവളർത്തൽ, ആട് വളർത്തൽ, മുയൽ വളർത്തൽ, നഴ്സറി സ്ഥാപിക്കൽ, കായ്കറിത്തോട്ടം ഉണ്ടാക്കുക. വയർകുട്ടകൾ, ചെയർ, കട്ടിൽ ഉണ്ടാക്കുക എന്നീ തൊഴിലുകൾക്ക് പരിശീലനം നൽകുകയും തൊഴിൽ തുടങ്ങാൻ വേണ്ട സൗകര്യങ്ങൾ ചെയ്യുകയും വേണം.

എരുത്തേമ്പതി പഞ്ചായത്തിൽ പ്രാദേശികമായി ലഭിക്കുന്ന വിഭവങ്ങളെ ശേകരിക്കുവാനും അവയെ ആശ്രയിച്ച് തൊഴിൽ തുടങ്ങാൻ നിർദ്ദേശിക്കുകയും വേണ്ട തൊഴിൽ പരിശീലനവും സാമ്പത്തിക സഹായവും ലഭിക്കാൻ വേണ്ടത് ചെയ്യണം. (ഉദാഹരണം : കയർ നിർമ്മാണം, നിലക്കടല, മിഠായി, ജെല്ലി, ജാം ഉത്പാദനം, പാൽ ഗോവ എന്നിവ ഉണ്ടാക്കൽ).

വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുകയും, റെഡിമേഡ് ഗാർമെന്റ്സ്, പായ നെയ്ത്ത്, അച്ചാറുകൾ ഉണ്ടാക്കൽ എന്നീ തൊഴിലുകൾ തുടങ്ങാൻ ഈ വനിതാ സഹകരണ സംഘങ്ങൾ ശ്രമിക്കുകയും വേണം.

പ്രത്യേകിച്ചും സ്ത്രീകൾക്ക് സെമിനാർ സംഘടിപ്പിച്ച് വാർഡ് അടിസ്ഥാനത്തിൽ യോഗ്യരായവരെ തെരഞ്ഞെടുത്ത് സ്ത്രീകളുടെ പങ്കാളിത്തത്തെക്കുറിച്ചും മറ്റും ലീഡർഷിപ്പ് ട്രെയിനിംഗ് കൊടുക്കണം. ഏതൊക്കെ ഡിപ്പാർട്ട്മെന്റുകളിൽ നിന്ന് സ്ത്രീകൾക്കുള്ള ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സാധിക്കും എന്ന അറിവ് ലീഡർമാർക്കു കൊടുത്തുകൊണ്ട് മറ്റുള്ളവരെയും ഇതിൽ പങ്കാളികളാകുവാൻ ശ്രമിക്കണം.

<u>തൊഴിൽമേഖലയിലെ സ്ത്രീപങ്കാളിത്തം സൂചിപ്പിക്കുന്ന പട്ടിക</u>

| തൊഴിൽമേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കർഷകൻ | 150 | 600 |
| കർഷകതൊഴിലാളി | 5850 | 4150 |
| മൃഗസംരക്ഷണം | 3 | 3 |
| ചെറുകിടവ്യവസായം | 0 | 8 |
| കെട്ടിട നിർമ്മാണം | 40 | 160 |
| ഗതാഗതം, വാർത്താവിനിമയം | 3 | 225 |
| വ്യാപാരം | 15 | 75 |
| മറ്റുള്ളവ | 4350 | 3745 |

<u>സ്ത്രീകളുടെയും പുരുഷന്മാരുടെയും കൂലി നിരക്ക് പട്ടിക</u>

| തൊഴിൽമേഖല | സ്ത്രീകൾ കൂലി | പുരുഷന്മാർ കൂലി |
|---|---|---|
| കർഷക തൊഴിലാളി | 30 | 60 |
| നിർമ്മാണ തൊഴിലാളി | 40 | 100 |
| കയർ തൊഴിലാളി | 30 | 50 |

<u>വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ</u>

1. തൊഴിൽ മേഖലയിൽ വിദ്യാലയങ്ങളിലൊഴികെ സ്ത്രീകൾ അവഗണന നേരിടുന്നു.
2. സാമൂഹ്യ സേവന രംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തന സജ്ജരായി പുറത്ത് വരുന്നില്ല. സാമൂഹ്യ വ്യവസ്ഥിതി സ്ത്രീകൾക്ക് കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കുന്നില്ല.
3. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താൽപര്യം കാട്ടുകയോ, സംരംഭങ്ങൾ ആരംഭിക്കുകയോ ചെയ്യുന്നില്ല. സ്വയം തൊഴിൽ ഏതൊക്കെ, എന്തെല്ലാം ചെയ്യണം എന്ന് അറിയില്ല.
4. തൊഴിൽ രംഗത്ത് ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
5. ഒരേ ജോലി ചെയ്യുന്ന സ്ത്രീ പുരുഷന്മാർക്ക് തുല്യ ജോലിക്ക് തുല്യ വേതനം കിട്ടുന്നില്ല.
6. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര അറിവില്ല. കൂടാതെ പരിശീലന സാഹചര്യങ്ങളും ഇല്ല.
7. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ ആരംഭിക്കുന്നതിന് ഒരു തടസ്സമായിരിക്കുന്നു.
8. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ അറിവില്ലായ്മ, പൊതുവെ വിഷമത്തിലാക്കുന്നു.
9. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്.
10. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും നിലനിൽക്കുന്നതുകൊണ്ട് ബോധന നിലവാരം സ്ത്രീകളിൽ വളരെ കുറവാണ്.
11. അംഗൺവാടി അദ്ധ്യാപികമാർക്ക് നിലവിലുള്ള ശമ്പളവും കെട്ടിടം, സ്ഥലം സൗകര്യങ്ങളും വളരെ കുറവാണ്.

സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകൾ സ്ഥാപിക്കണം. കയർ രംഗത്ത് സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുവാൻ ഈ മേഖലയിൽ വൈദഗ്ദ്ധ്യവൽക്കരണം കൊണ്ടു വരണം. നമ്മുടെ പഞ്ചായത്തിൽ ധാരാളം കരിമ്പ്, പരുത്തി, കടല, പച്ചക്കറികളും, പഴവർഗ്ഗങ്ങളും സുലഭമായതുകൊണ്ട് ഒരു പരുത്തി നൂൽ ഉണ്ടാകുന്ന മില്ലും, പഴസംസ്കരണശാലയും സ്ഥാപിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും കൈതൊഴിൽ വശമുള്ളതുകൊണ്ട് ഇവിടെ നെയ്ത്ത്, കസേര നെയ്ത്ത്, കുട്ട, വട്ടി, ബാഗ് മുതലായവ നിർമ്മിക്കുന്നതിന് സഹകരണ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കാൻ തയ്യാറെടുക്കുന്ന ഈ കാലഘട്ടം വനിതകളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. സമസ്ത മേഖലകളിലും സ്ത്രീകൾ പങ്കാളികളാവുകയും വിജയം വരിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിന്റെ കിഴക്കൻ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന എരുത്തേമ്പതി പഞ്ചായത്തിൽ ആകെയുള്ള 9 വാർഡുകളിൽ 1, 4, 5, 7, 9 എന്നീ വാർഡുകൾ തമിഴ്നാട് അതിർത്തികളായാണ് സ്ഥിതിചെയ്യുന്നത്. അതുകൊണ്ട് സ്വാഭാവികമായും ഇവിടെയുള്ളവർ തമിഴ്നാട്ടിന്റെ തനതായ സംസ്കാരം പിന്തുടരുന്നവരാണ്. വളരെയധികം യാഥാസ്ഥിതിക മനോഭാവം വച്ച് പുലർത്തുന്നവരാണ്. ഭൂരിഭാഗം സ്ത്രീകളും നിരക്ഷരരും ഏതാണ്ട് 80% വനിതകളും കൂലിവേല ചെയ്യുന്നവരുമാണ്. കുടുംബ ചുമതല സ്വയം വഹിക്കുന്ന ധാരാളം സ്ത്രീകളും ഉണ്ട്.

സാമ്പത്തിക പിന്നോക്കാവസ്ഥ, പൊതുവിജ്ഞാനകുറവ്, വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തിന്റെ അറിവില്ലായ്മ, ശുചിത്വം ഇല്ലായ്മ എന്നിവ സ്ത്രീകളെ സംബന്ധിച്ച പൊതുവായ പ്രശ്നങ്ങൾ. ഇവ പരിഹരിക്കാനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചാലെ ഇവരുടെ പിന്നോക്കാവസ്ഥ മാറുകയുള്ളൂ. ജീവിതത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുകയും, സജീവ പങ്കാളികളാവാൻ അവരെ ബോധവൽക്കരിക്കുകയും വേണം.

ദിവസകൂലിക്ക് പോകുന്നവരാണ് എരുത്തേമ്പതി പഞ്ചായത്തിലെ ഭൂരിഭാഗം സ്ത്രീകളും. അതുകൊണ്ട് ഇവരുടെ കുട്ടികൾ കുടുംബത്തെ സഹായിക്കാൻ എന്ന പേരിൽ വീട്ടിൽ നിൽക്കുകയും സ്കൂളിലെ കൊഴിഞ്ഞ് പോക്കിന് കാരണമാകുകയും ചെയ്യുന്നു. അതുകൊണ്ട് 3 വയസ്സിന് താഴെയുള്ള കുട്ടികളെ നോക്കാൻ എല്ലാ വാർഡുകളിലും ഓരോ ശിസുസംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും അവയെ അംഗൺവാടികളോട് യോജിപ്പിക്കുകയും വേണം.

വാർഡ് അടിസ്ഥാനത്തിൽ വനിതാസംഘങ്ങൾ സ്ഥാപിക്കുകയും, ആ സംഘങ്ങളിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും വേണം. നിയമകാര്യ വിദഗ്ദ്ധർ, ആരോഗ്യ അധികാരികൾ, ശിശുസംരക്ഷണ വിദഗ്ദ്ധർ എന്നിവർ തുടർച്ചയായി ക്ലാസ്സെടുക്കുകയും അവരെ ബോധവൽക്കരിക്കുകയും ചെയ്യേണ്ടതാണ്.

ദിവസക്കൂലിക്ക് പണി ചെയ്യുന്നവർ അന്നത്തെ വരുമാനം അന്നു തന്നെ ചെലവഴിക്കുന്ന ശീലമാണ് ഇവിടെ കണ്ടുവരുന്നത്. അതുകൊണ്ട് സ്ത്രീകളുടെ സാമ്പത്തികശീലം മാറ്റേണ്ടത് വളരെ അത്യാവശ്യവും വീട്ടിനൊരു S.B. അക്കൗണ്ട് തുടങ്ങി ചെറിയ തോതിൽ നിക്ഷേപങ്ങൾ നടത്താൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെ ബാങ്കുകളിൽ നിന്ന് വേണ്ടിവന്നാൽ ധനസഹായം സ്വീകരിക്കുവാനും കഴിയും. മഹിളാ സമൃദ്ധി യോജന പദ്ധതി വിജയപ്പിക്കാൻ പഞ്ചായത്തിൽ ഊർജ്ജിത ശ്രമം വേണം.

<u>നിർദ്ദേശങ്ങൾ</u>

1. ഈ പഞ്ചായത്തിലെ സ്ത്രീ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് പ്രോത്സാഹനം നൽകണം.

2. തൊഴിൽ സാഹചര്യങ്ങൾ കുറവായതു കാരണം സ്വയം തൊഴിലിനു പരിശീലനം നല്കുകയും, വനിതാ സഹകരണ സംഘങ്ങൾ തുടരേണ്ടതുമാണ്.

3. വനിതകളെ ഉൾപ്പെടുത്തി പഴം, പച്ചക്കറി എന്നിവയുടെ സംസ്കരണ ശാല നിർമ്മിക്കേണ്ടതാണ്.

4. ഒരു കൊപ്ര സംസ്കരണ ശാല തെങ്ങിന്റെ ഉൽപ്പന്നമായ ചകിരി എന്നിവയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതിന് അവസരം ഉണ്ടാക്കുക.

5. കാർഷിക മേഖലയിൽ വനിതകളെ ആകർഷിക്കുന്നതിന് പഠന പര്യടനങ്ങൾ നടത്തുകയും പുഷ്പ, ഫല കൃഷിയിൽ പരിശീലനം നൽകുന്നതിന് നടപടിയും ആവശ്യമാണ്.

6. സ്റ്റേഷനറി, മെഴുകുതിരി, ചന്ദനത്തിരി, കൊപ്ര, ഡൈയിങ്ങ് യൂണിറ്റുകൾ തുടങ്ങുന്നതിനു വേണ്ട വായ്പയും സഹായവും നല്കുക.

7. ഖാദി വില്ലേജ് ഇന്റസ്ട്രീസിന്റെ കീഴിൽ എതുത്തേമ്പതിയിൽ പ്രവർത്തന രഹിതമായി കിടക്കുന്ന യൂണിറ്റ് തുറന്ന് പ്രവർത്തിക്കുവാനും, സ്ത്രീകൾക്ക് ജോലി ഉറപ്പു വരുത്തുവാനും നടപടികൾ ആവശ്യമാണ്.

8. പഞ്ചായത്തിലെ നിർദ്ദനരായ വനിതകൾക്ക് ഒരു അഭയ കേന്ദ്രം തുടങ്ങേണ്ടതാണ്.

9. ആവശ്യമുള്ള തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

10. തൊഴിൽ സാദ്ധ്യതകൾ, തൊഴിൽ നിയമങ്ങൾ എന്നിവയെ കുറിച്ചുള്ള വിവരങ്ങൾ യഥാസമയം ലഭ്യമാക്കുക.

11. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനു വേണ്ട ഉപദേശങ്ങളും സാമ്പത്തിക സഹായങ്ങളും നല്കുക.

12. സ്വയം തൊഴിൽ കണ്ടെത്തുന്നതിന്ന് വേണ്ട നിർദ്ദേശങ്ങളും സാഹചര്യങ്ങളും ചെയ്തു കൊടുക്കുക.

13. സ്കൂളുകളിലെ പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്ന് വിദ്യാഭ്യാസ മേഖലകളിലും, പാഠ്യേതര മേഖലകളിലും അവസരം ലഭ്യമാക്കുക, പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ ആവശ്യകത രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം.

14. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങളും മറ്റും അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

15. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 5,000/- രൂപ സാമ്പത്തിക സഹായം നൽകേണ്ടതാണ്.

16. സഹകരണാടിസ്ഥാനത്തിൽ സ്പിന്നിങ്ങ് മിൽ, തുന്നൽ പരിശീലന കേന്ദ്രം, പായ നെയ്ത്ത്, പശു, കോഴി വളർത്തൽ എന്നിവ തുടങ്ങേണ്ടതാണ്.

17. ഭർത്താക്കന്മാർ ഉപേക്ഷിച്ച സ്ത്രീകൾക്ക് തൊഴിൽ സാഹചര്യം ഏർപ്പെടുത്തുക. സ്ത്രീകളെക്കുറിച്ചുള്ള സമൂഹത്തിന്റെ ധാരണ മാറ്റിയെടുക്കുകയും ചെയ്യണം.

18. വനിതാസമാജങ്ങൾ പ്രവർത്തിക്കുന്നതിനായി കെട്ടിട സൗകര്യവും, ധനസഹായവും പഞ്ചായത്തിൽ നിന്ന് അനുവദിക്കേണ്ടതാണ്.

19. സ്ത്രീ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി നിർദ്ദനരായ പെൺകുട്ടികൾക്ക് യൂണിഫോറം, കുട, പുസ്തകങ്ങൾ മുതലായവ പഞ്ചായത്തുകൾ വഴി സൗജന്യമായി നല്കണം.

20. ദരിദ്ര രേഖയ്ക്ക് താഴെയുള്ള ഗർഭിണികളായ സ്ത്രീകൾക്ക് പഞ്ചായത്തിൽ നിന്നും കൊടുക്കുന്ന ആനുകൂല്യം യഥാസമയം നല്കണം.

21. സാധാരണക്കാരുടെ ഇടയിൽ സന്തുഷ്ടമായ കുടുംബ ജീവിതത്തിന് കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തണം.

22. പഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ലക്ഷം വീട് കോളനികളിലെ വീടുകൾ നിർധനരായ സ്ത്രീകൾക്ക് മുൻഗണനാടിസ്ഥാനത്തിൽ നൽകണം.

23. മദ്യം ഉപയോഗിക്കുന്നത് നല്ലതല്ല എന്ന ബോധം ജനങ്ങളിൽ ഉണ്ടാക്കുകയും സ്ത്രീകളെ പീഡിപ്പിക്കുന്ന രീതി ഇല്ലാതാക്കാൻ ബോധവൽക്കരണം നടത്തുകയും വേണം.

24. സ്ത്രീകൾക്കിടയിലുള്ള നിരക്ഷരത ഇല്ലായ്മ ചെയ്താൽ സ്ത്രീ പീഡനങ്ങൾ ഒഴിവാക്കാൻ കഴിയും. സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്തുവാൻ മുകളിൽ നിർദ്ദേശിച്ച കാര്യങ്ങൾ പ്രാവർത്തികമായാൽ ഇന്നുള്ളവരുടെ സ്ഥിതി മാറ്റിയെടുക്കുവാൻ കഴിയും.

## പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

എരുത്തേമ്പതി പഞ്ചായത്തിൻെറ ജനസംഖ്യയായ 16684 ൽ 2472 അംഗങ്ങൾ പട്ടികജാതിയിൽ പെട്ടവരാണ്. അതായത് പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 15% പട്ടികജാതിക്കാരാണ്.ഇതിൽ 237 കുടുംബങ്ങൾ കോളനിയുലും 48 കുടുംബങ്ങൾ ഇടകലർന്നുമാണ് ജീവിച്ചു വരുന്നത്.

ആദ്യകാലം തൊട്ട് ഈ വിഭാഗത്തിൽപ്പെട്ടവർക്ക് വിദ്യാഭ്യാസ സാമൂഹിക, സാമ്പത്തിക രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും, മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരെയും എല്ലാതരം ചടങ്ങുകളിലും പങ്കെടുപ്പിക്കുകയും എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭ്യമാക്കുകയും ചെയ്തു വരുന്നുണ്ട്.

ഈ വിഭാഗത്തിൻെറ ഉയർച്ചയ്ക്ക് വേണ്ടി സർക്കാർ നടപ്പിലാക്കി വരിന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുള്ളത് കോളനി നിവാസികൾക്കാണ്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനിൽക്കുന്നുണ്ട്.

### കോളനികൾ

പഞ്ചായത്തിൽ ആകെയുള്ള 2472 പട്ടികജാതി അംഗങ്ങൾ 9 കോളനികളിലായും ഇടകലർന്നാണ് ജീവിക്കുന്നത്. ഇതിൽ കോളനി നിവാസികൾക്ക് സർക്കാറിൻെറ വിവിധ പദ്ധതികൾ വഴി കൂടുതൽ ആനുകൂല്യങ്ങൾ നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്. നിലവിലുള്ള കോളനികളിൽ ഇതിനകം തന്നെ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, കുടിവെള്ളം എന്നിവയുടെ പ്രശ്നം ഒരു പരിധി വരെയെങ്കിലും തീർക്കുവാൻ സാധിച്ചിട്ടുണ്ട്.നിലവിലുള്ള കോളനികളിൽ ഇതിനകം തന്നെ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, കുടിവെള്ളം എന്നിവയുടെ പ്രശ്നം ഒരു പരിധിവരെയെങ്കിലും തീർക്കുവാൻ സാധിച്ചിട്ടുണ്ട്. സർക്കാറിൻെറ ഐ.എച്ച്.ഡി.പി പദ്ധതി പ്രകാരം വിവിധ വകുപ്പ്കുളുടെ ആനുകൂല്യങ്ങൾ ഇതുവരെ 3 കോളനി നിവാസികൾക്ക് (ആർ.വി.പി. പുത്തൂർ, കുമാരന്നൂർ, ജെ.പി.നഗർ എന്നീ കോളനികൾ) ലഭിച്ചിട്ടുണ്ട്. പക്ഷേ അടിസ്ഥാന സാഹചര്യങ്ങൾ ലഭിക്കാത്തവരും കോളനികളിലായും ഇടകലർന്നും താമസിച്ച് വരുന്നണ്ട്. സർക്കാറിൻെറ വിവിധ പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തതാണ് ഇതിൻെറ പ്രധാന കാരണം. കോളനികളുടെ വിവരം 1-ാം പട്ടികയിൽ ചേർക്കുന്നു.

### വിദ്യാഭ്യാസം

ആദ്യകാലങ്ങളിൽ നിരക്ഷരർ കൂടുതലായിരുന്ന കാരണം വിദ്യാഭ്യാസ രംഗത്ത് യാതൊരു പുരോഗതിയും കൈവരിക്കാൻ സാധിച്ചില്ല. ഇതിൽ ചെറിയ തോതിൽ മാറ്റം കാണുന്നുണ്ടെങ്കിലും എസ്.എസ്.എൽ.സി. ക്കുശേഷം തുടർന്നു പഠിക്കുന്നതിന് പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടിവന്നതിനാൽ പഠനം നിർത്തേണ്ടിവന്ന നിരവധി കുട്ടികൾ ഉണ്ട്. ഇതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. 96-97 അധ്യയന വർഷത്തിൽ 393 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 95-96 വർഷത്തിൽ യു.പി.യിലും ഹൈസ്ക്കൂളിലുമായി 20 കുട്ടികൾ പഠനം നിർത്തി. പൊതുവെ എസ.എസ്.എൽ.സി.ക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥ ഉടനെ മാറ്റി എടുക്കേണ്ടതാണ്.

തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷികമേഖലയിൽ തൊഴിലെടുത്തു ഉപജീവനം കഴിച്ചു വരിന്നവരാണ്. മറ്റു മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം കുറവാണ്. എന്നാൽ അടുത്ത കാലത്തായി കാർഷികമേഖലയിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞുവരുന്നതു കാരണം ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുകയും ജീവിക്കാനുള്ള തൊഴിലിനുവേണ്ടി ഇവർ മറ്റു മേഖലകളിലേക്ക് പോവാൻ നിർബന്ധിതരാവുകയും ചെയ്തു. ഇതു കൂടാതെ കയർ വ്യവസായം. പച്ചക്കറി കച്ചവടം തുടങ്ങിയ മേഖലയിലും കഴിയുന്നവർ ഉണ്ട്. സർക്കാർ മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. കൂലിപ്പണി ചെയ്തു മാത്രം ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തിന് തെഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ സഹായകമായിട്ടുണ്ട്. ഇന്ന് മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളാണെങ്കിലും ചെറുകുടിലുകളിൽ നിന്നും മോചനമായിട്ടുണ്ട് ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം വേണ്ടത്ര ലഭിച്ചിത്തില്ല. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീട്വെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീട് വെക്കാനാവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചുകൊടുത്തെങ്കിൽ മാത്രമെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു, മിക്ക കോളനികളിലും കക്കൂസ് സൗകര്യം കുറവാണ്. ഓരോ വീടിനും ഓരോ കക്കൂസ് നിർബന്ധമായും അനുവദിച്ചു കൊടുത്തു ഈ പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്.

| ക്രമ നമ്പർ | കോളനിയുടെ പേര് | പട്ടികജാതി കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | കൗണ്ടൻകളം | 16 |
| 2 | കരുമാണ്ടകൗണ്ടന്നൂർ | 13 |
| 3 | കരുമാണ്ടകൗണ്ടന്നൂർ ജെ.പി. നഗർ | 9 |
| 4 | മൂങ്കിൽമട ഹരിജൻ കോളനി | 38 |
| 5 | മലയാണ്ടികൗണ്ടന്നൂർ ഇന്ദിരാ നഗർ | 23 |
| 6 | മലയാണ്ടികൗണ്ടന്നൂർ പഴയ കോളനി | 25 |
| 7 | വണ്ണാമട ഹരിജൻ കോളനി | 23 |
| 8 | വണ്ണാമട സഞ്ജയ് നഗർ | 25 |
| 9 | വണ്ണാമട ഗാന്ധി നഗർ | 13 |
| 10 | ആർ.വി.പി. പുത്തൂർ പഴയ കോളനി | 25 |
| 11 | ആർ.വി.പി. പുത്തൂർ പുതിയ കോളനി | 43 |
| 12 | ആർ.വി.പി. കാമരാജ് കോളനി | 32 |
| | ആകെ | 285 |

<u>നിർദ്ദേശങ്ങൾ</u>

1. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.

2. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപികരിക്കുകയും വേണം. ഇതിന് എല്ലാവിധ സഹായവും നൽകുക.

3. കുടിവെള്ള പ്രശ്നം പരിഹരിക്കുക. ഇതിനുവേണ്ടി ആവശ്യമുള്ള സ്ഥലത്ത് കുഴൽകിണർ നിർമ്മാണവും നിലവിലുള്ള കുഴൽ കിണറുകളുടെ പ്രവർത്തനത്തിനുവേണ്ട അറ്റകുറ്റപണികൾ നടത്തണം.

4. സഹകരണ മേഖലയിൽ ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

5. പട്ടിജാതിവികസന വകുപ്പ്, ഹരിജൻ കോർപ്പറേഷൻ മുഖേനയുള്ള വായ്പകളും സഹായധനങ്ങളും പരമാവധി കുടുംബങ്ങൾക്ക് കിട്ടുവാനുള്ള അവസരം ഉണ്ടാക്കുക. ഇതിനാവശ്യമായ ബോധവൽക്കരണം നൽകുക.

6. വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭ്യമായവർക്ക് ആവശ്യമായ വായ്പ അനുവദിക്കുകയും ചെയ്യുക. വായ്പ ദുരുപയോഗം ചെയ്യുന്നതും ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തുക.

7. സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുക.

8. പട്ടികജാതി പട്ടിക വർഗ്ഗത്തിനുവേണ്ടി പ്രത്യേക സർവ്വീസ് സഹകരണ സംഘം രൂപീകരിച്ച് കൂടുതൽ തൊഴിൽ സാദ്ധ്യതകൾ ഉറപ്പ് വരുത്തുക.

9. പട്ടികജാതിക്കാരുടെ കൈവശമുള്ള ഭൂമിയിൽ പച്ചക്കറിതോട്ടങ്ങൾ ഉണ്ടാക്കുവാനും അത് വിറ്റഴിക്കുന്നതിന് ചന്തകൾ രൂപീകരിക്കുവാനും പദ്ധതി ആവിഷ്കരിക്കുക

10. വീട്നിർമ്മം ധനസഹായം വർദ്ധിപ്പിക്കുക. വീടുവെക്കുന്നതോടൊപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം അനുവദിക്കുക. നിർമ്മിച്ച വീടുകളുടെയും, കക്കൂസിൻെറയും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

11. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽ നോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

12. പട്ടികജാതി പട്ടികവർഗ്ഗക്കാർ കൂടുതൽ താമസിക്കുന്ന കോളനികൾ ഹരിജൻ കോളനികളായി അംഗീകരിക്കുക.

13. കയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ഉപകരണങ്ങൾ ലഭ്യമാക്കുക. ഇതിനാവശ്യമായ സഹകരണ സംഘം രൂപീകരിക്കുക.

14. വൈദ്യുതി കണക്ഷൻ ലഭിക്കാത്ത പട്ടികജാതിക്കാർക്ക് കണക്ഷൻ കൊടുക്കുന്നതോടൊപ്പം പട്ടികജാതി പട്ടികവർഗ്ഗകോളനികളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി വേണം.

<u>പട്ടിക വർഗ്ഗ ക്ഷേമം</u>

പഞ്ചായത്ത് ജനസംഖ്യയുടെ 1.4% മാത്രമായിട്ടാണ്. പട്ടിക വർഗ്ഗ വിഭാഗം ഉള്ളത്. പട്ടിക ജാതിക്കാരെപ്പോലെ ഈ വിഭാഗത്തിൽപ്പെട്ടവർ വിദ്യാഭ്യാസം, സാമൂഹ്യം, സാമ്പത്തികം എന്നീ രംഗത്ത് വളരെ പിന്നിലാണ്. കൂലിപ്പണി ചെയ്തു ജീവിക്കുന്നവരാണ് അധികവും. ഇവർക്ക് വേണ്ടി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നെങ്കിലും വേണ്ടത്ര അറിവില്ലാത്തതുകാരണം ഇതിന്റെ ഗുണം നേടിയെടുക്കുവാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല.

എട്ടാം പദ്ധതികാലത്തു പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ യാതൊരു പദ്ധതിയും ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല. ഈ വിഭാഗത്തിൽപ്പെട്ട 58 വിദ്യാർത്ഥികൾ പഞ്ചായത്തിന്റെ വിവിധ സ്ക്കൂളിലായി പഠനം നടത്തുന്നുണ്ട്. ഈ വിഭാഗത്തിന്റെ പുരോഗതിക്ക് ആവശ്യമായ എല്ലാ നടപടിയും സ്വീകരിക്കേണ്ടതുണ്ട്.

<u>പ്രശ്നങ്ങൾ</u>

1. തൊഴിൽ സാധ്യത കുറഞ്ഞുവരുന്നു. കാർഷികമേഖലയിൽ മാത്രം ജോലി ചെയ്തുവരുന്നവർക്ക് പുതിയ മേഖലയിൽ പരിശീലനം ഇല്ല.

2 വിദ്യാഭ്യാസ രംഗത്ത് പ്രതീക്ഷിക്കുന്ന പുരോഗതി ഇല്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീട്വെക്കാൻ സ്ഥലമില്ല. വീടു നിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്തതുകാരണം കിട്ടുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു.

4. കോളനികളിൽ കുടിവെള്ളം ആവശ്യത്തിനില്ല. വൈദ്യുതി സൗകര്യം എല്ലാ ഭാഗത്തും എത്തിയിട്ടില്ല.

5. കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

6. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

7. സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളെകുറിച്ച് യഥാസമയം അറിയുവാനും നേടിയെടുക്കുവാനും പ്രയാസമുണ്ട്.

8. ഐ.ആർ.ഡി.പി. പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

9. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജൻ ക്ഷേമവകുപ്പും നൽകുന്ന വായ്പകളും ധനസഹായവും ചുരുങ്ങിയ അളവിൽ മാത്രമേ ലഭിക്കുന്നുള്ളൂ.

10. പട്ടിക വർഗ്ഗത്തിനുവേണ്ടി നടപ്പാകുന്ന പദ്ധതിയുടെ അറിവോ ആനുകൂല്യങ്ങളോ കിട്ടുന്നില്ല.

ക്ഷേമ പദ്ധതികളെകുറിച്ച് അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ അത്യാവശ്യമാണ്. ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാവുന്നതിന് സഹായകരമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതാണ്.

പട്ടികജാതി ക്ഷേമത്തിനായി പ്രവർത്തിച്ചുവരുന്ന പരിജനക്ഷേമവകുപ്പും പട്ടികജാതി കോർപ്പറേഷനും നടപ്പാക്കി വരുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയണമെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റം വരുത്തിയേ കഴിയൂ. ലളിതമായ വ്യവസ്ഥയിലൂടെ മാത്രമെ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽ സംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാകുന്നതിന് കഴിയും.

## സഹകരണം

"ലോകാ സമസ്തോ സുഖിനോ ഭവന്തു"

എന്ന ഭാരതീയ ദർശനം മാനവികതയുടെ മകുടോദാഹരണം. എന്നതിലുപരി പരസ്പര സ്നേഹത്തിന്റെയും സഹകരണത്തിന്റെയും സന്ദേശം കൂടിയാണ്. ഭാരതീയ സംസ്ക്കാരത്തിന്റെ ഊടും പാവും പരസ്പര സഹകരണവും സഹിഷ്ണുതയുമാണ്.

സഹകരണം എന്നതിന്റെ അർത്ഥം കൂട്ടായി പ്രവർത്തിക്കുക എന്ന് മാത്രമാണ്. സഹകരണതത്വങ്ങളിൽ ഏഴും പൂർത്തീകരിച്ചാൽ മാത്രമേ യഥാർത്ഥ സഹകരണം വ്യക്തമാക്കുകയുള്ളൂ.

ഇന്ത്യയിൽ ഇന്നുള്ള സഹകരണപ്രസ്ഥാനം നമ്മുടെ സമ്പത്ത്ഘടനയിൽ ഒരു മുഖ്യ പങ്കാണ് വഹിക്കാനുള്ളത്. കേരളത്തിലെപ്പോലെ സഹകരണപ്രസ്ഥാനം ഇത്ര കാര്യമായി ജനങ്ങളുടെ ഇടയിൽ സ്വാധീനം ചെലുത്തിയിട്ടുള്ളത്. മറ്റു രാജ്യങ്ങളിൽ ഉണ്ടോ എന്നുള്ളത് സംശയമാണ്.

"Justice of India" എന്ന് ഏവർക്കും സുപരിചിതമായ "അമൂൽ" ഗുജറാത്തിലെ ക്ഷീരകർഷകരുടെ ഒരു സഹകരണപ്രസ്ഥാനമാണ് എന്നത് നമുക്ക് ഏവർക്കും അഭിമാനിക്കാവുന്ന ഒരു സംഗതി ആണ്.

എരുത്തേമ്പതി പഞ്ചായത്തിൽ സഹകരണപ്രസ്ഥാനം ഇന്ന് വളരെ ശോഷിച്ച നിലയിലാണ് ഉള്ളത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ സഹകരണസംഘങ്ങളുടെ വിശദവിവരം താഴെ ചേർക്കുന്നു.

### സേവന സഹകരണ സംഘങ്ങൾ

കോഴിപ്പതി വില്ലേജ് മുഴുവൻ പ്രദേശവും മൂങ്കിൽമട സേവന സഹകരണ സംഘത്തിന്റെ കീഴിൽ വരുന്നു. ഈ സംഘം 1958 ലാണ് നിലവിൽ വന്നത്. ഇപ്പോൾ ഈ സംഘത്തിൽ 10 രൂപ ഓഹരി വിലയുള്ള 3196 അംഗങ്ങളുണ്ട്. അംഗീകൃതോഹരി മൂലധനമായി 25,20000 രൂപയായും അതിൽ സർക്കാറിന്റെ ഓഹരി 1,33494 രൂപയുമാണ്. സ്ഥിരനിക്ഷേപം 26,76776 രൂപയായും ഹ്രസ്വകാല നിക്ഷേപം. 374459 രൂപയായും ഉണ്ട്. പരമാവധി വായ്പ 4,23,56,800 രൂപ നൽകുവാനുള്ള ശേഷിയുള്ളതുമാണ്.

1991 മുതൽ നൽകിയ വായ്പയുടെ വിവരം താഴെ കാണിച്ചിരിക്കുന്നു.

| ഇനം | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| കർഷകവിള | 1081550/- | 1876140/- | 2751085/- | 2177750/- | 2053580/- |
| സ്വർണ്ണ പണയം | 924660/- | 1496525/- | 2990545/- | 4729855/- | 6538540 |

മേൽ കാണിച്ച കണക്കുകൾ കൊഴിഞ്ഞാമ്പാറ പഞ്ചായത്തിൽപ്പെട്ട കുന്നുംകാട്ടുപതി വില്ലേജിലേയും ഉൾപ്പെട്ടതാണ്. ഈ സഹകരണ സംഘത്തിലെ അധികം അംഗങ്ങളും നിരക്ഷരരായതുകാരണം വിരലടയാളം പതിച്ച രേഖകളിൽ ഒപ്പ് വാങ്ങിച്ച് പലർക്കും തിരിച്ചടവ് വായ്പാ സംഖ്യകളിൽ ഭീമമായ നഷ്ടകഷ്ടങ്ങൾ അനിഭവിക്കേണ്ടിവന്നസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. വില്ലേജിന്റെ അധികഭാഗവും ജലസേചനസൗകര്യകുറവുള്ളതും മഴയെ ആസ്പദിച്ച് കൃഷികൾ ചെയ്ത് വരുന്നതിനാലും വരൾച്ചമൂലം വലിയ കഷ്ടതകൾ അനുഭവിക്കുന്നുണ്ട്. അതിനാൽ വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

പഴയ എരുത്തേമ്പതി വഞ്ചികുന്നംപതി വില്ലേജുകളിൽ (ഇപ്പോഴത്തെ എരുത്തേമ്പതി) ഇവിടെ നിന്നും ഏതാണ്ട് 4 കിലോമീറ്റർ അകലെയുള്ള കോഴിഞ്ഞാമ്പാറയിലുള്ള സേവന സഹകരണബാങ്കിൻെറ അതിർത്തിയിൽ വരുന്നു. കോഴിഞ്ഞാമ്പാറ സർവ്വീസ് സഹകരണ ബാങ്കിലെ മൊത്തം വിവരങ്ങളും ചേർത്തിട്ടുണ്ട്.

<u>കൊഴിഞ്ഞാമ്പാറ സർവ്വീസ് സഹകരണ ബാങ്ക് സംബന്ധിച്ച് വിവരങ്ങൾ</u>

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര | തുടക്കം | പ്രവർത്തന മേഖല | നിലവിലുള്ള മെമ്പർ | സ്വന്തമായി കെട്ടിടം ഉണ്ടോ | ലാഭകരമായി പ്രവർത്തിക്കുന്നണ്ടോ |
|---|---|---|---|---|---|---|
| 1. | കൊഴിഞ്ഞാമ്പാറ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നമ്പർ P. 500 | 1961 | വലിയവള്ളം പതി,കൊഴിഞ്ഞാമ്പാറ എരുത്തേമ്പതി എന്നീ റവന്യൂ വില്ലേജുകൾ | 7583 | ഉണ്ട് | ലാഭകരം |

എരുത്തേമ്പതി വില്ലേജിൽ കനാൽ ജലസേചനം ഇല്ലാത്തതിനാൽ കർഷകർ മിക്കവരും കിണർ, കുഴൽകിണർ എന്നിവയിലെ ജലം പമ്പുചെയ്ത് കൃഷി ചെയ്യുന്നു. ജലസേചനസൗകര്യമില്ലാത്ത കർഷകർ ചെയ്യുന്ന കൃഷി അധികവും നഷ്ടത്തിൽ കലാശിക്കുന്നതുകൊണ്ട് വായ്പകൾ പുതുക്കികൊണ്ട് പോകുന്ന പ്രവണതയുണ്ട്. സേവനസഹകരണ സംഘങ്ങളുടെ പ്രവർത്തനം ഏതാണ്ട് മറ്റു വായ്പാ സ്ഥാപനങ്ങളെ പോലെ ആയി പോകുന്നതിനാൽ അതിലെ അംഗങ്ങൾക്ക് സംഘങ്ങളുടെ പ്രവർത്തന മാഹാത്മ്യം വ്യക്തമാക്കപ്പെടുന്നില്ല. വായ്പാ വിതരണ കാര്യത്തിൽ ഈ ഗ്രാമപഞ്ചായത്തിലെ മൂങ്കിൽമടയിലും എരുത്തേമ്പതിയിലും ദേശസാൽകൃത കനറാ ബാങ്കിൻെറ ഓരോ ശാഖകൾ വിജയകരമായി പ്രവർത്തിക്കുന്നു.

<u>മാർക്കറ്റിംങ്ങ് സൊസൈറ്റി</u>

ഈ ഗ്രാമ പഞ്ചായത്ത് മുഴുവൻ ഉൾകൊള്ളുന്നതും ബ്ലോക്ക് പഞ്ചായത്തിലെ മറ്റുപഞ്ചായത്തുകളും പ്രവർത്തന മേഖലയായുള്ള ചിറ്റൂർ അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ്സൊസൈറ്റി കൊഴിഞ്ഞാമ്പാറയിൽ പ്രധാന കാര്യാലയവുമായി നിലകൊള്ളുവാൻ തുടങ്ങിയത് 1949 മുതൽക്കാണ്. ആദ്യകാലങ്ങളിൽ കർഷകർക്കാവശ്യമായ വിത്ത്, വളം, കീടനാശിനി എന്നിവ വാങ്ങി വിതരണം ചെയ്ത് വന്നിരുന്നു. ഈ സൊസൈറ്റി നിർമ്മിച്ച മോഡേൺ മിൽ ഏതോ കാരണവശാൽ പ്രവർത്തനരഹിതമായി. വർഷങ്ങളായി മുടക്കുമുതലിൽ പലിശപോലും ലഭിക്കാതെ യന്ത്രങ്ങൾ ജീർണ്ണാവസ്ഥയിൽ ലേലവില്പന നടത്തുന്നതിനായി കാത്ത് കിടക്കുകയാണ്. കാർഷികവിളകളുടെ വിപണനരംഗത്ത് മറ്റു സ്വകാര്യ കച്ചവടക്കാരുമായി മത്സര വിജയം കൈവരിക്കാത്തതെന്നാണ് നിർദ്ദിഷ്ടലക്ഷ്യം പ്രാപിക്കാനാകാത്തതെന്നാണ് ഭാരവാഹികളുടെ ഭാഷ്യം.

<u>മറ്റു സഹകരണ സംഘങ്ങൾ</u>

ഭൂവികസന ബാങ്ക് ചിറ്റൂർ ശാഖയുടെ അധീനതയിൽ വരുന്നതാണ് ഈ ഗ്രാമപഞ്ചായത്ത്. മറ്റ് ധനവിനിയോഗസ്ഥാപനങ്ങളെ അപേക്ഷിച്ച് ഭൂവികസനബാങ്കിൽ കുറഞ്ഞ പലിശക്ക് വായ്പ ലഭിക്കുന്നതിനാൽ ഈ ഗ്രാമപഞ്ചായത്തിലെ ഒട്ടേറെ കർഷകർ കാലാകാലങ്ങളായി കിണർ കുഴിക്കുന്നതിനും നിലം നിരപ്പാകുന്നതിനും വായ്പകൾ എടുത്തിട്ടുണ്ട്. തെങ്ങുകൃഷി വിപുലപ്പെടുത്തുന്നതിന് പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിന് ഇന്ന് ആവശ്യങ്ങൾക്ക് എടുത്ത വായ്പാ സംഖ്യകൾ സമയാ സമയങ്ങളിൽ തിരിച്ചടയ്ക്കാൻ സാധിക്കാതോ ഭീമമായ കടം സംഖ്യക്ക് ജപ്തി ഭീഷണി നേരിതുകയാണ്. [illegible] ജലസേചനസൗകര്യം ഇല്ലാത്തതിനാലും നഷ്ടം മാത്രം കൈമുതലായി അവശേഷിക്കുന്ന [illegible] കർഷകരാണ് അധികം പേരും.

1. <u>ഭവന നിർമ്മാണ സഹകരണസംഘം:-</u>

   നിലവിലില്ല ഈ ഫർക്കയിൽ ആവശ്യമാണ്.

2. <u>പഴം, പച്ചക്കറി മാർക്കറ്റിംഗ് സൊസൈറ്റി:-</u>

   ഉണ്ട്, പ്രവർത്തനമില്ല. പ്രാവർത്തികമാക്കണം.

3. <u>കുടിൽ വ്യവസായസഹകരണ സംഘങ്ങൾ:-</u>

   സംയുക്തമായി ഒട്ടനവധി കുടുംബങ്ങൾ ഒരേ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സാഹചര്യം ഇല്ലാത്തതിനാൽ ഇത്തരം സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

1. ചകിരിനാരുകൊണ്ട് കയർ നിർമ്മിക്കുന്ന അല്പം ചില വ്യക്തികളുണ്ട്. താല്പര്യമുള്ള കൂടുതൽ വ്യക്തികൾക്ക് പരിശീലനം നല്കുകയാണെങ്കിൽ കയറുല്പന്നങ്ങൾ നിർമ്മിക്കാനുള്ള ചെറുകിട ഇടത്തരം യൂണിറ്റുകൾ തുടങ്ങുവാൻ സാധിക്കും. ഇവിടെ ആവശ്യത്തിനുളള ചകിരിനാര് ലഭിക്കുന്നതാണ്.

2. ഈ ഗ്രാമപഞ്ചായത്തിൽ സ്വകാര്യമേഖലയിൽ ഒരു കോഴികുഞ്ഞ് ഉല്പാദന [illegible] ഇവിടെ നിന്നും കോഴി കുഞ്ഞുങ്ങൾ പുറം സ്ഥലങ്ങളിലേക്കാണ് പോകുന്നത് [illegible] കോഴിവളർത്തലിൽ താല്പര്യമുളള കർഷകരെ സംഘടിപ്പിച്ച് പരിശീലനം നൽകിയാൽ [illegible] യൂണിറ്റുകൾ തുടങ്ങാവുനാതാണ്.

3. വനിതകൾക്കായി തുടങ്ങാവുന്ന ബേക്കറി, അച്ചാർ, മെഴുകുതിരി, ചന്ദനത്തിരി [illegible] എന്നിവ നിർമ്മിക്കുന്നതിനും പ്രത്യേക് പ്രത്യേകം യൂണിറ്റുകൾ [illegible] ആരംഭിക്കാവുന്നതാണ്.

<u>ക്ഷീര വ്യവസായം</u>

സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന രണ്ട് പാൽ സൊസൈറ്റികളാണ് നിലവിലുള്ളത്. അതിൽ എരുത്തേമ്പതിയിലുള്ള പാൽ സഹകരണ സംഘം പഞ്ചായത്തിലെ എരുത്തേമ്പതി വില്ലേജിലും വഞ്ചികുന്നുംപതി വില്ലേജിലും ഉൾപ്പെട്ടതാണ് പ്രവർത്തനപരിധി.

1966ൽ പ്രവർത്തനം ആരംഭിച്ച് നല്ല രീതിയിൽ പ്രവർത്തനം നിലയ്ക്കുകയും ചെയ്ത സ്ഥാപനം 1990ൽ വീണ്ടും പുനരാരംഭിച്ചു. ഇന്ന് എരുത്തേമ്പതിയിലെ ക്ഷീരകർഷകർക്ക് ഗണ്യമായ പാൽ വില നല്കാൻ സംഘത്തിന് കഴിയുന്നുണ്ട്. 450 അംഗങ്ങളുള്ള ഈ സ്ഥാപനത്തിൽ ഗണ്യമായ പുരോഗതിയാണ് ഇന്ന് കാണുന്നത്.

ക്ഷീര കർഷകർക്ക് ഗവൺമെന്റ് ആനുകൂല്യങ്ങൾ മുറയ്ക്ക് ലഭ്യമാക്കുകയും ക്ഷീര വകുപ്പിൻെറ നിർദ്ദേശങ്ങൾ കർഷകർക്ക് നല്കി കൂടുതൽ പാൽ ഉണ്ടാകുന്നതിന് സഹായം നല്കുകയും ചെയുന്നു.

നാമമാത്ര ക്ഷീര കർഷകർക്ക് അഡ്വാൻസ് എന്ന നിലയിൽ 1000 രൂപ വരെ വായ്പാ പലിശയില്ലാതെ 5 ഗഡുക്കളിയി തിരിച്ച് അടയ്ക്കാവുന്ന തരത്തിൽ നല്കി വരുന്നുണ്ട്. കന്നുകാലിതീറ്റ വിതരണം സംഘം ഏറ്റെടുത്ത് കർഷകർക്ക് വായ്പയായി നൽകി വരുന്നു.

ഇന്ന് സംഘത്തെമാത്രം ആശ്രയിച്ച് നിലനിൽക്കുന്ന ക്ഷീര കർഷകർ ഉണ്ടെന്നുള്ളത് പരമാർത്ഥമാണ്. ഈ പരമാൻത്ഥത്തെ സംഘത്തിനു വിജയമായി ചൂണ്ടികാണിക്കാം.

എരുത്തേമ്പതി മിൽക്ക് സൊസൈറ്റി കൂടാതെ കോഴിപതി വില്ലേജിലും വണ്ണാമട കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു മിൽക്ക് സൊസൈറ്റികൂടി ഉണ്ട്.

മേൽകാണിച്ച രണ്ട് മിൽക്ക് സപ്ലൈ സൊസൈറ്റികളുടെ വികസനത്തിനുവേണ്ടി ഡയറി ഡവലപ്പ്മെന്റ് വകുപ്പ് പശുപരിപാനലത്തിന് ആവശ്യമായ സാങ്കേതിക പരിശീലനം തീറ്റപുൽ കൃഷി ചെയ്യുന്നതിനും ആവശ്യമായ സഹായ സഹകരണങ്ങൾ നല്കി വരുന്നു. കാർഷിക മേഖലയോട് അനുബന്ധ തൊഴിലായും ഏറ്റവും ആദായകരമായും ചെയ്യാവുന്ന പശു വളർത്തലിന് ആവയമായ എത്രയോ കാര്യങ്ങൾ ഇനിയും ചെയ്യേണ്ടത് അനുബന്ധ നിർദ്ദേശങ്ങളിൽ ചേർത്തിയിരിക്കുന്നു.

നിലവിലുള്ള ക്ഷീര സഹ:സംഘങ്ങളെ സംബന്ധിച്ച് വിവരം താഴെ കാണിച്ചിരിക്കുന്നു.

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | തുടക്കം | പ്രവർത്തന മേഖല | നിലവിലുള്ള മെമ്പർമാർ | സ്വന്തമായി കെട്ടിടമുണ്ടോ | ലാഭകരമായി പ്രവർത്തിക്കുന്നുണ്ടോ |
|---|---|---|---|---|---|---|
| 1 | എരുത്തേമ്പതി കോ-ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈസൊസൈറ്റി No. 566 | 1966 | എരുത്തേമ്പതി വില്ലേജ് | 451 | ഇല്ല | ഉണ്ട് |
| 2 | കുമാരന്നൂർ കോ-ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈസൊസൈറ്റി | 1964 | കോഴിപ്പതി വില്ലേജ് | 300 | ഉണ്ട് | ഉണ്ട് |

<u>പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം</u>

എരുത്തേമ്പതി പഞ്ചായത്തിന്റെ പ്രത്യേകത പരിഗണിക്കുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗം സഹകരണ സംഘങ്ങൾ കൂടിയേ തീരൂ. പഞ്ചായത്തിൽ പട്ടികജാതിക്കാരുടെ ജനസംഖ്യ മറ്റു പഞ്ചായത്തുകളുടെ നിരക്കിൽ വെച്ച് കൂടുതലാണ്. പഞ്ചായത്തിലെ 1, 2, 3, 5, 9 എന്നീ വാർഡുകളിൽ എല്ലാം തന്നെ പട്ടികജാതിക്കാർ താമസിക്കുന്നുണ്ട്. അതുകൊണ്ട് അവരുടെ ഉന്നമനത്തിനായി പ്രത്യേക സംവിധാനം തന്നെ ആവശ്യമായി വരുന്നുണ്ട്. ഇപ്പോൾ പഞ്ചായത്തിൽ ഒരു ഹരിജന സഹകരണ സംഘം നിലവിൽ ഉണ്ടെങ്കിലും കാര്യമായ പ്രവർത്തനം ഒന്നും തന്നെയില്ല.

<u>നിർദ്ദേശങ്ങൾ</u>:-

1. സേവന സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കേവലം വായ്പാ വിതരണ സ്ഥാപനങ്ങളായി മാത്രം പ്രവർത്തിച്ചാൽ പോരാ. കീ ലോൺ സ്കീം കർഷകരുടെ വിളയുല്പന്നങ്ങൾ ഏത് കാലത്തും വാങ്ങിച്ച് പ്രത്യുൽപാദനപരമായി മാറ്റി എടുക്കുന്നതിനു ഡ്രൈയർ സംവിധാനം, പച്ചക്കറി, പഴം സംസ്കരണശാല തുടങ്ങുക എന്നിവ സേവന സഹകരണ സംഘം നേരിട്ട് ഏറ്റെടുത്ത് ചെയ്യാവുന്നതാണ്. (ഉദാ:- അത്താണി സഹകരണ സംഘം നടത്തുന്ന മോഡേൺ മിൽ).

2. ചിറ്റൂർ കാർഷിക വിപണന സഹകരണ സംഘത്തിന്റേയും പ്രവർത്തനം കർഷകർക്ക് സഹായകരമായ രീതിയിലേക്ക് കൊണ്ട് വരേണ്ടതാണ്.

3. ഭൂവികസന സഹകരണ ബാങ്കിൽ നിന്നും വായ്പ എടുത്ത് ശരിയാംവണ്ണം ഉപയോഗിച്ചെങ്കിലും പ്രകൃതി വിപരീത ഫലങ്ങളാൽ ഉണ്ടായ നഷ്ടം കണക്കിലെടുത്ത് മേപ്പടി വായ്പകൾ പലിശ സഹിതം എഴുതി തള്ളേണ്ടതാണ്.

4. സേവന സഹകരണ സംഘങ്ങളുടെ പ്രവർത്തന മേഖല റവന്യൂ വില്ലേജ് തലത്തിലോ, ഗ്രാമ പഞ്ചായത്ത് അതിർത്തി കണക്കാക്കിയോ വേണം.

5. സേവന സഹകരണ സംഘങ്ങൾ വഴി നല്കിയ വായ്പ ഉപയോഗിച്ച് ചെയ്യുന്ന എല്ലാ വിളകൾക്കും വിള ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കണം.

6. കൃത്യമായി സമയത്തിന് വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പ്രോത്സാഹനമായി പലിശയിളവ് അനുവദിക്കണം.

7. വീട് നിർമ്മാണ രംഗത്തിൽ കൊഴിഞ്ഞാമ്പാറ ഫർക്ക തലത്തിൽ ഒരു സഹകരണ സംഘം രൂപീകരിക്കുകയും കേന്ദ്ര സ്റ്റേറ്റ് ഗവൺമെന്റുകളുടെ വായ്പാ സഹായധനം എന്നിവ ഈ സഹകരണ സംഘം വഴി ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതാണ്.

8. എല്ലാ സഹകരണ സംഘങ്ങളും റവന്യൂ വില്ലേജ് അടിസ്ഥാനത്തിൽ അംഗത്വ രജിസ്റ്റർ, വായ്പാ വിതരണ രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതും അർഹതപ്പെട്ട എല്ലാവരേയും സഹകരണ സംഘത്തിൽ അംഗത്വം എടുക്കുവാൻ പ്രേരിപ്പിക്കുകയും വേണം.

9. ചെറുകിട തൊഴിൽ അഭിവൃദ്ധി നേടുന്നതിന് സഹകരണാടിസ്ഥാനത്തിൽ താല്പര്യമുള്ള കൂടുതൽ പേർക്ക് പരിശീലനം നല്കി ഈ തൊഴിലിൽ കൂട്ടായ പ്രവർത്തനത്തിന് സഹകരണ വ്യവസായ വകുപ്പുകൾ ചേർന്ന് നടപടി സ്വീകരിക്കണം. ഉദാ:- ചകിരി നാര് കൊണ്ട് കയറുല്പന്നങ്ങൾ നിർമ്മിക്കുക, കോഴി വളർത്തൽ യൂണിറ്റ്, മെഴുകുതിരി നിർമ്മാണ യൂണിറ്റ്, ബേക്കറിയിനം, ചന്ദനത്തിരി നിർമ്മാണം, ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ എന്നീ വ്യവസായങ്ങൾക്കെല്ലാം അസംസ്കൃത വസ്തുക്കൾ ലഭ്യത ഉണ്ട്. ചകിരി നാര് ഫാക്ടറി, കോഴികുഞ്ഞ് വിരിപ്പിക്കുന്ന യൂണിറ്റ് എന്നിവ പഞ്ചായത്ത് അതിർത്തിയിലുണ്ട്.

10. മൃഗസംരക്ഷണ വകുപ്പിൽ സഞ്ചരിക്കുന്ന ജനസേവകർ കർഷക ഭവനങ്ങളിൽ സന്ദർശന പരിപാടി [illegible]

11. ഈ പഞ്ചായത്തിലെ കോഴിപ്പതി വില്ലേജിൽ ഒരു സർവ്വീസ് സഹകരണ സംഘം പ്രവർത്തച്ചു വരുന്നുണ്ട്. ഈ സംഘത്തിന്റെ പ്രവർത്തന മേഖല എരുത്തേമ്പതി വില്ലേജിലെ പൊതു ജനങ്ങൾക്ക് ലഭിക്കുന്നില്ല. അതിനാൽ എരുത്തേമ്പതി വില്ലേജിൽ ഒരു പ്രാഥമിക സർവ്വീസ് സഹകരണ സംഘം സ്ഥാപിച്ച് പ്രവർത്തിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

12. എരുത്തേമ്പതി പഞ്ചായത്തിൽ വണ്ണാമടയിലും എരുത്തേമ്പതിയിലും സഹകരണ മാവേലി സ്റ്റോറുകൾ ആരംഭിക്കണം.

13. തമിഴ്നാട്ടിന്റെ അടുത്ത് സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് ആയതിനാൽ തോൽ സംസ്കരണമോ തോൽ നിർമ്മിത സഹകരണ സംഘമോ രൂപീകരിക്കണം.

14. പട്ടികജാതിക്കാരുടേയും മറ്റു ദുർബല വിഭാഗങ്ങളുടേയും മക്കളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് സഹകരണ അടിസ്ഥാനത്തിൽ താമസിച്ച് പഠിക്കാൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങണം.

15. പരുത്തി കൃഷി കൂടുതൽ ഈ പഞ്ചായത്തിൽ ഉള്ളതിനാൽ ഒരു സ്പിന്നിങ്ങ് ഫാക്ടറി സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കണം.

16. വെളിച്ചെണ്ണ ഉല്പാദനത്തിന് സഹകരണാടിസ്ഥാനത്തിൽ ഒരു കമ്പനി രൂപീകരിക്കുക. ഈ ജീവനക്കാർക്ക് ട്രെയിസം പരിപാടിയിൽ പരിശീലനം നൽകുക.

17. കാർഷിക മേഖലയുടെ പുരോഗതിക്ക് പഞ്ചായത്ത് തലത്തിൽ (വാർഡ്) കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

18. വനിതകൾക്കു മാത്രം കുടിൽ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

19. പാൽ ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് സഹകരണാടിസ്ഥാനത്തിൽ നിർമ്മിക്കുക.

20. പഴ വർഗ്ഗങ്ങളുടെ സംസ്കരണവും, സ്ക്വാഷും നിർമ്മാണത്തിനു സഹകരണ സംഘങ്ങൾ തുടങ്ങുക.

21. പട്ടികജാതിക്കാർക്ക് വാർഡു തലത്തിൽ ചകിരി, ബ്രഷ്, ചെരുപ്പുകൾ, കയർ തുടങ്ങിയവ നിർമ്മിക്കുന്നതിന് സഹകരണ യൂണിറ്റ് തുടങ്ങുക.

22. മിൽക്ക് സൊസൈറ്റി ശേഖരിക്കുന്ന പാൽ മുഴുവൻ പ്രാദേശിക വില്പന കഴിഞ്ഞ് കേടു കൂടാതെ സൂക്ഷിക്കുന്നതിന് ശീതീകരണശാല തുടങ്ങുക.

23. മൃഗാശുപത്രി ഡോക്ടറുടെ സേവനം എല്ലാ മിൽക്ക് സഹകരണ സംഘത്തിനും സ്ഥിരമായി ഉണ്ടാവുന്ന സംവിധാനം വേണം.

24. കർഷകർക്ക് ആവശ്യമായ പുല്ല്, വൈക്കോൽ തുടങ്ങിയവ എരുത്തേമ്പതി വിത്തുല്പാദന കേന്ദ്രത്തിൽ കൃഷി ചെയ്ത് വിതരണം നടത്തുകയും ക്ഷീര വികസന വകുപ്പിൽ നിന്ന് കിട്ടാവുന്ന ചോളം, പയർ, പുൽകൃഷി എന്നിവയുടെ സബ്സിഡി വർദ്ധിപ്പിക്കുക.

സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുക വഴി ഈ പഞ്ചായത്തിലെ കാർഷിക രംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്താൻ സാധിക്കുന്നതും സാമ്പത്തിക മേഖലയിൽ ഒരു കുതിച്ചു ചാട്ടത്തിന് ഈ പഞ്ചായത്തിനെ സജ്ജമാക്കാൻ കഴിയുന്നതുമാണ്.

## വിഭവസമാഹരണം

എരുത്തേമ്പതി പഞ്ചായത്തിൽ ഇന്ന് നേരിടുന്ന പ്രതിസന്ധികൾ പലതാണ്. കാർഷിക മേഖലകളിൽ പ്രകൃതിയുടെ മാറ്റങ്ങൾ കാരണം തെക്കുപടിഞ്ഞാറൻ കാലവർഷവും വടക്കുകിഴക്കൻ കാലവർഷവും ശരിക്കും കിട്ടുന്നില്ല. മഴയുടെ ദൗർലഭ്യം കാരണം ഇവിടത്തെ പുഴകളിലൊ കുളങ്ങളിലൊ വെള്ളം ഇല്ല. പരുത്തി, കടല, കരിമ്പ്, തെങ്ങ്, പച്ചക്കറികൾ എന്നിവയാണ് കൃഷി ചെയ്യുന്നത്. ഇത് വിറ്റഴിക്കാനുള്ള വിപണി തൊട്ടടുത്തുള്ള തമിഴ്നാട്ടിലാണ്. ബോർ ഇട്ടിട്ടുള്ളതിനാൽ തന്നെ ഭൂഗർഭജലം കിട്ടണമെങ്കിൽ ഏകദേശം 300 അടി മുതൽ 400 അടി വരെ ബോർ ഇടണം. പല കർഷകരും കിണർ കുഴിച്ചും ബോർ ഇട്ടിട്ടുള്ളതിൽ തന്നെ ഭൂഗർഭജലം കിട്ടണമെങ്കിൽ ഏകദേശം 300 അടി മുതൽ 400 അടി വരെ ബോർ ഇടണം. പല കർഷകരും കിണർ കുഴിച്ചും ബോർ ഇട്ടും വെള്ളം കിട്ടാതെ നട്ടം തിരിയുകയാണ്. ബാങ്കുകളിലും മറ്റും എടുത്ത വായ്പയുടെ പലിശ പോലും തിരിച്ചടക്കാൻ സാധിക്കാതെ മാനസീകമായി തകർച്ചയിലാണ് കർഷകർ. വൈദ്യുതി തകരാറുകാരണം കിട്ടാവുന്ന വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലാണ്.

വ്യവസായ രംഗം വളരെ ശോചനീയമാണ്. വൻകിട വ്യവസായം ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. ചെറുകിട വ്യവസായങ്ങൾ പേരിന് ഉണ്ട്. ഈ രണ്ട് രംഗത്തേയും വിജയിപ്പിച്ച് മുന്നോട്ട് കൊണ്ട് വരുന്നതിന് വിഭവസമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കണ്ടെത്താനുണ്ട്.

ഗവൺമെന്റിൽ നിന്നും ഗ്രാമ പഞ്ചായത്തുകൾക്കുള്ള ഗ്രാന്റ് മറ്റ് ധനാഗമന മാർഗ്ഗങ്ങൾ യഥാസമയം നല്കി പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുകയും വേണം. വിദ്യാഭ്യാസപരമായും സാമ്പത്തികമായും വളരെ പിന്നിലും ദാരിദ്ര്യരേഖക്കു താഴേയും നില്ക്കുന്ന ജനങ്ങളേയും പട്ടിക ജാതി പട്ടിക വർഗ്ഗം സ്ത്രീകളുടെ എണ്ണം വിദ്യാഭ്യാസം എന്നിവയും കണക്കിലെടുത്ത് നീതി പൂർവ്വമായി ഗ്രാന്റ് വിതരണം കൂടുതലാക്കുകയും ഉടനടി നല്കുകയും ചെയ്യേണ്ടതാണ്. കാർഷികവും അല്ലാത്തതുമായ കൂലിപ്പണികളിൽ ഏർപ്പെട്ടിരിക്കുന്നവരാണ് ബഹുഭൂരിപക്ഷം ജനങ്ങളും. വളരെ കുറച്ച് ആളുകൾ മാത്രമേ കച്ചവടം ചെയ്യുന്നുള്ളൂ. വൻ കച്ചവടക്കാരോ ഫാക്ടറികളോ മറ്റു വരുമാന മാർഗ്ഗങ്ങളോ പഞ്ചായത്തിന് ഇല്ല. നികുതിയിനങ്ങളിൽ ചെറിയ ഒരു സംഖ്യ മാത്രമേ കിട്ടുന്നുള്ളൂ. പഞ്ചായത്തിലെ ജീവനക്കാർക്ക് ശമ്പളവും മറ്റും കൊടുക്കുവാൻ ബുദ്ധിമുട്ട് അനുഭവിക്കുന്നതിനിടയിൽ വികസന പ്രവർത്തനങ്ങൾ കാര്യമായി നടപ്പിലാക്കാൻ പറ്റുന്നില്ല. വോട്ടർമാർക്കിടയിൽ പഞ്ചായത്തിലെ പ്രവർത്തനം തൃപ്തികരമാകുന്നില്ല.

പൊതുജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി പൊതുജനങ്ങളുടെ നന്മക്കായിട്ടാണ് ചെലവ് ചെയ്യുന്നത് എന്ന ബോധം ഉണ്ടാക്കേണ്ടതാണ്. വെള്ളം, വെളിച്ചം, റോഡ്, വിദ്യാഭ്യാസം, പൊതുജനാരോഗ്യം എന്നിവയ്ക്കാണ് ചെലവ് ചെയ്യുന്നത് എന്ന വിശ്വാസം പൊതുജനങ്ങളിൽ ഉണ്ടാകണം. പിരിച്ചെടുക്കുന്ന നികുതി ശരിയായ മാർഗ്ഗങ്ങളിൽ കൂടിയാണ് ചിലവ് ചെയ്യുന്നത് എന്ന വിശ്വാസം വന്നു കഴിഞ്ഞാൽ നികുതി ഈടാക്കുന്നതിന് വൈമനസ്യം കാണിക്കുകയില്ല.

നികുതി പിരിച്ചെടുക്കാതെ ചിലരെ ഒഴിവാക്കുന്ന രീതി ശരിയല്ല. പഞ്ചായത്തിലെ മുഴുവൻ ആളുകളിൽ നിന്നും കിട്ടേണ്ടതായ എല്ലാ നികുതിയും വസൂലാക്കാൻ കഴിയണം. നികുതി പിരിക്കുന്നതിന് ഓരോ വാർഡിലും ചില പ്രത്യേക സ്ഥലങ്ങൾ തിരഞ്ഞെടുത്ത് ജനപ്രതിനിധികളുടെ സഹായത്തോടെ ദിവസവും സമയവും നിശ്ചയിച്ച് മൂന്ന് മാസത്തിലൊരിക്കൽ പഞ്ചായത്ത് ജീവനക്കാരെ കൊണ്ട് കഴിയുന്നതും വേഗം പിരിച്ചെടുക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## I. കെട്ടിട നികുതി

കെട്ടിട നികുതി എല്ലാവരിൽ നിന്നും പിരിച്ചെടുക്കേണ്ടതാണ്. നികുതി കണക്കാക്കിയത് എങ്ങിനെയാണെന്ന് നികുതിദായകനെ ബോദ്ധ്യപ്പെടുത്തണം. നികുതി നിശ്ചയിക്കുന്നതിന്നു പഞ്ചായത്തിൽ ഒരു അസ്സസ്സ്മെന്റ് കമ്മിറ്റി ഉണ്ടായിരിക്കുന്നത് ഉചിതമായിരിക്കും. കെട്ടിട നികുതി ഘടന ശാസ്ത്രീയമായും കാലോചിതമായും പരിഷ്കരിക്കണം. കെട്ടിട നിർമ്മാണ ചെലവിന്റെ അടിസ്ഥാനത്തിലായിരിക്കണം പുതിയ കെട്ടിടങ്ങൾക്കുള്ള കെട്ടിട നികുതി കണക്കാക്കേണ്ടത്. ഈ നിരക്കു കാലാകാലങ്ങളിൽ പുതുക്കുകയും വേണം. നികുതി നിരക്കു പുതുക്കുന്നതിനു സാങ്കേതിക സഹായം തേടാവുന്നതാണ്. പഴയ കെട്ടിടങ്ങളുടെ വിസ്തൃതി കൂട്ടുകയോ വ്യത്യാസങ്ങൾ വരുത്തുകയോ ചെയ്യുമ്പോൾ അക്കാര്യം പഞ്ചായത്തധികൃതരെ അറിയിക്കുവാനുള്ള പൗരബോധം ജനങ്ങളിൽ ഉളവാക്കേണ്ടതാണ്.

## II. തൊഴിൽ നികുതി

സർക്കാർ ഓഫീസുകളിലും, വിദ്യാലയങ്ങളിലും ജോലി ചെയ്യുന്നവരിൽ നിന്ന് മാത്രമേ കൃത്യമായി നികുതി പിരിച്ചെടുക്കുന്നുള്ളൂ. എന്നാൽ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന മുഴുവൻ ആളുകളുടേയും പേര് തൊഴിൽ നികുതിക്കായി ആവശ്യപ്പെടുന്ന ലിസ്റ്റിൽ പഞ്ചായത്തിന് നല്കാതെ വരുമാനം നഷ്ടപ്പെടുത്തുകയാണ്. തൊഴിലാളികളെ മുഴുവനും പഞ്ചായത്തടിസ്ഥാനത്തിൽ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ കൊണ്ടു വരുകയും അംഗത്വമുള്ളവരിൽ നിന്നും തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യാം. പഞ്ചായത്ത് സമിതിയും അതാതു വകുപ്പിലെ ഉദ്യോഗസ്ഥന്മാരും അതിനു വേണ്ടി ഇടയ്ക്കിടെ സ്ഥാപനങ്ങൾ സന്ദർശിക്കേണ്ടതാണ്.

## III. വിനോദ നികുതി

ഈ പഞ്ചായത്തിൽ എരുത്തേമ്പതി, ആർ.വി.പി. പുതൂർ, മൂങ്കിൽ മട എന്നീ സ്ഥലങ്ങളിൽ മൂന്ന് സിനിമാ തിയേറ്ററുകൾ ഉണ്ട്. അവകളിൽ ശരിയായ രീതിയിൽ വിനോദ നികുതി പിരിക്കുന്നതിനു വേണ്ട സംവിധാനം ഉണ്ടാക്കേണ്ടതാണ്.

## IV. കള്ളിനു സെസ്സ് ചുമത്തൽ

ഈ പഞ്ചായത്തിൽ ധാരാളം തെങ്ങിൻ തോട്ടങ്ങൾ ഉണ്ട്. കേര വിപണന മാർക്കറ്റിൽ ഇടയ്ക്കിടെ ഉണ്ടാകുന്ന അസ്ഥിരത കർഷകന്റെ വരുമാനത്തെ സാരമായി ബാധിക്കുന്നതുകൊണ്ട് കർഷകൻ തെങ്ങു ചെത്താൻ കൊടുക്കുക എന്ന ലാഭകരമായ ചിന്തയിലേക്കു തിരിഞ്ഞിരിക്കുകയാണ്. ഈ പഞ്ചായത്തു മേഖലയിൽ നിന്നും പ്രതിദിനം 60,000 ലിറ്റർ കള്ള് ചെത്തുന്നതിൽ നിന്നും കുറഞ്ഞത് 40,000 ലിറ്റർ കള്ള് പുറമേയുള്ള ഉപയോഗത്തിനായി പോകുന്നുണ്ട്. പഞ്ചായത്ത് ഒരു ലിറ്റർ കള്ളിന് 10 പൈസാ നിരക്കിൽ സെസ്സ് ഏർപ്പെടുത്തിയാൽ ഓരോ ദിവസവും പഞ്ചായത്തിന്നു 4,000 ക വരുമാനം ഉണ്ടാകും. ഈ നിരക്ക് കള്ളുകരാറുകാർക്ക് വലിയ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടാകുവാൻ ഇടയില്ല. ഈ പദ്ധതി പഞ്ചായത്തും എക്സൈസ് വകുപ്പും ഒരുമിച്ചു നിന്നാലെ പ്രായോഗികമാവൂ. എക്സൈസ് വകുപ്പു മുഖേന സെസ്സ് ഈടാക്കി ആയതു പഞ്ചായത്തിനെ ഏല്പിക്കുവാനുള്ള സംവിധാനം നടപ്പിലാക്കണം. ഈ പദ്ധതി അധികാര വികേന്ദ്രീകരണത്തിന്റെ ഒരു ഭാഗമാകയാൽ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും ഈ പദ്ധതിയുടെ പിന്നിൽ ഉറച്ചുനിൽക്കുമെന്ന കാര്യം തീർച്ചയാണ്.

## V. മറ്റു ധനാഗമ മാർഗ്ഗങ്ങൾ

പഞ്ചായത്തിന്റെ പുറമ്പോക്കു ഭൂമികൾ കൃത്യമായി അളന്നു തിരിച്ച് അവയിൽ നില്ക്കുന്ന ഫല വൃക്ഷങ്ങളെ ഓരോ വർഷവും ലേലത്തിൽ വിടുകയും അതിൽ നിന്നും കിട്ടാവുന്ന സംഖ്യ വരുമാന മാർഗ്ഗമാക്കേണ്ടതും അതുപോലെ ഉണങ്ങിയതും ജീർണ്ണിച്ചതും പ്രകൃതി ക്ഷോഭം കാരണം മുറിഞ്ഞ് വീഴുന്നതുമായ വൃക്ഷങ്ങളേയും ലേലത്തിൽ വിളിച്ച് വരുമാന മാർഗ്ഗം കണ്ടെത്താവുന്നതുമാണ്. പുറമ്പോക്ക് സ്ഥലങ്ങൾ കയ്വശം വച്ചിരിക്കുന്നവരെ കണ്ടെത്തി ഉടനടി ഒഴിപ്പിച്ച് എടുക്കുകയും ആയതിനെ പൊതു ആവശ്യങ്ങൾക്ക് ഉപയോഗപ്രദമാക്കുകയും ചെയ്യുക.

### ബാങ്ക്

ഈ പഞ്ചായത്തിൽ ദേശസാൽകൃത കാനറാബാങ്ക്, രണ്ടു ശാഖകളും, ഷെഡ്യൂൾ ബാങ്കിന്റെ കാത്തലിക്ക് സിറിയൻ ബാങ്ക് ഒന്നും ഒരു സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കും പ്രവർത്തിക്കുന്നുണ്ട്.

### ലാന്റ് സെസ്സ്

പഞ്ചായത്തിൽ ഒരു ഹെക്ടറിന് മുകളിലുള്ള ഭൂ ഉടമകളിൽ നിന്ന് ലാന്റ് സെസ്സ് പിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

### ലൈബ്രറി സെസ്സ്

പഞ്ചായത്തിൽ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് പഞ്ചായത്തിലുള്ള ലൈബ്രറികൾക്കു തന്നെ ലഭ്യമാക്കുക.

### ചിലവുകൾ

പൊതുമരാമത്തിന് ചിലവഴിച്ചത് പഞ്ചായത്ത് റോഡുകളുടെ റിപ്പയർ ജോലികൾക്കായിരുന്നു. 3,28,269 രൂപ റിപ്പയർ വർക്കുകൾ ഏതാണ്ട് എല്ലാ വാർഡുകളിലും നടത്തിയിട്ടുണ്ട്. പഴയ റോഡിനു ഇട്ട മണ്ണ് മുഴുവൻ മഴക്കാലത്ത് ഒലിച്ച് പോയി. റോഡ് വീണ്ടും പഴയസ്ഥിതിലാകുകയും ചെയ്തു. ഇത്തരത്തിലുള്ള താല്ക്കാലിക റിപ്പയർ ജോലികൾ ഒരു ഗുണവും ചെയ്യുന്നില്ല. എന്നു മാത്രമല്ല പഞ്ചായത്തിന്റെ ഫണ്ട് പാഴായി പോകുന്നതിന് കാരണമാവുകയും ചെയ്യുന്നു. പഞ്ചായത്തിന്റെ വിഭവ ചോർച്ച തടയുന്നതിന് റോഡ് സംരക്ഷണം അനിവാര്യമാണ്. പഞ്ചായത്തിലെ ചില മണ്ണ് റോഡുകൾ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം രോഡുകൾക്ക് ഇരുവശവും താമസിക്കുന്നവർക്കായിരിക്കണം. മഴക്കാലം തുടങ്ങുന്നതിന് മുൻപ് റോഡുകളുടെ ഇരുവശവുമുള്ള ചാലുകൾ സന്നദ്ധ പ്രവർത്തനം വഴി വൃത്തിയാക്കണം. വെള്ളം ഒലിച്ച് പോകുവാൻ ചാലുകൾ ഇല്ലാത്തതുകൊണ്ടാണ് റോഡുകൾ തോടുകളായി മാറുന്നത്. P.W.D. റോഡുകളുടേയും പഞ്ചായത്ത് ഇടവഴികളിലേയും ഡ്രെയിനേജുകൾ മഴക്കാലത്തിന് മുൻപ് വൃത്തിയാക്കേണ്ടതാണ്.

### ഭൂനികുതി

ഭൂനികുതി ചില തത്വങ്ങൾ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതിനും അത് പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളെ ഏല്പിക്കാം. നികുതി പിരിച്ചെടുക്കുന്നതിന് ഓരോ വാർഡിലും പ്രത്യേക സ്ഥലം തിരഞ്ഞെടുത്ത് തിയ്യതിയും സമയവും അറിയിക്കേണ്ടതും ജനപ്രതിനിധികളുടെ സഹായത്തോടെ പിരിച്ചെടുക്കാവുന്നതുമാണ്.

ഗ്രാമചിന്ത

ഒന്ന് മുതൽ നാല് വരെ വാർഡുകൾക്ക് വണ്ണാമടയിലും 5-6 വാർഡുകൾക്ക് ആർ.വി.പി. പുതൂരിലും 7, 8, 9 വാർഡുകൾക്ക് എരുത്തേമ്പതിയിലും ഗ്രാമചന്ത തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിലുണ്ട്. ഇവയും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കും, ചെറുകിട കർഷകരും നാമമാത്ര കർഷകരും ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ ഇടത്തട്ടുകാരുടെ സഹായം ഇല്ലാതെ സ്വയം വിറ്റഴിക്കുവാനും വേണ്ട സാധനങ്ങൾ വാങ്ങുവാനും കഴിയും.

കച്ചവട ലൈസൻസ്

കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഇത് ശരിയായ വിധം പിരിച്ചെടുക്കുന്നില്ല. ഇത് കൃത്യമായി പിരിച്ചെടുക്കുന്നതിന് വാർഡുതോറും കച്ചവടക്കാരുടെ ഇനം തിരിച്ച് കണക്ക് ശേഖരിക്കുകയും ലൈസൻസ് ഫീസ് പിരിച്ചെടുക്കുകയും വേണം.

മനുഷ്യാധ്വാനം

ഏറ്റവും പ്രധാനമായ വിഭവം മനുഷ്യാധ്വാന വിഭവം തന്നെയാണ്. എല്ലാ ഗ്രാമസഭാ റിപ്പോർട്ടുകളിലും മനുഷ്യാധ്വാന വികസന പ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതിമത കക്ഷി ചിന്തകൾക്കതീതമായി സ്വന്തം നാടിന്റെ വികസനത്തിന് തന്റെ അധ്വാനം കൊണ്ട് സംഭാവന നല്കുക എന്നത് വളരെ മഹത്തായ ഒരു ആശയമാണ്.

പഞ്ചായത്തിലെ ഇടവഴികളും മൺപാതകളും ചാലുകൾ വൃത്തിയാക്കി മഴക്കാലത്ത് വഴി ചീത്തയാകാതെ സൂക്ഷിക്കുവാൻ വഴി ഉപയോഗിക്കുന്നവരും ഇരുവശവും താമസിക്കുന്നവരും മനസ്സ് വെച്ചാൽ മതി. പഞ്ചായത്തിന്റെ സഹായം വേണ്ടിടത്ത് അത് സ്വീകരിക്കുകയും ചെയ്യാം.

പഞ്ചായത്തിലെ ജനപ്രതിനിധികളും സ്കൂളുകളിലെ അദ്ധ്യാപകരും കുട്ടികളും ബഹുജന സംഘടനകളും രാഷ്ട്രീയ പ്രവർത്തകരും നാട്ടുകാരും ചേർന്ന് ഗാന്ധിജയന്തി വാരാഘോഷം ആഘോഷിക്കുന്ന സമയത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

മുകളിൽ എഴുതിയത് മനുഷ്യാധ്വാനം വികസന പ്രവർത്തനങ്ങൾക്ക് മുതൽ കൂട്ടാവുന്ന ചില മേഖലകൾ മാത്രമാണ്. ഗ്രാമസഭകളിലെ റിപ്പോർട്ടുകളിൽ റോഡ് ഉണ്ടാക്കുന്നതിനും റോഡുകൾ സംരക്ഷിക്കുന്നതിനും തോടുകൾ വെട്ടുന്നതിനും പരിസര മാലിന്യം ഇല്ലാതാക്കുന്നതിനും ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉണ്ട്.

## നിർദ്ദേശങ്ങൾ

1. കോളനികളിലെ പുരയിടങ്ങളിലെ മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ നടപടികൾക്ക് രൂപം നല്കുക.

2. നാല് സെന്റ് കോളനികളിലും ലക്ഷം വീട് കോളനികളിലും വീട് പുതുക്കി പണിയുന്നതിനും ഓട് മേയുന്നതിനും ധനസഹായം അനുവദിക്കുക.

3. അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ ശ്മശാനം നിർമ്മിക്കുക.

4. നിർജ്ജീവമായ വായനശാലകളെ പ്രവർത്തിപ്പിക്കുകയും വേണ്ട സ്ഥലത്ത് പുതിയതായി സ്ഥാപിക്കുകയും ചെയ്യുക.

5. സ്കൂളിൽ നിന്ന് കൊഴിഞ്ഞ് പോകുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിന് പ്രോത്സാഹിപ്പിക്കുക.

6. പഞ്ചായത്ത് ഓഫീസ് പരിസരത്തുള്ള പഴയ കെട്ടിടം പൊളിച്ച് മാറ്റി രണ്ട് നിലകെട്ടിടം പണിത് കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ച് വരുമാന മാർഗ്ഗം കണ്ടെത്തുക.

### ടൂറിസം

പ്രകൃതിദത്തമായ യാതൊന്നും ടൂറിസ വികസനത്തിന് പര്യാപ്തമായി ഈ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ ടൂറിസത്തിനു സാദ്ധ്യതയില്ല.

### വനം

ഈ പഞ്ചായത്തിൽ സർക്കാർ വനം ഇല്ല. റോഡുവക്കിലും പുറമ്പോക്കു സ്ഥലങ്ങളിലും വൃക്ഷങ്ങൾ (സോഷ്യൽ ഫോറസ്ട്രി) വെച്ചു പിടിപ്പിക്കാവുന്നതാണ്.

## വിഭവസമാഹരണം

### വരുമാനത്തിലെ വ്യതിയാനം

| | തനതു വരുമാനം | 1991-92 | | 1995-96 | | വ്യത്യാസം | |
|---|---|---|---|---|---|---|---|
| 1 a | കെട്ടിട നികുതി | 86167 | 60 | 113412 | 40 | 24244 | 80 |
| b | വിനോദ നികുതി | 35139 | 00 | 70487 | 50 | 35348 | 50 |
| c | തൊഴിൽ നികുതി | 92498 | 00 | 94645 | 00 | 2147 | 00 |

### ഉപാധിരഹിത നികുതി

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | S.C.P. | 51400 | 00 | 155000 | 00 | 103600 | 00 |
| 3 | J.R.Y. | 382457 | 00 | 422950 | 00 | 40493 | 00 |
| 4 | ഗ്രാന്റ് സംഭാവനകൾ | 366252 | 00 | 624229 | 00 | 257977 | 00 |
| | ആകെ വരവ് | 1016913 | 00 | 1480723 | 00 | | |

### ചിലവുകൾ

| | 1991-92 | | 1995-96 | | വ്യത്യാസം | |
|---|---|---|---|---|---|---|
| പൊതുമരാമത്ത് | 188757 | 00 | 328269 | 00 | 139512 | 00 |
| ഭരണചിലവ് | 286598 | 50 | 472985 | 00 | 186386 | 00 |
| വിദ്യാഭ്യാസം | 1240 | 00 | 2060 | 00 | 820 | 00 |
| പൊതുജനാരോഗ്യം ജലവിതരണം | 96841 | 00 | 131035 | 00 | 34194 | 00 |
| തെരുവിളക്കുകൾ | 36123 | 00 | 68572 | 00 | 32449 | 00 |
| ആകെ ചിലവ് | 609559 | 00 | 1002921 | 00 | | |

## ഉപസംഹാരം

സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ അപ്പോൾ മാത്രമാണ് ഭാരതം പൂർണ്ണസ്വാതന്ത്ര്യം നേടുക.

മഹാത്മഗാന്ധി

ജനകീയാസൂത്രണം എന്നത് വലിയ ഒരാശയമാണ്. മഹത്തായ ആശയം. ജനാധിപത്യത്തിന്റെ അടിസ്ഥാനമാണത്. ജനാധിപത്യം യാഥാർത്ഥ്യമാകണമെങ്കിൽ വികസന പ്രക്രിയ ജനപങ്കാളിത്തത്തോടെയാവണം. ജനകീയാസൂത്രണം ഒരു മഹാപ്രസ്ഥാനമാകണം.

സ്വയം ചിന്തിക്കുവാനും, ആസൂത്രണം ചെയ്യുവാനും ആവശ്യങ്ങളെകുറിച്ച് കൂട്ടായി ചർച്ച ചെയ്യുവാനും അഴിമതിരഹിതമായ മാർഗ്ഗത്തിലൂടെ നടപ്പിൽ വരുത്തുവാനും ഗ്രാമീണർക്കും നഗരവാസികൾക്കും കഴിയുമെന്ന വിശ്വാസം അംഗീകരിക്കണം. അതാണ് ജനകീയത. ഒരു രാഷ്ട്രത്തിന്റെ സമ്പത്ത് കർമ്മശീലവും സന്നദ്ധതയും ദേശസ്നേഹത്തോടെ നിർലോഭം അർപ്പിക്കുവാൻ തയ്യാറുള്ള ജനസമൂഹമാണ്.

ചൈതന്യവത്തായ ജനകീയഉണർവ്വ് ഗ്രാമവികസനത്തിന്റെ പ്രധാന ശക്തിയായി മാറണം. വിദഗ്ദ്ധന്മാർ പ്രതിബദ്ധതയോടെ പഞ്ചായത്ത് ദാസന്മാരായി മാറണം. നൂതനമായ ഈ സമന്വയമാണ് ആസൂത്രണ തന്ത്രം. നാം വിപ്ലവാത്മകമായ ചലനത്തിലേക്ക് നീങ്ങുകയാണ്. ഈ ശക്തിയാണ് ജനകീയ ശക്തി നമ്മുടെ ലക്ഷ്യം, നമ്മുടെ അഭിലാഷങ്ങളുടെ നവീകരണം ഇവയെല്ലാം സ്വപ്നങ്ങളായ യാഥാർത്ഥ്യമാകാൻ പോകുന്ന വസ്തുകളാണ്. ആ നിലയ്ക്ക് 9-ാം പഞ്ചവൽസര പദ്ധതി ജനങ്ങളുടെ പങ്കാളിത്തത്തോടെ ഉരിത്തിരിയുന്നത് ചെറിയ കാര്യമല്ല. ശ്രമകരമായ ഈ സംരംഭത്തിന് നാം തുടക്കം കുറിച്ചിരുക്കുന്നു.

ആസൂത്രണം എന്ന ആശയത്തിന് മനുഷ്യനോളം തന്നെ പഴതക്കമുണ്ട്. പ്രശസ്തദാർശനികനായ പ്ലേറ്റോ തന്റെ **"The Republic"** എന്ന ഗ്രന്ഥത്തിലൂടെ ആസൂത്രണമെന്ന ആശയത്തിന് ഔപചാരികത പകർന്നു.

വികേന്ദ്രീകൃതാസൂത്രണത്തിന് ദൂരവ്യാപകമായ ഗുണഫലങ്ങൾ പ്രദാനം ചെയുവാൻ സാധിക്കുമെന്നതിന്ന് പക്ഷാന്തരമില്ല. വിഭവസമാഹരണത്തിലും വിതരണത്തിലും കര്യക്ഷമത ഉറപ്പുവരുത്തുന്നതിൽ നിർണ്ണായക പങ്കാണ് വികേന്ദ്രീകൃതാസൂത്രണം നിർവഹിക്കുന്നത്. മാത്രമല്ല ഭരണത്തിന്റെ ചെങ്കോലേന്തുവാൻ ഇന്നാട്ടിലെ സാധാരണക്കാരനുപോലും അവസരം നൽകികൊണ്ട് അവരെ ഇന്നാടിന്റെ ഭാഗ്യവിധാതാക്കളാക്കിത്തീർക്കുന്നതിലും ആസൂത്രണത്തിന് അത്ഭുതം ചമയ്ക്കുവാൻ കഴിയും.

ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ കാതലാണ് വികേന്ദ്രീകൃതാസൂത്രണം ജനപങ്കാളിത്തവും. മൊത്തം പദ്ധതി വിഹിതത്തിന്റെ 35 മുതൽ 40 വരെ ശതമാനമെങ്കിലും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ രൂപവും ഭാവവും നൽകുന്ന പദ്ധതികളുടെ നടത്തിപ്പിലേക്കായി നീക്കിവെക്കണമെന്നാണ് വിഭാവം ചെയ്തിട്ടുള്ളത്.

നിരാശ പ്രതീക്ഷക്കും വഴിമാറിക്കൊടുക്കുകയും ജനശക്തി സജീവമാക്കുകയും, ജനങ്ങളിൽ സുഷുപ്തമായ സർഗ്ഗശക്തികളെ തട്ടിയുണർത്തുകയും ചെയ്യുവാൻ പര്യാപ്തമായ ജനമുന്നേറ്റത്തിനായി നമുക്ക് കൈകോർത്ത് പിടിക്കാം.

സ്വാശ്രയത്വം ലക്ഷ്യമാക്കിയുള്ള ഈ മഹത്തായ പദ്ധതിയിൽ എല്ലാവരും പങ്കാളികളാകണമെന്നും പദ്ധതി രൂപീകരണ ചർച്ചയിൽ സജീവമായി പങ്കെടുക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ടും, ആഹ്ലാദത്തോടെ അതിലേറെ വിനയത്തോടെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന റിപ്പോർട്ട് ഇവിടെ സമർപ്പിക്കട്ടെ. വിശദമായ ചർച്ചക്കായി, വരുംകാലപദ്ധതികളുടെ ആസൂത്രണത്തിനായി.

# SAKTHI FINANCE LIMITED

**HIRE PURCHASE - LEASING - DEPOSITS - SAFETY LOCKERS**

(Regd. Office : 475, Dr. NANJAPPA ROAD, P. B. No. 3745 COIMBATORE-641018)
Branch Office : 102, KOVAI ROAD, POLLACHI-642002
PHONE: 25007

## DEPOSIT SCHEMES

| I. CUMULATIVE DEPOSITS (For Rs. 1000/-) | | | II. FIXED DEPOSITS Minimum Rs. 3,000/- |
|---|---|---|---|
| Period | Maturity Value | Annual Yield | Rate of Interest % |
| 12 M & 1 Day | 1.161 | 16.06 | 15 |
| 18 M | 1.269 | 17.93 | 16 |
| 25 M | 1.407 | 19.54 | 16.5 |
| 30 M | 1,525 | 21.00 | 17 |
| 36 M | 1.684 | 22.80 | 17.5 |
| 48 M | 2,001 | 25.09 | |
| 60 M | 2,384 | 27.66 | |

Interest Rate in%payable for different frequencies of interest payment given below:

| Period | Monthly | Bi-Monthly | Quarterly | Half-yearly |
|---|---|---|---|---|
| 12 M& 1 Day | 15 | 15.09 | 15.19 | 15.48 |
| 18 M | 16 | 16.11 | 16.21 | 16.54 |
| 25 M | 16.5 | 16.61 | 16.73 | 17.08 |
| 30 M | 17 | 17.12 | 17.24 | 17.61 |
| 36/48/60 M | 17.5 | 17.63 | 17.76 | 18.15 |

Incentive Rate:
12 Months & 1 Day & 18 Months 1.5%
25 Months and upto 60 Months 2.0%

KERALA INSTITUTE OF LOCAL ADMINISTRATION THRISSUR
4295

# SRI BHAGAVATHI TEXTILES LTD.

CHITTUR - VANNANMADA ROAD
K. K. PATHY, CHITTUR - 678 101
PALAKKAD DIST., KERALA STATE

| | | |
|---|---|---|
| AUTHORISED SHARE CAPITAL | : | Rs.1,00,00,000/- |
| ISSUED & SUBSCRIBED CAPITAL | : | Rs.52,00,000/- |
| PAID UP CAPITAL | : | Rs.52.00.000/- |
| PROPOSED SPINDLES | : | 39,968 Nos. |

ESTABLISHED IN KERALA

MANUFACTURES OF COTTON AND BLENDED YARN IN HANKS AND CONES OF THE FOLLOWING COUNTS

# 30s, 34s & 40s HOSIERY
# 2/36S & 2/40s SEWING THREAD
# 80s, 100s, & 120s SINGLE & DOUBLE YARN

KARDED / COMBED / GASSED & MERCERISED